31 ജനുവരി 2025 വെള്ളിയാഴ്ച 1200 മകരം 18
mathrubhumi.com | /mathrubhumi | /mathrubhumi
മാതൃഭൂമി
MATHRUBHUMI THE NATIONAL DAILY IN MALAYALAM
PALAKKAD KOZHIKODE | KOCHI
THIRUVANANTHAPURAM | THRISSUR | KANNUR
KOTTAYAM | MALAPPURAM | KOLLAM | ALAPPUZHA
MUMBAI | CHENNAI | BENGALURU | DUBAI
PKD PO പേജ് 12 | വില ₹ 9.00

ഇവരാണ് പൊന്ന്

സുഫ്ന ജാസ്മിൻ മത്സരത്തിനിടെ

ഭാരോദ്വഹനം
മുടിമുറിച്ച് സുഫ്ന നേടി, സ്വർണം

ഹൽദ്വാനിയിൽനിന്ന്
സന്തോഷ് വാസുദേവ്

▸ ദേശീയ ഗെയിംസിൽ ഭാരോദ്വഹനമത്സരം തുടങ്ങുന്ന വ്യാഴാഴ്ച രാവിലെ സുഫ്ന ജാസ്മിന്റെ മനസ്സുനിറയെ ഗുസ്തി താരം വിനേഷ് ഫോഗട്ടായിരുന്നു. പാരീസ് ഒളിമ്പിക്സിൽ ഭാരക്കൂടുതൽ കാരണം ഗുസ്തി ഫൈനലിനു തൊട്ടുമുൻപ് അയോഗ്യയാക്കപ്പെട്ട വിനേഷ്. അതേ അവസ്ഥയിലായിരുന്നു ഇത്തവണ സുഫ്നയും.

45 കിലോഗ്രാം ഭാരോദ്വഹനത്തിൽ മത്സരിക്കാനെത്തിയ തൃശ്ശൂർ സ്വദേശി പി.എസ്. സുഫ്ന ജാസ്മിന് തലേന്ന് രാവിലെ നോക്കുമ്പോൾ രണ്ടുകിലോഗ്രാം കൂടുതൽ. പിന്നീട് ഭാരം കുറയ്ക്കാൻ കഠിനവ്യായാമം ചെയ്തു. വേദന മാറാനുള്ള ബാം പുരട്ടി ഒരു മണിക്കൂർ വെയിലത്തിരുന്നു. ബുധനാഴ്ച രാവിലെ ഒൻപതു മുതൽ മത്സരത്തിന് തൂക്കംനോക്കുന്ന വ്യാഴാഴ്ച രാവിലെ ഒൻപതുവരെ വെള്ളംകുടിച്ചില്ല. എന്നിട്ടും മത്സരത്തിനുവേണ്ടി തൂക്കം നോക്കുമ്പോൾ 150 ഗ്രാം കൂടുതൽ. മത്സരിക്കാനാകില്ലെന്ന ആശങ്കയിൽ അവൾ കരയാൻ തുടങ്ങി. രണ്ടും കൽപ്പിച്ച് പരിശീലക ചിത്ര ചന്ദ്രമോഹൻ സുഫ്നയുടെ മുടി മുറിച്ചു. മുതുകിൽ നടുഭാഗത്തിനു താഴെവരെയുണ്ടായിരുന്ന മുടി 20 സെന്റീമീറ്ററോളം മുറിച്ചു. എന്നാലും മത്സരിക്കാൻ കഴിയില്ലേയെന്ന തോന്നലിൽ സുഫ്നയ്ക്ക് വീണ്ടും കരച്ചിൽവന്നു. വീണ്ടും ഭാരമളന്നപ്പോൾ 45 കിലോഗ്രാമിലേക്ക് കുറഞ്ഞിരുന്നു. അങ്ങനെ മത്സരിക്കാനിറങ്ങി. സ്നാച്ചിൽ 72, ക്ലീൻ ആൻഡ് ജെർക്കിൽ 87 കിലോഗ്രാം വീതം ഉയർത്തി ആകെ 159 കിലോഗ്രാം ഉയർത്തിയതോടെ സ്വർണംകൂടെവന്നു. 24 മണിക്കൂറിനിടെ സുഫ്ന ഒരിക്കൽക്കൂടി കരഞ്ഞു; സ്വർണമെഡൽ കിട്ടിയശേഷമുള്ള സന്തോഷക്കണ്ണീർ.

ദേശീയ ഗെയിംസ് നീന്തൽ
ജലറാണിയായി ഹർഷിത

ഉത്തരാഖണ്ഡിൽ നടക്കുന്ന ദേശീയ ഗെയിംസിൽ വനിതകളുടെ 200 മീ ബ്രസ്റ്റ് സ്ട്രോക്ക് നീന്തലിൽ സ്വർണം നേടിയ കേരളത്തിന്റെ ഹർഷിത ജയറാം | ഫോട്ടോ: ടി.കെ. പ്രദീപ്കുമാർ

പായ്ക്കപ്പലിൽ ലോകം ചുറ്റൽ
തരിണീയാത്ര

ഇന്ത്യൻ നാവികസേനയുടെ സാഗർ പരിക്രമ രണ്ടിന്റെ ഭാഗമായി ഐ.എൻ.എസ്.വി. തരിണി എന്ന പായ്ക്കപ്പലിൽ ലോകം ചുറ്റുന്ന ലെഫ്റ്റനന്റ് കമാൻഡർമാരായ കെ. ദിൽനയും എ. രൂപയും ലോകത്തെ ഏറ്റവും ഒറ്റപ്പെട്ട സ്ഥലമായ തെക്കൻ പസഫിക് സമുദ്രത്തിലെ 'പോയിന്റ് നിമോ' വ്യാഴാഴ്ച മുറിച്ചുകടന്നപ്പോൾ. 2024 ഒക്ടോബർ രണ്ടിന് ഗോവയിൽനിന്നാണ് തരിണി യാത്ര ആരംഭിച്ചത്. കോഴിക്കോട് സ്വദേശിയാണ് ദിൽന

യു.എസ്. ആകാശത്ത് കൂട്ടിയിടി

67 പേർ മരിച്ചതായി സംശയം | 28 മൃതദേഹങ്ങൾ കണ്ടെടുത്തു

യാത്രാവിമാനം സേനാ ഹെലികോപ്റ്ററുമായി കൂട്ടിയിടിച്ച് നദിയിൽവീണു

വാഷിങ്ടൺ ▸ വാഷിങ്ടണിനു സമീപം റൊണാൾഡ് റീഗൻ ദേശീയ വിമാനത്താവളത്തിനടുത്ത് യു.എസ്. യാത്രാവിമാനം സേനാ ഹെലികോപ്റ്ററുമായി കൂട്ടിയിടിച്ച് പോട്ടൊമാക് നദിയിൽ വീണ് 67 പേരെ കാണാതായി. 28 മൃതദേഹങ്ങൾ കണ്ടെടുത്തു. തിരച്ചിൽ പുരോഗമിക്കുന്നു. നദിയിൽ കൊടും തണുപ്പായതിനാൽ ശേഷിക്കുന്നവരെ ജീവനോടെ കണ്ടെത്താൻ സാധ്യതകുറവ്.

അപകടം: ബുധനാഴ്ച രാത്രി ഒമ്പതിന് (ഇന്ത്യൻ സമയം വ്യാഴാഴ്ച രാവിലെ 7.30)

വിമാനം : അമേരിക്കൻ ഈഗിളിന്റെ സി.ആർ.ജെ.-700

ഹെലികോപ്റ്റർ: യു.എച്ച്. 60 ബ്ലാക്ക്ഹോക്ക്

- വിമാനത്തിൽ 60 യാത്രക്കാരും നാല് ജീവനക്കാരും. യാത്ര കാൻസസിലെ വിചിടയിൽനിന്ന് വാഷിങ്ടണിലേക്ക്
- മൂന്ന് സൈനികരുമായി പരീക്ഷണപ്പറക്കലിൽ ആയിരുന്നു അപകടത്തിൽപ്പെട്ട ഹെലികോപ്റ്റർ
- വിമാനത്തിന്റെ രണ്ട് ബ്ലാക്ക്ബോക്സുകളും കണ്ടെടുത്തു
- പെന്റഗൺ അന്വേഷണം ആരംഭിച്ചു

ദുരന്തത്തിൽപ്പെട്ടവരിൽ ഐസ് സ്കേറ്റിങ് ചാമ്പ്യന്മാരും

വിചിടയിലെ പരിപാടിയിൽ പങ്കെടുത്ത് മടങ്ങിയ റഷ്യൻ വംശജരും മുൻ ലോക ചാമ്പ്യന്മാരുമായ യെവ്ജീനിയ ഷിഷ്കോവയും വാദിൻ നൗമോവും ഉൾപ്പെട്ട 13 ഐസ് സ്കേറ്റർമാരുടെ സംഘവും വിമാനത്തിൽ ഉണ്ടായിരുന്നു.

വെള്ളം പ്രശ്നമാണ്

പാലക്കാട് ജില്ലയിൽ അഞ്ചുവർഷത്തിനിടെ വറ്റിയത് പതിനായിരത്തിലേറെ കിണറുകൾ

60% ജലാശയങ്ങളും നാശത്തിൽ

ജോബ് ജോൺ
ആലത്തൂർ

▸ പാലക്കാട് എലപ്പുള്ളിയിൽ മദ്യനിർമാണ കമ്പനിക്ക് അനുമതി നൽകിയതിനെച്ചൊല്ലി വിവാദം തുടരവേ, ജില്ലയിലെ കുടിവെള്ളപ്രശ്നത്തിന്റെ രൂക്ഷത വ്യക്തമാക്കുന്ന കണക്കുകൾ പുറത്ത്.

അഞ്ചുവർഷത്തിനിടെ പാലക്കാട് ജില്ലയിൽ വറ്റിയത് പതിനായിരത്തിലേറെ കിണറുകൾ. ഇത്രതന്നെ കിണറുകളിൽ ജലനിരപ്പ് ക്രമാതീതമായി താഴുകയുംചെയ്തു. ജില്ലാഭരണകൂടത്തിനും തദ്ദേശ, ഭൂജല വിഭാഗത്തിനും ഹരിത കേരള മിഷൻ നൽകിയ കണക്കാണിത്.

പുഴകളും അണകളും കുളങ്ങളും കിണറുകളും ഏറെയുണ്ടെങ്കിലും സംസ്ഥാനത്ത് ഏറ്റവുമധികം വരൾച്ച നേരിടുന്ന ജില്ലയാണ് പാലക്കാട്. അനിയന്ത്രിതമായ ജലചൂഷണം തുടരുമ്പോൾ 60 ശതമാനം ജലാശയങ്ങൾ പരിപാലനമില്ലാതെ നശിക്കുന്നതായും കണക്കുകൾ വ്യക്തമാക്കുന്നു.

ജില്ലാതലപദ്ധതി ആസൂത്രണത്തിന്റെ ഭാഗമായാണ് ജലവിഭവ, ഭൂവിനിയോഗ, ഭൂജല വകുപ്പുകളും തൊഴിലുറപ്പ് വിഭാഗവും ഹരിതകേരളമിഷനും ചേർന്ന് ജില്ലയിലെ ജലസ്രോതസ്സുകളെക്കുറിച്ച് പഠനം നടത്തിയത്. ജില്ലയിൽ ചിറ്റൂർ, മലമ്പുഴ ബ്ലോക്കുകൾ അതിവരൾച്ചബാധിതപ്രദേശങ്ങളായി റിപ്പോർട്ടിൽ പരാമർശിച്ചിരുന്നു. ഈ മേഖലയിലെ എലപ്പുള്ളി ഉൾപ്പെടെയുള്ള പഞ്ചായത്തുകളിൽ ജലവിതരണപദ്ധതികളുണ്ടെങ്കിലും വേനലെത്തുമ്പോഴേക്കും കുടിവെള്ളക്ഷാമം രൂക്ഷമാണ്.

ചിറ്റൂരും മലമ്പുഴയും വരൾച്ചബാധിതം

50,000 തുറന്ന കിണറുകളാണ് ജില്ലയിലുള്ളത്
കുഴൽക്കിണർ എത്രയെന്ന് കൃത്യമായി കണക്കില്ല

അഞ്ചുവർഷത്തിനിടെ 1000 കുഴൽക്കിണറുകൾ പൂർണമായി വറ്റി

3000 കുഴൽക്കിണറുകളിൽ ആവശ്യത്തിന് വെള്ളമില്ല

ബ്രൂവറിയിൽ ചർച്ചവേണമെന്ന് ആർ.ജെ.ഡി.യും

ചെങ്ങന്നൂർ ▸ പാലക്കാട് ബ്രൂവറി വിഷയത്തിൽ മുന്നണിയിൽ ചർച്ചവേണമെന്ന ആവശ്യവുമായി സി.പി.ഐ.ക്കും ജെ.ഡി.എസിനും പുറകേ ആർ.ജെ.ഡി.യും. ബ്രൂവറി അനുവദിക്കുന്ന കാര്യം ഇടതുമുന്നണിയിൽ ചർച്ചചെയ്തിട്ടില്ലെന്ന് ആർ.ജെ.ഡി. സംസ്ഥാനസെക്രട്ടറി ജനറൽ വറുഗീസ് ജോർജ് പറഞ്ഞു.

"എക്സൈസ് നയമായതിനാൽ മുന്നണിയിൽ ചർച്ചചെയ്യേണ്ടതായിരുന്നു. മുന്നണിയിൽ അവതരിപ്പിക്കാതെ നേരേ മന്ത്രിസഭ പരിഗണിച്ച് തീരുമാനമെടുക്കുകയായിരുന്നു. പിന്നെ എങ്ങനെ അഭിപ്രായം പറയും? ബ്രൂവറി അനുവദിക്കണോ വേണ്ടയോ എന്നത് രണ്ടാമത്തെ കാര്യമാണ്. ഇടതുമുന്നണി കൺവീനർ ടി.പി. രാമകൃഷ്ണൻ എക്സൈസ് മന്ത്രിയായിരുന്നയാളാണ്. നടപടികൾ അദ്ദേഹത്തിന് അറിയാം. ഫെബ്രുവരി രണ്ടിന് തിരുവനന്തപുരത്ത് ചേരുന്ന ആർ.ജെ.ഡി. യോഗം വിഷയം ചർച്ചചെയ്യും" - വറുഗീസ് ജോർജ് പറഞ്ഞു.

മുന്നണി ചർച്ച ചെയ്തിട്ടില്ല -വറുഗീസ് ജോർജ്

ബ്രൂവറി: എതിർപ്പില്ലെന്ന് ജെ.ഡി.എസ്.

ചൊവ്വാഴ്ച ജെ.ഡി.എസ്. സംസ്ഥാനനേതൃയോഗത്തിൽ ബ്രൂവറി വിഷയത്തിൽ എതിർപ്പുയർന്നുവെന്നതരത്തിൽ വാർത്ത വന്നെങ്കിലും ബുധനാഴ്ച ഇക്കാര്യം നിഷേധിച്ച് സംസ്ഥാനപ്രസിഡന്റ് മാത്യു ടി. തോമസ് രംഗത്തെത്തി.

നിജ്ജർവധത്തിൽ കാനഡ
ഇന്ത്യയുടെ പങ്കിന് തെളിവില്ല

ഒട്ടാവ ▸ ഖലിസ്താൻ ഭീകരൻ ഹർദീപ് സിങ് നിജ്ജറുടെ വധത്തിൽ 'വിദേശരാജ്യ'ത്തെ ആധികാരികമായി ബന്ധിപ്പിക്കാൻ കഴിയുന്ന തെളിവു ലഭിച്ചിട്ടില്ലെന്ന് കനേഡിയൻ കമ്മിഷന്റെ റിപ്പോർട്ട്. തിരഞ്ഞെടുപ്പ് പ്രക്രിയയിലും ജനാധിപത്യ സ്ഥാപനങ്ങളിലും വിദേശരാജ്യങ്ങളുടെ ഇടപെടലുണ്ടായോ എന്നന്വേഷിക്കാനായി നിയമിച്ച കമ്മിഷന്റെ റിപ്പോർട്ടിലാണ് ഈ കണ്ടെത്തൽ. എന്നാൽ, നിജ്ജറുടെ വധവുമായി ബന്ധപ്പെട്ട കാനഡയുടെ ആരോപണത്തെക്കുറിച്ച് ഇന്ത്യ തെറ്റായ വിവരങ്ങൾ പരത്തുന്നുണ്ടെന്ന് റിപ്പോർട്ട് കുറ്റപ്പെടുത്തുന്നുണ്ട്.

നിജ്ജർ
- വധിക്കപ്പെട്ടത് 2023 ജൂണിൽ
- അതിൽ ഇന്ത്യക്ക് പങ്കുണ്ടെന്നതിന് 'വിശ്വസനീയമായ വിവര'മുണ്ടെന്ന് കനേഡിയൻ പ്രധാനമന്ത്രി ജസ്റ്റിൻ ട്രൂഡോ 2023 സെപ്റ്റംബറിൽ ആരോപിച്ചു. കഴിഞ്ഞവർഷം ഒക്ടോബറിലും സമാന ആരോപണം

സഭാതർക്കം
കോടതിയലക്ഷ്യ ഹർജി ഉത്തരവ് സുപ്രീംകോടതി റദ്ദാക്കി

ന്യൂഡൽഹി ▸ എറണാകുളം, പാലക്കാട് ജില്ലകളിലെ തർക്കത്തിലുള്ള ആറു പള്ളികൾ ഏറ്റെടുത്ത് കൈമാറാത്തതുമായി ബന്ധപ്പെട്ട കോടതിയലക്ഷ്യഹർജിയിലെ കേരള ഹൈക്കോടതിയുടെ ഉത്തരവ് സുപ്രീംകോടതി റദ്ദാക്കി. കോടതിയലക്ഷ്യഹർജികൾ പുതുതായി പരിഗണിച്ച് തീർപ്പാക്കാനും ഹൈക്കോടതിയോട് സുപ്രീംകോടതി നിർദേശിച്ചു.

പള്ളികൾ യാക്കോബായ വിഭാഗത്തിൽനിന്ന് ഏറ്റെടുത്ത് ഓർത്തഡോക്സ് വിഭാഗത്തിന് കൈമാറാനുള്ള ഉത്തരവുമായി ബന്ധപ്പെട്ട വിഷയമാണ് വ്യാഴാഴ്ച പരിഗണിച്ചത്.

ബഹിരാകാശ നിലയത്തിലേക്ക് ആദ്യ ഇന്ത്യക്കാരൻ

ന്യൂയോർക്ക് ▸ അന്താരാഷ്ട്ര ബഹിരാകാശനിലയത്തിൽ (ഐ.എസ്.എസ്.) പോകുന്ന ആദ്യ ഇന്ത്യക്കാരനെന്ന ചരിത്രം രചിക്കാൻ സുധാംശു ശുക്ല. വ്യോമസേനയിൽ ഗ്രൂപ്പ് ക്യാപ്റ്റനായ സുധാംശുവിനെ ഇക്കൊല്ലം നടക്കുന്ന ആക്സിയോം ദൗത്യം 4-ന്റെ (എ.എക്സ്.-4) പൈലറ്റായി തിരഞ്ഞെടുത്തു. നാസയും ഐ.എസ്.ആർ.ഒ.യും സ്വകാര്യകമ്പനിയായ ആക്സിയോം സ്പെയ്സും ചേർന്നുള്ള ദൗത്യമാണിത്. ഇക്കൊല്ലം ഫ്ലോറിഡയിൽനിന്ന് എ.എക്സ്.-4 വിക്ഷേപിക്കും. ശുക്ലയുമുൾപ്പെട്ട സംഘം 14 ദിവസം ഐ.എസ്.എസിൽ ചെലവഴിക്കും.



സുധാംശു ശുക്ല

വ്യോമസേനയിൽ യുദ്ധവിമാന പൈലറ്റാണ് മുപ്പത്തിയൊൻപതുകാരനായ ശുക്ല. ഉത്തർപ്രദേശിലെ ലഖ്നൗ സ്വദേശിയാണ്. 2019-ൽ ഗഗൻയാൻ ദൗത്യത്തിലേക്ക് ശുക്ലയെ ഐ.എസ്.ആർ.ഒ. തിരഞ്ഞെടുത്തിരുന്നു. റഷ്യയിലെ യൂറി ഗഗാറിൻ കോസ്മോനോട്ട് പരിശീലനകേന്ദ്രത്തിൽ പരിശീലനവും നേടി. നാസയുടെ മുൻ ബഹിരാകാശസഞ്ചാരി പെഗ്ഗി വിറ്റ്സൺ, പോളണ്ടിൽനിന്നുള്ള സ്ലാവോസ് ഉസ്നൻസ്കി വിസ്നീസ്കി, ഹംഗറിയുടെ ടിബോർ കാപു എന്നിവരുടെ സംഘമാകും ശുക്ലയ്ക്കൊപ്പമുണ്ടാകുക.

പലിശ* ഇല്ലാതെ ഗോൾഡ് ലോൺ
മറ്റു സ്ഥാപനങ്ങളിലെ സ്വർണ്ണപ്പണയം ഏറ്റെടുക്കുന്നു
*Conditions apply | Limited Period Offer
VALLUVANADU EASY MONEY
an everlasting relationship with trust
A Non Banking Finance Company (NBFC) Since 1986
9037954618

കാകദൃഷ്ടി

നൂറുകൊല്ലം തടവ് ശിക്ഷിച്ചോളൂ, വേഗം വിധിക്കണം
-കോടതിയോട് ചെന്താമര

സാമ്പാർ, അവിയൽ, പുളിശ്ശേരി, മീൻകറി, തോരൻ, തൈര്, കപ്പപ്പുഴുക്ക്, ചപ്പാത്തി, മട്ടൻ, ചിക്കൻ, വറുത്തമീൻ... ശോ...വേഗമാകട്ടെ!

നമ്മുടെ കേരളം ദാരിങ്ബാഡിയുടെ 'ഗൾഫ്'

കെ.പി. പ്രവിത
കൊച്ചി

▸ ഒഡിഷയിലെ കാന്ധമാൽ ജില്ലയിലെ ദാരിങ്ബാഡി ഉറ്റുനോക്കുന്നത് കേരളത്തിലേക്കാണ്. ദാരിങ്ബാഡി ബ്ലോക്കിലെ കുടിയേറ്റത്തൊഴിലാളികളിൽ 58 ശതമാനം പേരും ജോലിചെയ്യുന്നത് കേരളത്തിൽ.

മികച്ച വേതനവും തൊഴിലവസരങ്ങളുമാണ് കേരളത്തിലേക്കുള്ള തൊഴിൽകുടിയേറ്റം കൂടാൻ കാരണം. കുടിയേറ്റത്തൊഴിലാളികളിൽനിന്നായി ഒരു വർഷം 35 കോടി രൂപയോളം ദാരിങ്ബാഡിയിലേക്ക് എത്തുന്നുണ്ടെന്നാണ് കണക്ക്.

ഗ്രാമ വികാസ് എന്ന സംഘടനയും അന്യസംസ്ഥാന തൊഴിലാളികൾക്കിടയിൽ പ്രവർത്തിക്കുന്ന സെന്റർ ഫോർ മൈഗ്രേഷൻ ആൻഡ് ഇൻക്ലൂസീവ് ഡിവലപ്മെന്റും (സി.എം.ഐ.ഡി.)ചേർന്നാണ് പഠനം നടത്തിയത്.

ദാരിങ്ബാഡിയിൽ ഒരു കുടുംബത്തിന്റെ മാസവരുമാനം ശരാശരി 3000 രൂപ മാത്രമാണ്. അതേസമയം, ഒരു കുടിയേറ്റ തൊഴിലാളിക്ക് ശരാശരി 10750 രൂപ മാസവരുമാനം ലഭിക്കുന്നുണ്ടെന്ന് സി.എം.ഐ.ഡി. എക്സിക്യൂട്ടീവ് ഡയറക്ടർ ബിനോയ് പീറ്റർ ചൂണ്ടിക്കാട്ടുന്നു. നിർമാണത്തൊഴിൽ, ഹോട്ടലുകളിലും കടകളിലുമുള്ള ജോലികൾ എന്നിവയാണ് ഭൂരിഭാഗം പേരും ചെയ്യുന്നത്.

കുടിയേറ്റ തൊഴിലാളികളിൽ 58% ജോലി ചെയ്യുന്നത് കേരളത്തിൽ

തൊഴിൽതേടിയെത്തുന്നവരിൽ കൂടുതലും എറണാകുളത്താണ്. തൃശ്ശൂർ, കണ്ണൂർ, പത്തനംതിട്ട എന്നീ ജില്ലകൾക്കാണ് തൊട്ടടുത്ത സ്ഥാനങ്ങൾ. 2023-ലെ കണക്കനുസരിച്ച് ദാരിങ്ബാഡി ബ്ലോക്കിൽ മാത്രം 8953 കുടിയേറ്റ തൊഴിലാളികളുണ്ട്. ഇതിൽ ഭൂരിഭാഗവും ആദിവാസി വിഭാഗങ്ങളാണ്.

SAHYADRI BIO LABS PVT. LTD.
Amrut Veni
കുട്ടികൾക്കുള്ള HAIR CLEANSER
Amrutveni Nectar Junior
കുട്ടികളുടെ സ്കാൽപ്പും മുടിയും വളരെ സോഫ്റ്റും സെൻസിറ്റീവുമാണ്. മുതിർന്നവർ ഉപയോഗിക്കുന്ന shampoo കുട്ടികളുടെ ഇളം സ്കാൽപ്പിനേയും മുടിയേയും dry ആക്കിയേക്കാം. ഇത് ചിലപ്പോൾ കുട്ടികളിൽ scalp irritation നും മുടി പൊട്ടിപ്പോകുന്നതിനും കാരണമാകുന്നു. അതുകൊണ്ട് കുട്ടികൾക്കുവേണം വളരെ soft ഉം mild ഉം Nourishing ആയ Amrutveni Nectar Junior.
Soft & Mild | No Harmful Chemicals
5 വയസ്സ് മുതലുള്ള കുട്ടികൾക്ക്.

*Disclaimer: This advertisement features AI-generated images, created for illustrative purposes only.
FOR CUSTOMER CARE / DIRECT ENQUIRIES
9946 339 339 | 7510 339 339 | 1800 1022 339
AVAILABLE AT SUPER MARKETS | GENERAL STORES | PHARMACY STORES | FANCY STORES | MODERN STORES | www.amrutveni.com | amazon

കൊടുമ്പ് വള്ളിദേവസേനാസമേത കല്യാണസുബ്രഹ്മണ്യസ്വാമി ക്ഷേത്രത്തിൽ രഥോത്സവത്തിന്റെ ഭാഗമായി നടന്ന നിലയിളക്കൽ ചടങ്ങ്

ചെക്പോസ്റ്റുകളിൽ വിജിലൻസിന്റെ മിന്നൽപരിശോധന

കണക്കിൽപ്പെടാത്ത ഒരു ലക്ഷം രൂപ കണ്ടെടുത്തു

പരിശോധന വാളയാറിലും വേലന്താവളത്തും

കൊഴിഞ്ഞാമ്പാറ ▸ സംസ്ഥാന അതിർത്തിയിലുള്ള മോട്ടോർ വാഹന ചെക്പോസ്റ്റുകളിൽ വിജിലൻസിന്റെ മിന്നൽ പരിശോധന. വാളയാർ ഇൻ, വാളയാർ ഔട്ട്, വേലന്താവളം എന്നിവിടങ്ങളിലാണ് പരിശോധന നടന്നത്.

വാളയാറിലെ രണ്ടു ചെക്പോസ്റ്റുകളിൽനിന്നുമായി രണ്ടുമണിക്കൂറിനകം കണക്കിൽപ്പെടാത്ത 95,000 രൂപ കണ്ടെത്തി.

ഇൻ ചെക്പോസ്റ്റിൽനിന്ന് 40,000 രൂപയാണ് കണ്ടെടുത്തത്. ഔട്ട് ചെക് പോസ്റ്റിൽനിന്ന് 55,000 രൂപയും കണ്ടെടുത്തു. വേലന്താവളത്ത് രണ്ടുമണിക്കൂറിനുള്ളിൽ കണക്കിൽപ്പെടാത്ത 5,000 രൂപയാണു കണ്ടെടുത്തത്.

എറണാകുളം റേഞ്ച് എസ്.പി. ശശിധരൻ, ഡിവൈ.എസ്.പി.മാരായ കെ.എ. തോമസ്, എസ്. ഷംസുദ്ദീൻ, വിജിലൻസ് സി.ഐ. എസ്. അരുൺപ്രസാദ്, ഇൻസ്പെക്ടർ ഷിജു എബ്രഹാം എന്നിവരുടെ നേതൃത്വത്തിലായിരുന്നു പരിശോധന.

വ്യാഴാഴ്ച രാത്രി പത്തുമണിയോടെയാണ് ചെക്പോസ്റ്റുകളിൽ പരിശോധന തുടങ്ങിയത്. പരിശോധന പുലർച്ചെ മൂന്നുവരെ നീണ്ടു. ഗസറ്റഡ് ഉദ്യോഗസ്ഥരായ രാഹുൽ രാജ്, സുരേഷ്, ശാന്തകുമാർ എന്നിവർ നേതൃത്വം നൽകി.

ജനുവരി 10-നും 12-നും അതിർത്തി ചെക്പോസ്റ്റുകളിൽ വിജിലൻസിന്റെ പരിശോധന നടന്നിരുന്നു. മൂന്നേകാൽ ലക്ഷം രൂപയാണു പരിശോധനയിൽ കണ്ടെടുത്തത്. തുടർന്ന് 21-നു ഗതാഗത കമ്മിഷണറുടെ നേതൃത്വത്തിലും പരിശോധന നടന്നു. ചെക്പോസ്റ്റുകളിൽ വകുപ്പുതല സ്ക്വാഡുകളുടെ പരിശോധന ഊർജിതമാക്കുന്നത് സംബന്ധിച്ച് കമ്മിഷണർ നിർദേശങ്ങളും നൽകിയിരുന്നു.

മുക്കൈ ക്ഷേത്രത്തിൽ പ്രതിഷ്ഠാദിന ഉത്സവം

പാലക്കാട് ▸ മുക്കൈ ശിവക്ഷേത്രത്തിലെ പ്രതിഷ്ഠാദിന ഉത്സവം ഫെബ്രുവരി ഒന്ന്, രണ്ട് തീയതികളിൽ ആഘോഷിക്കും. തന്ത്രി പാനാവൂർ പരമേശ്വരൻ നമ്പൂതിരിപ്പാട് മുഖ്യകാർമികനാകും.

ശനിയാഴ്ച വൈകീട്ട് ഏഴിന് ഭഗവത്സേവയോടെ ചടങ്ങുകൾ തുടങ്ങും. ഞായറാഴ്ച രാവിലെ അഞ്ചിന് ഗണപതിഹോമം, 6.30-ന് കലശപൂജ, എട്ടിന് അഭിഷേകം, 9.30-ന് അലങ്കാരപൂജകൾ, 11-ന് പ്രസാദമൂട്ട് എന്നിവയുമുണ്ടാകും.

എം.ഡി.എം.എ.യുമായി പിടിയിൽ

പാലക്കാട് ▸ അട്ടപ്പള്ളം ടോൾപ്ലാസയിൽ നടത്തിയ വാഹനപരിശോധനയ്ക്കിടെ 25 ഗ്രാം എം.ഡി.എം.എ.യുമായി യുവാവ് പിടിയിൽ. വടക്കഞ്ചേരി കണക്കൻതുരുത്തി സ്വദേശി സെസിൽ സാജു (28) ആണ് അറസ്റ്റിലായത്.

സെസിൽ സാജു

ഡിവൈ.എസ്.പി.മാരായ കൃഷ്ണദാസ്, അബ്ദുൾ മുനീർ എന്നിവരുടെ നേതൃത്വത്തിൽ വാളയാർപോലീസും ജില്ലാ ലഹരിവിരുദ്ധ സ്ക്വാഡുമാണ് പരിശോധന നടത്തിയത്.

ഇന്നത്തെ പരിപാടി

- **തസ്രാക്ക് ഒ.വി. വിജയൻ സ്മാരക ഓഡിറ്റോറിയം** പ്രൈവറ്റ് സ്കൂൾ ഗ്രാജ്വേറ്റ് ടീച്ചേഴ്സ് അസോസിയേഷൻ സംസ്ഥാന സമ്മേളനത്തോടനുബന്ധിച്ച് സ്മരണാഞ്ജലി. 3.30, സാംസ്കാരിക സമ്മേളനം. 6.00.
- **മുട്ടിക്കുളങ്ങര പോലീസ് പരേഡ് ഗ്രൗണ്ട്** കേരള ഗവ. നഴ്സസ് അസോസിയേഷന്റെ ആഭിമുഖ്യത്തിൽ സർക്കാർ നഴ്സുമാരുടെ സംസ്ഥാന കായികമേള 9.30.
- **പാലക്കാട് ജൈനമേട് എൻ.എൻ.എസ്. കൺവെൻഷൻ സെൻറർ** പാലക്കാട് ബോഡി ബിൽഡിങ് ആൻഡ് ഫിറ്റ്നസ് ചാമ്പ്യൻഷിപ്പ് 2.00.
- **പാലക്കാട് നോർത്ത് പോലീസ് സ്റ്റേഷൻ** മികച്ച പോലീസ് സ്റ്റേഷനുള്ള സംസ്ഥാന പുരസ്കാരം നേടിയ നോർത്ത് പോലീസ് സ്റ്റേഷനിലെ പോലീസുകാർക്ക് ആദരം 11.00.
- **മാതാ നഴ്സിങ് കോളേജ് (പാലക്കാട് സ്റ്റേഡിയം ബസ് സ്റ്റാൻഡിനു സമീപം)** ഉപഭോക്തൃ ബോധവത്കരണ സെമിനാർ 10.30.
- **പരുത്തിപ്പുള്ളി ജങ്ഷൻ എം.എസ്. കൺവെൻഷൻ സെൻറർ** പിലാപ്പുള്ളി അലിഫ് സ്കൂൾ വാർഷികാഘോഷം 4.00.
- **പിരായിരി പുല്ലുകോട്ട് അയ്യപ്പസ്വാമി ക്ഷേത്രം** ക്ഷേത്രോത്സവത്തോടനുബന്ധിച്ച് മെഗാ ഗാനമേള 7.30.
- **കൊട്ടേക്കാട് ഭഗവതിക്ഷേത്രം** പ്രതിഷ്ഠാദിന ഉത്സവത്തോടനുബന്ധിച്ച് നാടൻപാട്ട് 6.30.
- **പാലക്കാട് ശിവാനന്ദാശ്രമം** സ്വാമി ജ്ഞാനാനന്ദസരസ്വതിയുടെ ജന്മദിനാഘോഷത്തോടനുബന്ധിച്ച് ഭാഗവതസപ്താഹയജ്ഞം 6.00.

കാട്ടാനപ്പേടിയിൽ ഒടുവുംകാട്ടെ കർഷകർ

മുണ്ടൂർ ▸ ഒടുവുംകാട് പൂത്രപ്പാടം പാടശേഖരത്തിലെ വിളഞ്ഞ നെൽക്കൃഷി സംരക്ഷിക്കാനായി ഇനിയെന്തുചെയ്യുമെന്ന ആശങ്കയിലാണ് കർഷകർ. പ്രദേശത്ത് കഴിഞ്ഞദിവസമെത്തിയ ഒറ്റയാൻ തുരത്തുന്നവർക്കുനേരേ പാഞ്ഞടുക്കുകയാണ്.

ഒടുവുംകാട് പൂത്രപ്പാടം പാടശേഖരത്തിലെ പാലയാറ്റിൽ രാമൻ, മോഴികുന്നം വിജയകുമാരി, ചെറുകരപറമ്പ് സുകുമാരൻ എന്നിവരുടെ നെൽക്കൃഷി നശിപ്പിച്ചു. രണ്ടാഴ്ചയ്ക്കകം കൊയ്തെടുക്കാൻ പാകമായ രണ്ടേക്കറോളം നെൽക്കൃഷിയാണു നശിപ്പിച്ചത്.

കാട്ടാനശല്യം രൂക്ഷമായതോടെ രാത്രി വയലിൽ കാവലിരുന്നാണ് കർഷകർ കൃഷി സംരക്ഷിക്കുന്നത്. കഴിഞ്ഞയാഴ്ച രണ്ട് ആനകളാണ് പ്രദേശത്തു വന്നത്. അവയെ തുരത്തിയാൽ താത്കാലികമായെങ്കിലും വയലിൽനിന്ന് കയറാറുണ്ടായിരുന്നു. എന്നാൽ, ബുധനാഴ്ച രാത്രിയെത്തിയത് ഒറ്റയാനായിരുന്നു. അതാകട്ടെ കർഷകരും ദ്രുതകർമസേനയുംകൂടി തുരത്തിയപ്പോൾ തിരികെ വരികയായിരുന്നെന്നു കർഷകനായ ചെറുകരപറമ്പ് സുകുമാരൻ പറഞ്ഞു.

കാട്ടാനയെ രാത്രി പത്തോടെ മോഴികുന്നം ഭാഗത്താണ് ആദ്യം കണ്ടത്. മോഴികുന്നം അജയ്ഘോഷിന്റെ വീട്ടുമതിൽ തകർത്തു. റബ്ബർത്തോട്ടങ്ങളിലും മറ്റും കയറിയിറങ്ങിയിട്ടുണ്ടെങ്കിലും കാര്യമായ നാശനഷ്ടമുണ്ടായിട്ടില്ല. പിന്നീട് ദ്രുതകർമസേന തുരത്തിയതോടെ ഒടുവുംകാട് ഭാഗത്തേക്കു വരികയായിരുന്നു.

ഒരാഴ്ചമുൻപും ഒടുവുംകാട്ട് കാട്ടാന വ്യാപക കൃഷിനാശം വരുത്തിയിരുന്നു.

മോഴികുന്നം അജയ്ഘോഷിന്റെ വീട്ടുമതിൽ കാട്ടാന തകർത്തനിലയിൽ

ജയന്റ്സ് ഗ്രൂപ്പ് ഭാരവാഹികളുടെ സ്ഥാനാരോഹണം

പാലക്കാട് ജയന്റ്സ് ഗ്രൂപ്പ് ഭാരവാഹികളുടെ സ്ഥാനാരോഹണച്ചടങ്ങ് രാഹുൽ മാങ്കൂട്ടത്തിൽ എം.എൽ.എ. ഉദ്ഘാടനംചെയ്യുന്നു

പാലക്കാട് ▸ ജയൻറ്സ് ഇന്റർനാഷണൽ പാലക്കാട് ഗ്രൂപ്പിന്റെ ഭാരവാഹികളുടെ സ്ഥാനാരോഹണം രാഹുൽ മാങ്കൂട്ടത്തിൽ എം.എൽ.എ. ഉദ്ഘാടനംചെയ്തു. ജിജി കെ. ഇട്ടൻ പ്രസിഡന്റായും കെ. രാജേഷ് സെക്രട്ടറിയായും സത്യപ്രതിജ്ഞചെയ്തു.

യോഗത്തിൽ, ആരോഗ്യമേഖലയിലെ മികച്ച സേവനത്തിന് ഗവ. വനിതാ-ശിശു ആശുപത്രിയിലെ സീനിയർ ഗ്രേഡ് നഴ്സ് കെ.ജി. ഷീബ, അർജുൻ പി. പ്രസാദ് എന്നിവരെ ആദരിച്ചു.

അംഗങ്ങളുടെ മക്കളിൽ ഉന്നതവിജയം നേടിയവർക്കുള്ള ട്രോഫികൾ സമ്മാനിച്ചു. ഭാരവാഹികളായ പി.ആർ. തുളസീദാസ്, എം. ലക്ഷ്മണൻ, കെ. നന്ദകുമാർ, വി. കൃഷ്ണകുമാർ, എ. കണ്ണദാസ്, സി. സതീശൻ, സി. ശിവദാസ്, എം. ജവഹർരാജ് എന്നിവർ സംസാരിച്ചു.

വനകുടുംബം ജില്ലാസമ്മേളനം

പാലക്കാട് ▸ വനംവകുപ്പിൽനിന്ന് വിരമിച്ച ജീവനക്കാരുടെ കൂട്ടായ്മയായ 'വനകുടുംബം' സംഘടനയുടെ ജില്ലാസമ്മേളനം ഈസ്റ്റേൺ സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ കെ. വിജയാനന്ദൻ ഉദ്ഘാടനംചെയ്തു. ജില്ലാ പ്രസിഡന്റ് കെ.കെ. ദിവാകരൻ അധ്യക്ഷനായി.

വനകുടുംബം ജില്ലാസമ്മേളനം ഈസ്റ്റേൺ സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ വിജയാനന്ദൻ ഉദ്ഘാടനംചെയ്യുന്നു

സംസ്ഥാന ജനറൽ സെക്രട്ടറി പി.ജി. അനിൽകുമാർ, കൺവീനർ കെ. ഉമ്മർ, പാലക്കാട് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ ജോസഫ് തോമസ്, ഉത്തരമേഖല സെക്രട്ടറി എ. കരീം, കേരള ഫോറസ്റ്റ് പ്രൊട്ടക്ടീവ് സ്റ്റാഫ് അസോസിയേഷൻ ജില്ലാ പ്രസിഡന്റ് സുരേഷ്, കേരള ഫോറസ്റ്റ് ഡ്രൈവേഴ്സ് അസോ. ജില്ലാ പ്രസിഡന്റ് പരശുരാമൻ, വനകുടുംബം ജില്ലാ സെക്രട്ടറി എം. ശശികുമാർ, ജില്ലാ ജോയിന്റ് സെക്രട്ടറി എം. ഹരിഹരൻ, പി. ദിലീപ്കുമാർ എന്നിവർ സംസാരിച്ചു.

ജില്ലയിലെ അംഗങ്ങളുടെ പേരുവിവരം അടങ്ങിയ ഡയറക്ടറി പ്രകാശനം ചെയ്തു.

ഭാരവാഹികൾ: കെ.കെ. ദിവാകരൻ (പ്രസി.), എ. രാജചന്ദ്രൻ, എ. ഷക്കീല (വൈ. പ്രസി.), എം. ശശികുമാർ (സെക്ര.), എം. ഹരിഹരൻ, എസ്. ശ്രീലത (ജോ. സെക്ര.), കെ. നാരായണൻകുട്ടി (ഖജാ.).

ഫുട്ബോൾ മത്സരം

പാലക്കാട് ▸ കേരള ഫയർ സർവീസ് അസോസിയേഷൻ പാലക്കാട് മേഖലാ സമ്മേളനത്തോടനുബന്ധിച്ച് ഫുട്ബോൾ മത്സരം സംഘടിപ്പിച്ചു. പാലക്കാട് റീജണൽ ഫയർ ഓഫീസർ കെ.കെ. ഷിജു ഉദ്ഘാടനംചെയ്തു.

തൃശ്ശൂർ, പാലക്കാട്, മലപ്പുറം ജില്ലകളിലായുള്ള ടീം അംഗങ്ങൾ പങ്കെടുത്തു. കേരള ഫയർ സർവീസ് അസോസിയേഷൻ പാലക്കാട് മേഖലാ പ്രസിഡന്റ് എം. രമേഷ് കുമാർ അധ്യക്ഷനായി.

പാലക്കാട് സ്റ്റേഷൻ ഓഫീസർ ആർ. ഹിതേഷ്, കെ.എഫ്.എസ്.എ. സംസ്ഥാന ജനറൽ സെക്രട്ടറി വി. പ്രണവ്, സംസ്ഥാന വൈസ് പ്രസിഡന്റ് എൽ. ഗോപാലകൃഷ്ണൻ, സ്വാഗതസംഘം ചെയർമാൻ പി. ഉമ്മർ, മേഖലാ സെക്രട്ടറി എൻ. ഷജി, ആർ. രഞ്ജിഷ് എന്നിവർ സംസാരിച്ചു.

റോട്ടറി-ലയൺസ് കുടുംബസംഗമം

റോട്ടറി-ലയൺസ് കുടുംബസംഗമത്തിൽ ലയൺസ് നിയുക്ത ഗവർണർ ടി. ജയകൃഷ്ണൻ സംസാരിക്കുന്നു

പാലക്കാട് ▸ റോട്ടറി-ലയൺസ് കുടുംബസംഗമം റോട്ടറി 3206 നിയുക്ത ഗവർണർ ചെല്ലാ ആർ. രാഘവേന്ദ്രനും ലയൺസ് നിയുക്ത ഗവർണർ ടി. ജയകൃഷ്ണനും ഉദ്ഘാടനംചെയ്തു. ചെയർമാൻ രാജേഷ് പി.നായർ അധ്യക്ഷനായി

ജന. കൺവീനർ വിമൽവേണു, ഖജാൻജി എം.കെ. രമേശ്, പാലക്കാട് റോട്ടറിക്ലബ് പ്രസിഡന്റ് മനോജ് കുമാർ, പാലക്കാട് റോട്ടറിക്ലബ് ഈസ്റ്റ് സെക്രട്ടറി ഗോപാലൻ, പാലക്കാട് ലയൺസ്ക്ലബ് പ്രസിഡന്റ് പി.ആർ. ശ്രീറാം, പാലക്കാട് ഫോർട്ട് ടൗൺ ലയൺസ് ക്ലബ് പ്രസിഡന്റ് സുജിത്, ബി. ജയരാജൻ എന്നിവർ സംസാരിച്ചു.

പിരായിരി പുല്ലുകോട്ട് അയ്യപ്പസ്വാമി ക്ഷേത്രത്തിലെ ഉത്സവത്തോടനുബന്ധിച്ചുനടന്ന മെഗാ തിരുവാതിരക്കളി. അഞ്ഞൂറിലധികം കലാകാരികൾ പങ്കെടുത്തു

വാതകശ്മശാനം തുറന്നു

കുഴൽമന്ദം ▸ കുത്തനൂർ ഗ്രാമപ്പഞ്ചായത്തിന്റെ വാതകശ്മശാനം അറ്റകുറ്റപ്പണിക്കുശേഷം പ്രവർത്തനം ആരംഭിച്ചതായി സെക്രട്ടറി അറിയിച്ചു.

കുടുംബസംഗമം

കുന്നത്തൂർമേട് എൻ.എസ്.എസ്. കരയോഗം കുടുംബസംഗമം പാലക്കാട് താലൂക്ക് യൂണിയൻ പ്രസിഡന്റ് കെ.കെ. മേനോൻ ഉദ്ഘാടനംചെയ്യുന്നു

പാലക്കാട് ▸ കുന്നത്തൂർമേട് എൻ.എസ്.എസ്. കരയോഗത്തിന്റെ കുടുംബസംഗമം നടത്തി. പാലക്കാട് താലൂക്ക് യൂണിയൻ പ്രസിഡന്റ് കെ.കെ. മേനോൻ ഉദ്ഘാടനംചെയ്തു. കരയോഗം പ്രസിഡന്റ് കെ.ഒ. ശിവശങ്കരൻ നായർ അധ്യക്ഷനായി.

എൻ. കൃഷ്ണകുമാർ, മോഹൻദാസ് പാലാട്ട്, അശോക് കുമാർ, കെ. വേണുഗോപാലൻ നായർ, സി.വി. ചന്ദ്രശേഖരൻ, രമ നമ്പ്യാർ, ശങ്കരൻകുട്ടി, ലീല ബാലകൃഷ്ണൻ, വിലാസിനി നമ്പ്യാർ തുടങ്ങിയവർ സംസാരിച്ചു.

ജില്ലാ കൺവെൻഷൻ

പാലക്കാട് ▸ ആന്റി കറപ്ഷൻ ആൻഡ് ഹ്യൂമൻ റൈറ്റ്സ് പ്രൊട്ടക്ഷൻ കൗൺസിൽ ജില്ലാ കൺവെൻഷൻ സംസ്ഥാന ജനറൽ സെക്രട്ടറി ജിമ്മിജോർജ് ഉദ്ഘാടനംചെയ്തു. ജില്ലാ പ്രസിഡന്റ് ആർ. ദേവറോയ് അധ്യക്ഷനായി.



ആർ. ദേവറോയ് (പ്രസി.)

സുരേഷ്കുമാർ (ജന. സെക്ര.)

ജനറൽ സെക്രട്ടറി സുരേഷ് നെന്മാറ, സംസ്ഥാനകമ്മിറ്റി അംഗം സുരേഷ് ആലത്തൂർ എന്നിവർ സംസാരിച്ചു.

ഭാരവാഹികൾ: ആർ. ദേവറോയ് (പ്രസി.), പി.എം. അബ്ദുൾ ജലീൽ, എൽ. ആന്റണി (വൈ. പ്രസി.), സുരേഷ്കുമാർ നെന്മാറ (ജന. സെക്ര.), പി. രമേഷ്, കാജാ കിഴക്കേക്കാടൻ, പി.എം. സൂര്യപ്രകാശ്, സി. ഫസീന (ജോ. സെക്ര.), കെ. മയിൽസ്വാമി (ഖജാ.).

ഭാരവാഹികൾ

പാലക്കാട് ▸ ഓൾ കേരള ഫോട്ടോകോപ്പിയർ ഡീലേഴ്സ് ആൻഡ് എൻജിനിയേഴ്സ് വെൽഫെയർ അസോസിയേഷൻ ജില്ലാ കമ്മിറ്റി പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്തു.

കെ. സുരേഷ്



കെ.ബി. സജീഷ്

ഭാരവാഹികൾ: കെ. സുരേഷ് (പ്രസി.), റിയാസ് (വൈ.പ്രസി.), കെ.ബി. സജീഷ് (സെക്ര.), ഉണ്ണിക്കൃഷ്ണൻ (ജോ.സെക്ര.), ടി. അനിൽകുമാർ (ഖജാ.).

ഗാന്ധിജി അനുസ്മരണം

പെരുവെമ്പ് ▸ പെരുവെമ്പ് മണ്ഡലം കോൺഗ്രസ് കമ്മിറ്റി ഗാന്ധി അനുസ്മരണം നടത്തി. പി. സുരേഷ് ബാബു, വി. ജയദാസ്, അജീഷ് കുന്നേക്കാട്, സി.എസ്. പ്രവീൺ, എം. സൈനുദ്ധീൻ, എൻ. സന്തോഷ്കുമാർ, മണ്ഡലം വൈസ് പ്രസിഡന്റ് വി. രാമചന്ദ്രൻ തുടങ്ങിയവർ സംസാരിച്ചു.

ബോധവത്കരണ ക്ലാസ്

പാലക്കാട് ▸ പാലക്കാട് യങ് വിമൻ ക്രിസ്ത്യൻ അസോസിയേഷൻ, ഒബ്സ്റ്റെട്രിക് ആൻഡ് ഗൈനക്കോളജിക്കൽ സൊസൈറ്റി എന്നിവയുടെ നേതൃത്വത്തിൽ ബോധവത്കരണ ക്ലാസ് നടത്തി. ഒറ്റപ്പാലം താലൂക്ക് ആശുപത്രി സൂപ്രണ്ട് ഡോ. മുഹമ്മദ് അഫ്സൽ അധ്യക്ഷനായി. സ്ത്രീരോഗ ചികിത്സാ വിദഗ്ധ ഡോ. എമി ഗ്ലോബിൻ ക്ലാസെടുത്തു. വൈ.ഡബ്ല്യു.സി.എ. ഭാരവാഹികളായ റിനു ബിനു, സോമ ഡേവിഡ്, സിന്ധു ജോൺസൺ, ശാന്തി തോമസ്, ഡോ. സീനത്ത് എന്നിവർ സംസാരിച്ചു.

കെ.എസ്.എസ്. പി.എ. സംസ്ഥാന വൈസ് പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ട സി. ബാലൻ

വിദ്യുത് നഗർ റെസിഡന്റ്സ് അസോസിയേഷൻ പ്രസിഡന്റ് കെ.എം. രാജേഷ്, സെക്രട്ടറി എസ്. ഗുലാം മൊയ്തീൻ

എട്ടുപവൻ മോഷണം പോയതായി പരാതി

പാലക്കാട് ▸ കണ്ണാടി കടുന്തുരുത്തിയിൽ വീട്ടിൽ സൂക്ഷിച്ച എട്ടുപവൻ കവർന്നതായി പരാതി. കുമ്പളത്തറ വീട്ടിൽ അനന്തന്റെ വീട്ടിലാണ് മോഷണം നടന്നത്. വ്യാഴാഴ്ച ഉച്ചയോടെയാണ് സംഭവം.

അനന്തനും ഭാര്യയും ജോലിക്കുപോയിരുന്നു. വീട്ടിലെ ചെടിച്ചെട്ടിക്കടിയിലായാണു താക്കോൽ വെച്ചിരുന്നത്. വൈകീട്ട് ജോലി കഴിഞ്ഞ് അനന്തന്റെ ഭാര്യ വീട്ടിലെത്തിയപ്പോഴാണ് അലമാര തുറന്നുകിടക്കുന്നതു കണ്ടത്. പരിശോധിച്ചപ്പോൾ സ്വർണം നഷ്ടപ്പെട്ടതായും കണ്ടു. ഉടനെ പോലീസിൽ വിവരമറിയിക്കുകയായിരുന്നു.

മോഷ്ടാക്കൾ താക്കോലെടുത്ത് വാതിൽ തുറന്ന് അലമാരയിലെ സ്വർണം മോഷ്ടിക്കുകയായിരുന്നെന്നാണു പ്രാഥമിക നിഗമനം. ഡോഗ് സ്ക്വാഡും വിരലടയാള വിദഗ്ധരും സ്ഥലത്തെത്തി പരിശോധന നടത്തി.

പത്തനംതിട്ട സ്വദേശികളെ കെട്ടിയിട്ട് മർദിച്ച് കവർച്ച: പ്രധാന പ്രതിയുൾപ്പെടെ മൂന്നുപേർ അറസ്റ്റിൽ

പാലക്കാട് ▸ കോയമ്പത്തൂർ കവർച്ചക്കേസിലുൾപ്പെട്ട അടൂർ സ്വദേശിയെയും സുഹൃത്തിനെയും ജാമ്യമെടുത്തുതരാമെന്ന് വാഗ്ദാനം നൽകി വിളിച്ചുവരുത്തി മർദിച്ച് കവർച്ച നടത്തിയ കേസിൽ മൂന്നുപേർകൂടി പിടിയിലായി. കഞ്ചിക്കോട് സ്വദേശികളായ സ്വദേശി ഷാഹിൻ (37), രാധാകൃഷ്ണൻ (മധു-27), പാലക്കാട് മാട്ടുമന്ത സ്വദേശി കെ. താഹിർ (40) എന്നിവരാണ് അറസ്റ്റിലായത്. കൊലപാതകമടക്കം 17 കേസുകളിൽ പ്രതിയായ ഷാഹിന് കേസിലെ മുഖ്യപ്രതി. ഒളിച്ചുതാമസിക്കാൻ സഹായം ചെയ്തയാളാണ് താഹിർ. ഇതോടെ, കേസിൽ അറസ്റ്റിലായവരുടെ എണ്ണം എട്ടായി.

ഷാഹിൻ

രാധാകൃഷ്ണൻ

താഹിർ

2024 ഡിസംബർ നാലിനായിരുന്നു കേസിനാസ്പദമായ സംഭവം. അടൂർ സ്വദേശി അനീഷിനെ കാണാതായതോടെ ഭാര്യ പോലീസിന് നൽകിയ പരാതിയിലാണ് അന്വേഷണം ആരംഭിച്ചത്. സുഹൃത്ത് തോമസ് ജേക്കബിനെയും കാണാതായിരുന്നു. ഇരുവരെയും ഒരുപകലും രാത്രിയുമാണ് ഗുണ്ടാസംഘം കഞ്ചിക്കോട്ടുള്ള വീട്ടിൽ കെട്ടിയിട്ട് മർദിച്ചത്. 76,500 രൂപയും വജ്രമോതിരവും കവർന്നു.

ഇരുവരെയും മർദിക്കുന്ന വീഡിയോ ഫോണിൽ പകർത്തി അനീഷിന്റെ ഭാര്യയ്ക്ക് അയച്ചുകൊടുക്കുകയും 10 ലക്ഷം രൂപ മോചനദ്രവ്യം ആവശ്യപ്പെടുകയുമാണ് സംഘം ചെയ്തത്. കഞ്ചിക്കോട്ടെ വീട്ടിൽനിന്ന് അനീഷിനെ കണ്ടെത്തിയിരുന്നു.

കുന്നത്തൂർമേട് സ്വദേശി പി. അജയ്, കഞ്ചിക്കോട് സ്വദേശി നിജേഷ് മോൻ, കോയമ്പത്തൂർ സുരപാളയം സ്വദേശി വേണുഗോപാൽ, കഞ്ചിക്കോട് കെ.ടി. സി. മൈത്രിഭവൻ സ്വദേശിനി ജിഷാന, കോഴിപ്പാറ സ്വദേശി യു. നിതീഷ് എന്നിവരെ നേരത്തേ പിടികൂടിയിരുന്നു.

പാലക്കാട് ഡിവൈ.എസ്.പി. കൃഷ്ണദാസിന്റെ നേതൃത്വത്തിലായിരുന്നു അറസ്റ്റ്. സൗത്ത് പോലീസ് സ്റ്റേഷൻ ഇൻസ്പെക്ടർ ആദംഖാൻ, വാളയാർ സ്റ്റേഷൻ ഇൻസ്പെക്ടർ രാജീവ്, എസ്.ഐ. പ്രമോദ്, എ.എസ്.ഐ. നൗഷാദ്, എസ്.സി.പി.ഒ. മാരായ ജയപ്രകാശ്, രഘു, പ്രകാശ്, കൺട്രോൾ റൂം പോലീസ് ഉദ്യോഗസ്ഥർ എന്നിവർ സംഘത്തിലുണ്ടായി.

പെരുവെമ്പ് തുപ്പനാംപുള്ളി ഭഗവതിക്ഷേത്രത്തിലെ (നടുവത്ത് കാവ്) പ്രതിഷ്ഠാദിനത്തോടനുബന്ധിച്ചു നടന്ന, വെട്ടുകാട് മഹാദേവ ക്ഷേത്രത്തിൽ നിന്നുള്ള എഴുന്നള്ളത്ത്

വാർഷിക സമ്മേളനം

കെ.എസ്.എസ്.പി.യു. അകത്തേത്തറ യൂണിറ്റിന്റെ വാർഷികസമ്മേളനം ജില്ലാ ജോയിന്റ് സെക്രട്ടറി ഒ. മോഹൻദാസ് ഉദ്ഘാടനംചെയ്യുന്നു

പാലക്കാട് ▸ കേരളാ സ്റ്റേറ്റ് സർവീസ് പെൻഷനേഴ്സ് യൂണിയൻ അകത്തേത്തറ യൂണിറ്റിന്റെ വാർഷികസമ്മേളനം ചേർന്നു. യോഗം ജില്ലാ ജോയിന്റ് സെക്രട്ടറി ഒ. മോഹൻദാസ് ഉദ്ഘാടനംചെയ്തു. യൂണിറ്റ് പ്രസിഡന്റ് ജി. ബാലഗംഗാധരൻ അധ്യക്ഷനായി.

യൂണിറ്റ് സെക്രട്ടറി സി. ജയരാമൻ, വൈസ് പ്രസിഡന്റ് എം.എ. ശശി, ജോയിന്റ് സെക്രട്ടറി വി. സുകുമാരൻ, കെ. രാധാദേവി, ജെ. ബേബി ശ്രീകല, ബി.എസ്. വേണുഗോപാൽ എന്നിവർ സംസാരിച്ചു.

ഭാരവാഹികൾ: എം.എ. ശശി (പ്രസി.), കെ. ജയരാമൻ (സെക്ര.), എം.കെ. ഉണ്ണികൃഷ്ണൻ (ഖജാ.).

സിനിമ

പാലക്കാട്: പ്രിയദർശിനി (DTS) 2KDolby
● ഒരു ജാതി ജാതകം (മ-4) (11.30, 2.30, 6.00, 9.00)
Res: www.priyadarsinicinema.in www.justickets.in

പ്രിയ Dolby4KAtmos:
● Domanic & the Ladies Purse (മ-4) (11.30, 2.30, 6.00, 9.00)
Res: www.priyadarsinicinema.in www.justickets.in

പ്രിയതമ 2K A/c DTS:
● പ്രാവിൻകൂട് (മ-4) (11.30, 2.30, 6.00, 9.00)
Res: www.priyadarsinicinema.in www.justickets.in

അരോമ Screen I:
● Domanic & the Ladies Purse (4) (11.15, 2.15, 6.00, 9.00)
Screen 2:
● കുടുംബസ്ഥൻ (11.15, 9.00)
● അൻപോട് കൺമണി (2.15, 6.00)

ന്യൂ അരോമ
● ഒരു ജാതി ജാതകം (11.15, 2.15, 6.00, 9.00)

ശ്രീദേവിദുർഗ്ഗാ: V.Cinemas A/c DTS:
Screen 1:
● പൊന്മാൻ (മ) (11.30, 2.30, 6.00, 9.00)
Screen 2:
● The Four Seasons (11.30)
● രേഖാചിത്രം (മ) (9.00)
● ദേശക്കാരൻ (2.30, 6.00)

ചിറ്റൂർ: കൈരളി (2K 3D 7.1 Sound System):
● രേഖാചിത്രം (മ) (11.00, 6.00)
● Domanic & the Ladies Purse (2, 9)

ചിറ്റൂർ: ശ്രീ:
● പൊന്മാൻ (മ) (11.30, 2.30, 6.30, 9.30)
Ph: 04923 221300

പുതുനഗരം: ന്യൂ
Screen-1, 2K A/c (DTS)
● Domanic & the Ladies Purse (മ) (2.00, 6.00, 9.00)
Screen-2 2K AC DTS:
● No Show

തൃപ്പാളൂർ സ്നേഹ A/c Dolby Atmos
Screen I Dolby Atmos
● കുടുംബസ്ഥൻ (11.15, 2.30, 6.15, 9.30)
Screen II DTSx
● പൊൻമാൻ (11.30, 2.30, 6.30, 9.30)
online booking: www.bookmyshow.com
Enquiry 9626905000

കൊല്ലങ്കോട്: തങ്കം (DTS)Qube 2K A/c: Dolby Atmos)
● കുടുംബസ്ഥൻ (T-3)
Booking: Paytm/Ticket new

തങ്കരാജ് 2K/ AC:
● പൊന്മാൻ (മ-4)
booking: Paytm/Ticket new

കോട്ടായി: K.R.V.മൂവീസ്
UFO DTS: A/C:
Screen I:
● രേഖാചിത്രം (4)
Online: bookmyshow
Screen 2:
● പറന്ന് പറന്ന് ചെല്ലാൻ (4)
Reservation: Bookmyshow

കോട്ടായി: ആവിഷ്കാർ സിനിമാസ്: (3D Dolby Atmos)
● പൊന്മാൻ (മ) (11.30, 2.30, 6.30, 9.15)
● Domanic & the Ladies Purse (മ) (6.00, 9.00)

വടക്കഞ്ചേരി: ജയഭാരത് മൂവീസ്
● പൊൻമാൻ (മ-4)

ജയഭാരത് സ്ക്രീൻ I A/C(QubeDTS2KAtmos)
● ഒരു ജാതി ജാതകം (4)
OnlineBooking: catchmyseat.com

ജയഭാരത് സ്ക്രീൻ II A/C(QubeDTS)
● The Four Seasons (2.45)
● Domanic & the Ladies Purse (11.15, 6.15, 9.30)

വടക്കഞ്ചേരി: KAM മൂവീസ്
● ഒരു കഥ ഒരു നല്ല കഥ (11.30, 2.30, 6.30, 9.30)
bookmyshow

കല്ലടിക്കോട് ബാലാ സിനിമാസ് (4K Atmos): ODI:
● Domanic & the Ladies Purse (2)
● രേഖാചിത്രം (1)
● അൻപോട് കൺമണി (1)
● പൊന്മാൻ (4)
Reservation: bookmyshow, 7736412346

പെരിങ്ങോട്ടുകുറുശ്ശി: CKM Victory A/c 3D Dolby 9.2: Screen I:
Online booking - www.Ticketnew.com
● No Show
Screen 2:
● രേഖാചിത്രം (മ-4)

രാമഭാഗവതരുടെ ജീവചരിത്രഗ്രന്ഥം പ്രകാശനം നാളെ

പാലക്കാട് ▸ കർണാടകസംഗീതജ്ഞൻ പാലക്കാട് രാമഭാഗവതരുടെ ജീവചരിത്രഗ്രന്ഥം ശനിയാഴ്ച പ്രകാശനംചെയ്യും. 'കല്പാത്തി ത്യാഗബ്രഹ്മം പാലക്കാട് രാമഭാഗവതർ; ഒരു നാദോപാസകന്റെ ജീവിതരേഖ' എന്ന പുസ്തകം രചിച്ചത് ശിവപ്രിയ കൃഷ്ണനാണ്. ആവശ്യമായ ചരിത്രരേഖകൾ സമാഹരിച്ചത് ഭാഗവതരുടെ ചെറുമകനായ ശ്രീറാമും. വൈകീട്ട് ഏഴിന് പഴയകല്പാത്തി ലക്ഷ്മീനാരായണ പെരുമാൾ ക്ഷേത്രപരിസരത്ത് നടക്കുന്ന ചടങ്ങിൽ മൃദംഗവിദ്വാൻ ടി.ആർ. രാജാമണി പുസ്തകം പ്രകാശനം ചെയ്യുമെന്ന് സംഘാടകരായ പി. വിജയാംബിക, എം.ആർ. രാമചന്ദ്രൻ, എൽ. ശ്രീറാം എന്നിവർ പത്രസമ്മേളനത്തിൽ പറഞ്ഞു. രാത്രി എട്ടിന് വിവേക് ആറ്റുവശ്ശേരിയുടെ സംഗീതക്കച്ചേരിയുമുണ്ടാകും.

തിരുനാൾ ഇന്നുതുടങ്ങും

പാലക്കാട് ▸ കൊടുന്തിരപ്പുള്ളി വിമലഹൃദയ ദേവാലയത്തിൽ വിമലഹൃദയ മാതാവിന്റെയും വിശുദ്ധ സെബസ്ത്യാനോസിന്റെയും തിരുനാളിന്വെള്ളിയാഴ്ച 5.30-ന് ഫാ. ടോണി ചേക്കയിൽ കൊടിയേറ്റും. തുടർന്ന് വിശുദ്ധ കുർബാന അർപ്പിക്കും. ലദീഞ്ഞും രൂപം എഴുന്നള്ളിച്ച് വെക്കലും ഉണ്ടാകും. ശനിയാഴ്ച ഇടവകദിനം ആഘോഷിക്കും. നാലിന് കല്ലേപ്പുള്ളി സെയ്ന്റ് മേരീസ് മൈനർ സെമിനാരി റെക്ടർ ഫാ. സജി പനപ്പറമ്പിൽ കുർബാന അർപ്പിക്കും.

ഞായറാഴ്ച അഞ്ചിന് ആഘോഷമായ തിരുനാൾ കുർബാന ആരംഭിക്കും. ഫാ. അൽജോ കുറ്റിക്കാടൻ മുഖ്യകാർമികനാകും. ഫാ. ജെയ്ജു കൊഴുപ്പക്കളം തിരുനാൾ സന്ദേശം നൽകും. 6.30-ന് കൊടുന്തിരപ്പുള്ളി ജങ്ഷനിലേക്ക് പ്രദക്ഷിണം ഉണ്ടാകും. ബാൻഡ് മേളവും നടക്കും.

വിവാഹപൂർവ കൗൺസലിങ്

വിവാഹപൂർവ കൗൺസലിങ് പിരായിരി ഗ്രാമപ്പഞ്ചായത്ത് പ്രസിഡന്റ് ഷെറീന ബഷീർ ഉദ്ഘാടനംചെയ്യുന്നു

കൊടുന്തിരപ്പുള്ളി ▸ സംസ്ഥാന ന്യൂനപക്ഷക്ഷേമ വകുപ്പും കൊടുന്തിരപ്പുള്ളി ദി എലഗന്റ് ആർട്സ് ആൻഡ് സയൻസ് കോളേജിലെ വനിതാ വികസന സെല്ലും നടത്തുന്ന ത്രിദിന വിവാഹപൂർവ കൗൺസലിങ് തുടങ്ങി. പിരായിരി ഗ്രാമപ്പഞ്ചായത്ത് പ്രസിഡന്റ് ഷെറീന ബഷീർ ഉദ്ഘാടനം ചെയ്തു. കോളേജ് പ്രിൻസിപ്പൽ കെ.ജെ. അബ്രാർ അധ്യക്ഷനായി.

പാലക്കാട് കോച്ചിങ് സെൻറർ ഫോർ മൈനോറിറ്റി യൂത്തിന്റെ പ്രിൻസിപ്പൽ വാസുദേവൻപിള്ള മുഖ്യപ്രഭാഷണം നടത്തി.

കൊമേഴ്സ് വിഭാഗം മേധാവി കെ. സബീന, സാമ്പത്തികശാസ്ത്ര വിഭാഗം മേധാവി കെ.എം. സന്ധ്യ, ഫിസിക്സ് വിഭാഗം മേധാവി ബി. ശ്രീലക്ഷ്മി, ഇംഗ്ലീഷ് വിഭാഗം മേധാവി മീര എം. നായർ, കംപ്യൂട്ടർ സയൻസ് മേധാവി ടി.ജെ. രജിത, കെമിസ്ട്രി വിഭാഗം അധ്യാപിക സി.എസ്. ഗീതിക, വനിതാ വികസന സെൽ കോഡിനേറ്റർ എൻ. ജനുഫിയ തുടങ്ങിയവർ സംസാരിച്ചു.

ക്യാമ്പ് വെള്ളിയാഴ്ച സമാപിക്കും.

വിഷുവേല കമ്മിറ്റി

പെരിങ്ങോട്ടുകുറുശ്ശി ▸ ബമ്മണൂർ ചെറാംകുളങ്ങര ഭഗവതിക്ഷേത്രത്തിൽ ബമ്മണൂർദേശം വിഷുവേലക്കമ്മിറ്റി രൂപവത്കരിച്ചു.

ഭാരവാഹികൾ: എം. നാരായണമേനോൻ (പ്രസി.), ഡി. ദാമോദരനുണ്ണി, ജയചന്ദ്രൻ നൊട്ടത്ത് (വർക്കിങ് പ്രസി.), കെ. കുമാരൻ, ടി.പി. അരവിന്ദൻ, കെ.പി. രതീഷ്ബാബു, പി.എൻ. മുരളീധരൻ (വൈ. പ്രസി.), വി. പങ്കജാക്ഷൻ (സെക്ര.), എൻ.ആർ. ഉണ്ണി, ആനന്ദൻ നൊട്ടത്ത്, സി.എൻ. സന്തോഷ് (ജോ. സെക്ര.), ഷാജി ഗംഗാധരൻ പൂവത്തിങ്കൽ (ഖജാ.).

The Kollengode Agricultural Service Co-operative Bank
Ltd. No. 7561, Kollengode, Palakkad Dist -678 506. Ph: 04923 262352, 262262
Mob: 8075549293 | Email: kollengodeascbpkd@yahoo.com

ക്വട്ടേഷൻ ക്ഷണിക്കുന്നു

കൊല്ലങ്കോട് അഗ്രികൾച്ചറൽ സർവ്വീസ് സഹകരണ ബാങ്കിന്റെ മത്സ്യഫെഡ് ഔട്ട് ലെറ്റ് പ്രവർത്തിക്കുന്ന സ്ഥലത്ത് EV ചാർജിങ് സ്റ്റേഷൻ സ്ഥാപിക്കുന്നതിന് പരിചയ സമ്പന്നരായ കമ്പനികളിൽ നിന്നും ക്വട്ടേഷൻ ക്ഷണിക്കുന്നു. കമ്പനികൾ EV ഫാസ്റ്റ് ചാർജിങ് സ്റ്റേഷൻ സ്ഥാപിക്കുന്നതിൽ കുറഞ്ഞത് രണ്ടു വർഷത്തെ മുൻ പരിചയം ഉള്ളവരും അനർട്ടിന്റെ എം പാനൽ ലിസ്റ്റിൽ ഉൾപ്പെട്ടവരും ആയിരിക്കണം. സ്ഥാപനങ്ങൾക്ക് ചാർജിങ് മെഷീൻ കമ്പനിയുടെ ചാനൽപാർട്ട്ണർ ഡിലർഷിപ്പ് സർട്ടിഫിക്കറ്റ് നിർബന്ധമാണ്. EV ഫാസ്റ്റ് ചാർജിങ് സ്റ്റേഷൻ സ്ഥാപിക്കുന്നതോടൊപ്പം തുടർന്നുള്ള സർവീസും ആവശ്യമായ സാങ്കേതിക സഹായവും നൽകാൻ കമ്പനിക്ക് കഴിയുമെന്ന് ഉറപ്പു തരേണ്ടതാണ്. യോഗ്യരായ സ്ഥാപനങ്ങളുടെ സീൽ ചെയ്ത ക്വട്ടേഷൻ 2025 ഫെബ്രുവരി 5ന് മുൻപ് ലഭിച്ചിരിക്കണം. ചാർജിങ് സ്റ്റേഷൻ കപ്പാസിറ്റി: 30KW

എന്ന്, സെക്രട്ടറി

ശബരി ആശ്രമത്തിൽ മഹാത്മാഗാന്ധി മ്യൂസിയ മന്ദിരം തുറന്നു

ശബരി ആശ്രമത്തിൽ നിർമിച്ച മഹാത്മാഗാന്ധി മ്യൂസിയ മന്ദിരത്തിന്റെ ഉദ്ഘാടനം വി.കെ. ശ്രീകണ്ഠൻ എംപി. നിർവഹിക്കുന്നു

ശബരി ആശ്രമത്തിൽ നിർമിച്ച മഹാത്മാഗാന്ധി മ്യൂസിയ മന്ദിരം

പാലക്കാട് ▸ ഗാന്ധിജിയുടെ പാദസ്പർശമേറ്റ അകത്തേത്തറ ശബരി ആശ്രമത്തിൽ മഹാത്മാഗാന്ധി മ്യൂസിയത്തിന് കെട്ടിടമൊരുങ്ങി. വി.കെ. ശ്രീകണ്ഠൻ എം.പി.യുടെ പ്രാദേശികവികസന ഫണ്ടിൽനിന്ന് 50 ലക്ഷംരൂപ ചെലവഴിച്ചാണ് മന്ദിരം പണിതത്. വി.കെ. ശ്രീകണ്ഠൻ എം.പി. മന്ദിരം ഉദ്ഘാടനംചെയ്തു. ഭരണഘടനയും മതേതരത്വവും വെല്ലുവിളിനേരിടുന്ന കാലത്ത് ഗാന്ധിയൻ ആശയങ്ങൾക്ക് വലിയ പ്രധാന്യമുണ്ടെന്ന് അദ്ദേഹം പറഞ്ഞു.

ഗാന്ധിജിയുടെ ജീവചരിത്രവും സമരപോരാട്ടങ്ങളും ഒപ്പം സാമൂഹിക അസമത്വങ്ങൾക്കെതിരേ നിലകൊണ്ട ശബരി ആശ്രമത്തിന്റെ ചരിത്രവും വ്യക്തമാക്കുന്നതാവും മഹാത്മാഗാന്ധി മ്യൂസിയം. ഗാന്ധിജിയുടെ പുസ്തകങ്ങളടങ്ങിയ വായനശാല, വായനമുറി, സ്വാതന്ത്ര്യസമരപോരാട്ടങ്ങളുടെ ചിത്രങ്ങളും വീഡിയോ പ്രദർശനങ്ങളും ചരിത്ര സൂക്ഷിപ്പുകളും തുടങ്ങിയവ മ്യൂസിയത്തിൽ ഒരുക്കും. ചുമർ ചിത്രങ്ങൾ, ചർക്ക തുടങ്ങിയവയും സജ്ജീകരിക്കും. ഇതിനായി 25 ലക്ഷം രൂപകൂടി വേണ്ടിവരും. ഇനിയും സഹായം ലഭ്യമാക്കുമെന്നും മഹാത്മാഗാന്ധി ശബരി ആശ്രമത്തിലെത്തിയതിന്റെ നൂറാംവാർഷികം വിപുലമായി ആഘോഷിക്കുമെന്നും എം.പി. പറഞ്ഞു.

1923 ഒക്ടോബർ രണ്ടിന് ഗാന്ധിജിയുടെ ജന്മദിനത്തിലാണ് മക്കാംവീട്ടിൽ അപ്പുയജമാനൻ നൽകിയ ഭൂമിയിൽ പാലക്കാട്ടെ അഭിഭാഷകനായിരുന്ന ടി.ആർ. കൃഷ്ണസ്വാമി അയ്യർ ശബരി ആശ്രമം സ്ഥാപിച്ചത്. 1925, 1927, 1934 വർഷങ്ങളിൽ ഗാന്ധിജി ഇവിടെയെത്തി. ഭാര്യ കസ്തൂർബാഗാന്ധിയും ആശ്രമത്തിലെത്തിയിട്ടുണ്ട്.

വ്യാഴാഴ്ചനടന്ന ഉദ്ഘാടനപരിപാടിയിൽ ഹരിജൻ സേവക് സംഘ് കേരള പ്രസിഡന്റ് എൻ. ഗോപാലകൃഷ്ണൻനായർ അധ്യക്ഷനായി. മലമ്പുഴ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് വി. ബിജോയ്, അകത്തേത്തറ ഗ്രാമപ്പഞ്ചായത്ത് പ്രസിഡന്റ് സുനിത അനന്തകൃഷ്ണൻ, ജില്ലാ പഞ്ചായത്തംഗം വി.കെ. ജയപ്രകാശ്, ഹരിജൻ സേവക് സംഘ് അഖിലേന്ത്യാ വൈസ് പ്രസിഡന്റ് ലക്ഷ്മിദാസ്, സംസ്ഥാന ജനറൽ സെക്രട്ടറി എം.എൻ. ഗോപാലകൃഷ്ണ പ്പണിക്കർ, മുൻ എം.എൽ.എ. കെ.എ. ചന്ദ്രൻ, പ്രൊഫ. പി.എ. വാസുദേവൻ, മലബാർ ദേവസ്വംബോർഡംഗം എ. രാമസ്വാമി, അകത്തേത്തറ പഞ്ചായത്തംഗം ഗീത ശിവൻ, ബ്ലോക്ക് ഡെവലപ്പ്മെന്റ് ഓഫീസർ എസ്. സദാശിവൻ തുടങ്ങിയവർ സംസാരിച്ചു.

'ഞങ്ങളും കൃഷിയിലേക്ക്' പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം നാളെ തൃത്താലയിൽ

കൂറ്റനാട് ▸ 'ഞങ്ങളും കൃഷിയിലേക്ക്' എന്ന ജനകീയപദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം ഫെബ്രുവരി ഒന്നിന് തൃത്താലയിൽ നടക്കുമെന്ന് തൃത്താല ബ്ലോക്ക് സംഘാടക സമിതി ഭാരവാഹികൾ അറിയിച്ചു. 3.30-ന് തൃത്താല വി.കെ. കടവ് ലുസൈൽപാലസിന് സമീപമാണ് പരിപാടി. മന്ത്രി എം.ബി. രാജേഷ് അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ കൃഷിമന്ത്രി പി. പ്രസാദ് ഉദ്ഘാടനം നിർവഹിക്കും.

വകുപ്പുകളുടെയും ഏജൻസികളുടെയും വിഭവ സംയോജനത്തിലൂടെ 14 ജില്ലകളിൽനിന്നും തിരഞ്ഞെടുത്ത 107 പഞ്ചായത്തുകളിലാണ് ആദ്യഘട്ടത്തിൽ പദ്ധതി നടപ്പാക്കുന്നത്.

പാലക്കാട് ജില്ലയിൽ 11 പഞ്ചായത്തുകളെയാണ് തിരഞ്ഞെടുത്തിട്ടുള്ളതെന്ന് സംഘാടകസമിതി ഭാരവാഹികളായ തൃത്താല ഗ്രാമപ്പഞ്ചായത്ത് പ്രസിഡൻറ് പി.കെ. ജയ, വൈസ് പ്രസിഡന്റ് കെ.പി. ശ്രീനിവാസൻ, ബ്ലോക്ക് പഞ്ചായത്ത് സ്ഥിരംസമിതി അധ്യക്ഷൻ എ. കൃഷ്ണകുമാർ, കൃഷി അസി. ഡയറക്ടർ കെ. മാരിയത്ത് കിബിതിയ എന്നിവർ അറിയിച്ചു.

വായനയുടെ വസന്തം വിരിയുന്നു

മാതൃഭൂമി പുസ്തകോത്സവത്തിന് നാളെ തുടക്കം

പാലക്കാട് ▸ വായനയുടെ വസന്തം വിരിയിക്കാൻ 'മാതൃഭൂമി' മെഗാ ബുക്ക് ഫെയർ. പാലക്കാട് നൂറടിറോഡിൽ പൂത്തൂർ ജങ്ഷന് സമീപം ഫീനിക്സ് കോംപ്ലക്സിൽ ജില്ലയിലെ ഏറ്റവും വിപുലമായ പുസ്തകമേളയ്ക്ക് ശനിയാഴ്ച തുടക്കമാകും. നൂറിലേറെ പ്രസാധകരുടെ ലക്ഷത്തോളം പുസ്തകങ്ങൾ ഒരിടത്ത് ലഭ്യമാകുമെന്നത് ശ്രദ്ധേയം.

മാതൃഭൂമി ബുക്സ്

നൊബേൽസമ്മാനം മുതൽ സാഹിത്യ അക്കാദമി പുരസ്കാരം വരെ നേടിയ പുസ്തകങ്ങളുടെ നീണ്ടനിരയുണ്ടാകും. കഥ, നോവൽ, കവിത, നിരൂപണം, ജീവചരിത്രം, യാത്രാവിവരണം തുടങ്ങിയ സാഹിത്യശാഖകളിലെ പുസ്തകങ്ങൾ നിറയും. ബാലസാഹിത്യ-ആധ്യാത്മിക കൃതികളുടെ പ്രത്യേകവിഭാഗം ഒരുക്കും. വിവർത്തന ഗ്രന്ഥങ്ങളുടെ വലിയ ശേഖരവുമുണ്ടാകും. എഴുത്തിന്റെ പുതിയരീതികൾ, പുതിയ എഴുത്തുകാരുടെ തിളക്കമാർന്ന രചനകൾ എന്നിവ പരിചയപ്പെടുത്തുന്ന മേളയിൽ ആകർഷകമായ വിലക്കിഴിവും ലഭിക്കും.

പോയവർഷങ്ങളിൽ വായനക്കാർ നെഞ്ചേറ്റിയ പുസ്തകങ്ങളെല്ലാം ലഭ്യമാവും. തിരഞ്ഞെടുക്കാൻ എളുപ്പത്തിലായിരിക്കും പുസ്തകങ്ങളുടെ ക്രമീകരണം. ഫെബ്രുവരി 12-വരെ രാവിലെ പത്തുമുതൽ രാത്രി എട്ടുവരെയാണ് മേള. പുസ്തകപ്രകാശനം, എഴുത്തുകാരുമായി മുഖാമുഖം തുടങ്ങിയവയും ഉണ്ടാകും.

വന്യജീവി ആക്രമണം

മനുഷ്യനെ സംരക്ഷിക്കാൻ ഒരുരൂപപോലും സർക്കാർ ചെലവാക്കിയില്ല -വി.ഡി. സതീശൻ

മലയോര സമരപ്രചാരണയാത്രയ്ക്ക് മണ്ണാർക്കാട്ട് സ്വീകരണം

മണ്ണാർക്കാട് ▸ വന്യജീവി ആക്രമണത്തിൽനിന്ന് മനുഷ്യനെ സംരക്ഷിക്കാൻ കഴിഞ്ഞ നാലുവർഷമായി സർക്കാർ ഒരുരൂപപോലും ചെലവാക്കിയിട്ടില്ലെന്ന് പ്രതിപക്ഷ നേതാവ് വി.ഡി. സതീശൻ. ആന ചവിട്ടിയും കടുവ പിടിച്ചും ആളുകൾ മരിക്കട്ടെയെന്നാണ് സർക്കാരിന്റെ ധാരണയെന്നും വി.ഡി. സതീശൻ പറഞ്ഞു. യു.ഡി.എഫിന്റെ സംസ്ഥാന മലയോര സമരപ്രചാരണയാത്രയുടെ സ്വീകരണസമ്മേളനം മണ്ണാർക്കാട്ട് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

കൃഷിയിൽനിന്ന് ആളുകൾ പിന്തിരിയുകയാണ്. മലയോരമേഖലയുടെ സങ്കടങ്ങൾ കാണാനും വിഷമങ്ങൾ കേൾക്കാനും ദുരിതങ്ങൾ മനസ്സിലാക്കാനുമാണ് യു.ഡി.എഫിന്റെ ജാഥ. വന്യജീവി സംരക്ഷണനിയമ ഭേദഗതിക്കായി പാർലമെന്റിൽ ഒരുമിച്ചുപോരാടും. സംസ്ഥാനത്ത് നിയമസഭയ്ക്കത്തും പുറത്തും പ്രതിഷേധം സംഘടിപ്പിക്കും. യു.ഡി.എഫ്. അധികാരത്തിൽ വന്നാൽ മലയോരജനതയുടെ സങ്കടങ്ങൾ മാറ്റാൻ ആദ്യപരിഗണന നൽകുമെന്നും വി.ഡി. സതീശൻ കൂട്ടിച്ചേർത്തു.

എൻ. ഷംസുദ്ദീൻ എം.എൽ.എ. അധ്യക്ഷനായി. നേതാക്കളായ എം.എം. ഹസൻ, അനൂപ് ജേക്കബ്, മോൻസ് ജോസഫ്, ഷാനിമോൾ ഉസ്മാൻ, രാജൻബാബു, രാഹുൽ മാങ്കൂട്ടത്തിൽ എം.എൽ.എ., സന്ദീപ് വാരിയർ, മരയ്ക്കാർ മാരായമംഗലം, ടി.എ. സിദ്ദീഖ്, എ. തങ്കപ്പൻ, കെ.എ. ചന്ദ്രൻ എന്നിവർ സംസാരിച്ചു.

മലയോര സമരപ്രചാരണയാത്രയ്ക്ക് മണ്ണാർക്കാട്ട് നൽകിയ സ്വീകരണത്തിൽ പ്രതിപക്ഷനേതാവ് വി.ഡി. സതീശൻ സംസാരിക്കുന്നു

മഹാത്മാഗാന്ധിയുടെ രക്തസാക്ഷിത്വദിനം ആചരിച്ചു

രക്തസാക്ഷിത്വദിനത്തിൽ ജില്ലാ കോൺഗ്രസ് കമ്മിറ്റി ഓഫീസിൽനടന്ന പുഷ്പാർച്ചന

പാലക്കാട് ▸ രാഷ്ട്രപിതാവ് മഹാത്മാഗാന്ധിയുടെ രക്തസാക്ഷിത്വദിനം ജില്ലാ കോൺഗ്രസ് കമ്മിറ്റി ഓഫീസിൽ ആചരിച്ചു. ഗാന്ധിജിയുടെ ഛായാചിത്രത്തിനുമുന്നിൽ നിലവിളക്ക് തെളിയിച്ച് പുഷ്പാർച്ചന നടത്തി.

ഡി.സി.സി. പ്രസിഡന്റ് എ. തങ്കപ്പൻ ഉദ്ഘാടനംചെയ്തു. ഡി.സി.സി. ജനറൽ സെക്രട്ടറിമാരായ സി. ബാലൻ, വി. രാമചന്ദ്രൻ, യു.ഡി.എഫ്. ജില്ലാ കൺവീനർ പി. ബാലഗോപാൽ, സി.വി. സതീഷ്, സുധാകരൻ പ്ലാക്കാട്ട് തുടങ്ങിയവർ സംസാരിച്ചു.

മഹാത്മാഗാന്ധി രക്തസാക്ഷിത്വ ദിനാചരണത്തോടനുബന്ധിച്ച് എൻ.സി.പി. ജില്ലാകമ്മിറ്റി ഓഫീസിൽ സംഘടിപ്പിച്ച അനുസ്മരണയോഗം പ്രസിഡന്റ് എ. രാമസ്വാമി ഉദ്ഘാടനംചെയ്യുന്നു

തിരുനാവായ മാഘമക ഉത്സവം: ശ്രീചക്ര രഥയാത്ര കൊടുമ്പിൽനിന്ന്

പാലക്കാട് ▸ തിരുനാവായ മാഘമക ഉത്സവം ഫെബ്രുവരി എട്ടിന് കൊടുമ്പ് സുബ്രഹ്മണ്യ ക്ഷേത്രത്തിൽനിന്ന് ശ്രീചക്ര രഥയാത്രയോടെ തുടങ്ങും. ഭാരതപ്പുഴയുടെ ഇരുകരകളിലുമുള്ള 22 പൈതൃകഗ്രാമങ്ങളിലൂടെ സഞ്ചരിക്കും. പിറ്റേന്ന് വൈകീട്ട് തിരുനാവായ നാവാമുകുന്ദ ക്ഷേത്രത്തിൽ എത്തുന്നതോടെ 13-വരെ നീണ്ടുനിൽക്കുന്ന ഉത്സവത്തിന് കൊടിയേറ്റുമെന്ന് സംഘാടകസമിതി ചെയർമാൻ അരീക്കരമന സുധീർ നമ്പൂതിരി, ദിലീപ് കോട്ടയ്ക്കൽ, രതീഷ്, സജീഷ് പൊന്മള എന്നിവർ പത്രസമ്മേളനത്തിൽ പറഞ്ഞു.

തത്ത്വമസി ചാരിറ്റബിൾ ട്രസ്റ്റാണ് ഉത്സവത്തിന് നേതൃത്വം വഹിക്കുന്നത്. ശാന്തി ക്ഷേമയോഗം, അയ്യപ്പസേവാസമാജം എന്നിവയുടെയും വിവിധ ഹൈന്ദവ, ആധ്യാത്മിക, സനാതനധർമ പ്രചാരണ സഭകളുടെയും പങ്കാളിത്തവുമുണ്ട്. ശബരിമല മുൻ മേൽശാന്തി അരീക്കരമന സുധീർ നമ്പൂതിരിയുടെ നേതൃത്വത്തിലുള്ള രഥയാത്ര കൊടുമ്പ് അമ്പലത്തിൽനിന്ന് രാവിലെ 6.30-ന് ആരംഭിക്കും.

തിരുവാലത്തൂർ, മണപ്പുള്ളിക്കാവ്, ചിന്മയ, കല്ലാത്തി, വടക്കന്തറ, ആനിക്കാട്, മങ്കര, സോമേശ്വരം, തിരുവില്വാമല ക്ഷേത്രങ്ങളിൽ എത്തിയശേഷം വൈകീട്ട് കുത്താമ്പുള്ളിയിൽ സമാപിക്കും. ഒമ്പതിന് കണ്ണനൂർ, തൃത്താല, കൊടിക്കുന്ന്, വെള്ളിയാങ്കല്ല് എന്നിവിടങ്ങളിലെ ക്ഷേത്രങ്ങളിലെത്തിയശേഷം മലപ്പുറം ജില്ലയിലേക്ക് കടക്കും.

10-ന് 11 മണിക്ക് മിസോറാം മുൻ ഗവർണർ കുമ്മനം രാജശേഖരൻ ഉത്സവം ഉദ്ഘാടനം ചെയ്യും. രാജവംശസംഗമം അവിട്ടംതിരുനാൾ ആദിത്യവർമ ഉദ്ഘാടനംചെയ്യും. 12-ന് വൈകീട്ട് ഭജന സംഗമമാണ്. 13-ന് എഴുന്നള്ളിപ്പും ആറാട്ടും നിളാ ആരതിയും തുടർന്ന്, സന്ന്യാസി സംഗമവുമുണ്ടാകും.

ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാലയിൽനിന്ന് സംസ്കൃത വ്യാകരണത്തിൽ ഡോക്ടറേറ്റ് നേടിയ കെ. ആരതി. ഗുരുവായൂർ ശ്രീകൃഷ്ണകോളേജിലെ അധ്യാപികയാണ്. ആമക്കാവ് തറമൽപടി അയ്യപ്പന്റെയും ലീനയുടെയും മകളാണ്. ഭർത്താവ് എം.കെ. ദിലീപ്

മിനി, സീനിയർ സെപക് താക്രോ ചാമ്പ്യൻഷിപ്പ്

വടക്കഞ്ചേരി ▸ ജില്ലാ സെപക് താക്രോ അസോസിയേഷന്റെ നേതൃത്വത്തിൽ ജില്ലാ മിനി, സീനിയർ ചാമ്പ്യൻഷിപ്പ് ഫെബ്രുവരി ഒന്നിന് മംഗലം ഗാന്ധിസ്മാരക യു.പി. സ്കൂളിൽ നടക്കും.

താത്പര്യമുള്ളവർ രജിസ്റ്റർ ചെയ്യണം. ഫോൺ: 9495728085.

ക്വാറി ഉത്പന്നങ്ങളുടെ വിലക്കയറ്റം

നിർമാണമേഖല സ്തംഭനത്തിലേക്കെന്ന് കരാറുകാർ

പാലക്കാട് ▸ ക്വാറി ഉത്പന്നങ്ങൾക്ക് ലോഡിന് ആയിരത്തിലേറെ രൂപയുടെ വില വർധനയുണ്ടായതോടെ, നിർമാണമേഖല സ്തംഭനത്തിലേക്ക് നീങ്ങുകയാണെന്ന് കരാറുകാരുടെ സംഘടനയായ കൺസ്ട്രക്ഷൻ വർക്കേഴ്സ് സൂപ്പർവൈസേഴ്സ് അസോസിയേഷൻ ഭാരവാഹികൾ. ഒരുലോഡ് കരിങ്കൽവില ഒരുമാസത്തിനിടെ 4,500 രൂപയിൽനിന്ന് 6,000 രൂപയായാണ് ഉയർന്നത്. എം-സാൻഡിന്റെയും മെറ്റലിന്റെയും വില 4,500 രൂപയിൽനിന്ന് 5,500 രൂപയായും ഉയർന്നു. സാമ്പത്തികവർഷാവസാനം നിർമാണപ്രവൃത്തികൾ കൂടുതൽനടക്കുന്ന സമയമാണ്. ഇപ്പോഴത്തെ വിലക്കയറ്റം ഈ മേഖലയെ വലിയ പ്രതിസന്ധിയിലേക്ക് നീക്കുകയാണെന്നാണ് കരാറുകാർ ചൂണ്ടിക്കാട്ടുന്നത്.

ക്വാറി ഉത്പന്നങ്ങളുടെ വിലക്കയറ്റത്തിൽ പ്രതിഷേധിച്ച് കഴിഞ്ഞ വർഷം നിർമാണ മേഖലയിൽ സമരം നടത്തിയിരുന്നു. ഈ മേഖലയിലെ സംയുക്തസമിതി വിലക്കയറ്റം തീരുമാനിക്കുമെന്ന ജില്ലാ ഭരണകൂടത്തിന്റെ ഉറപ്പിൻമേലായിരുന്നു സമരം അവസാനിപ്പിച്ചത്. എന്നാൽ, ഇത് പാലിക്കാതെയാണ് ഇപ്പോഴത്തെ വിലക്കയറ്റമെന്ന് അസോസിയേഷൻ സംസ്ഥാന ജോ. സെക്രട്ടറി കെ.എച്ച്. തരിയക്കുട്ടി, ജില്ലാ സെക്രട്ടറി ബിജു ചാർളി, ടി. രാജാമണി, പി. ആറുച്ചാമി എന്നിവർ പത്രസമ്മേളനത്തിൽ പറഞ്ഞു.

അസോസിയേഷന്റെ ജില്ലാസമ്മേളനം മാർച്ച് 10, 11 തീയതികളിൽ ചിറ്റൂർ മംഗല്യ ഓഡിറ്റോറിയത്തിൽ സംഘടിപ്പിക്കും. സമ്മേളനഭാഗമായി ഒരാഴ്ച ഗൃഹനിർമാണ സാമഗ്രികളുടെയും ഗൃഹോപകരണങ്ങളുടെയും പ്രദർശനവുമുണ്ടാകും.

പോത്തുണ്ടി ഇരട്ടക്കൊല: ചെന്താമരയെ വിയ്യൂർ ജയിലിലേക്ക് മാറ്റി

ഒപ്പം കഴിയാൻ ഭയമെന്ന് മറ്റുതടവുകാർ

ആലത്തൂർ ▸ അയൽവാസിയെയും അമ്മയെയും കൊന്ന കേസിൽ അറസ്റ്റിലായ പോത്തുണ്ടി തിരുത്തമ്പാടം ചെന്താമരയെ ആലത്തൂർ സബ്ജയിലിൽനിന്ന് തൃശ്ശൂർ വിയ്യൂർ സെൻട്രൽ ജയിലിലേക്ക് മാറ്റി. വ്യാഴാഴ്ച രാത്രി പാലക്കാട് എ.ആർ. ക്യാമ്പിൽനിന്നുള്ള പോലീസ് സംഘത്തിന്റെ കാവലിലാണ് ഇയാളെ വിയ്യൂരിലേക്ക് മാറ്റിയത്.

മൂന്ന് കൊലപാതകക്കേസുകളിലെ പ്രതിയായ ചെന്താമരയെ ഒറ്റയ്ക്ക് പാർപ്പിക്കാനുള്ള സൗകര്യം ആലത്തൂർ ജയിലില്ല. ഇയാളോടൊപ്പം കഴിയാൻ ഭയമാണെന്ന് മറ്റുതടവുകാർ ജയിലധികൃതരെ അറിയിച്ചിരുന്നു. തുടർന്ന്, വിയ്യൂർ ജയിലിലേക്ക് പ്രതിയെ മാറ്റണമെന്ന് ജയിൽ വകുപ്പ് ആലത്തൂർ ഫസ്റ്റ്ക്ലാസ് മജിസ്ട്രേറ്റിന് അപേക്ഷ നൽകുകയായിരുന്നു.

ബുധനാഴ്ച കോടതിയിൽ ഹാജരാക്കിയ സമയത്ത് കൂടുതൽ സുരക്ഷാസൗകര്യമുള്ള ജയിലിലേക്ക് പ്രതിയെ റിമാൻഡ് ചെയ്യേണ്ടതുണ്ടോയെന്ന് മജിസ്ട്രേറ്റ് ചോദിച്ചപ്പോൾ വേണ്ടെന്നായിരുന്നു പോലീസിന്റെ മറുപടി. തെളിവെടുപ്പിനായി കസ്റ്റഡിയിൽ വാങ്ങാനും തിരിച്ചെത്തിക്കാനും മറ്റുമുള്ള സൗകര്യം കണക്കിലെടുത്തായിരുന്നു ഇത്.

അയൽവാസികളായ സുധാകരനെയും അമ്മ ലക്ഷ്മിയെയും വെട്ടിക്കൊന്ന കേസിൽ ചൊവ്വാഴ്ച രാത്രി അറസ്റ്റിലായ ചെന്താമരയെ ആലത്തൂർ ഒന്നാംക്ലാസ് മജിസ്ട്രേറ്റ് കോടതി ബുധനാഴ്ച 14 ദിവസത്തേക്ക് റിമാൻഡ് ചെയ്തിരുന്നു. 2019 ഓഗസ്റ്റ് 31-ന് സുധാകരന്റെ ഭാര്യ സജിതയെ വെട്ടിക്കൊന്ന കേസിൽ വിയ്യൂർ ജയിലിൽ വിചാരണത്തടവുകാരനായിരുന്ന ഇയാൾ ജാമ്യത്തിലിറങ്ങിയാണ് ഇരട്ടക്കൊലപാതകം ചെയ്തത്.

ചെന്താമരയെ വിയ്യൂർ ജയിലിലേക്ക് കൊണ്ടുപോകാൻ വ്യാഴാഴ്ച രാത്രി ആലത്തൂർ സബ്ജയിലിൽനിന്ന് പുറത്തിറക്കിയപ്പോൾ

ദൈവങ്ങൾ തന്നോട് മുഖം തിരിച്ചെന്ന് ചെന്താമര

ആലത്തൂർ ▸ ദൈവങ്ങൾ തന്നെ കാണുമ്പോൾ തിരിഞ്ഞു നിൽക്കുകയാണെന്ന് ഇരട്ടക്കൊലക്കേസിലെ പ്രതി ചെന്താമര. അന്ധവിശ്വാസത്തിന് അടിമപ്പെട്ടയാളാണെന്ന അയൽവാസികളുടെ പരാമർശം കണക്കിലെടുത്ത് ദൈവത്തോട് പ്രാർഥിക്കാറുണ്ടോ എന്ന് പോലീസ് ചോദിച്ചപ്പോഴായിരുന്നു ഈ മറുപടി. കള്ളവും തെറ്റിദ്ധരിപ്പിക്കുന്ന വിവരങ്ങളും അർധസത്യങ്ങളും മൊഴിയിലുണ്ടെന്നാണ് പോലീസിന്റെ വിലയിരുത്തൽ.

താനുമായി ബന്ധപ്പെട്ടവരെ കേസിലേക്ക് വലിച്ചിഴക്കാതിരിക്കാൻ മൊഴിനൽകുമ്പോൾ ഇയാൾ ശ്രദ്ധചെലുത്തുന്നുണ്ടായിരുന്നു. ജാമ്യത്തിലിറങ്ങിയശേഷം താമസിച്ച സ്ഥലങ്ങൾ, ജോലിചെയ്ത ഇടങ്ങൾ എന്നിവ സംബന്ധിച്ച ചോദ്യത്തിന് 'അവരെയൊന്നും ഇതിലേക്ക് വലിച്ചിഴക്കേണ്ട, എല്ലാം ഞാൻ ഒറ്റയ്ക്കാണ് ചെയ്തത്, എന്നെ എത്രയും വേഗം ശിക്ഷിക്കുക' എന്നായിരുന്നു മറുപടി.

ഇയാൾ ജാമ്യത്തിലിറങ്ങിയശേഷം താമസിച്ചതും ജോലിചെയ്തതുമായ സ്ഥലങ്ങൾ, ബന്ധപ്പെട്ട വ്യക്തികൾ, ഫോൺകോളുകൾ, പ്രതിക്കെതിരേയുള്ള പ്രദേശവാസികളുടെ പരാമർശങ്ങൾ, പ്രതിയുടെ മൊഴികളുടെ വിശദാംശങ്ങൾ, എലവഞ്ചേരിയിൽനിന്ന് കൊടുവാളും കീടനാശിനിയും വാങ്ങിയ കടകൾ എന്നിവ സംബന്ധിച്ച അന്വേഷണത്തിലാണ് പോലീസ്. മൃതദേഹങ്ങളിൽനിന്നും ചെന്താമരയുടെ വീട്ടിൽനിന്നും ഫോറൻസിക് വിദഗ്ധർ ശേഖരിച്ച സാംപിളുകൾ രാസപരിശോധനയ്ക്ക് അയക്കാനുള്ള നടപടികളും പുരോഗമിക്കുകയാണ്.

തിങ്കളാഴ്ച കസ്റ്റഡി അപേക്ഷ നൽകും

ചെന്താമരയെ കസ്റ്റഡിയിൽ വിട്ടുകിട്ടാൻ ആലത്തൂർ ഫസ്റ്റ്ക്ലാസ് മജിസ്ട്രേറ്റ് കോടതിയിൽ തിങ്കളാഴ്ച പോലീസ് അപേക്ഷ നൽകും.

ചൊവ്വാഴ്ച സംഭവസ്ഥലത്ത് എത്തിച്ച് തെളിവെടുപ്പ് നടത്തിയേക്കും. ഈ സമയം ക്രമസമാധാനപ്രശ്നവും പ്രദേശവാസികളുടെ രോഷപ്രകടനവും ഉണ്ടാകുമെന്ന ആശങ്കയുള്ളതിനാൽ 500 പോലീസുകാരെ പോത്തുണ്ടി പ്രദേശത്ത് വിന്യസിക്കുമെന്നാണ് സൂചന.

മരുതമലയിൽ ഗതാഗത നിയന്ത്രണം

കോയമ്പത്തൂർ ▸ തൈപ്പൂയ ആഘോഷങ്ങളുടെ ഭാഗമായി ഉണ്ടാകുന്ന തിരക്ക് നിയന്ത്രിക്കാൻ മരുതമല മുരുകൻക്ഷേത്രത്തിൽ ഫെബ്രുവരി നാലുമുതൽ 14 വരെ ഗതാഗതനിയന്ത്രണം. നാലുമുതൽ എട്ടുവരെയും 13, 14 തീയതികളിലും നാലുചക്രവാഹനങ്ങൾ മലമുകളിൽ പോകുന്നത് നിരോധിച്ചിട്ടുണ്ട്. ഒൻപതുമുതൽ 12 വരെ ഇരുചക്രവാഹനങ്ങളും നിരോധിച്ചിട്ടുണ്ട്. ഭക്തർക്ക് കാൽനടയായോ ദേവസ്വം ഏർപ്പെടുത്തിയിട്ടുള്ള ബസുകളിലോ പോകാം. നാലിന് ഉത്സവത്തിന് കൊടിയേറും.

സൗജന്യയാത്രാ സ്റ്റിക്കർ തീരുമാനം പിൻവലിക്കണം

പാലക്കാട് ▸ ഓട്ടോറിക്ഷകൾക്ക് മീറ്റർ ഇല്ലെങ്കിൽ സൗജന്യയാത്രാ സ്റ്റിക്കർ പതിക്കണമെന്ന ഗതാഗത അതോറിറ്റിയുടെ തീരുമാനം പിൻവലിക്കണമെന്ന് മോട്ടോർ തൊഴിലാളി ഫെഡറേഷൻ (ഐ.എൻ.ടി.യു.സി) ജില്ലാകമ്മിറ്റി ആവശ്യപ്പെട്ടു. ഐ.എൻ.ടി.യു.സി. ജില്ലാ പ്രസിഡന്റ് എസ്.കെ. അനന്തകൃഷ്ണൻ ഉദ്ഘാടനം ചെയ്തു.

ഫെഡറേഷൻ ജില്ലാ പ്രസിഡന്റ് കെ.പി. ജോഷി അധ്യക്ഷനായി. സെക്രട്ടറിമാരായ പി.കെ. വേണു, എം.കെ. മുകേഷ് കുമാർ, റീജണൽ പ്രസിഡന്റ് എ. സിദ്ദീക്ക്, ജലീൽ, തോമസ് തുടങ്ങിയവർ സംസാരിച്ചു.

പതറാതെ പ്രജ്വൽ; ശാന്തകുമാരിക്ക് രക്ഷകനായി

കുളത്തിലകപ്പെട്ട 66 -കാരിയെ കരകയറ്റി ഒൻപതാംക്ലാസുകാരൻ

ഒറ്റപ്പാലം ▸ 'അമ്മൂമ്മ വെള്ളത്തിൽമുങ്ങുന്നത് കണ്ടപ്പോൾ ഒന്നുംനോക്കിയില്ല, എടുത്ത് ചാടി' -ഒൻപതാം ക്ലാസുകാരൻ ഒറ്റപ്പാലം പാലപ്പുറം കിഴക്കേപ്പാട്ട് വാരിയത്ത് പ്രജ്വലിന്റെ (14) ഈ ധൈര്യം രക്ഷിച്ചത് ഒരു 66-കാരിയുടെ ജീവനാണ്. ബലിയിടാനിറങ്ങി ആഴമേറിയ ക്ഷേത്രക്കുളത്തിൽ മുങ്ങിപ്പോവുകയായിരുന്ന പാലപ്പുറം അങ്ങാടിയിൽ വീട്ടിൽ ശാന്തകുമാരിയാണ് (66) പ്രജ്വലിന്റെ സമയോചിത ഇടപെടലിൽ രക്ഷപ്പെട്ടത്.

ബുധനാഴ്ച രാവിലെ ഏഴരയോടെയാണ് സംഭവം. മകരമാസത്തിലെ വാവായിരുന്നതിനാൽ ബലിയിടാനാണ് ശാന്തകുമാരി പാലപ്പുറം

വിഷ്ണുക്ഷേത്രക്കുളത്തിൽ എത്തിയത്. ബലിയിട്ടശേഷം വെള്ളത്തിലിറങ്ങി ഇല പുറകിലേക്കിടുന്നതിനിടെ കാൽവഴുതി ചെളിയിലകപ്പെടുകയായിരുന്നു. വാഴയില വെട്ടാൻ കുളത്തിന് സമീപം വന്നതായിരുന്നു പ്രജ്വൽ.

ശാന്തകുമാരിയുടെ അലർച്ച കേട്ട് നോക്കുമ്പോൾ കൈകളിട്ടടിച്ച് മുങ്ങുന്നതാണ് കണ്ടത്. ഒട്ടുംപതറാതെ ഓടിവന്ന് കുളത്തിലേക്കെടുത്തുചാടി. ശാന്തകുമാരിയുടെ കൈപിടിച്ച് വലിച്ചുകയറ്റി. 'ആ സമയത്ത് പ്രജ്വൽ അവിടെയെത്തിയില്ലായിരുന്നെങ്കിൽ എന്റെകഥ തീർന്നേനെ' -ശാന്തകുമാരി പറഞ്ഞു. ഒന്നരയേക്കറോളം വരുന്ന കുളം പായലുംചെളിയും നിറഞ്ഞ അവസ്ഥയിലാണ്. നല്ല ആഴവുമുണ്ട്. അഞ്ചാംവയസ്സുമുതൽ നീന്താനറിയാം പ്രജ്വലിന്. ആ പരിചയമാണ് ധൈര്യം കൊടുത്തത്. കിഴക്കേപ്പാട്ടുവാരിയത്ത് പ്രമോദിന്റെയും അജിതയുടെയും മകനായ പ്രജ്വൽ പാലപ്പുറം ലക്ഷ്മിനാരായണ വിദ്യാനികേതനിലെ വിദ്യാർഥിയാണ്.

കുളത്തിൽനിന്ന് പ്രജ്വൽ തന്നെരക്ഷിച്ച സംഭവം ശാന്തകുമാരി വിവരിക്കുന്നു

മോട്ടോർവാഹന വകുപ്പിന്റെ ഇ-ചലാൻ അദാലത്ത് ഫെബ്രുവരി അഞ്ചിന്

പാലക്കാട് ▸ മോട്ടോർവാഹന നിയമം ലംഘിച്ചതിന് പിഴയടയ്ക്കാൻ നൽകിയ ഇ-ചലാനുകൾ തീർപ്പാക്കുന്നതിന് അദാലത്ത് സംഘടിപ്പിക്കുന്നു. പാലക്കാട് കൂട്ടുപാതയിലെ ആർ.ടി.ഒ. എൻഫോഴ്സ്മെന്റ് വിഭാഗത്തിന്റെ കാര്യാലയത്തിൽ ഫെബ്രുവരി അഞ്ചിന് 10 മണിമുതൽ അഞ്ചുവരെയാണ് അദാലത്ത്. മോട്ടോർ വാഹന വകുപ്പും പോലീസും സംയുക്തമായി നടത്തുന്ന അദാലത്തിൽ, ഇരുവകുപ്പുകളും നൽകിയ ചലാനുകളിലെ തുക നേരിട്ട് അടയ്ക്കാനുമാകും. ഫോൺ: 0491 2950040.

കാലിക്കറ്റ് സർവകലാശാലാ എ സോൺ കലോത്സവം

നൃത്തം ജീവതാളമാക്കി സ്വാതി

കാലിക്കറ്റ് സർവകലാശാലാ 'എ' സോൺ കലോത്സവം മോഹിനിയാട്ടത്തിൽ ഒന്നാംസ്ഥാനംനേടിയ ഗവ. വിക്ടോറിയ കോളേജിലെ സ്വാതി പുല്ലാനിക്കാട്. ഭരതനാട്യത്തിലും കുച്ചിപ്പുഡിയിലും സ്വാതിയ്ക്കുതന്നെയാണ് ഒന്നാംസ്ഥാനം

മണ്ണാർക്കാട് ▸ നൃത്തം സ്വാതിപുല്ലാനിക്കാടിന് ജീവതാളമാണ്. മൂന്നരവയസ്സുമുതൽ ഒപ്പമുണ്ട് നൃത്തം. നൃത്തത്തോടുള്ള ഈ അഭിനിവേശമാണ് മണ്ണാർക്കാട്ട് നടക്കുന്ന കാലിക്കറ്റ് സർവകലാശാലാ 'എ' സോൺ കലോത്സവത്തിൽ മോഹിനിയാട്ടത്തിലും ഭരതനാട്യത്തിലും കുച്ചിപ്പുടിയിലും ഒന്നാംസ്ഥാനം നേടിക്കൊടുത്തത്. പാലക്കാട് ഗവ. വിക്ടോറിയ കോളേജിലെ രണ്ടാംവർഷ ചരിത്രവിദ്യാർഥിയാണ് സ്വാതി.

മൂന്നരവയസ്സുമുതൽ പുത്തൂർ പ്രമോദ്ദാസിന്റെ കീഴിൽ നൃത്തം പഠിക്കുന്നുണ്ട്. ആദ്യം ഭരതനാട്യമാണ് പഠിക്കാൻ തുടങ്ങിയത്. പിന്നീട് മോഹിനിയാട്ടവും കുച്ചിപ്പുഡിയുമെല്ലാം പഠിച്ചുതുടങ്ങി.

ഒഴിവുദിവസങ്ങളിൽ ഇപ്പോഴും നൃത്തപഠനം മുന്നോട്ട് കൊണ്ടുപോകുന്നുണ്ട്. പട്ടാമ്പി കൊപ്പംസ്വദേശിയായ അച്ഛൻ മനോജ് പുല്ലാനിക്കാടും അമ്മ സ്മിതയും പിന്തുണയുമായി കൂടെയുണ്ട്.

വിക്ടോറിയ മുന്നിൽ; എം.ഇ.എസ്. കല്ലടികോളേജ് രണ്ടാമത്

മണ്ണാർക്കാട് ▸ മണ്ണാർക്കാട് നജാത്ത് ആർട്സ് ആൻഡ് സയൻസ് കോളേജിൽ നടക്കുന്ന കാലിക്കറ്റ് സർവകലാശാലാ 'എ' സോൺ കലോത്സവത്തിന്റെ മൂന്നാംദിനം പിന്നിടുമ്പോൾ 77 പോയിന്റുനേടി പാലക്കാട് ഗവ. വിക്ടോറിയ കോളേജ് മുന്നിലെത്തി. 67 പോയിന്റോടെ മണ്ണാർക്കാട് എം.ഇ.എസ്. കല്ലടികോളേജ് രണ്ടാംസ്ഥാനത്തുണ്ട്.

52 പോയിന്റുനേടി പട്ടാമ്പി എസ്.എൻ.ജി.എസ്. കോളേജും 35 പോയിന്റോടെ ചിറ്റൂർ ഗവ. കോളേജും മൂന്നുംനാലും സ്ഥാനത്തുണ്ട്. 30 പോയിന്റുനേടിയ ഒറ്റപ്പാലം എൻ.എസ്.എസ്. കോളേജാണ് അഞ്ചാംസ്ഥാനത്തുള്ളത്.

സ്റ്റേജ് മത്സരങ്ങൾ വ്യാഴാഴ്ചരാവിലെ തുടങ്ങി. മോഹിനിയാട്ടം, ഭരതനാട്യം, കുച്ചിപ്പുഡി, ഒഡീസി എന്നിവ അരങ്ങുണർത്തി. ചിരിപ്പിച്ചും ചിന്തിപ്പിച്ചും മോണോ ആക്ടും മിമിക്രി മത്സരങ്ങളും കൈയടിനേടി. ജില്ലയിലെ 80 കോളേജുകളിൽനിന്നായി 4,000 മത്സരാർഥികളാണ് കലോത്സവത്തിൽ പങ്കാളികളാകുന്നത്. കലോത്സവം ശനിയാഴ്ച സമാപിക്കും.

വേദികളിൽ ഇന്ന്

സ്റ്റേജ് ഒന്ന്
കേരളനടനം (9.30 മുതൽ), നാടോടിനൃത്തം (വനിത)- 12.00, നാടോടിനൃത്തം (പുരുഷവിഭാഗം)-3.30, ഗ്രൂപ്പ് ഡാൻസ് (വനിത)- 5.00.

സ്റ്റേജ് രണ്ട്
മലയാളനാടകം (9.30), ഇംഗ്ലീഷ് നാടകം (1.30), സംസ്കൃത നാടകം (4.30), ഹിന്ദി നാടകം (വൈകീട്ട് 6.30.), സ്കിറ്റ്- രാത്രി ഒമ്പത്.

സ്റ്റേജ് മൂന്ന്
സംഘഗാനം (ഇന്ത്യൻ)- 9.30, സംഘഗാനം (വെസ്റ്റേൺ)- 11.30., മാപ്പിളപ്പാട്ട് ഗ്രൂപ്പ് -1.30 നാടൻപാട്ട് (ഗ്രൂപ്പ്)- 5.30.

സ്റ്റേജ് നാല്
മാപ്പിളപ്പാട്ട് (വനിത)- 9.30, മാപ്പിളപ്പാട്ട് (പുരുഷവിഭാഗം)-1.30, ദേശഭക്തിഗാനം (5.30.).

കാലിക്കറ്റ് യൂണിവേഴ്സിറ്റി യൂണിയൻ എ സോൺ കലോത്സവം

ഒഡീസിയിൽ ഒറ്റയ്ക്ക്

പി. അശ്വതി

മണ്ണാർക്കാട് ▸ കാലിക്കറ്റ് യൂണിവേഴ്സിറ്റി 'എ' സോൺ കലോത്സവത്തിൽ ഒഡീസി നൃത്തത്തിൽ മത്സരിച്ചത് ഒരു മത്സരാർഥിമാത്രം. പത്തിരിപ്പാല മൗണ്ട്സീന കോളേജിലെ മൂന്നാംവർഷ ഗണിതശാസ്ത്ര വിദ്യാർഥിനി പി. അശ്വതി. ആദ്യമായി ഒഡീസി നൃത്തം കലോത്സവത്തിൽ അവതരിപ്പിക്കാനായതിന്റെ ആഹ്ലാദത്തിലായിരുന്നു അശ്വതി.

കുട്ടിക്കാലംമുതൽ പ്ലസ്ടു കഴിയുന്നതുവരെ അശ്വതിയും കുടുംബവും ഒഡിഷയിലായിരുന്നു. അച്ഛൻ പി. ഉണ്ണികൃഷ്ണൻ ഒഡിഷയിൽ കച്ചവടം നടത്തിയിരുന്നു. നാലുവയസ്സുമുതൽ ഒഡീസി നൃത്തം അശ്വതി പഠിച്ചുതുടങ്ങിയിരുന്നു. സർവേശ്വര സാഹു എന്ന ഗുരുവിന്റെ കീഴിലാണ് അശ്വതി പഠിച്ചിരുന്നത്. 10 കൊല്ലത്തോളം നൃത്തംപഠിച്ചു. അമ്മ ശാന്തകുമാരിയും സഹോദരൻ അഖിലും അശ്വതിക്ക് പിന്തുണയുമായി കൂടെയുണ്ടായിരുന്നു.

അശ്വതിയുടെ പ്ലസ്ടുവിനുശേഷം കുടുംബം നാട്ടിലേക്കുമടങ്ങി. അമ്പലപ്പാറയിലാണ് താമസിക്കുന്നത്. ഇപ്പോഴും അശ്വതി സ്വന്തമായി ഒഡീസി നൃത്തപരിശീലനം തുടരുന്നുണ്ട്. വിവിധ ക്ഷേത്രങ്ങളിൽ ഒഡീസി നൃത്തപരിപാടികൾ അശ്വതി അവതരിപ്പിച്ചിട്ടുമുണ്ട്.

കലാലയങ്ങളെ സംഘർഷവേദിയാക്കരുത് -വി.ഡി. സതീശൻ

കാലിക്കറ്റ് സർവകലാശാലാ 'എ' സോൺ കലോത്സവം പ്രതിപക്ഷനേതാവ് വി.ഡി. സതീശൻ ഉദ്ഘാടനം ചെയ്യുന്നു

മണ്ണാർക്കാട് ▸ കലാലയങ്ങളിൽ അക്രമങ്ങളും സംഘർഷങ്ങളും നടത്തുന്നത് അവസാനിപ്പിക്കണമെന്ന് പ്രതിപക്ഷനേതാവ് വി.ഡി. സതീശൻ. കാലിക്കറ്റ് സർവകലാശാലാ 'എ' സോൺ കലോത്സവത്തിന്റെ ഔദ്യോഗിക ഉദ്ഘാടനം നജാത്ത് ആർട്സ് ആൻഡ് സയൻസ് കോളേജിൽ നിർവഹിക്കുകയായിരുന്നു അദ്ദേഹം.

സൗഹൃദമാണ് കാമ്പസ് ജീവിതത്തിന്റെ ചാലകശക്തി. ഇതിനെ ശക്തിപ്പെടുത്തേണ്ട ഇടങ്ങളാണ് സർവകലാശാലാ കലോത്സവങ്ങൾ. സ്കൂൾ കലോത്സവ മാതൃകയിൽ അധ്യാപക-വിദ്യാർഥി സംഘടനകൾ ഒത്തൊരുമിച്ച് സർവകലാശാലാ കലോത്സവങ്ങൾ സംഘടിപ്പിക്കുന്നതും ആലോചിക്കണമെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു.

എൻ. ഷംസുദ്ദീൻ എം.എൽ.എ. അധ്യക്ഷനായി. എം.എൽ.എ.മാരായ കെ. ശാന്തകുമാരി, രാഹുൽ മാങ്കൂട്ടത്തിൽ എന്നിവർ മുഖ്യാതിഥികളായി. കാലിക്കറ്റ് സർവകലാശാലാ സിൻഡിക്കേറ്റംഗം മധു രാമനാട്ടുകര, സർവകലാശാലാ യൂണിയൻ ചെയർപേഴ്സൺ നിതിൻ ഫാത്തിമ, നജാത്ത് കോളേജ് പ്രിൻസിപ്പൽ മുഹമ്മദലി, കെ.പി.സി.സി. ജനറൽ സെക്രട്ടറി സി. ചന്ദ്രൻ, നഗരസഭാ ചെയർമാൻ സി. മുഹമ്മദ് ബഷീർ, കളത്തിൽ അബ്ദുള്ള, കെ.യു. ഹംസ, ഗിരീഷ് ഗുപ്ത എന്നിവർ സംസാരിച്ചു.

വിജയികൾ

എസ്. വൈഷ്ണവ് (മലയാളം കവിതാരചന, മുണ്ടൂർ യുവക്ഷേത്ര കോളേജ്)

ആഷ്‌ലി അനിൽ (രംഗോലി, ആലത്തൂർ ശ്രീനാരായണഗുരു കോളേജ്)

എസ്. ചാരുത (സംസ്കൃതം കവിതാരചന, നെന്മാറ എൻ.എസ്.എസ്. കോളേജ്)

എം. വർഷാനന്ദ (ഹിന്ദി പ്രബന്ധരചന, പട്ടാമ്പി എസ്.എൻ.ജി.എസ്. കോളേജ്.)

എ. ആഷിക് അബ്ദുൾ ജബ്ബാർ (അറബിക് പ്രബന്ധരചന, കരിങ്ങനാട് സലഫിയ ട്രെയ്നിങ് കോളേജ്)

കെ. അമൻഹിഷാം (ക്ലേ മോഡലിങ്, മണ്ണാർക്കാട് എം.ഇ.എസ്. കല്ലടികോളേജ്)

ആർ. ഹരിഷ്മ (ഇംഗ്ലീഷ് പ്രബന്ധരചന, തോലനൂർ ഗവ. ആർട്സ് ആൻഡ് സയൻസ് കോളേജ്)

എസ്. അക്ഷര (ഇംഗ്ലീഷ് കവിതാരചന, പത്തിരിപ്പാല ഗവ. ആർട്സ് ആൻഡ് സയൻസ് കോളേജ്)

ജി. നികിത (തമിഴ് പ്രസംഗം, കൊടുവായൂർ സി.യു.ടി.ഇ.സി.)

കെ. ജയലക്ഷ്മി (സംസ്കൃതം പ്രസംഗം, ചിറ്റൂർ ഗവ. കോളേജ്)

കെ.എം. തൗഫീഖുൽ ഹഖ് (അറബിക് പ്രസംഗം, കരിങ്ങനാട് സലഫിയ ട്രെയ്നിങ് കോളേജ്)

അനശ്വര പി. പങ്കജ് (മലയാളം കഥാരചന, എലവഞ്ചേരി തുഞ്ചത്തെഴുച്ഛൻ കോളേജ്)

പി. നിവേദ (ഇംഗ്ലീഷ് പ്രസംഗം, ചിറ്റൂർ ഗവ. കോളേജ്)

കെ. അഭിജിത് രാം മോഹൻ (സംസ്കൃതം പ്രബന്ധരചന, ഒറ്റപ്പാലം എൻ.എസ്.എസ്. കോളേജ്)

എസ്. ഗോകുൽകൃഷ്ണ (കാർട്ടൂൺ രചന, നെന്മാറ എൻ.എസ്.എസ്. കോളേജ്)

മദ്യനിരോധനസമിതി പ്രക്ഷോഭം തുടങ്ങി

ഒയാസിസ് കമ്പനിക്കെതിരേ കേരള മദ്യനിരോധനസമിതി ജില്ലാകമ്മിറ്റി എലപ്പുള്ളി മണ്ണുക്കാട്ട് നടത്തിയ 'ക്വിറ്റ് കേരള' ഗാന്ധിയൻ പ്രക്ഷോഭം സമിതി വനിതാഫോറം സംസ്ഥാന സെക്രട്ടറി കെ.വി. പുണ്യകുമാരി ഉദ്ഘാടനംചെയ്യുന്നു

പാലക്കാട് ▸ എലപ്പുള്ളിയിൽ ബ്രൂവറിക്ക് സർക്കാർ അനുമതി നൽകിയതിൽ പ്രതിഷേധിച്ച്, മഹാത്മാഗാന്ധിയുടെ രക്തസാക്ഷിദിനത്തിൽ കേരള മദ്യനിരോധന സമിതി മണ്ണുക്കാട്ട് 'ക്വിറ്റ് കേരള' സമരം നടത്തി. ഒയാസിസ് കൊമേഴ്സ്യൽ പ്രൈവറ്റ് ലിമിറ്റഡ് കേരളം വിടുക എന്നാവശ്യപ്പെട്ടായിരുന്നു പ്രതിഷേധം. ഗാന്ധിയൻ സന്ദേശബാനറുകളും കമ്പനി വാങ്ങിയ സ്ഥലത്ത് സ്ഥാപിച്ചു.

സമിതി സംസ്ഥാന വനിതാ ഫോറം സെക്രട്ടറി കെ.വി. പുണ്യകുമാരി ഉദ്ഘാടനംചെയ്തു. കേരള മദ്യനിരോധനസമിതി ജില്ലാപ്രസിഡന്റ് അക്ബർ ബാദുഷ അധ്യക്ഷനായി. ഗാന്ധിയൻ പ്രവർത്തക ലക്ഷ്മി പദ്മനാഭൻ, ജില്ലാ സെക്രട്ടറി പി.വി. സഹദേവൻ, ജില്ലാ ജോയിന്റ് സെക്രട്ടറി കെ. മണികണ്ഠൻ, കെ. ഖാദർ മൊയ്തീൻ, എം. സുഭാഷ്കുമാർ എന്നിവർ സംസാരിച്ചു.

എലപ്പുള്ളിയിലെ മദ്യക്കമ്പനി: സി.ബി.ഐ. അന്വേഷിക്കണമെന്ന് വി.കെ. ശ്രീകണ്ഠൻ എം.പി.

പാലക്കാട് ▸ എലപ്പുള്ളിയിലെ മദ്യക്കമ്പനിയുമായി ബന്ധപ്പെട്ട അഴിമതിയെക്കുറിച്ച് സി.ബി.ഐ. അന്വേഷിക്കണമെന്ന് വി.കെ. ശ്രീകണ്ഠൻ എം.പി. ആവശ്യപ്പെട്ടു. 2022-ൽ ഒയാസിസ് കമ്പനിക്ക് അനുമതിനിഷേധിച്ച സർക്കാർ അതേ കമ്പനിക്കുവേണ്ടി മദ്യ നയത്തിൽത്തന്നെ മാറ്റം വരുത്തിയതായും എം.പി. പത്രസമ്മേളനത്തിൽ ആരോപിച്ചു.

ഡൽഹി മദ്യനയ അഴിമതി ക്കേസിൽ പങ്കാളിയെന്ന് ആരോപിക്കപ്പെടുന്ന കമ്പനിക്കുവേണ്ടി കേരളത്തിലും മദ്യനയത്തിൽ മാറ്റംവരുത്തിയതിനുപിന്നിൽ വലിയ അഴിമതിയുണ്ടെന്നും അതേക്കുറിച്ച് കേരളത്തിലെ പോലീസ് അന്വേഷിച്ചാൽ ഒന്നും തെളിയില്ലെന്നും വി.കെ. ശ്രീകണ്ഠൻ പറഞ്ഞു. എക്സൈസ് മന്ത്രി എം.ബി. രാജേഷും ഏരിയാ സെക്രട്ടറികൂടിയായ ഭാര്യാസഹോദരനും കമ്പനിയുമായി ചർച്ചനടത്തിയെന്ന് എം.പി. ആരോപിച്ചു. എന്ന്, എവിടെവെച്ച് ചർച്ചനടത്തിയെന്നും ഡീൽ എന്താണെന്നും മന്ത്രി വ്യക്തമാക്കണമെന്ന് ശ്രീകണ്ഠൻ ആവശ്യപ്പെട്ടു. മദ്യക്കമ്പനി തുടങ്ങാനെത്തിയ കമ്പനിയുടെ ഡൽഹിയിലെയും പഞ്ചാബിലെയും മുൻകാല പ്രവർത്തനങ്ങളെക്കുറിച്ച് പറയാതെ മന്ത്രി രാജേഷ് മുഖ്യമന്ത്രിയെയും തെറ്റിദ്ധരിപ്പിച്ചിരിക്കാമെന്നും ശ്രീകണ്ഠൻ പറഞ്ഞു.

പൊതുവേ മഴകുറവായ എലപ്പുള്ളിയിൽ അഞ്ചേക്കറിൽ മഴവെള്ള സംഭരണിയുണ്ടാക്കിയാൽ 10 ദശലക്ഷംലിറ്റർ വെള്ളംപോലും വർഷം ശേഖരിക്കാനാവില്ല. കൃഷിക്കും കുടിവെള്ളത്തിനുമുള്ള മലമ്പുഴവെള്ളം കടത്താൻ ലക്ഷ്യമിടുന്ന മന്ത്രി ഒരുതുള്ളി കുടിവെള്ളംപോലും മദ്യോത്പാദനത്തിന് എടുക്കില്ലെന്നുപറഞ്ഞ് സ്വന്തം പാർട്ടി സെക്രട്ടറി എം.വി. ഗോവിന്ദനെയും വഞ്ചിച്ചതായി വി.കെ. ശ്രീകണ്ഠൻ ആരോപിച്ചു.

കാലത്തിന്റെ പ്രതിഫലനമാണ് കഥ -ടി.കെ. ശങ്കരനാരായണൻ

തിരുവനന്തപുരത്ത് നടക്കുന്ന 'മാതൃഭൂമി' അന്താരാഷ്ട്ര അക്ഷരോത്സവത്തിന് മുന്നോടിയായി അഹല്യ കാംപസിൽ 'കഥയും കാലവും' എന്ന വിഷയത്തിലെ പ്രഭാഷണ പരിപാടിയിൽ പങ്കെടുത്തവർ എഴുത്തുകാരൻ ടി.കെ. ശങ്കരനാരായണനോടൊപ്പം

പാലക്കാട് ▸ കാലത്തിൽവരുന്ന മാറ്റമാണ് കഥയുടെ സ്വഭാവത്തെ നിർണയിക്കുന്നതെന്നും കാലത്തിന്റെ പ്രതിഫലനമാണ് കഥയെന്നും എഴുത്തുകാരൻ ടി.കെ. ശങ്കരനാരായണൻ. ഫെബ്രുവരി ആറുമുതൽ ഒൻപതുവരെ തിരുവനന്തപുരത്ത് നടക്കുന്ന 'മാതൃഭൂമി' അന്താരാഷ്ട്ര അക്ഷരോത്സവത്തിന് മുന്നോടിയായി അഹല്യ കാംപസിൽ 'കഥയും കാലവും' എന്ന വിഷയത്തിൽ പ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം.

ഓരോ കാലഘട്ടത്തിനും ഒരു കഥ പറയാനുണ്ടാവും. കാലം മാറുന്നതനുസരിച്ച് ജീവിതരീതികളും മാറുന്നു. ഈ മാറ്റം കഥയുടെ ആഖ്യാനത്തിലും കടന്നുവരുന്നു. കാലത്തെ മാറ്റിനിർത്തിക്കൊണ്ട് കഥപറയുക അസാധ്യമാണ് -അദ്ദേഹം പറഞ്ഞു.

എഴുത്തുകാരൻ നേരിടുന്ന ഒരു വലിയ വെല്ലുവിളിയാണ് ഭാഷയുടെ മരണം. ഓരോ ഗ്രാമത്തിനും അതിന്റേതായ ഒരു ഭാഷയുണ്ട്. 'ഇമോജീസ്' ആണ് ഇപ്പോൾ നമ്മുടെ ഭാഷ. ഭാഷയെ തിരിച്ചുകൊണ്ടുവരാനും ശക്തിപ്പെടുത്താനുമാണ് അക്ഷരോത്സവം നടത്തുന്നതെന്നും ടി.കെ. ശങ്കരനാരായണൻ പറഞ്ഞു.

'മാതൃഭൂമി' പാലക്കാട് യൂണിറ്റ് മാനേജർ ആർ.പി. മോഹൻദാസ്, ന്യൂസ് എഡിറ്റർ എൻ. സുസ്മിത, ഡോ. മിനുചന്ദ്രൻ, ഡോ. ബെറ്റ്സി ബേബി, ആതിര എസ്. നാഥ്, എസ്. ലുബിന, ഷാദിക ഭാനു, എസ്. അനുശ്രീ, ആർ.എസ്. അഭിരാമി, ലിസമോൾ ജോസഫ് എന്നിവർ സംസാരിച്ചു.

കെ.എൽ.ജി.എസ്.എ. ജില്ലാസമ്മേളനം

കേരള ലോക്കൽ സെൽഫ് ഗവ. സ്റ്റാഫ് അസോസിയേഷൻ ജില്ലാ സമ്മേളനം രാഹുൽ മാങ്കൂട്ടത്തിൽ എം.എൽ.എ. ഉദ്ഘാടനം ചെയ്യുന്നു

പാലക്കാട് ▸ വകുപ്പ് ഏകീകരണത്തിനുശേഷം തദ്ദേശസ്വയംഭരണ വകുപ്പിലുണ്ടായ പ്രശ്നങ്ങൾക്ക് പരിഹാരംകാണണമെന്നും എല്ലാ ജീവനക്കാർക്കും സ്പാർക്കിലൂടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും വിതരണം ചെയ്യണമെന്നും കേരള ലോക്കൽ സെൽഫ് ഗവ. സ്റ്റാഫ് അസോസിയേഷൻ (കെ.എൽ.ജി.എസ്.എ.) ജില്ലാസമ്മേളനം ആവശ്യപ്പെട്ടു. രാഹുൽ മാങ്കൂട്ടത്തിൽ എം.എൽ.എ. ഉദ്ഘാടനംചെയ്തു. ജില്ലാ പ്രസിഡന്റ് മനോജ് കുമാർ അധ്യക്ഷനായി. സംസ്ഥാന ജനറൽ സെക്രട്ടറി എൻ.എ. ജയകുമാർ മുഖ്യപ്രഭാഷണം നടത്തി.

ജില്ലാ സെക്രട്ടറി ഹമീദ്, വേണുഗോപാലൻ, എ. കൃഷ്ണൻ, സെയ്ത് മീരാൻ ബാബു, സുഭാഷ്, ഷജിത്കുമാർ, ബഷീർ, മൻസൂർ, മിനിബാബു എന്നിവർ സംസാരിച്ചു. ഭാരവാഹികൾ: മനോജ് കുമാർ (പ്രസി.), കെ.എം. ഹമീദ് (സെക്ര.).

വെള്ളിങ്കിരി മലയിലേക്ക് ഫെബ്രുവരി ഒന്നുമുതൽ പ്രവേശനം

കോയമ്പത്തൂർ ▸ ശിവരാത്രി ആഘോഷം മുൻനിർത്തി വെള്ളിങ്കിരി മലയിലേക്ക് ഫെബ്രുവരി ഒന്നുമുതൽ പ്രവേശനം അനുവദിക്കുമെന്ന് വനംവകുപ്പ് അറിയിച്ചു. മേയ് അവസാനംവരെ മലയിലേക്ക് പോകാം. സാധാരണ മാർച്ചുമുതലാണ് വെള്ളിങ്കിരി മലയിലേക്ക് തീർഥാടകർക്ക് പ്രവേശനം നൽകിയിരുന്നത്. കഴിഞ്ഞവർഷം ഭക്തർ കോടതിയെസമീപിച്ച് ഫെബ്രുവരി ഒന്നുമുതൽ മലകയറാൻ അനുമതിനേടിയിരുന്നു. ഇതേത്തുടർന്നാണ് നേരത്തേ അനുമതി നൽകുന്നത്.

മലമുകളിലെ ക്ഷേത്രത്തിലെത്താൻ ചെങ്കുത്തായ ഏഴ് മലനിരകൾ കയറണം. അതിനാൽ ആരോഗ്യസംബന്ധമായി പ്രശ്നങ്ങളുള്ളവർ മലകയറരുതെന്ന് വനംവകുപ്പ് അറിയിച്ചു. തീർഥാടനകാലത്ത് പ്രാദേശിക ഭരണകൂടവും വനംവകുപ്പും ഭക്തർക്ക് അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കും.

സാഹിത്യ അക്കാദമി നിരൂപണ ശില്പശാല തസ്രാക്കിൽ

പാലക്കാട് ▸ കേരള സാഹിത്യ അക്കാദമി, തസ്രാക്കിലുള്ള ഒ.വി. വിജയൻ സ്മാരകത്തിൽ ഫെബ്രുവരി ഒന്നുമുതൽ മൂന്നുവരെ നിരൂപണ സാഹിത്യ ശില്പശാല സംഘടിപ്പിക്കും. വിവിധ ജില്ലകളിൽനിന്നായി തിരഞ്ഞെടുക്കപ്പെട്ട 18 സ്ത്രീകളുൾപ്പെടെ 32 യുവനിരൂപകർ പങ്കെടുക്കും. കവിത, കഥ, നോവൽ, ചലച്ചിത്രം എന്നിവയുടെ നിരൂപണ ചരിത്രവഴികൾ ചർച്ച ചെയ്യും. ഡോ. എം.എ. സിദ്ദിഖ് ആണ് ക്യാമ്പ് ഡയറക്ടർ.

15 വിഭാഗങ്ങളിലായി 33 വിദഗ്ധർ ക്ലാസെടുക്കും. ഫെബ്രുവരി ഒന്നിന് 10-ന് ഡോ. സുനിൽ പി. ഇളയിടം ശില്പശാല ഉദ്ഘാടനം ചെയ്യുമെന്ന് അക്കാദമി സെക്രട്ടറി സി.പി. അബൂബക്കർ, ഒ.വി. വിജയൻ സ്മാരക സമിതി സെക്രട്ടറി ടി.ആർ. അജയൻ, ശില്പശാല കോഡിനേറ്റർമാരായ കെ.എസ്. സുനിൽകുമാർ, ആർ. ശാന്തകുമാരൻ എന്നിവർ പത്രസമ്മേളനത്തിൽ പറഞ്ഞു.

രണ്ടിന് രാത്രി 8.30-ന് ചേരാമംഗലം ചാമുണ്ണി രചനയും സംവിധാനവും നിർവഹിച്ച 'മഹാഗുരു' നാടകം, പാലക്കാട് നാടകപ്പുര അവതരിപ്പിക്കും. മൂന്നിന് 11.30-ന് 'സംസ്കാരവിമർശനവും ജനാധിപത്യസംസ്കാരവും' എന്ന വിഷയത്തിൽ ഡോ. എം.വി. നാരായണൻ സമാപനപ്രസംഗം നടത്തും. പുരോഗമന കലാസാഹിത്യ സംഘത്തിന്റെയും ഒ.വി. വിജയൻ സ്മാരക സമിതിയുടെയും സഹകരണത്തോടെയാണ് പരിപാടി.

ക്ഷീരമേഖലയ്ക്ക് വേണം, ബജറ്റ് പരിപാലനം

പശുപരിപാലന രംഗത്ത് ആനുകൂല്യങ്ങൾ ഉയർത്തണം

പാലക്കാട് ▸ കാർഷികവൃത്തി പോലെതന്നെ പ്രധാനമാണ് ജില്ലയിൽ ക്ഷീരോത്പാദനവും. സംസ്ഥാനത്ത് ഏറ്റവുംകൂടുതൽ പാലുത്പാദിപ്പിക്കുന്ന ഇടമായതുകൊണ്ടുതന്നെ ഇവിടെ ക്ഷീരകർഷകർ നേരിടുന്ന പ്രശ്നങ്ങളും നിരവധിയാണ്.

ചെറുകിട ഉത്പാദകർക്കിടയിൽ പരിപാലനച്ചെലവും ഉത്പാദനക്കുറവുമാണ് പ്രശ്നമാകുന്നത്. ഫാമുകളടക്കം ഇടത്തരം പാലുത്പാദകർക്കിടയിൽ തൊഴിലാളിക്ഷാമവും സാമ്പത്തിക ബാധ്യതകളും വെല്ലുവിളിയാകുന്നുണ്ട്.

ക്ഷീരമേഖലയ്ക്കായി കേന്ദ്രസർക്കാരിന്റെ നിരവധി പദ്ധതികളുണ്ടെങ്കിലും വലിയ ഫാമുകളെ ലക്ഷ്യംവെക്കുന്ന ഇത്തരം ആനുകൂല്യങ്ങൾ ചെറുകിടക്കാർക്ക് അന്യമാവുകയാണ്. പാലുത്പാദനം കൂടുതലുള്ള ചിറ്റൂരടക്കമുള്ള കിഴക്കൻമേഖലയിൽ ചെറുകിട-ഇടത്തരം ക്ഷീരഫാമുകളാണ് ഏറെയും.

- പശുപാലനം-ക്ഷീരവികസന മേഖലകളിൽ ചെറുകിട ഫാമുകൾക്കും കർഷകർക്കുമായി മികച്ച അടിസ്ഥാനസൗകര്യങ്ങൾ ലഭ്യമാക്കാനുള്ള പദ്ധതികൾ വേണം. പശുവളർത്തൽ, പാൽവിപണന സൗകര്യം എന്നിവ വർധിപ്പിക്കുന്നതിന് അധിക കേന്ദ്രസഹായം അനിവാര്യമാണ്.
- നിലവിൽ ഡയറിഫാം ആരംഭിക്കുന്നവർക്ക് ദേശസാത്കൃത ബാങ്കുകൾവഴി രണ്ടുകോടി രൂപവരെ ഈടില്ലാതെ വായ്പ നൽകുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. സ്വന്തമായി തൊഴുത്ത് നിർമാണം പൂർത്തിയാക്കിയവർക്കാണ് ഈ ആനുകൂല്യം. എന്നാൽ, ഇത്തരം വായ്പകൾക്ക് വർഷം 0.65 ശതമാനം വാർഷിക ചാർജ് ഈടാക്കിവരുന്നുണ്ട്. ഇത് കുറച്ചാലേ ചെറുകിട കർഷകർക്ക് ഗുണകരമാവൂ.
- കിസാൻ ക്രെഡിറ്റ് കാർഡുള്ള കർഷകർക്ക് ഈടില്ലാതെ നൽകുന്ന വായ്പയുടെ പരിധി 1.6 ലക്ഷത്തിൽനിന്ന് രണ്ടുലക്ഷമായി ഉയർത്തണം. ഈടുനൽകിയുള്ള വായ്പകളുടെ പരിധി നാലുലക്ഷം രൂപയിൽനിന്ന് അഞ്ചുലക്ഷമായി ഉയർത്തണം.
- കിസാൻ ക്രെഡിറ്റ് കാർഡ് ഒഴികെയുള്ള വായ്പകളിൽ ക്ഷീരകർഷകർ 0.3 ശതമാനം തുക കൈകാര്യഫീസായി ഒറ്റത്തവണ നൽകേണ്ടിവരുന്നത് അധിക ബാധ്യതയാണ്. ഇതിന് ഇളവനുവദിക്കണം.
- ക്ഷീരമേഖല നേരിടുന്ന മറ്റൊരു പ്രധാന പ്രതിസന്ധി തൊഴിലാളികളുടെ ക്ഷാമമാണ്. ഇടത്തരം ഫാമുകൾക്ക് അതിഥിത്തൊഴിലാളികളാണ് ഇപ്പോഴുള്ള പ്രധാന ആശ്രയം. വൈദഗ്ധ്യമുള്ള ഇതരസംസ്ഥാന തൊഴിലാളികളെ ക്ഷീരമേഖലയിലെത്തിക്കുന്നതിന് പ്രത്യേക പദ്ധതിവേണം.

കമ്പോള വിലനിലവാരം

കുരുമുളകിന് 300 രൂപ കൂടി

മട്ടാഞ്ചേരി ▸ കുരുമുളക് അൺഗാർബിൾഡ് ക്വിന്റലിന് 300 രൂപ വർധിച്ച് വില 65,700 രൂപയായി. ഗാർബിൾഡിന് 67,700 രൂപയായി. വെളിച്ചെണ്ണ വിലയിൽ മാറ്റമില്ല.

പാലക്കാട്

സ്വർണം (പവൻ)	60,880.00
വെള്ളി (1 ഗ്രാം)	108.00
വെളിച്ചെണ്ണ (15 കി.)	3,600.00
നല്ലെണ്ണ-കൂടിയത് (15 കി.)	4,200.00
കടലെണ്ണ (15 കി.)	3,500.00
കൊട്ടെണ്ണ (15 കി.)	2,600.00
മുതിര (100 കി.)	6,250.00
മുളക് എ.സി. (100 കി.)	14,800.00
മുളക് എ.സി. രണ്ടാം തരം	13,500.00
തുവരപ്പരിപ്പ്-ഒന്നാംതരം (100 കി.)	13,800.00
തുവരപ്പരിപ്പ്-രണ്ടാംതരം (100 കി.)	12,000.00
കടലപ്പരിപ്പ് (100 കി.)	8,500.00
കടല-വലുത് (100 കി.)	9,600.00
കടല-ചെറുത് (100 കി.)	7,600.00
കടലപ്പിണ്ണാക്ക് (100 കി.)	3,800.00
ഉഴുന്നുപരിപ്പ്-വെള്ള-വലുത് (100 കി.)	11,800.00
ഉഴുന്നുപരിപ്പ്-വെള്ള-മീഡിയം (100 കി.)	10,300.00
ഉഴുന്ന് (100 കി.)	10,900.00
ചെറുപയർ-വലുത് (100 കി.)	11,300.00
ചെറുപയർ-ചെറുത് (100 കി.)	9,300.00
നേന്ത്രക്കായ (1 കി.)	70.00
പഞ്ചസാര (100 കി.)	4,160.00
വെല്ലം ഒന്നാംതരം (30 കി.)	1,430.00
വെല്ലം രണ്ടാംതരം (30 കി.)	1,400.00
വെല്ലം കറുത്തത് (30 കി.)	1,370.00
അരി പൊന്നി (1 കി.)	39.00-48.00
അരി വെള്ള പൊന്നി (1 കി.)	40.00-52.00
അരി മട്ട (1 കി.)	43.00-46.00
അരി എ.എസ്.ടി. (1 കി.)	39.00-44.00
അരി മസൂരി (1 കി.)	38.00-42.00
അരി ജയ (1 കി.)	40.00-44.00
അരി എ.എസ്.ടി. (1 കി.)	40.00-44.00
നെല്ല് മട്ട (1 കി.)	25.00
നെല്ല് ജ്യോതി (1 കി.)	27.00
നെല്ല് എ.എസ്.ടി. (1 കി.)	20.00
നെല്ല് ജയ (1 കി.)	22.00
നെല്ല് ഐ.ആർ.8 (1 കി.)	22.00
കുരുമുളക് (1 കി.)	625.00
ജാതിക്ക തൊണ്ടൻ (1 കി.)	275.00
ജാതിപരിപ്പ് (1 കി.)	625.00
ജാതിപത്രി ചുവപ്പ് (1 കി.)	1,100.00-1,600.00
ഗ്രാമ്പൂ (1 കി.)	900.00
കസ്തൂരിമഞ്ഞൾ (1 കി.)	80.00-90.00
കസ്തൂരിമഞ്ഞൾ സ്പെഷ്യൽ (1 കി.)	90.00
ഏലം (1 കി.)	2000.00
കച്ചോലം (1 കി.)	400.00
ചുക്ക് (1 കി.)	250.00
അടയ്ക്ക തൊണ്ടൻ (1 കി.)	150.00
കൊട്ടടയ്ക്ക രണ്ടാംതരം (1 കി.)	100.00
കൊട്ടടയ്ക്ക പുതിയത് (1 കി.)	250.00
പുകയില ഒന്നാംനമ്പർ (100 കി.)	6,000.00
പുകയില രണ്ടാംനമ്പർ (100 കി.)	5,000.00

കൊച്ചി

കുരുമുളക് 500 ജി.എൽ.	64,700.00
അൺഗാർബിൾഡ്	65,700.00
ഗാർബിൾഡ്	67,700.00
ചുക്ക് മീഡിയം	32,500.00
ചുക്ക് ബെസ്റ്റ്	35,000.00
അടയ്ക്ക പുതിയത്	22,000.00
അടയ്ക്ക പഴയത്	30,000.00
മഞ്ഞൾ സേലം	15,500.00
മഞ്ഞൾ അഗ്മാർക്ക് (ഈറോഡ്)	16,000.00
ജാതിക്ക തൊണ്ടൻ	250-300.00
ജാതിക്ക തൊണ്ടില്ലാതെ	640-650.00
ജാതിപത്രി ചുവപ്പ്	1,200.00
ജാതിപത്രി ചുവപ്പ് (സെക്കൻഡ്)	400.00
ജാതി പത്രി ചുവപ്പ് ഫ്ലവർ	1,700-1,850.00
മഞ്ഞ പത്രി	1,300.00
മഞ്ഞ ഫ്ലവർ	1,950.00
ഹൈറേഞ്ച് കായ	310-350.00
ഹൈറേഞ്ച് പരിപ്പ്	640-680.00
ഹൈറേഞ്ച് ചുവപ്പ്-മഞ്ഞ ഫ്ലവർ മീഡിയം	2,000.00
ഫുൾ മഞ്ഞ ഫ്ലവർ	2,400.00

മട്ടാഞ്ചേരി മാർക്കറ്റ്

ആർ.എസ്.എസ്. 4	19,200.00
ആർ.എസ്.എസ്. 5	18,200-18,800
ആർ.എസ്.എസ്. ലോട്ട്	17,300-17,600
ഒട്ടുപാൽ	13,400.00
ലാറ്റക്സ്	13,000.00

റബ്ബർ മാർക്കറ്റ് - കോട്ടയം

ആർ.എസ്.എസ്. 4	19200.00
ആർ.എസ്.എസ്. 5	18800.00
ഐ.എസ്.എൻ.ആർ. 20	18000.00
60% ലാറ്റക്സ്	13845.00

കൊച്ചി

ആർ.എസ്.എസ്. 4	19200.00
ആർ.എസ്.എസ്. 5	18800.00

win ജ്ഞാനം

ഹൃദയത്തിനൊരു ‘പാച്ച്’ വർക്ക്

തകരുന്ന ഹൃദയങ്ങളെ വീണ്ടെടുക്കാം. ചെറുതായൊരു ‘പാച്ച്’ വർക്ക് ചെയ്താൽ മതി. നന്നായി മിടിച്ചോളും. ഹൃദയസ്തംഭനം വന്നവരുടെ ഹൃദയങ്ങൾ അവയവമാറ്റം കൂടാതെത്തന്നെ സുഖപ്പെടുത്താനാകുന്ന ‘ഇംപ്ലാന്റബിൾ പാച്ചുകൾ’ നിർമിച്ചിരിക്കുകയാണ് ജർമനിയിലെ യൂണിവേഴ്സിറ്റി മെഡിക്കൽ സെന്റർ ഗോട്ടിഗനിലെ ഗവേഷകർ.

മിടിക്കുന്ന ഹൃദയപേശികളോടു കൂടിയ ഈ പാച്ച്, അവയവത്തെ സങ്കോചിക്കാൻ സഹായിക്കുകയും ഹൃദയപേശികളെ സുസ്ഥിരമാക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യുമെന്നാണ് ഗവേഷകർ അവകാശപ്പെടുന്നത്. മൃഗങ്ങളിലെ പരീക്ഷണത്തിൽ മികച്ച പ്രകടനം കാഴ്ചവെച്ച പാച്ച് ഇപ്പോൾ മനുഷ്യരിൽ പരീക്ഷിക്കുന്ന ഘട്ടത്തിലാണ്.

ലഭ്യതക്കുറവ് കാരണം മിക്കപ്പോഴും സാധ്യമാകാത്ത ഹൃദയം മാറ്റിവെക്കൽ ശസ്ത്രക്രിയകൾക്കും ചെലവേറിയ കൃത്രിമ ഹൃദയപമ്പുകൾക്കും പകരം ഉപയോഗിക്കാവുന്ന ഒന്നാണ് ഈ പാച്ചുകളെന്ന് ഗവേഷകർ പറയുന്നു. 15 രോഗികളിൽ ഇതിനകം ഗവേഷണസംഘം പരീക്ഷണാടിസ്ഥാനത്തിൽ പാച്ചുകൾ ഘടിപ്പിച്ചിട്ടുണ്ട്. പഠനം ജേണൽ നേച്ചറിൽ പ്രസിദ്ധീകരിച്ചു.



Science

പ്രക്രിയ

രക്തത്തിൽനിന്ന് ശേഖരിക്കുന്ന കോശങ്ങളിൽനിന്നാണ് പാച്ചുകൾ നിർമിക്കുന്നത്. ഈ കോശങ്ങളെ ആദ്യം ശരീരത്തിലെ ഏതുതരം കോശമായും മാറാൻ കഴിയുന്ന മൂലകോശ(stem Cells)മാക്കി മാറ്റും. പിന്നീടിവ ഹൃദയപേശികളായും ശരീരത്തിലെ വിവിധ കലകളെ തമ്മിൽ ബന്ധിപ്പിക്കുന്ന കണക്ടീവ് ടിഷ്യു ആയും രൂപാന്തരപ്പെടുത്തും.ഇവയെ കൊളാജൻ ജെല്ലുമായി(ഒരിനം പ്രോട്ടീൻ) യോജിപ്പിച്ച് പ്രത്യേക രീതിയിലുള്ള അച്ചുകളുപയോഗിച്ച് ഷഡ്ഭുജ പാച്ചുകളായി മാറ്റിയെടുക്കുന്നു. ഈ പാച്ചുകളെ ഹൃദയസ്തരവുമായി കൂട്ടിയോജിപ്പിച്ചാണ് ഹൃദയങ്ങൾക്ക് പുതുജീവനേകുന്നത്. ഈ പാച്ചിലെ ഹൃദയപേശികൾക്ക് കേവലം നാലോ എട്ടോ വർഷം പഴക്കമുള്ള ഹൃദയപേശികളുടെ സ്വഭാവമാകും ഉണ്ടാകുകയെന്നതാണ് മറ്റൊരു പ്രത്യേകത.

വായുമലിനീകരണത്തിന്റെ ‘കുട്ടിക്കളി’

Climate

വായുമലിനീകരണത്തിന് ഉയരം കൂടിയവർ കുറഞ്ഞവർ എന്നൊക്കെയുള്ള കണക്കുണ്ടോ? അതെല്ലാവരെയും ഒരുപോലെ ബാധിക്കില്ലേ? എന്നാൽ, അങ്ങനെയല്ല കാര്യങ്ങൾ. ഉയരം കുറഞ്ഞവർക്ക് വായുമലിനീകരണം കൂടുതൽ ആഘാതമുണ്ടാക്കും എന്നാണ് ലഖ്നൗവിലെ ഇസബെല്ല തോബേൺസൺ കോളേജിലെ സംഘം നടത്തിയ പഠനത്തിലെ കണ്ടെത്തൽ.

പത്തുവയസ്സിന് താഴെയുള്ള കുട്ടികൾ വായു മലിനീകരണത്തിന് ഇരയാകുന്നതിന്റെ പ്രധാനകാരണവും ഉയരക്കുറവുതന്നെ. പഠനമനുസരിച്ച്, കുട്ടികൾ ശ്വസിക്കുന്ന താഴ്ന്ന അന്തരീക്ഷത്തിൽ അൾട്രാ ഫൈൻ കണികകളുടെ സാന്ദ്രത കൂടുതലാണ്; റോഡരികുകളിലും വാണിജ്യമേഖലകളിലും പ്രത്യേകിച്ചും. കാറ്റിന്റെ കുറഞ്ഞ വേഗം, കുറഞ്ഞ താപനില തുടങ്ങിയ ഘടകങ്ങളും സ്ഥിതി വഷളാക്കും. ഗതാഗതം കൂടുതലുള്ള പ്രദേശത്തെ സ്കൂളുകളിലെ കുട്ടികൾ കൂടുതൽ അപകടത്തിലാണ്, അവർ ഉയർന്ന വായുമലിനീകരണത്തിൽ കൂടുതൽ സമയം ചെലവഴിക്കുന്നു. ലഖ്നൗ നഗരത്തിലെ 408 കുട്ടികളിൽ നടത്തിയ പഠനം ‘ഹസാർഡ്സ് മെറ്റീരിയൽസ് അഡ്വാൻസസ്’, ‘എൻവയൺമെന്റ് ജിയോകെമിസ്ട്രി ആൻഡ് ഹെൽത്ത്’, ‘അറ്റ്മോസ്ഫെറിക് എൻവയൺമെന്റ് എക്സ്’ തുടങ്ങിയ ജേണലുകളിൽ പ്രസിദ്ധീകരിച്ചു.

മെയ്ഡ് ഇൻ എ.ഐ. ഇന്ത്യ മോഡൽ

ചാറ്റ് ജി.പി.ടി., ഡീപ്സീക്ക് എന്നിവയോട് മത്സരിക്കാൻ സ്വന്തം മോഡൽ വികസിപ്പിക്കും

ആറ് കമ്പനികളുമായി ധാരണ

18,000 ജി.പി.യു. യൂണിറ്റുകൾ നൽകാൻ പത്ത് കമ്പനികൾ

സ്വന്തം ലേഖകൻ
ന്യൂഡൽഹി

▶ ചൈനീസ് കമ്പനി ചെലവുകുറഞ്ഞ നിർമിതബുദ്ധി മോഡൽ ഡീപ്സീക്ക് പുറത്തിറക്കിയതിനു പിന്നാലെ ഈ മേഖലയിൽ സുപ്രധാന ചുവടുവെപ്പുമായി ഇന്ത്യയും. നാല് മുതൽ എട്ട് മാസത്തിനകം സ്വന്തമായി നിർമിതബുദ്ധിയുടെ മോഡൽ വികസിപ്പിക്കാൻ കേന്ദ്രസർക്കാർ തീരുമാനിച്ചു. കൂടാതെ, സ്റ്റാർട്ടപ്പുകൾക്കും ഗവേഷകർക്കുമുൾപ്പെടെ ചെറിയ ചെലവിൽ 18,693 ജി.പി.യു.കളും (ഗ്രാഫിക്സ് പ്രോസസിങ് യൂണിറ്റ്) രണ്ട് ദിവസത്തിനകം ലഭ്യമാക്കും. കഴിഞ്ഞ ഒന്നരവർഷമായി ഈ മേഖലയിലെ സ്റ്റാർട്ടപ്പുകൾ, ഗവേഷകർ തുടങ്ങിയവരുമായി പ്രവർത്തിച്ചുവരുന്നുണ്ടെന്നും ഇപ്പോൾ സ്വന്തം മോഡൽ വികസിപ്പിക്കാനൊരുങ്ങുകയാണെന്നും കേന്ദ്ര ഇലക്ട്രോണിക്സ്, ഐ.ടി. മന്ത്രി അശ്വിനി വൈഷ്ണവ് പറഞ്ഞു.

സർക്കാർ മുൻപ് പ്രഖ്യാപിച്ച 10,370 കോടിയുടെ ഇന്ത്യാ എ.ഐ. മിഷന്റെ ഭാഗമായി ഫൗണ്ടേഷണൽ മോഡൽ വികസിപ്പിക്കാൻ ആറ് കമ്പനികളുമായി ധാരണയായി. നമ്മുടെ ഭാഷകളും സംസ്കാരവും പരിഗണിച്ചുകൊണ്ടും പക്ഷപാതമില്ലാതെയുമുള്ള മോഡലാണ് വികസിപ്പിക്കുക. ചെലവ് നിശ്ചയപ്പെടുത്തിയിട്ടില്ല. ഡീപ്സീക്ക് ഇന്ത്യൻ സെർവറുകളിലൂടെയും ലഭ്യമാക്കുമെന്നും മന്ത്രി അറിയിച്ചു.

ജി.പി.യു. ഉപയോഗത്തിന് ചെലവ് കുറയും

അതീവശേഷിയുള്ള ജി.പി.യു. ഉപയോഗത്തിന് മണിക്കൂറിൽ 150 രൂപയും അല്ലാത്തവയ്ക്ക് 115.85 രൂപയുമാകും ഇന്ത്യയിൽ ചെലവ് വരുക. ഇതിനൊപ്പം 47 ശതമാനം വരെ സർക്കാരിന്റെ സബ്സിഡികൂടി വരുന്നതോടെ ആഗോളതലത്തിലുള്ളതിന്റെ പകുതി ചെലവേ ഇന്ത്യയിലുണ്ടാകൂ. ആഗോളതലത്തിൽ രണ്ടരമുതൽ മൂന്ന്ഡോളർ വരെയാണ് (ഏതാണ്ട് 215 മുതൽ 260 രൂപ വരെ) ജി.പി.യു.വിന് ചെലവ്.

ജി.പി.യു. യൂണിറ്റ് നൽകാൻ പത്ത് കമ്പനികൾ

ഇന്ത്യാ എ.ഐ. മിഷന്റെ ഭാഗമായി 18 ആപ്ലിക്കേഷൻ ലെവൽ എ.ഐ. സൊല്യൂഷ്യനുകളെയും സർക്കാർ ആദ്യഘട്ട ഫണ്ട് നൽകുന്നതിനായി തിരഞ്ഞെടുത്തിട്ടുണ്ട്. മികച്ച നിർമിത ബുദ്ധി മോഡലുകൾ സൃഷ്ടിക്കാനുള്ള ആവശ്യമായ ജി.പി.യു. യൂണിറ്റുകൾ നൽകാൻ പത്ത് കമ്പനികളെ തിരഞ്ഞെടുത്തിട്ടുണ്ട്. ആകെ നൽകുന്ന 18,693 യൂണിറ്റുകളിൽ 9,216 എണ്ണവും ഹിരാനന്ദാനി ഗ്രൂപ്പിന്റെ യോട്ട ഡേറ്റാ സർവീസസ് എന്ന സ്ഥാപനമാണ് നൽകുക. ബാക്കിയുള്ളവ ജിയോ പ്ലാറ്റ്ഫോംസ്, ടാറ്റ കമ്യൂണിക്കേഷൻസ്, ഇ2ഇ നെറ്റ്വർക്സ്, സി.എം.എസ്. കംപ്യൂട്ടേഴ്സ്, ഓറിയന്റ് ടെക്നോളജീസ്, വെൻസിസ്കോ ടെക്നോളജീസ്, സിടൽസ് ഡാറ്റാസെന്റേഴ്സ്, ലോകസ് എന്റർപ്രൈസ് സൊല്യൂഷൻസ്, നെക്സ്റ്റ്ജെൻ ഡേറ്റാസെന്റർ എന്നീ കമ്പനികൾ നൽകും.

സ്വർണം കൊത്തി പറന്ന് ‘പൊന്മാൻ’

പുരുഷന്റെ കണ്ണിലൂടെ സ്ത്രീധനകഥ പറയുന്ന സിനിമ

ശരത്കൃഷ്ണ
കൊച്ചി

▶ പൊന്നിന്റെ വില റെക്കോഡിൽ തൊട്ടദിവസം തന്നെയാണ് പൊന്നിന് പുറകേപായുന്ന മനുഷ്യരുടെ കഥ പറഞ്ഞ് ‘പൊന്മാൻ’ എന്ന സിനിമ തിയേറ്ററുകളിലെത്തിയത്. കൊല്ലത്തിന്റെ തീരദേശം പശ്ചാത്തലമാക്കി സ്ത്രീധനത്തിന്റെ കഥ പറയുന്ന സിനിമയിൽ ബേസിൽ ജോസഫാണ് നായകൻ. ബേസിൽ ‘മാതൃഭൂമി’യോട്.

എന്തുകൊണ്ട് ‘പൊന്മാൻ’ ?

സ്ത്രീധനം എന്ന വിഷയം എപ്പോഴും സ്ത്രീയുടെ കാഴ്ചപ്പാടിലാണ് അവതരിപ്പിക്കപ്പെടുന്നത്. ഈ സിനിമയിൽ അത് പുരുഷന്റെ കണ്ണിലൂടെയാണ്. അവന്റെ ഈഗോ, പ്രശ്നങ്ങൾ ഒക്കെ ഈവിഷയത്തോട് ബന്ധപ്പെട്ടുവരുന്നു. കല്യാണം ഒരു ബാധ്യതയായാണ് പൊതുവേ കാണുന്നത്.

പൊന്ന് എന്നത് അതിനോട് ബന്ധപ്പെട്ട വിൽപ്പനച്ചരക്കും. സ്ത്രീധനത്തിൽ പുരുഷനും പൊന്നും തമ്മിലുള്ള ബന്ധത്തെ രസകരമായി അവതരിപ്പിക്കുകയാണ് ‘പൊന്മാൻ’. സംവിധായകൻ ജ്യോതിഷ് ശങ്കറും ക്യാമറാമാൻ സാനുജോൺ വർഗീസും അഭിനേതാക്കളായ സജിൻഗോപു, ലിജോമോൾ, ആനന്ദ് മന്മഥൻ തുടങ്ങിയവരുമെല്ലാം ചേർന്ന വലിയൊരു ടീമിന്റെ കൂട്ടായ്മയാണ് ഈ സിനിമ.

ബേസിലിന്റെ അജേഷ് എന്ന നായകൻ?

അജേഷ് സമൂഹത്തിന് പരിചിതനാണ്. അയാൾക്ക് നേരിടേണ്ടിവരുന്ന പ്രശ്നങ്ങളും സിനിമയുടെ പേര് സൂചിപ്പിക്കുംപോലെ അതിനുമീതേയുള്ള പറന്നുയരലുമാണ് ‘പൊന്മാൻ’.

കഥാപാത്രത്തിനുള്ള പ്രശംസ ജി.ആർ. ഇന്ദുഗോപനും ജസ്റ്റിൻ മാത്യുവിനും അവകാശപ്പെട്ടതാണ്. ആന്തരികമായി ഒരുപാട് അടരുകളുള്ള കഥാപാത്രമാണ് അവതരിപ്പിക്കാൻ കിട്ടിയത്.

വീണ്ടും കൊല്ലംകാരനായപ്പോൾ?

‘ജയഹേ’ യിലാണ് ആദ്യം കൊല്ലത്തുകാരനായത്. തിരുവനന്തപുരത്ത് പഠിച്ചിരുന്നപ്പോൾ കൊല്ലത്തുനിന്നുള്ള ഒരുപാടുപേർ കൂടെ താമസിക്കുകയും പഠിക്കുകയും ചെയ്തിട്ടുണ്ട്. ആ നാടും അവിടെയുള്ളവരുടെ രീതികളും പരിചയമുണ്ട്. ‘ജയഹേ’ കണ്ടിട്ടാണ് ജ്യോതിഷ് ശങ്കർ പൊന്മാനിലേക്ക് വിളിച്ചത്.

മന്ത്രിമാറ്റം അജൻഡയിൽ ഇല്ല -മാത്യു ടി. തോമസ്

തിരുവനന്തപുരം ▶ മന്ത്രിയെ മാറ്റുക എന്ന വിഷയം പാർട്ടിയുടെ അജൻഡയിലില്ലെന്ന് ജനതാദൾ എസ് സംസ്ഥാനപ്രസിഡന്റ് മാത്യു ടി. തോമസ്. പാലക്കാട്ട് ബ്രൂവറിക്ക് മന്ത്രിസഭ പ്രാഥമികാനുമതി നൽകിയതിൽ പാർട്ടിയുമായി ബന്ധപ്പെട്ട് പ്രചരിക്കുന്ന വാർത്തകൾ അടിസ്ഥാനരഹിതമാണ്. സംസ്ഥാനനേതൃയോഗം ചേരുന്നതിനുമുൻപുതന്നെ പാർട്ടി നിലപാട് എന്നപേരിൽ വാർത്ത പ്രചരിച്ചു. പ്രചാരണങ്ങൾക്കുപിന്നിൽ ചില നിക്ഷിപ്ത താത്പര്യക്കാരുണ്ട്.

20 കൊല്ലംമുൻപ് പ്ലാച്ചിമടയിൽ കൊക്കക്കോള കമ്പനി ഭീമൻ പ്ലാന്റ് സ്ഥാപിക്കുന്നതിനെതിരേ ജനതാദൾ എസ് വൻ ജനകീയപ്രക്ഷോഭത്തിന് നേതൃത്വം നൽകിയിരുന്നു. ഭൂഗർഭജലം വൻതോതിൽ ഊറ്റിയെടുക്കാൻ ലക്ഷ്യമിട്ട പദ്ധതിയെയാണ് അന്ന് എതിർത്ത് പരാജയപ്പെടുത്തിയത്. അതിനു സമാനമല്ല ഇപ്പോഴത്തെ വിഷയം.

ഭൂഗർഭജലം ഒരിറ്റുപോലും ഉപയോഗിക്കാതെയും കുടിവെള്ളത്തിനും ജലസേചന ആവശ്യങ്ങൾക്കും തടസ്സമാകാതെയുമാണ് ബ്രൂവറി സ്ഥാപിക്കുക. ഇക്കാര്യം നേതൃയോഗത്തിൽ മന്ത്രി കൃഷ്ണൻകുട്ടി വ്യക്തമാക്കി. അത് ഫലപ്രദമായി ജനങ്ങളെ ബോധ്യപ്പെടുത്താനുള്ള നടപടി വേണമെന്നാണ് പാർട്ടി യോഗത്തിൽ ആവശ്യപ്പെട്ടത്. മറിച്ചുള്ള പ്രചാരണം കെട്ടിച്ചമച്ചവ മാത്രമാണെന്നും അദ്ദേഹം വ്യക്തമാക്കി..

ഈമാസത്തെ റേഷൻ ഫെബ്രുവരി നാലുവരെ കിട്ടും

തിരുവനന്തപുരം ▶ ജനുവരി മാസത്തെ റേഷൻ വിതരണം ഫെബ്രുവരി നാലുവരെ നീട്ടി. മാസാന്ത്യ കണക്കെടുപ്പിന്റെ ഭാഗമായി അഞ്ചിന് അവധിയായിരിക്കും. ഫെബ്രുവരിയിലെ റേഷൻ ആറുമുതൽ വിതരണം തുടങ്ങും. ഗതാഗത കരാറുകാരുടെ പണിമുടക്കുകാരണം ഭക്ഷ്യധാന്യങ്ങളുടെ വാതിൽപ്പടി വിതരണം പൂർത്തീകരിക്കാൻ താമസമുണ്ടായെന്ന് മന്ത്രി ജി.ആർ. അനിൽ പറഞ്ഞു. കഴിഞ്ഞ അഞ്ചുദിവസമായി വിതരണം സുഗമമായി നടക്കുന്നു. എല്ലാ റേഷൻകടകളിലും ആവശ്യത്തിന് സ്റ്റോക്കുണ്ടെന്നും മന്ത്രി അറിയിച്ചു.

പീഡനം: കോൺഗ്രസ് എം.പി. അറസ്റ്റിൽ

സീതാപുർ (യു.പി.) ▶ ബലാത്സംഗക്കേസിൽ കോൺഗ്രസ് എം.പി. രാകേഷ് റാത്തോഡ് അറസ്റ്റിൽ. അലഹാബാദ് ഹൈക്കോടതി മുൻകൂർജാമ്യാപേക്ഷ തള്ളിയതിനു പിന്നാലെയാണ് അറസ്റ്റ്.

കസ്റ്റഡിയിലെടുക്കാൻ പോലീസ് വീട്ടിലെത്തിയപ്പോൾ പത്രസമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു റാത്തോഡ്. വിവാഹവാഗ്ദാനം നൽകി നാലുവർഷമായി പീഡിപ്പിച്ചെന്ന യുവതിയുടെ പരാതിയിൽ ജനുവരി 17-ന് റാത്തോഡിന്റെപേരിൽ കേസെടുത്തിരുന്നു.

പ്രതി മാനസാന്തരപ്പെടാൻ സാധ്യതയുണ്ടെങ്കിൽ വധശിക്ഷ ഒഴിവാക്കണം -സുപ്രീംകോടതി

ന്യൂഡൽഹി ▶ ഒന്നിലേറെ കൊലപാതകങ്ങൾ നടത്തിയ പ്രതിയാണെങ്കിലും മാനസാന്തരപ്പെടാൻ സാധ്യതയുണ്ടെങ്കിൽ വധശിക്ഷ ഒഴിവാക്കാവുന്നതാണെന്ന് സുപ്രീംകോടതി. ഭാര്യയെയും നാല് കുട്ടികളെയും കൊലപ്പെടുത്തിയ ഉത്തർപ്രദേശ് സ്വദേശി ദീൻ ദയാൽ തിവാരിയുടെ വധശിക്ഷ ജീവപര്യന്തമായി ഇളവ് ചെയ്താണ് സുപ്രീംകോടതിയുടെ നിരീക്ഷണം. പ്രായം, കുറ്റകൃത്യപശ്ചാത്തലം തുടങ്ങിയവയെല്ലാം ഇത്തരം കേസുകളിൽ പരിഗണിക്കണമെന്നും ജസ്റ്റിസ് വിക്രംനാഥ് അധ്യക്ഷനായ ബെഞ്ച് പറഞ്ഞു.

സാഹചര്യത്തെളിവുകൾ വെച്ചാണ് പ്രതിയെ വിചാരണക്കോടതി ശിക്ഷിച്ചത്. ഹൈക്കോടതി അത് ശരിവെച്ചു. താൻ ചെയ്ത കുറ്റം അപൂർവങ്ങളിൽ അപൂർവമല്ലെന്നാണ് പ്രതി സുപ്രീംകോടതിയിൽ വാദിച്ചത്. പ്രതി മാനസാന്തരപ്പെടാൻ ഒരു സാധ്യതയും ഇല്ലാതിരിക്കുകയും ജീവപര്യന്തം തടവ് പോരാതെ വരുകയും ചെയ്യുമ്പോഴേ വധശിക്ഷ വിധിക്കാവൂയെന്ന് ബച്ചൻ സിങ് കേസിൽ (1980) സുപ്രീംകോടതി മുൻപ് വ്യക്തമാക്കിയിരുന്നു.

രണ്ടുവയസ്സുകാരിയെ കിണറ്റിലെറിഞ്ഞു കൊന്നു; അമ്മാവൻ അറസ്റ്റിൽ

ദേവേന്ദു

ഹരികുമാർ

തിരുവനന്തപുരം ▶ സഹോദരിയുടെ രണ്ടുവയസ്സുള്ള കുഞ്ഞിനെ കിണറ്റിലെറിഞ്ഞു കൊന്ന് യുവാവിന്റെ ക്രൂരത. ബാലരാമപുരം കോട്ടുകാൽക്കോണം വാറുവിളാകത്തുവീട്ടിൽ വാടകയ്ക്കു താമസിക്കുന്ന ശ്രീതു-ശ്രീജിത്ത് ദമ്പതിമാരുടെ മകൾ ദേവേന്ദുവിനെയാണ് വീട്ടുമുറ്റത്തെ കിണറ്റിൽ വ്യാഴാഴ്ച രാവിലെ മരിച്ചനിലയിൽ കണ്ടെത്തിയത്. സഹോദരിയോടുള്ള പകയാണ് കുഞ്ഞിനെ കൊല്ലാൻ കാരണമെന്ന് പ്രതി ഹരികുമാർ(24) പോലീസിനോടു പറഞ്ഞു.

വ്യാഴാഴ്ച വെളുപ്പിനായിരുന്നു നാടിനെ നടുക്കിയ കൊലപാതകം. ഉറങ്ങിക്കിടന്ന ഇളയകുഞ്ഞിനെ കാണാനില്ലെന്ന് അമ്മ ശ്രീതുവാണ് അതിരാവിലെ അയൽക്കാരെ അറിയിച്ചത്. തുടർന്ന് നാട്ടുകാരും പോലീസും ചേർന്ന് മണിക്കൂറുകളോളം പ്രദേശത്താകെ തിരഞ്ഞു. ഒടുവിൽ അഗ്നിരക്ഷാസേനയെത്തി വീട്ടുമുറ്റത്തെ കിണർ പരിശോധിച്ചപ്പോഴാണ് കുട്ടിയുടെ മൃതദേഹം കണ്ടത്. ബന്ധുക്കളെ സ്റ്റേഷനിൽ വിളിപ്പിച്ചു ചോദ്യംചെയ്തപ്പോൾ ശ്രീതുവിന്റെ സഹോദരൻ ഹരികുമാർ കുറ്റം സമ്മതിച്ചു.

വെളുപ്പിന് അഞ്ചുമണിയോടെ താൻ കുഞ്ഞിനെയെടുത്ത് ജീവനോടെ കിണറ്റിൽ എറിയുകയായിരുന്നുവെന്ന് ഹരികുമാർ സമ്മതിച്ചതായി പോലീസ് പറഞ്ഞു. ഈസമയം ശ്രീതു ഉറങ്ങിക്കിടക്കുകയായിരുന്നു. വിചിത്ര സ്വഭാവക്കാരനായ ഹരികുമാർ ശ്രീതുവുമായി വഴക്കിട്ടിരുന്നതായി പോലീസ് പറഞ്ഞു. ഈ ദേഷ്യത്തിൽ കുട്ടിയെ കൊല്ലാൻ തീരുമാനിക്കുകയായിരുന്നു. കിണറ്റിൽ ഇട്ടശേഷം കുട്ടിയെ തിരയാനും ഹരികുമാർ നാട്ടുകാർക്കൊപ്പം ചേർന്നു.

കുട്ടിയുടേത് മുങ്ങിമരണമാണെന്ന് പോസ്റ്റ്മോർട്ടം റിപ്പോർട്ടിൽ വ്യക്തമായി. മറ്റു മുറിവുകളൊന്നുമില്ല. ശ്വാസകോശത്തിൽ വെള്ളം കയറിയാണ് മരണം സംഭവിച്ചത്. പൂർണേന്ദുവാണ് മരിച്ച ദേവേന്ദുവിന്റെ സഹോദരി. കോടതിയിൽ ഹാജരാക്കിയ പ്രതിയെ റിമാൻഡ് ചെയ്തു. കുട്ടിയുടെ അമ്മ ശ്രീതുവിനെ ചോദ്യംചെയ്യലിനുശേഷം പൂജപ്പുര മഹിളാമന്ദിരത്തിലേക്കു മാറ്റി. സംഭവത്തിൽ കൂടുതൽ അന്വേഷണം നടത്തുമെന്ന് നെയ്യാറ്റിൻകര ഡിവൈ.എസ്.പി. അറിയിച്ചു.

കുംഭമേള: സുരക്ഷ ഉറപ്പാക്കാൻ നിയന്ത്രണം കർക്കശമാക്കി

വി.വി.ഐ.പി. പാസുകൾ റദ്ദാക്കി, വാഹനങ്ങൾക്ക് അനുമതിയില്ല

മഹാകുംഭ് നഗർ ▶ ഉത്തർപ്രദേശിലെ പ്രയാഗ്‌രാജിൽ മഹാകുംഭമേളയ്ക്കിടെയുണ്ടായ തിക്കിലും തിരക്കിലും പെട്ട് 30 പേർ മരിച്ച സംഭവത്തിന് പിന്നാലെ സുരക്ഷയ്ക്കായി യു.പി. സർക്കാർ കർക്കശനിയന്ത്രണങ്ങൾ പ്രഖ്യാപിച്ചു.

ഫെബ്രുവരി നാലുവരെ കുംഭമേള നടക്കുന്ന ഭാഗത്തേക്ക് വാഹനങ്ങൾ കടത്തിവിടില്ല. ഒപ്പം വി.വി.ഐ.പി. പാസുകളും റദ്ദാക്കി. അയൽജില്ലകളിൽനിന്ന് പ്രയാഗ്‌രാജിലേക്കുള്ള വാഹനങ്ങൾ ജില്ലാ അതിർത്തിയിൽ നിർത്തിയിടണം. ഫെബ്രുവരി മൂന്നിന് വസന്തപഞ്ചമി നടക്കുന്നതിന് മുന്നോടിയായാണ് നിയന്ത്രണങ്ങൾ.

സ്ഥിതിഗതികൾ വിലയിരുത്താൻ ഐ.എ.എസ്. ഉദ്യോഗസ്ഥരായ അതിഷി ഗോയലും ഭാനു ഗോസ്വാമിയും സംസ്ഥാനത്തെത്തും. 2019-ൽ അർധകുംഭമേള നടത്തിയത് ഇവരുടെ മേൽനോട്ടത്തിലായിരുന്നു. ഇവരെ കൂടാതെ സ്പെഷ്യൽ സെക്രട്ടറി റാങ്കിലുള്ള അഞ്ച് ഉദ്യോഗസ്ഥരെയും കുംഭമേളനടത്തിപ്പിനായി നിയോഗിച്ചു. വ്യാഴാഴ്ചയും ലക്ഷക്കണക്കിന് ഭക്തരാണ് പുണ്യസ്നാനത്തിനായി ത്രിവേണീസംഗമത്തിലെത്തിയത്. അതേസമയം അപകടം നടന്ന് മണിക്കൂറുകൾ പിന്നിട്ടിട്ടും കാണാതായവരെ തിരയുകയാണ് പല കുടുംബങ്ങളും. പലരെയും ഫോണിൽ ബന്ധപ്പെടാൻ സാധിക്കുന്നില്ലെന്ന് ഒപ്പമുണ്ടായിരുന്നവർ പറഞ്ഞു.

ജുഡീഷ്യൽ കമ്മിഷൻ റിപ്പോർട്ട് ഒരുമാസത്തിനകം

▶ ദുരന്തത്തെക്കുറിച്ച് അന്വേഷിക്കാൻ സർക്കാർ നിയോഗിച്ച ജുഡീഷ്യൽ കമ്മിഷൻ ഒരുമാസത്തിനകം റിപ്പോർട്ട് സമർപ്പിക്കും. ജസ്റ്റിസ് ഹർഷ് കുമാറിന്റെ അധ്യക്ഷതയിലുള്ള മൂന്നംഗസംഘമാണ് അന്വേഷിക്കുന്നത്.

15 ടെന്റുകൾ കത്തിനശിച്ചു

കുംഭമേള നടക്കുന്നിടത്ത് വീണ്ടും തീപ്പിടിത്തം. വ്യാഴാഴ്ച ഉച്ചയ്ക്കുശേഷം സെക്ടർ 22-ലെ 15 ടെന്റുകളാണ് കത്തിയത്. അഗ്നിരക്ഷാസേന സ്ഥലത്തെത്തി തീ നിയന്ത്രണവിധേയമാക്കി. ആളപായമില്ല.

ഷെറിന്റെ മോചനം: രാജ്ഭവൻ തിടുക്കത്തിലുള്ള തീരുമാനത്തിനില്ല

തിരുവനന്തപുരം ▶ ഭാസ്കരകാരണവർ വധക്കേസ് പ്രതി ഷെറിന് ശിക്ഷായിളവ് നൽകി ജയിൽമോചിതയാക്കാനുള്ള സർക്കാർ ശുപാർശയിൽ രാജ്ഭവൻ തിടുക്കപ്പെട്ടുള്ള തീരുമാനത്തിനില്ല. ഫയൽ പരിശോധിച്ച് നിയമവശങ്ങൾ നോക്കിയേ ഇക്കാര്യത്തിൽ തീരുമാനമുണ്ടാകൂയെന്നാണ് രാജ്ഭവൻ നൽകുന്ന സൂചന.

നിലവിൽ ശിക്ഷായിളവിനായി സർക്കാർ ശുപാർശ ചെയ്ത ഒരു തടവുകാരിയുടെ ഫയൽ ഗവർണറുടെ തീരുമാനം കാത്ത് രാജ്ഭവനിലുണ്ട്. ഇക്കാര്യത്തിൽ പരിശോധന നടന്നിട്ടില്ല. ഷെറിന്റെ ശിക്ഷായിളവ് സംബന്ധിച്ച ഫയൽ രാജ്ഭവനിലെത്തിയിട്ടില്ല.

സാമ്പത്തിക പ്രതിസന്ധി: സർക്കാർ 3000 കോടി രൂപ കടമെടുക്കുന്നു

തിരുവനന്തപുരം ▶ സാമ്പത്തികവർഷം അവസാനിക്കാനിരിക്കേ, ഇപ്പോഴുള്ള പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ സംസ്ഥാനം 3000 കോടി രൂപ കടമെടുക്കും. ഇതിനായുള്ള കടപ്പത്രത്തിന്റെ ലേലം ഫെബ്രുവരി നാലിനു നടക്കുമെന്ന് ധനവകുപ്പ് അറിയിച്ചു. റിസർവ് ബാങ്കിന്റെ മുംബൈ ഫോർട്ട് ഓഫീസിൽ ഇ-കുബേർ സംവിധാനം വഴിയാണ് ലേലം.

തൊഴിൽകോഡ്: ചട്ടങ്ങൾക്ക് മാർച്ച് 31-നകം അന്തിമരൂപം നൽകണമെന്ന് കേന്ദ്രം

ന്യൂഡൽഹി ▶ പുതിയ തൊഴിൽ കോഡ് കരട് ചട്ടങ്ങൾക്ക് മാർച്ച് 31-നകം അന്തിമരൂപം നൽകണമെന്ന് സംസ്ഥാനങ്ങളോട് നിർദേശിച്ച് കേന്ദ്രസർക്കാർ.

പുതിയ സാമ്പത്തികവർഷത്തിന്റെ ആദ്യപാദത്തിൽത്തന്നെ ലേബർ കോഡുകൾ പ്രാബല്യത്തിൽ വരുത്താനുദ്ദേശിച്ചാണ് നീക്കം. സംസ്ഥാന തൊഴിൽമന്ത്രിമാരുടെ യോഗത്തിലാണ് കേന്ദ്ര തൊഴിൽമന്ത്രി മൻസൂഖ് മാണ്ഡവ്യയുടെ നിർദേശം. രാജ്യത്ത് തൊഴിലെടുക്കുന്ന പ്രായമായവരുടെ ജനസംഖ്യ കൂടിവരുന്ന സാഹചര്യത്തിൽ തൊഴിലവസരങ്ങൾ വർധിപ്പിക്കാനുതകുന്ന നിർദേശങ്ങളും യോഗത്തിൽ ചർച്ചയായി. നിക്ഷേപസൗഹൃദാന്തരീക്ഷം മെച്ചപ്പെടുത്താൻ ലക്ഷ്യമിട്ടാണ് 2019-2020-ൽ നാല് പുതിയ തൊഴിൽ നിയമങ്ങൾ പാർലമെന്റ് പാസാക്കിയത്.

Government of Karnataka
KARNATAKA EXAMINATIONS AUTHORITY KEA
Sampige Road, 18th Cross, Malleshwaram, Bengaluru - 560012.
E-mail: keaugcet25@gmail.com Website: http://cetonline.karnataka.gov.in/kea

No: ED/KEA/ADMN/CR-02/2025-26 Date: 29-01-2025

ADMISSION TO B.SC NURSING COURSES IN THE STATE OF KARNATAKA FOR THE YEAR - 2025

1. Karnataka Examinations Authority is conducting the Common Entrance Test on **16-04-2025 and 17-04-2025** for admission to various professional courses including B.Sc. (Nursing).
2. As per Government order No. MED 51 RGU 2023 dated: 13-04-2023 for admission to B.Sc. (Nursing) courses, Karnataka and non-Karnataka candidates have to appear for CET conducted by KEA. The non-Karnataka candidates will not be eligible for admission other than B.Sc. Nursing and they will also be not eligible for reservation.
3. Interested and eligible candidates who are interested in B.Sc. (Nursing) courses in Karnataka Colleges, can register and apply online for CET-2025 **up to 18-02-2025** and pay the fee has to be paid by the registered and applied candidate **on or before 20-02-2025** and appear for CET-2025 for PCB subjects to become eligible for B.Sc. Nursing course for the available seats.
4. For admission to Medical, Dental and AYUSH **COURSES IN KARNATAKA COLLEGES, CANDIDATES HAVE TO APPEAR UGNEET ENTRANCE EXAM, BUT** Candidates must compulsorily register for CET-2025, fill the application and pay the fees to become eligible to participate in the KEA counselling.
5. For more information regarding eligibility read this office notification dated: 22-01-2025 and e-Information Bulletin 2025 hosted on KEA Website: **http://cetonline.karnataka.gov.in/kea/.**

Sd/-
Executive Director

DIPR/CP/4669/2024-25

വീട്ടിലിരുന്നും പരസ്യം നൽകാം
മാതൃഭൂമി യഥാർത്ഥ പത്രത്തിന്റെ ശക്തി
മാതൃഭൂമിയിൽ ചരമം, വിവാഹം, വിവാഹവുമായി ബന്ധപ്പെട്ട അറിയിപ്പുകൾ, ജന്മദിനം തുടങ്ങിയ പേഴ്സണൽ പരസ്യങ്ങളും ക്ലാസിഫൈഡ് പരസ്യങ്ങളും നൽകുന്നതിന് വിളിക്കുക.
9895033003, 8594006363
വിളിക്കേണ്ട സമയം : 9.30 am മുതൽ 5 pm വരെ
ലോകത്തെവിടെയാണെങ്കിലും ഓൺലൈനായി മാതൃഭൂമി ക്ലാസിഫൈഡ് പരസ്യങ്ങൾ നൽകാൻ സന്ദർശിക്കുക:
https://secure.mathrubhumi.com/bookmyad/
മാതൃഭൂമി Classifieds bookmyad
UPI ID: mathrubhumipkd@sbi
UPI/Google Pay യിലൂടെ പണം അയക്കാൻ QR കോഡ് സ്കാൻ ചെയ്യൂ.
വാട്സാപ്പ് മുഖേനയും പരസ്യങ്ങൾ സ്വീകരിക്കുന്നതാണ്

മാതൃഭൂമി
സത്യം സമത്വം സ്വാതന്ത്ര്യം

മറ്റുള്ളവരെ പഴിക്കാതെ
സ്വന്തം കുറവ് കണ്ടുപിടിക്കൂ
- തോക്കുഗാവ ലെയാസു

• ജാപ്പനീസ് രാജ്യതന്ത്രജ്ഞൻ

തല്ലിത്തീരേണ്ടതല്ല കേരളത്തിലെ യുവത്വം

കലാലയരാഷ്ട്രീയത്തിന്റെ കറുത്തമുഖമാണ് കേരളം കഴിഞ്ഞ ദിവസം കണ്ടത്. കാലിക്കറ്റ് സർവകലാശാലാ ഡിസോൺ കലോത്സവത്തിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട തർക്കങ്ങൾ ക്രൂരമായ അതിക്രമത്തിലേക്ക് വഴിമാറിയതിന്റെ കാഴ്ചകൾ നടുക്കമുണ്ടാക്കുന്നതാണ്. തൃശ്ശൂർ മാള ഹോളി ഗ്രേസ് കോളേജിൽ കെ.എസ്.യു.-എസ്.എഫ്.ഐ. സംഘർഷത്തിൽ പതിനഞ്ചിലധികംപേർക്കാണ് പരിക്കേറ്റത്. അടിയും ചവിട്ടുമേറ്റ എസ്.എഫ്.ഐ. പ്രവർത്തകന് തലയ്ക്ക് മാരകമായി പരിക്കേറ്റു. കെ.എസ്.യു. പ്രവർത്തകരെ ആശുപത്രിയിലേക്കു കൊണ്ടുപോയ ആംബുലൻസ് എസ്.എഫ്.ഐ. പ്രവർത്തകർ തടഞ്ഞതായുള്ള പരാതിയുമുണ്ട്. ഇത് വ്യാജമാണെന്നും പരിക്കേറ്റവരല്ല ആംബുലൻസിൽ ഉണ്ടായിരുന്നതെന്നും മറുപക്ഷവും ആരോപിക്കുന്നു. കലയുടെ പേരിൽ നടന്ന ഈ കലാപം രാഷ്ട്രീയപ്രബുദ്ധമെന്നു മേനിനടിക്കുന്ന കേരളത്തിലെ കാമ്പസ് രാഷ്ട്രീയത്തിനും മങ്ങലേൽപ്പിക്കുന്നതാണ്. അധികാരത്തിനും ആധിപത്യത്തിനും മാത്രമാണ് സംഘടനാപ്രവർത്തനമെങ്കിൽ ആ ആശയത്തിന് കാര്യമായ കുഴപ്പമുണ്ട്.

രാഷ്ട്രീയ കാരണങ്ങളാൽ വിദ്യാർഥിസംഘട്ടനം മുൻപുമുണ്ടായിട്ടുണ്ട്. എതിരാളികളുടെ കൊലക്കത്തിക്കും വാശിക്കും വൈരാഗ്യത്തിനുംമുന്നിൽ പലർക്കും ജീവൻ നഷ്ടപ്പെട്ടിട്ടുമുണ്ട്. തൃശ്ശൂരിൽ നടന്ന ഇന്റർസോൺ മത്സരത്തിൽ എസ്.എഫ്.ഐ. നേതാവ് കുത്തേറ്റു മരിക്കാനിടയായ സംഭവം ഇതുപോലൊരു തർക്കത്തിൽ തുടങ്ങിയതാണ്. ഇപ്പോൾ നാം കാണുന്നതിലധികവും അക്രമത്തിനുവേണ്ടിയുള്ള അക്രമമാണ്. കൂട്ടംകൂടി ആക്രമിക്കുന്നതിൽ, എതിരാളിയെ ചവിട്ടിവീഴ്ത്തുന്നതിൽ, അടിച്ചൊതുക്കുന്നതിൽ മടികാണിക്കാത്ത ഒരുകൂട്ടംപേർ. അവർ കലാലയ രാഷ്ട്രീയത്തിലെന്നല്ല എവിടെയും തല്ലുമാലയുടെ ആരാധകരാണ്.

> തല്ലിത്തീർക്കാനുള്ളതല്ല, തലയുയർത്തിപ്പിടിക്കാനുള്ളതാണ് ആത്മബോധവും ആശയങ്ങളും. അതു തിരിച്ചറിഞ്ഞ് നമ്മുടെ കൗമാരക്കാർ പുതിയ കേരളത്തിന്റെ പതാകവാഹകരാവട്ടെ.

മുഖപ്രസംഗം കേൾക്കാൻ, ക്യൂ.ആർ.കോഡ് സ്കാൻ ചെയ്യുക
www.mathrubhumi.com/podcast/editorial

ഉത്തരവാദപ്പെട്ട വിദ്യാർഥിപ്രസ്ഥാനങ്ങൾ തിരഞ്ഞെടുക്കേണ്ടത് തല്ലുമാലയുടെ വഴിയല്ല. കലാലയങ്ങൾ ഊർജപാക്കറ്റുകളാണ്. അവിടെനിന്നാണ് മനുഷ്യത്വത്തിന്റെ ഏറ്റവും സുന്ദരമായ കഥകളുണ്ടായത്. എന്നും നിലനിൽക്കുന്ന ബന്ധങ്ങളുണ്ടായത്. കലാലയരാഷ്ട്രീയം ആ സൗഹൃദകാലത്തിന് തണൽവിരിച്ചിരുന്നു ഒരിക്കൽ. സർഗാത്മകതയും സകലകലകളും കലാലയരാഷ്ട്രീയവുമായി ചേർന്നുപോയിരുന്നു. സാമൂഹികബോധമുള്ള യുവതയുണ്ടായതും അവിടെനിന്നുതന്നെ. കേരളത്തിന്റെ രാഷ്ട്രീയനേതൃത്വത്തിലുള്ള വരിലേറെയും വിദ്യാർഥിരാഷ്ട്രീയത്തിന്റെ സന്തതികളാണ്. സർവോപരി, കലാലയരാഷ്ട്രീയം അരാജകത്വത്തെ അകറ്റിനിർത്തി. അവനവനിസം അനുവദിച്ചില്ല. മയക്കുമരുന്നിന്റെ പിടിയിലാണോ കുട്ടികൾ എന്ന് ആശങ്കയുണ്ട് നമുക്കിപ്പോൾ. അതിനെ ഒരു കാലത്ത് തടഞ്ഞത് നമ്മുടെ വിദ്യാർഥിപ്രസ്ഥാനങ്ങളായിരുന്നു. കൗമാരത്തിന്റെ ഊർജം അവർ ആശയങ്ങളിലേക്കു പടർത്തി. ആ ആശയങ്ങൾ സമൂഹത്തിനുവേണ്ടിയുള്ളതായിരുന്നു. അങ്ങിങ്ങ് അക്രമങ്ങൾ അന്നുമുണ്ടായിരുന്നു. എന്നാൽ, അവയൊന്നും കൗമാരമനസ്സിനെ ഇത്രയും ഹിംസാത്മകമാക്കിയിരുന്നില്ല.

കലാലയരാഷ്ട്രീയം നിരോധിക്കാനാകില്ലെന്നും അതിലെ മോശം പ്രവണതകളാണ് തടയേണ്ടതെന്നും ഹൈക്കോടതി പറഞ്ഞത് കഴിഞ്ഞ മാസമാണ്. എറണാകുളം മഹാരാജാസ് കോളേജിൽ സംഘർഷമുണ്ടായതിനെത്തുടർന്ന്, കലാലയ രാഷ്ട്രീയം നിരോധിക്കണമെന്നാവശ്യപ്പെട്ട് സമർപ്പിക്കപ്പെട്ട ഒരു ഹർജിയിലായിരുന്നു ഈ പരാമർശം. പ്രായപൂർത്തിയായവരാണ് കലാലയവിദ്യാർഥികളെന്നും അവരുടെ രാഷ്ട്രീയം വിലക്കാനാകില്ലെന്നും കോടതി പറഞ്ഞു. എന്നാൽ, അതിന്റെ പേരിലുള്ള അക്രമം ഒരുകാരണവശാലും അനുവദിക്കില്ലെന്നും ജസ്റ്റിസ് എ. മുഹമ്മദ് മുഷ്താഖ്, ജസ്റ്റിസ് പി. കൃഷ്ണകുമാർ എന്നിവരടങ്ങുന്ന ഡിവിഷൻ ബെഞ്ച് ഓർമിപ്പിച്ചു.

ഹാജർ കുറവായതിനാൽ പരീക്ഷയെഴുതാൻ പ്രിൻസിപ്പൽ അനുമതി നിഷേധിച്ചതിനെതിരേ 2003-ൽ പാലാ സെന്റ് തോമസ് കോളേജിലെ സോജൻ ഫ്രാൻസിസ് ഹൈക്കോടതിയെ സമീപിച്ചു. കോളേജ് കാമ്പസിൽ രാഷ്ട്രീയപ്രവർത്തനം നിരോധിക്കുന്നതിന് അനുകൂലമായ പരാമർശങ്ങളാണ് അന്ന് കോടതിയിൽനിന്നുണ്ടായത്. ശേഷം പല ഹർജികൾ ഈ കാര്യം നടപ്പാക്കണമെന്നാവശ്യപ്പെട്ട് കോടതിക്കുമുന്നിലെത്തി. എന്നാൽ നീതിപീഠം കലാലയങ്ങളുടെ രാഷ്ട്രീയ ബോധത്തെ നിരാകരിച്ചില്ല. സമൂഹത്തെ മറിച്ചു ചിന്തിക്കാൻ പ്രേരിപ്പിക്കുന്ന അക്രമങ്ങളിൽനിന്ന് കലാലയങ്ങൾ മാറിനിൽക്കേണ്ടതുണ്ട്. തല്ലിത്തീർക്കാനുള്ളതല്ല, തലയുയർത്തിപ്പിടിക്കാനുള്ളതാണ് ആത്മബോധവും ആശയങ്ങളും. അതു തിരിച്ചറിഞ്ഞ് നമ്മുടെ കൗമാരക്കാർ പുതിയ കേരളത്തിന്റെ പതാകവാഹകരാവട്ടെ.

പ്രതികരണം

അറുപതുമാസ ശരാശരി ശാസ്ത്രീയമല്ല

പി. വത്സരാജ്, ഉള്ളൂർ, തിരുവനന്തപുരം

പി.എഫ്. പെൻഷൻ വിഷയത്തിൽ പ്രസിദ്ധീകരിച്ച ലേഖനം വായിച്ചു. ശമ്പളം കണക്കാക്കുന്നത് അവസാന 60 മാസ ശരാശരി എന്ന തത്ത്വം സുപ്രീംകോടതി ഉത്തരവിട്ടതല്ല. തുടക്കത്തിലുണ്ടായിരുന്ന 12 മാസ ശരാശരി എന്നത് മുൻകാലപ്രാബല്യത്തോടെ 60 മാസ ശരാശരി എന്നാക്കിയ ഇ.പി.എഫ്.ഒ. ഭേദഗതി സുപ്രീംകോടതി അംഗീകരിക്കുകയായിരുന്നു. എന്നാൽ, തുടർന്ന് ഇ.പി.എഫ്.ഒ. ഇത് മാറ്റംവരുത്തുകയും, 2014-നുമുൻപ് റിട്ടയർ ചെയ്യുന്നവർക്ക് 12 മാസ ശരാശരി എന്നും അതിനുശേഷം റിട്ടയർ ചെയ്യുന്നവർക്ക് 60 മാസ ശരാശരി എന്നും മാറ്റുകയുണ്ടായി (അല്ലാത്ത പക്ഷം അതിനകം പെൻഷൻ വാങ്ങിക്കൊണ്ടിരിക്കുന്നവരിൽനിന്ന് തുക തിരിച്ചുപിടിക്കേണ്ട സ്ഥിതി വരും). എന്നാൽ, ഈ പുതിയ സമ്പ്രദായത്തിന് നേരത്തേ പറഞ്ഞ സുപ്രീംകോടതിയുടെ അനുവാദം ബാധകമല്ല. ഈ പുതിയ രീതി അശാസ്ത്രീയവുമാണ്. ഉദാഹരണമായി, 2014-നുമുൻപ് ഒരേദിവസം ഒരേ തസ്തികയിൽ ജോലിയിൽ പ്രവേശിച്ച് ഒരേ രീതിയിൽ വാർഷിക ഇൻക്രിമെന്റുകൾ നേടിയ രണ്ടുപേരിൽ ഒരാൾ 2014-ലെ ഭേദഗതിക്ക് ഒരുമാസംമുൻപും മറ്റേയാൾ ഒരുമാസത്തിനുശേഷവും റിട്ടയർ ചെയ്താൽ, ആദ്യം റിട്ടയർ ചെയ്ത ആളിന് കൂടിയ പെൻഷൻ ലഭിക്കുന്ന അവസ്ഥയുണ്ടാകും.അതിനാൽ, 60 മാസ ശരാശരിയായി ശമ്പളം കണക്കാക്കുന്ന രീതി എതിർക്കപ്പെടേണ്ടതാണ്.

കേരളത്തിന്റെ സാമ്പത്തികാഭിവൃദ്ധിക്കുവേണം
‘ടേൺ എറൗണ്ട്’

പ്രീ-ബജറ്റ് സംവാദം

പ്രീ ബജറ്റ് സംവാദം കാണാം

ഫെബ്രുവരി ഏഴിനാണ് 2025-’26 സാമ്പത്തികവർഷത്തേക്കുള്ള സംസ്ഥാനബജറ്റ്. ശമ്പളവും പെൻഷനും പലിശബാധ്യതയും കഴിഞ്ഞാൽ വരുമാനം തികയാത്ത അവസ്ഥയിലാണ് സംസ്ഥാന സർക്കാർ. വായ്പ എടുക്കുന്നതിൽപ്പോലും വലിയ നിയന്ത്രണം വന്നിരിക്കുന്നു. ഈ അവസ്ഥയിൽ നിന്ന് കേരളത്തെ എങ്ങനെ കരകയറ്റാമെന്ന് വിലയിരുത്തുകയാണ് ‘മാതൃഭൂമി’ ഒരുക്കിയ പ്രീ-ബജറ്റ് ചർച്ച. പ്രമുഖ ചാർട്ടേഡ് അക്കൗണ്ടന്റായ **വിവേക് കൃഷ്ണ ഗോവിന്ദ്**, എറണാകുളം സെയ്ന്റ് തെരേസാസ് കോളേജ് ഇക്കണോമിക്സ് വിഭാഗം മുൻ മേധാവിയും ധനലക്ഷ്മി ബാങ്ക് ഡയറക്ടറുമായ **ഡോ. നിർമലാ പദ്മനാഭൻ**, സാമ്പത്തികനിയമ വിദഗ്ധനായ **അഡ്വ. കെ.എസ്. ഹരിഹരൻ** എന്നിവരുമായി ‘മാതൃഭൂമി’ പ്രതിനിധികളായ **ആർ. റോഷൻ, രേഷ്മ ഭാസ്കരൻ, സനില അർജുൻ എന്നിവർ സംവദിക്കുന്നു**

വിവേക് കൃഷ്ണ ഗോവിന്ദ്

ഡോ. നിർമലാ പദ്മനാഭൻ

അഡ്വ. കെ.എസ്. ഹരിഹരൻ

? *ഇപ്പോഴത്തെ സാമ്പത്തികസ്ഥിതിയിൽ കേരളത്തെ രക്ഷിക്കാൻ പാക്കേജോ മാജിക്കോ നിർദേശിക്കാമോ*

വിവേക് കൃഷ്ണ ഗോവിന്ദ്: നിലവിൽ ഒരു പാക്കേജ് കൊണ്ടുവരാൻ സർക്കാരിന് പരിമിതികളുണ്ടാകും. മാജിക് എന്നതിലുപരി നിലവിലെ അവസ്ഥ എന്താണെന്നു നോക്കണം. പണലഭ്യതയിലെ ഞെരുക്കം എങ്ങനെ മറികടക്കാമെന്ന് നോക്കിക്കാണേണ്ടതാണ്. സംസ്ഥാനം വളരണം. അതിന് വ്യവസായനിക്ഷേപം കൂടണം. ഫെബ്രുവരിയിൽ നടക്കുന്ന ‘ഇൻവെസ്റ്റ് കേരള’ നിക്ഷേപക സംഗമം നല്ലൊരു ചുവടുവെപ്പാകുമെന്ന് പ്രതീക്ഷിക്കാം. കേരളം നിക്ഷേപ സൗഹൃദമാണെന്ന സന്ദേശം നിരന്തരം പറയാൻ ശ്രമിക്കുന്നത് നല്ലതാണ്. സ്വിറ്റ്സർലൻഡിലെ ദാവോസിൽ ഈയിടെ നടന്ന ലോക സാമ്പത്തിക ഫോറത്തിൽവരെ പങ്കെടുക്കാൻ കേരളത്തിനുകഴിഞ്ഞു. സംസ്ഥാനത്ത് നല്ല നിക്ഷേപകർ വരുന്നു. അടുത്ത ഒന്നോ രണ്ടോ വർഷം ഇത് നന്നായി ഉപയോഗിക്കണം. സമീപഭാവിയിൽ അതിന്റെ പ്രയോജനം വന്നുകൊള്ളും. സർക്കാർ ജീവനക്കാരുടെ ശമ്പളവും പെൻഷനുമൊക്കെ കുറയ്ക്കണമെന്നു പറയുന്നത് പ്രായോഗികമായ കാര്യങ്ങളല്ല.

> സർക്കാർ ജീവനക്കാരുടെ ശമ്പളവും പെൻഷനുമൊക്കെ കുറയ്ക്കണമെന്നു പറയുന്നത് പ്രായോഗികമല്ല

നിർമലാ പദ്മനാഭൻ: നമ്മൾ ഒരു ഭാഗത്ത് വരുമാനം കൂട്ടേണ്ട ആവശ്യമുണ്ട്. അതിന് ചില പദ്ധതികൾ കൊണ്ടുവരണം. വിദ്യാഭ്യാസമേഖലയെടുക്കുകയാണെങ്കിൽ സ്വകാര്യസ്കൂളിൽ ഫീസ് കൊടുത്ത് പഠിച്ച് പിന്നെ വരുന്നത് സർക്കാർ കോളേജിലേക്കാണ്. അത് മെഡിക്കൽ കോളേജ് ആയാലും എൻജിനീയറിങ് കോളേജ് ആയാലും അവിടെ വളരെ കുറഞ്ഞ ഫീസാണ് ഈടാക്കുന്നത്. ഇവിടെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്ക് ഫീസ് ഇളവ് നൽകുകയും മറ്റുള്ളവരോട് ഫീസ് ഈടാക്കുകയും ചെയ്യണം. നമ്മൾ കൊടുക്കുന്ന സേവനത്തിന് ഫീസ് ഈടാക്കിയില്ലെങ്കിൽ ഗുണനിലവാരമുള്ള സേവനം ഉറപ്പാക്കാൻ പറ്റില്ല എന്നത് അടിസ്ഥാനമായ തത്ത്വമാണ്. ഒരു സന്തുലിതസമീപനം കൊണ്ടുവരണം. വൈദ്യുതി, വെള്ളം എന്നിവ സബ്സിഡി നിരക്കിലാണ് നമ്മൾ കൊടുക്കുന്നത്. ഇനി ഇത് വർധിപ്പിക്കാതെ നിന്നിട്ട് കാര്യമില്ല. കേരളസർക്കാർ നല്ലൊരു ശതമാനവും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പ്ലാൻ ഫണ്ടിൽ സപ്പോർട്ട് ചെയ്യുന്നുണ്ട്. അവർക്കും സ്വയം വരുമാനം ഉണ്ടാക്കണം. കെട്ടിടനികുതിയിൽ മാറ്റം കൊണ്ടുവരണം. ഒരു നിശ്ചിത ചതുരശ്രയടി വിസ്തൃതിയിൽ കൂടുതലുള്ള വീടുകളുടെ നികുതി കൂട്ടണം. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വരുമാനം ഉയരും. ഇത് സംസ്ഥാന സർക്കാരിന്റെ ചെലവ് കുറയ്ക്കാൻ ഇടയാക്കും. ബജറ്റിൽ നോക്കുന്നത് ഫണ്ട് അലോക്കേഷൻ ആണ്. എന്നാൽ, ഉള്ള ഫണ്ടിനെ എങ്ങനെ ഫലപ്രദമായി വിനിയോഗിക്കാം എന്നത് വളരെ പ്രധാനപ്പെട്ടതാണ്.

> നമ്മൾ കൊടുക്കുന്ന സേവനത്തിന് ഫീസ് ഈടാക്കിയില്ലെങ്കിൽ ഗുണനിലവാരമുള്ള സേവനം ഉറപ്പാക്കാൻ പറ്റില്ല എന്നത് അടിസ്ഥാനമായ തത്ത്വമാണ്

വിദ്യാഭ്യാസമേഖല എടുക്കുകയാണെങ്കിൽ ‘ഔട്ട് മൈഗ്രേഷൻ’ (ഉന്നത പഠനത്തിനായി സംസ്ഥാനം വിടുന്നവർ) കൂടുന്നു. നമ്മുടെ കുട്ടികൾ പുറത്തേക്കു പോയി പഠിക്കുമ്പോൾ എങ്ങനെ ഇവരെ തിരിച്ചുകൊണ്ടുവരാമെന്ന് പരിശോധിക്കണം. അതിന് ഇവിടത്തെ വിദ്യാഭ്യാസ ഗുണനിലവാരം കൂട്ടണം. പല കോളേജുകൾക്കും ഓട്ടോണമി പദവി കൊടുത്തിട്ടുണ്ട്. പക്ഷേ, അക്കാദമിക് കാര്യത്തിൽ ഓട്ടോണമി ഇല്ല. ഇപ്പോഴും കാണാതെ പഠിച്ചുവെക്കുന്ന രീതിയാണ്. പഠിപ്പിക്കുന്ന രീതിയിൽത്തന്നെ മാറ്റം വേണം. മറ്റ് രാജ്യങ്ങളുടെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ നൽകുന്ന അതേ ഗുണനിലവാരമുള്ള വിദ്യാഭ്യാസസ്ഥാപനങ്ങൾ കൊണ്ടുവരാതെ കുട്ടികളെ പിടിച്ചുനിർത്താനാകില്ല. അതിന് നയം കൊണ്ടുവരണം.

അഡ്വ. കെ.എസ്. ഹരിഹരൻ: സർക്കാരിന് ഇപ്പോൾ നികുതി കുറയ്ക്കാൻ പറ്റില്ല. പക്ഷേ, സർക്കാരിന് നയങ്ങളിൽ മാറ്റങ്ങൾ വരുത്താം. ഒരു വ്യവസായ സ്ഥാപനത്തിലേക്ക് ചിരിച്ചുകൊണ്ട് കയറിപ്പോകുന്നയതേപോലെ, ഒരു സംരംഭകന് ജി.എസ്.ടി. ഓഫീസിൽ പോകാൻ കഴിയില്ല. കേരളത്തിന്റെ പ്രത്യേകതയാണ്. ഇത് നയപരമായി മാറ്റാൻ പറ്റുന്നതാണ്. വിശ്വാസത്തിലെടുത്തുകൊണ്ടുള്ള സാമൂഹികമാറ്റം സംരംഭകരിൽ ഉണ്ടാക്കിയാൽ ഈ കൊഴിഞ്ഞുപോക്ക് മാറും.

• • • • • • • •

? *കേരള സമ്പദ്ഘടനയെ സംബന്ധിച്ച് അനുകൂലമായ മാറ്റം അനിവാര്യമാണ്. എങ്ങനെയായിരിക്കണം ആ ഒരു സാമ്പത്തികമാറ്റം?*

വിവേക് ഗോവിന്ദ്: ബൃഹത്തായ രീതിയിൽ സാമ്പത്തികമായി മാറ്റം വേണമെങ്കിൽ അടിസ്ഥാനസൗകര്യങ്ങളിൽ തന്നെ ശ്രദ്ധകേന്ദ്രീകരിക്കേണ്ടിവരും. നിലവിലുള്ള വരുമാനം കൂട്ടുന്നതിന് ഇന്നവേറ്റീവായി എന്തെങ്കിലും ചെയ്താലും പരമാവധി പത്തുശതമാനംവരെയൊക്കെ വരുമാനം കൂട്ടാൻമാത്രമേ കഴിയുകയുള്ളൂ. പക്ഷേ, മറിച്ച് വലിയ പദ്ധതികൾ വന്നുകഴിഞ്ഞാൽ അത് കൊണ്ടുവരുന്ന മാറ്റം വലുതായിരിക്കും. കൊച്ചി-ബെംഗളൂരു വ്യാവസായിക ഇടനാഴി, ഗിഫ്റ്റ് സിറ്റി പോലുള്ള പദ്ധതികൾ യാഥാർഥ്യമായിക്കഴിഞ്ഞാൽ വലിയ നിക്ഷേപം കേരളത്തിലേക്ക് വരും. സംസ്ഥാനത്തിന്റെ മൊത്തം സാമ്പത്തികാന്തരീക്ഷംതന്നെ മാറ്റിമറിക്കാൻ ഇത്തരം പദ്ധതികൾക്ക് കഴിയും. ഗുജറാത്തിൽ ഗിഫ്റ്റ് സിറ്റി വന്നപ്പോൾ ഉണ്ടായ സാമ്പത്തികമാറ്റം നാം കണ്ടതാണ്.

> കൊച്ചി-ബെംഗളൂരു വ്യാവസായിക ഇടനാഴി, ഗിഫ്റ്റ് സിറ്റി പോലുള്ള പദ്ധതികൾ യാഥാർഥ്യമായിക്കഴിഞ്ഞാൽ വലിയ നിക്ഷേപം കേരളത്തിലേക്ക് വരും.

നിർമലാ പദ്മനാഭൻ: സർക്കാരിന് പെട്ടെന്ന് നടപ്പാക്കാൻകഴിയുന്ന കാര്യം പ്രവർത്തന കാര്യക്ഷമത കൂട്ടുകയാണ്.

കെ.എസ്. ഹരിഹരൻ: ‘കാംപസ് ടു ഓൺട്രപ്രണേഴ്സ്’, ‘കാംപസ് ടു കോർപ്പറേറ്റ്സ്’ എന്ന ആശയം നടപ്പാക്കണം. എൻജിനീയറിങ്ങിനായാലും മറ്റ് ബിരുദ/ബിരുദാനന്തര കോഴ്സുകളിലേക്കായാലും ഐ.ടി.ഐ., പോളിടെക്നിക്, കാർഷിക കോഴ്സുകളിലേക്കായാലും അഡ്മിഷൻ കൊടുക്കുന്ന സമയത്ത് സംരംഭകരാകാൻ താത്പര്യമുള്ളവർക്ക് സംവരണവും ഫീസ് ഇളവും ഏർപ്പെടുത്തണം. ഇനി ഇവർ സംരംഭകരായില്ലെങ്കിൽ, സർക്കാർജോലിക്കാണ് പോകുന്നതെങ്കിൽ സർക്കാർ നൽകിയ ആനുകൂല്യം റീ-ഇമ്പേഴ്സ്മെന്റായി സാലറിയിൽനിന്ന് തിരിച്ചുപിടിക്കാൻ കഴിയണം.

• • • • • • • •

? *ജി.എസ്.ടി. ഉപഭോക്തൃ സംസ്ഥാനങ്ങൾക്ക് ഗുണകരമാകും എന്നതായിരുന്നു തുടക്കത്തിലെ വാദം. എന്നാൽ, ഒരു ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന് ജി.എസ്.ടി. കാര്യമായി ഗുണംചെയ്തിട്ടുണ്ടോ*

അഡ്വ. കെ.എസ്. ഹരിഹരൻ: കിട്ടിയിട്ടില്ല എന്നുപറയുന്നില്ല. ഇപ്പോഴത്തെ നിയമമനുസരിച്ച് ബംഗാളിൽനിന്ന് ഒരു ഉത്പന്നം കേരളത്തിൽ വിൽക്കുമ്പോൾ ഐ.ജി.എസ്.ടി.യാണ് വരുന്നത്. ഡെസ്റ്റിനേഷൻ പോയിന്റിലാണ് നികുതി. കഴിഞ്ഞ ഒന്നോ രണ്ടോ ജി.എസ്.ടി. കൗൺസിലിലാണ് ഇത് കൃത്യമായി നേടിയെടുക്കുന്ന കാര്യം കേരളം ഗൗരവമായി എടുത്തത്. പക്ഷേ, ആദ്യത്തെ രണ്ട്, മൂന്ന് വർഷങ്ങളിൽ കാര്യമായി ഒന്നും ചെയ്യാനായില്ല. കേന്ദ്രത്തിൽനിന്ന് നഷ്ടപരിഹാരം ലഭിക്കും എന്നായിരുന്നു അന്ന് ധനമന്ത്രി പറഞ്ഞത്. എന്നാൽ, ഈ സമയത്ത് തമിഴ്നാട് ഉൾപ്പെടെയുള്ള സംസ്ഥാനങ്ങൾ വളരെ ആക്ടീവായി നിന്നു. 2021-’22-ലാണ് ഡെസ്റ്റിനേഷൻ പോയിന്റിൽ കേരളത്തിനു കിട്ടാനുള്ള വിഹിതം നേടാൻ ഇടപെടൽ ഉണ്ടാക്കിയിട്ടുള്ളത്. സോഫ്റ്റ്‌വേർ ആയിരുന്നു ഇതിനെല്ലാം കാരണം. ജി.എസ്.ടി.യിലെ ജി.എസ്.ടി. ആർ1, ആർ2, ആർ3 എന്നീ ഫോമുകളിൽ ഓട്ടോമാറ്റിക്ക് ആയി ഒന്നും വന്നില്ല. അവസാനം എല്ലാം പ്രതിസന്ധിയിലായി, ജി.എസ്.ടി. തകരുന്നു എന്ന ഘട്ടം വന്നപ്പോൾ ഫോം 3ബി കൊണ്ടു വന്നു. ഇതൊക്കെ വരുമാനത്തെ ബാധിച്ചു. ഇതിന് മുൻകരുതലുകൾ ആദ്യമേ എടുത്തിരുന്നെങ്കിൽ കേരളത്തിൽ ജി.എസ്.ടി. വരുമാനം കൂടുമായിരുന്നു. വരും വർഷങ്ങളിൽ ഇത് നികത്തുമെന്നാണ് കരുതുന്നത്. ജി.എസ്.ടി.യിൽ കേരളം ഇപ്പോൾ പുറകിലേക്ക് അല്ല.

> മുൻകരുതലുകൾ ആദ്യമേ എടുത്തിരുന്നെങ്കിൽ കേരളത്തിൽ ജി.എസ്.ടി വരുമാനം കൂടുമായിരുന്നു

വിവേക് കൃഷ്ണ ഗോവിന്ദ്: കൂടുതലും പ്രോആക്ടീവ് ആയി ചെയ്യേണ്ടതിനുപകരം തുടക്കത്തിൽ സങ്കീർണമായാണ് നമ്മൾ കാര്യങ്ങൾ കൈകാര്യംചെയ്യത്. ആദ്യത്തെ വർഷങ്ങളിൽ പ്രശ്നങ്ങളുണ്ടായിരുന്നു. എന്നാൽ, മുന്നോട്ടുപോകുമ്പോൾ മാറും.

• • • • • • • •

? *ചെലവിനൊത്ത് വരുമാനം കൂട്ടണം എന്നത് അടിസ്ഥാന പരമായ സാമ്പത്തിക തത്ത്വമാണ്. കേരളത്തെ സംബന്ധിച്ചിടത്തോളം അതിന് സഹായിക്കുന്ന മാർഗങ്ങൾ എന്തെല്ലാമാണ്*

വിവേക് കൃഷ്ണ ഗോവിന്ദ്: ഫണ്ട് സമാഹരണം എന്നതാണ് ഇവിടത്തെ ഏറ്റവും വലിയ വെല്ലുവിളി. വലിയ പദ്ധതികൾക്ക് ഇപ്പോൾ കിഫ്ബിയെയാണ് ആശ്രയിക്കുന്നത്. കിഫ്ബി മസാല ബോണ്ടുകളുടെ തിരിച്ചടവ് സമയമാണ് ഇനിയങ്ങോട്ട്. എന്നാലും നമുക്ക് ഒരുപാട് വലിയ പദ്ധതികൾ വന്നിട്ടുണ്ട്. വരുമാനസൈഡിൽ പറഞ്ഞാൽ, എല്ലാ വിഭാഗങ്ങളിലും സർക്കാരിന്റെ പല സ്ഥാപനങ്ങളുമുണ്ട്. ധാരാളം ഭൂമിയുണ്ട്. കേരളത്തിന്റെ രീതിവെച്ച് അത് വിൽക്കുക എന്നത് നടക്കില്ല. എന്നാൽ, സർക്കാരിനുകീഴിൽ കാര്യമായി പ്രവർത്തിക്കാത്ത സ്ഥാപനങ്ങളിൽ സ്വകാര്യ നിക്ഷേപം വരണം. സ്വകാര്യമേഖലയ്ക്ക് കിട്ടിക്കഴിഞ്ഞാൽ പലതും ആധുനികീകരിച്ച് ഉയർന്ന വരുമാനത്തിലേക്കു കൊണ്ടുവരാം. കൃത്യമായ സമയത്ത് നിക്ഷേപവും ലീഡർഷിപ്പും ലഭിച്ചാൽ വളരെയധികം മികച്ചരീതിയിൽ വരാം. പൂട്ടിപ്പോയ സ്ഥാപനങ്ങൾ സ്വകാര്യ പങ്കാളിത്തത്തോടെ പി.പി.പി. മാതൃകയിൽ തിരിച്ചുകൊണ്ടുവരാം. പല പൊതുമേഖലാ സ്ഥാപനങ്ങളും കാര്യമായ പ്രവർത്തനങ്ങളില്ലാതെ 50-60 ഏക്കറിൽ കിടന്നുനശിക്കുകയാണ്.

നിർമലാ പദ്മനാഭൻ: പാർട്ട് ടൈം ജോലിയിൽ കേരളത്തിൽ വലിയ സാധ്യതയുണ്ട്. കേരളം ഒരു ‘സിൽവർ ഇക്കോണമി’യായി മാറിക്കൊണ്ടിരിക്കുകയാണ്. ഇറ്റലിയിലും യൂറോപ്പിലും മാത്രമല്ല ‘കെയർ ഇക്കോണമി’യുടെ സാധ്യത. കേരളത്തിലും വളരെയധികം അവസരങ്ങൾ വരുന്നുണ്ട്. കേരളത്തിൽ അങ്ങനെ ഒരു ജോലി വരുമ്പോൾ ഒരു സാമൂഹികമാറ്റം കൊണ്ടുവരണം. ഇതുവഴി തൊഴിൽ കണ്ടെത്താനുള്ള അവസരം കുട്ടികൾക്ക് കിട്ടും.

വിവേക് കൃഷ്ണ ഗോവിന്ദ്: റിട്ടയർമെന്റ് ഹബ്ബ് എന്ന നിലയിൽ വലിയ സാധ്യതയുണ്ട് കേരളത്തിന്. ഇതിനായി പ്രവർത്തനരഹിതമായ കോളേജുകൾ മുഴുവൻ എടുത്ത് അത് സ്വകാര്യ പങ്കാളിത്തത്തിൽ കെയർ ഹോംസ് ആക്കി മാറ്റാവുന്നതാണ്. ഇതിൽ കൃത്യമായ ഫോക്കസുണ്ടെങ്കിൽ അടുത്ത അഞ്ചുവർഷംകൊണ്ട് വലിയ വരുമാനം കൊണ്ടുവരാൻ പറ്റുന്നതാണ്.

> റിട്ടയർമെന്റ് ഹബ്ബ് എന്ന നിലയിൽ വലിയ സാധ്യതയുണ്ട് കേരളത്തിന്

കെ.എസ്. ഹരിഹരൻ: നാലുകോടി ജനങ്ങൾ ഉണ്ട് എന്നൊരു കണക്കെടുക്കുമ്പോൾ ഇപ്പോൾ ശരാശരി ദിവസം ഒരാൾക്ക് 600 രൂപ ചെലവ് വരുന്നു. ഒരു കണക്കെടുക്കുകയാണെങ്കിൽ 300 ദിവസം എടുക്കുമ്പോൾ 7.2 ലക്ഷം കോടി രൂപ ദിവസം വരുന്നത്. എന്നാൽ, ഒരു ഏകദേശകണക്ക് എടുക്കുകയാണേൽ 6.5 ലക്ഷം കോടി രൂപ ഇവിടെത്തന്നെയാണ് ചെലവാകുന്നത്. ഓൺലൈൻ ഒഴിച്ച് ബാക്കി ഇവിടെനിന്നാണ് പർച്ചേസ് ചെയ്യുന്നത്. അങ്ങനെയെങ്കിൽ 6.5 ലക്ഷം കോടി രൂപയുടെ നികുതി വരും. ഇത്രയും കോടി രൂപ ജി.എസ്.ടി. ആയി ലഭിക്കണം. ഇത് എവിടെപ്പോകുന്നു. അല്ലെങ്കിൽ സോഷ്യൽ ഓഡിറ്റിങ്ങിന് പോകണം.

• • • • • • • •

? *ടൂറിസത്തിൽ വലിയൊരു സാധ്യത കേരളത്തിനുണ്ട്. ഏതൊക്കെ മേഖലകളിൽ സർക്കാർ ശ്രദ്ധകേന്ദ്രീകരിക്കേണ്ടതുണ്ട്.*

നിർമലാ പദ്മനാഭൻ: മെഡിക്കൽ ടൂറിസത്തിൽ അനന്തസാധ്യതകളുണ്ട്. ആയുർവേദത്തിലും ആധുനിക വൈദ്യശാസ്ത്രത്തിലും ഒരുപോലെ അവസരങ്ങളുണ്ട്. ഇത് ഉപയോഗപ്പെടുത്തുന്നതിനുള്ള പാക്കേജുകൾ വരണം. മൺസൂൺ ടൂറിസംപോലെ സീസണൽ ടൂറിസം ഇപ്പോൾ സജീവമാണ്. പക്ഷേ, ഇവിടെയെല്ലാം, മനുഷ്യനും മൃഗങ്ങളും തമ്മിലുള്ള ഒരു സംഘർഷം ഭീഷണിയാണ്. ഇതിനുള്ള പരിഹാരംകൂടി ബജറ്റിൽ ഉണ്ടാവണം.

വിവേക് ഗോവിന്ദ്: വിദ്യാഭ്യാസത്തിൽ അധിഷ്ഠിതമായ ടൂറിസംകൂടെ വരേണ്ടതുണ്ട്. വിദേശസർവകലാശാല വരണമെന്ന ചർച്ച നിലവിൽ സജീവമാണ്. അത് വന്നാൽ, ടൂറിസ്റ്റുകളെ ആകർഷിക്കാൻ ഹ്രസ്വകാല കോഴ്സുകൾ നൽകണം. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ അങ്ങനെയുള്ള പദ്ധതികളുണ്ട്. ഹാർവാഡ്, സ്റ്റാൻഫഡ് പോലുള്ള സർവകലാശാലകളുമായി സഹകരിച്ച് ഇത് നടപ്പാക്കാൻകഴിയണം.

• • • • • • • •

? *കേരളത്തിന്റെ നികുതിവരുമാനം സാമ്പത്തിക വളർച്ചയ്ക്ക് ആനുപാതികമാണോ? അല്ലെങ്കിൽ എവിടെയാണ് പിഴച്ചത്*

കെ.എസ്. ഹരിഹരൻ: നികുതിവരുമാനം കൂടണമെങ്കിൽ നല്ല ബോധവത്കരണം വേണം. നികുതിച്ചോർച്ച കാര്യമായുണ്ട്. ആ ചോർച്ച സാമൂഹികമായി പരിഗണിക്കണം. നികുതി കൊടുക്കേണ്ടത് അഭിമാനത്തിന്റെ പ്രശ്നമാണെന്ന ബോധം പൊതുജനങ്ങളിൽ ഉണ്ടാകണം. അപ്പോൾ ഈ ചോർച്ച മാറും. നികുതിഭീകരതയ്ക്ക് പകരം സൗഹൃദ സമീപനത്തിലൂടെവേണം നികുതിച്ചോർച്ച തടയേണ്ടത്. അതിന് താഴെത്തട്ടിൽനിന്നുതന്നെ അവബോധം നൽകണം.

നിർമലാ പദ്മനാഭൻ: കേരളം വലിയ വിപണിയാണ് മിക്ക കമ്പനികൾക്കും. പക്ഷേ, ഓരോ ഉത്പന്നവും ഉത്പാദിപ്പിച്ച് ഉപഭോക്താക്കളിലേക്ക് എത്തിക്കുമ്പോഴുണ്ടാകുന്ന മാലിന്യങ്ങളുടെ നിർമാർജനത്തിന് ഉത്പാദകരായ കമ്പനികൾക്ക് ബാധ്യതയുണ്ട്. ഇത് നമ്മുടെ മലിനീകരണ നിയന്ത്രണ ബോർഡോ സർക്കാരോ ശ്രദ്ധയിൽപ്പെടുത്തുകയോ നടപ്പാക്കുകയോ ചെയ്യുന്നില്ല. എവിടെയെങ്കിലും കമ്പനികൾ ഈ ബാധ്യത ഏറ്റെടുത്ത് ചെയ്യുന്നുണ്ടോയെന്ന് അറിയില്ല. ചെയ്യുന്നുണ്ടെങ്കിൽ അതിന് ഒരു സുതാര്യത വേണം. നമുക്കാർക്കും ഇങ്ങനെയൊരു സംവിധാനത്തെക്കുറിച്ച് അറിവില്ല. ഇങ്ങനെ സർക്കാരിന് നേരിട്ട് ഫണ്ട് ലഭിക്കുന്നതല്ലെങ്കിലും പിടിച്ചെടുക്കാൻകഴിയുന്ന മറ്റ് വരുമാനമാർഗങ്ങളുണ്ട്. സി.എസ്.ആർ., ഇ.പി.ആർ. ഫണ്ടുകൾ വേണ്ടവിധം ഉപയോഗപ്പെടുത്താൻ പ്രത്യേക സെൽ രൂപവത്കരിച്ച് ഇത്തരം പ്രശ്നങ്ങൾക്ക് പരിഹാരം കാണാനാകും. ഇവിടെയുള്ള കമ്പനികൾ സി.എസ്.ആർ. ഫണ്ട് വിനിയോഗിക്കുന്നുണ്ട്. എന്നാൽ, ബഹുരാഷ്ട്ര കമ്പനികളുടെ പ്രധാന ഉപഭോക്താക്കളിലൊന്ന് കേരളമാണ്. ഇത്തരം കമ്പനികളുടെ ഉത്പന്നങ്ങളുടെ വേസ്റ്റ് ഡിസ്പോസ്ചെയ്യാൻ എന്താണ് ചെയ്യുന്നത്. ഇത്രയും ഉപഭോഗം നടത്തുന്ന ഒരു സംസ്ഥാനത്ത് സി.എസ്.ആർ., ഇ.പി.ആർ. (എക്സ്റ്റൻഡഡ് പ്രൊഡ്യൂസർ റെസ്പോൺസിബിലിറ്റി) പദ്ധതികൾ നടപ്പാക്കാനുള്ള ബാധ്യത ഇത്തരം കമ്പനികൾക്കുണ്ട്. ഇതിന് സജീവമായി ഇടപെടേണ്ടത് സർക്കാരാണ്. നമുക്ക് അർഹിക്കുന്ന ഫണ്ട് ചോദിച്ചുവാങ്ങാനുള്ള ആർജവമുണ്ടാവണം.

കെ.എസ്. ഹരിഹരൻ: മലിനീകരണത്തിനെതിരായി നികുതി ഈടാക്കാൻകഴിയും. ഇത് സർക്കാരിന്റെ വരുമാനസ്രോതസ്സാണ്. ഇത് കളക്ട്ചെയ്യാൻ വലിയ നിയമതടസ്സങ്ങളില്ല. പക്ഷേ, ഇതിന് ആരെങ്കിലും മുന്നിട്ടിറങ്ങണം.

• • • • • • • •

? *കേരളത്തിന്റെ വിഹിതം വെട്ടിക്കുറയ്ക്കാൻ കേന്ദ്രം ചൂണ്ടിക്കാണിക്കുന്ന പ്രധാന കാരണങ്ങളിലൊന്ന് സംസ്ഥാനത്തിന്റെ വളർച്ചയാണ്. സംസ്ഥാനത്തിന്റെ പുരോഗതി കേന്ദ്രവിഹിതം ലഭിക്കുന്നതിലും സി.എസ്.ആർ. പ്രവർത്തനങ്ങളിലും തിരിച്ചടിയാകുന്നുണ്ടോ*

നിർമലാ പദ്മനാഭൻ: തീർച്ചയായും കേരളത്തിന്റെ വളർച്ച ഇത്തരം കാര്യങ്ങളിൽ നമുക്ക് തിരിച്ചടിയാകുന്നുണ്ട്. അർഹതപ്പെട്ട സംസ്ഥാനങ്ങൾക്ക് കൊടുക്കേണ്ടെന്ന് പറയുന്നില്ല. താഴേക്കിടയിലുള്ള സംസ്ഥാനങ്ങളെ ഉയർത്തിക്കൊണ്ടുവരുന്നതിനൊപ്പം പുരോഗതി കാണിക്കുന്ന സംസ്ഥാനങ്ങളെ ‘പീനലൈസ്’ചെയ്യുന്നത് ശരിയല്ല. ഫിനാൻസ് കമ്മിഷന്റെ റെവലേഷനിൽ കേരളത്തിന് തിരിച്ചടി കിട്ടിയിട്ടുണ്ട്.

വിവേക് ഗോവിന്ദ്: ഒട്ടേറെ നല്ല കാര്യങ്ങളും സംസ്ഥാനത്ത് നടക്കുന്നുണ്ട്. ‘ഈസ് ഓഫ് ഡൂയിങ് ബിസിനസ്’ റാങ്കിങ്ങിൽ കേരളം കൈവരിച്ച മുന്നേറ്റംപോലുള്ള കാര്യങ്ങൾ അതിൽ പെടുന്നു. കേരളത്തെക്കുറിച്ചുള്ള കാഴ്ചപ്പാടിൽ ഒരു മാറ്റമുണ്ടാക്കാൻ ഇതുവഴി കഴിഞ്ഞു. കുറേക്കൂടി സൗഹാർദപരമായ സമീപനം വ്യാവസായികരംഗത്ത് ഉണ്ടാക്കാൻ ഈ സർക്കാരിന് കഴിഞ്ഞു. ബിസിനസ്സൗഹൃദ റാങ്കിങ്ങിൽ ഒന്നാമതെത്തിയത് സർക്കാരിന്റെ സജീവപ്രവർത്തനങ്ങളുടെ ഫലമാണ്. പല കാര്യങ്ങളിലും ഈ മാറ്റം പ്രകടമാണ്.

• • • • • • • •

? *ലോട്ടറി, മദ്യം തുടങ്ങിയ മേഖലകൾക്ക് അപ്പുറത്തേക്കുള്ള സാധ്യതകൾ എന്താണ്?*

വിവേക് കൃഷ്ണ ഗോവിന്ദ്: പൊതുമേഖലാ കമ്പനികൾ വെള്ളാനകളാണെന്ന് പറയുമ്പോഴും ഇതേ കമ്പനികൾതന്നെ നല്ല ലീഡർഷിപ്പും നല്ല ജീവനക്കാരുമായി കോർപ്പറേറ്റൈസ്ചെയ്ത് നടത്തുമ്പോൾതന്നെ നമുക്ക് ഒരുപാട് മുന്നേറ്റമുണ്ടാക്കാനാകും. ടേൺ എറൗണ്ട് സാധ്യതയുള്ള നൂറിലേറെ പൊതുമേഖലാ കമ്പനികളുണ്ട്. ഇത് ഒരാളെക്കൊണ്ട് സാധ്യമല്ല. മികച്ച ടീംതന്നെ ഇതിനായി ഒരുക്കിക്കൊടുക്കണം.

അഡ്വ. കെ.എസ്. ഹരിഹരൻ: കുടുംബശ്രീപോലുള്ള യൂണിറ്റുകളെ കാര്യക്ഷമമായി വിനിയോഗിക്കണം. രണ്ടുപേരുടെ ജോലി ഇരുപത് ആളുകൾ ചെയ്യുന്ന രീതി മാറണം. ഇത്തരം കാര്യങ്ങൾക്ക് അക്കൗണ്ടബിലിറ്റിയുണ്ടാകണം. വാർഡ് മെമ്പർക്ക് ഇതിന് ചുമതല നൽകണം. ഫണ്ട് നൽകുന്നത് ഇതിന്റെ ഔട്ട്പുട്ട് നോക്കിയായിരിക്കണം. ഇത്തരം കാര്യങ്ങൾ ബജറ്റിൽ പരിഗണിക്കാവുന്നതാണ്.

നിർമലാ പദ്മനാഭൻ: ഔട്ട്പുട്ട്-ഔട്ട്കം ബജറ്റ് എന്നതിലാണ് കേന്ദ്രസർക്കാർ ശ്രദ്ധകേന്ദ്രീകരിക്കുന്നത്. അതിന് സംസ്ഥാനസർക്കാരും മുൻഗണന നൽകണം. ഫണ്ട് അനുവദിക്കുന്നു, അത് വിനിയോഗിക്കുന്നു എന്നല്ലാതെ അതിന്റെ ഫലംകൂടി പരിഗണിക്കണം. പൊതുപണം കാര്യക്ഷമമായി വിനിയോഗിക്കുകയെന്നതാണ് വരുമാനം കൂട്ടാനുള്ള മാർഗം.

കെ.എസ്. ഹരിഹരൻ: പൊതുപണം ഉപയോഗിച്ചുള്ള മന്ത്രിമാരുടെയും എം.എൽ.എ.മാരുടെയും അനാവശ്യ ചെലവുകൾ കുറയ്ക്കാൻകഴിയണം. മന്ത്രിമാർ പങ്കെടുക്കുന്ന പരമാവധി ഉദ്ഘാടനങ്ങൾ ഓൺലൈൻവഴിയാക്കണം. മന്ത്രിമാരുടെ സ്റ്റാഫുകളുടെ എണ്ണം കുറയ്ക്കാവുന്നതാണ്.

നിർമലാ പദ്മനാഭൻ: ഭാവിയിൽ കെയർ ഇക്കോണമിയുടെ കൂടെത്തന്നെ നടപ്പാക്കാൻകഴിയുന്ന, സർക്കാരിന്റെയും സാധാരണക്കാരുടെയും വരുമാനം കൂട്ടാൻ വഴിയൊരുക്കുന്ന ഒരു മാർഗമാണ് ക്ലൗഡ് കിച്ചൺ. പ്രായമായവർക്ക് അനുയോജ്യമായ ഹെൽത്തി ഭക്ഷണം ലഭിക്കുന്ന സാഹചര്യങ്ങൾ കേരളത്തിൽ ഉണ്ടാവേണ്ടതുണ്ട്. ജീവിതശൈലീരോഗങ്ങൾ നിയന്ത്രിക്കുന്നതിന് ആവശ്യമായ ഭക്ഷണം വിതരണംചെയ്യുന്ന ക്ലൗഡ് കിച്ചണുകൾ സർക്കാരിന് വരുമാനം കണ്ടെത്താൻകഴിയുന്ന മേഖലകളിലൊന്നാണ്.

> ജീവിതശൈലീരോഗങ്ങൾ നിയന്ത്രിക്കുന്നതിന് ആവശ്യമായ ഭക്ഷണം വിതരണംചെയ്യുന്ന ക്ലൗഡ് കിച്ചണുകൾ സർക്കാരിന് വരുമാനം കണ്ടെത്താൻകഴിയുന്ന മേഖലകളിലൊന്നാണ്

വിവേക് കൃഷ്ണ ഗോവിന്ദ്: ഓരോ വീട്ടിലും വനിതാസംരംഭകരുണ്ടാകണം. സ്ത്രീകളെ ഉപയോഗപ്പെടുത്തിക്കൊണ്ട് നടപ്പാക്കാൻകഴിയുന്ന വിശാലമായ ആശയമാണത്. ഭക്ഷണം പാകംചെയ്തുകൊണ്ടുതന്നെ സ്ത്രീകൾക്ക് സംരംഭകരാകാം.

ഫോട്ടോ:എം.വി. സിനോജ്

ഭൂമി തരംമാറ്റം

ഭൂവിനിയോഗ അനുമതിയുള്ളവരും അപേക്ഷിക്കണം

വ്യക്തതവരുത്തി റവന്യൂ വകുപ്പ്

തിരുവനന്തപുരം ▸ ഭൂമി തരംമാറ്റം സംബന്ധിച്ച ഹൈക്കോടതിവിധിയുടെ പശ്ചാത്തലത്തിൽ വ്യക്തതവരുത്തി റവന്യൂ വകുപ്പ്. 1967-ലെ ഭൂവിനിയോഗ ഉത്തരവ് പ്രകാരം ഭൂമി മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കാൻ അനുമതി ലഭിച്ചവർക്കും 2017-ലെ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം ബാധകമാക്കാനുള്ള നിർദേശങ്ങളാണ് പുറത്തിറക്കിയത്.

ഭൂമി പരിവർത്തനംചെയ്യാനോ മറ്റേതെങ്കിലും കൃഷിക്ക് ഉപയോഗിക്കാനോ അനുമതി നൽകുന്നതായിരുന്നു 1967-ലെ ഭൂവിനിയോഗ ഉത്തരവ്. ഇങ്ങനെയുള്ള ഭൂമിയാണെങ്കിലും അത് ഇപ്പോൾ പുരയിടമായി തരംമാറ്റാൻ നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വകുപ്പ് 27 (എ) പ്രകാരമുള്ള അനുമതി വേണമെന്ന് ഹൈക്കോടതി ഉത്തരവിട്ടിരുന്നു.

പാർപ്പിട ആവശ്യങ്ങൾക്കും മറ്റും ഭൂമി തരംമാറ്റാൻ റവന്യൂ ഡിവിഷണൽ ഓഫീസറുടെ അനുമതി തേടുന്നതിനുള്ള നിബന്ധനകളാണ് വകുപ്പ് 27(എ) വ്യക്തമാക്കിയിട്ടുള്ളത്.

ഭൂവിനിയോഗ ഉത്തരവു പ്രകാരം ഭൂമി കൃഷിയാവശ്യത്തിനും വിളമാറ്റത്തിനുമായി പരിവർത്തനംചെയ്യാൻ അനുമതി നൽകുന്നതിന് കളക്ടർമാർക്ക് അധികാരമുണ്ട്. നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം നിലവിൽ വന്ന 2017 ഡിസംബർ 30-നുശേഷം ഭൂമി പരിവർത്തനംചെയ്യാൻ ലഭിച്ച അപേക്ഷകളിൽ കളക്ടർമാർ തീരുമാനമെടുക്കരുതെന്നാണ് റവന്യൂ വകുപ്പ് ഇപ്പോൾ നിർദേശിച്ചിട്ടുള്ളത്.

നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരമുള്ള നടപടികളാണ് ഇത്തരം അപേക്ഷകളിൽ സ്വീകരിക്കേണ്ടത്.

2017 ഡിസംബർ 30-നു മുൻപ് ഭൂമി പരിവർത്തനംചെയ്യാൻ അനുമതി ലഭിച്ചെങ്കിലും ഭൂരേഖകളിൽ ഇനിയും മാറ്റംവരുത്തിയിട്ടില്ലെങ്കിൽ അത്തരം ഭൂമിയുടെ നികുതിനിർണയത്തിനും നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം ബാധകമാക്കി. ഭൂവിനിയോഗ ഉത്തരവ് ബാധകമായ ഭൂമി തരംമാറ്റാൻ അർഹമെങ്കിൽ നെൽവയൽ സംരക്ഷണ ചട്ടപ്രകാരം ഫീസിളവ് ലഭിക്കുമെന്നും റവന്യൂ വകുപ്പ് വ്യക്തമാക്കി.

മഹാത്മാഗാന്ധിയുടെ എഴുപത്തിയേഴാം രക്തസാക്ഷിത്വദിനത്തിൽ രാജ്ഘട്ടിൽ ആദരമർപ്പിക്കുന്ന രാഷ്ട്രപതി ദ്രൗപദി മുർമു. ഉപരാഷ്ട്രപതി ജഗ്ദീപ് ധൻകർ, പ്രധാനമന്ത്രി നരേന്ദ്രമോദി, പ്രതിരോധമന്ത്രി രാജ്നാഥ് സിങ്, സേനാമേധാവികൾ തുടങ്ങിയവർ സമീപം

മഹാത്മാഗാന്ധിക്ക് രാജ്യത്തിന്റെ പ്രണാമം

ന്യൂഡൽഹി ▸ രാഷ്ട്രപിതാവ് മഹാത്മാഗാന്ധിയുടെ എഴുപത്തിയേഴാം രക്തസാക്ഷിത്വദിനത്തിൽ രാജ്യത്തിന്റെ പ്രണാമം. രാഷ്ട്രപതി ദ്രൗപദി മുർമു, ഉപരാഷ്ട്രപതി ജഗ്ദീപ് ധൻകർ, പ്രധാനമന്ത്രി നരേന്ദ്രമോദി, കോൺഗ്രസ് പ്രസിഡന്റ് മല്ലികാർജുൻ ഖാർഗെ തുടങ്ങിയവർ രാജ്ഘട്ടിലെത്തി രാഷ്ട്രപിതാവിന് ആദരമർപ്പിച്ചു. ഗാന്ധിജിയുടെ ആദർശങ്ങൾ വികസിത ഇന്ത്യ കെട്ടിപ്പടുക്കുന്നതിൽ പ്രചോദനമാകുമെന്ന് പ്രധാനമന്ത്രി അനുസ്മരണസന്ദേശത്തിൽ പറഞ്ഞു. രാഷ്ട്രത്തിനുവേണ്ടി രക്തസാക്ഷിത്വം വരിച്ച എവർക്കും ശ്രദ്ധാഞ്ജലി അർപ്പിക്കുകയും അവരുടെ സേവനങ്ങളും ത്യാഗങ്ങളും അനുസ്മരിക്കുകയും ചെയ്യുന്നുവെന്നും എക്സിൽ അദ്ദേഹം കുറിച്ചു.

പി.വി. അൻവർ യു.ഡി.എഫ്. വേദിയിൽ

മലപ്പുറം എടക്കരയിലെ മലയോര സമരയാത്രാ സ്വീകരണവേദിയിലെത്തിയ പി.വി. അൻവറിനെ പ്രതിപക്ഷനേതാവ് വി.ഡി. സതീശൻ സ്വീകരിക്കുന്നു. മുസ്‌ലിംലീഗ് അഖിലേന്ത്യാ ജനറൽ സെക്രട്ടറി പി.കെ. കുഞ്ഞാലിക്കുട്ടി, ജെ.എസ്.എസ്. നേതാവ് രാജൻ ബാബു, കെ.പി.സി.സി. സെക്രട്ടറി കെ.പി. അബ്ദുൽ മജീദ് എന്നിവർ സമീപം | **ഫോട്ടോ: കെ.ബി. സതീഷ് കുമാർ**

എടക്കര ▸ അനിശ്ചിതത്വങ്ങൾക്ക് വിരാമമിട്ട് പി.വി. അൻവർ യു.ഡി.എഫ്. വേദിയിൽ. 'വന്യജീവി ആക്രമണത്തിനും കാർഷിക മേഖലയിലെ തകർച്ചയ്ക്കും ബഫർ സോൺ വിഷയത്തിലും പരിഹാരമുണ്ടാക്കുക' എന്ന മുദ്രാവാക്യമുയർത്തി പ്രതിപക്ഷനേതാവ് വി.ഡി. സതീശന്റെ നേതൃത്വത്തിൽ യു.ഡി.എഫ്. നടത്തുന്ന മലയോര സമരയാത്രയുടെ എടക്കരയിലെ സ്വീകരണ വേദിയിലാണ് അൻവർ എത്തിയത്.

ഇടതുപക്ഷത്തുനിന്ന് പുറത്തിറങ്ങിയശേഷം ആദ്യമായാണ് അദ്ദേഹം യു.ഡി.എഫ്. വേദിയിലെത്തുന്നത്. വി.ഡി. സതീശൻ, ഉദ്ഘാടകനായ പി.കെ. കുഞ്ഞാലിക്കുട്ടി, യു.ഡി.എഫ്. കൺവീനർ എം.എം. ഹസ്സൻ, മറ്റ് യു.ഡി.എഫ്. നേതാക്കൾ എന്നിവർചേർന്ന് സ്വീകരിച്ചു.

പ്രവർത്തകരുടെ കൈയടിയുമുണ്ടായി. പ്രതിപക്ഷ നേതാവിനോട് അനുമതി വാങ്ങിയാണ് പങ്കെടുക്കാനെത്തിയതെന്നും വരാനിരിക്കുന്ന നിലമ്പൂർ ഉപതിരഞ്ഞെടുപ്പിൽ 30,000 വോട്ടിന്റെ ഭൂരിപക്ഷത്തിൽ യു.ഡി.എഫ്. വിജയിക്കുമെന്നും അൻവർ പ്രസംഗിച്ചു. തങ്ങൾ ക്ഷണിച്ചതുപ്രകാരം പരിപാടിക്ക് പിന്തുണ അറിയിക്കാനെത്തിയ അൻവറിന് പ്രതിപക്ഷനേതാവ് വി.ഡി. സതീശൻ നന്ദിയും പറഞ്ഞു.

പരിപാടിക്ക് ഐക്യദാർഢ്യവുമായി തൃണമൂൽ കോൺഗ്രസ് പ്രവർത്തകരുടെ പ്രകടനവുമുണ്ടായി.

കള്ളപ്പണം വെളുപ്പിക്കൽ

18 സഹ. സംഘങ്ങൾക്കെതിരേ അന്വേഷണമെന്ന് ഇ.ഡി.

വായ്പകളിൽ ക്രമക്കേടെന്നും സത്യവാങ്മൂലം

കൊച്ചി ▸ കള്ളപ്പണം വെളുപ്പിക്കൽ നിരോധന നിയമപ്രകാരം സംസ്ഥാനത്തെ 18 സഹകരണബാങ്കുകൾക്കെതിരേ അന്വേഷണം നടക്കുന്നതായി എൻഫോഴ്സ്‌മെന്റ് ഡയറക്ടറേറ്റ് (ഇ.ഡി.) ഹൈക്കോടതിയിൽ അറിയിച്ചു. ഈ സഹകരണസംഘങ്ങൾ വഴി വലിയതോതിൽ കള്ളപ്പണം വെളുപ്പിക്കൽ നടന്നിട്ടുണ്ട്. ഇതിന്റെപേരിൽ സ്വത്ത് കണ്ടുകെട്ടി പ്രതികളെ അറസ്റ്റ്ചെയ്യതായും സത്യവാങ്മൂലത്തിൽ വിശദീകരിച്ചു.

ഇ.ഡി. കൊച്ചി സോണൽ ഡെപ്യൂട്ടി ഡയറക്ടർ പി. വിനോദ്കുമാറാണ് അഡ്വ. ജയശങ്കർ വി. നായർ വഴി സത്യവാങ്മൂലം ഫയൽചെയ്തത്. എത്ര സഹകരണസംഘങ്ങൾക്കെതിരേ അന്വേഷണം നടക്കുന്നുണ്ടെന്ന് അറിയിക്കാൻ ഡിവിഷൻ ബെഞ്ച് നേരത്തേ നിർദേശിച്ചിരുന്നു. സഹകരണസംഘങ്ങൾ നിക്ഷേപം തിരിച്ചുനൽകാത്തതിനെതിരേ നിക്ഷേപകർ നൽകിയ ഹർജിയിലായിരുന്നു നിർദേശം.

അന്വേഷണം നടക്കുന്ന 18 സഹകരണസംഘങ്ങളിലും നിയമവിരുദ്ധമായി വായ്പകൾ നൽകിയിട്ടുണ്ടെന്നും വിശദീകരിച്ചു. ഈടായി നൽകിയ സ്വത്തിന് അധികമൂല്യം കണക്കാക്കി വലിയ തുക വായ്പ അനുവദിച്ചു, ഒരേ സ്വത്തിന്റെ ഈടിന്മേൽ ഒന്നിലേറെ വായ്പ നൽകി, സഹകരണസംഘത്തിന്റെ പരിധിക്ക് പുറത്തും അർഹതയില്ലാത്തവർക്കും വായ്പ നൽകി, വായ്പകൾ കുടിശ്ശികയായിട്ടും റിക്കവറി നടപടികൾ സ്വീകരിക്കുന്നില്ല, നിയമവിരുദ്ധപ്രവർത്തനം നടത്തിയവർതന്നെ സഹകരണസംഘത്തിന്റെ ഔദ്യോഗികച്ചുമതല വഹിക്കുന്നുവെന്നും വ്യക്തമാക്കി.

സ്വത്ത് നഷ്ടമായവർക്ക് തിരികെ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചതായും സത്യവാങ്മൂലത്തിൽ പറയുന്നു.

അന്വേഷണം നേരിടുന്ന സഹകരണസംഘങ്ങൾ

അയ്യന്തോൾ സഹകരണ ബാങ്ക്, തുമ്പൂർ സഹകരണ ബാങ്ക്, നടക്കൽ സഹകരണ ബാങ്ക്, മാവേലിക്കര സഹകരണ ബാങ്ക്, മൂന്നിലവ് സഹകരണ ബാങ്ക്, കണ്ടല സഹകരണ ബാങ്ക്, മൈലപ്ര സഹകരണ ബാങ്ക്, ചാത്തന്നൂർ റീജണൽ സഹകരണ ബാങ്ക്, ബി.എസ്.എൻ.എൽ. എൻജിനീയറിങ് കോ ഓപ്പറേറ്റീവ് സൊസൈറ്റി, കോന്നി റീജണൽ സഹകരണ ബാങ്ക്, മറിയമുട്ടം സഹകരണ ബാങ്ക്, കരുവന്നൂർ സഹകരണ ബാങ്ക്, ഇടമുളയ്ക്കൽ സഹകരണ ബാങ്ക്, കൊല്ലൂർവിള സഹകരണ ബാങ്ക്, ആനക്കയം സഹകരണ ബാങ്ക്, മുഗു സഹകരണ ബാങ്ക്, തെന്നല സഹകരണ ബാങ്ക്, പുൽപ്പള്ളി സഹകരണ ബാങ്ക്.

കവിത വന്നത് ഒയാസിസ് കമ്പനിക്കുവേണ്ടി -വി.ഡി. സതീശൻ

മലപ്പുറം ▸ ഡൽഹി മദ്യനയക്കേസിൽ പ്രതിയും തെലങ്കാന മുൻ മുഖ്യമന്ത്രി ചന്ദ്രശേഖർ റാവുവിന്റെ മകളുമായ കവിത കേരളത്തിൽവന്ന് സർക്കാരുമായി സംസാരിച്ചത് ഒയാസിസ് മദ്യക്കമ്പനിക്കുവേണ്ടിയാണെന്ന് പ്രതിപക്ഷനേതാവ് വി.ഡി. സതീശൻ ആരോപിച്ചു. മലയോര സമരയാത്രയിൽ നിലമ്പൂരിനടുത്ത് എടക്കരയിലെ പരിപാടിക്കു മുൻപ് എടവണ്ണയിൽ മാധ്യമപ്രവർത്തകരോടു സംസാരിക്കുകയായിരുന്നു പ്രതിപക്ഷ നേതാവ്.

ഡൽഹി മദ്യനയകേസിൽ ഈ കമ്പനിക്ക് പുറമേ തെലങ്കാന മുൻ മുഖ്യമന്ത്രി ചന്ദ്രശേഖര റാവുവിന്റെ മകൾ കവിതയും പ്രതിയാണ്. ഇതേ കവിത കേരളത്തിലും വന്നിട്ടുണ്ടല്ലോ? എവിടെയാണ് അവർ താമസിച്ചതെന്ന് മാധ്യമങ്ങൾ അന്വേഷിക്കുക. ഒരുപാട് ദുരൂഹമായ ഇടപാടുകളാണ് നടന്നത് -സതീശൻ പറഞ്ഞു.മാറിയ മദ്യനയത്തിന്റെ അടിസ്ഥാനത്തിൽ മദ്യശാല അനുവദിക്കുന്ന കാര്യം ആരും അറിഞ്ഞിരുന്നില്ല.

കേരളത്തിലെയും പാലക്കാട്ടെയും ഡിസ്റ്റിലറികൾ പോലും അറിയാത്ത കാര്യമാണ് മധ്യപ്രദേശിലും പഞ്ചാബിലും പ്രവർത്തിക്കുന്ന ഒയാസിസ് അറിഞ്ഞത്. മറ്റാരുടെയും അപേക്ഷ വാങ്ങാതെ ഈ കമ്പനിയുടേത് മാത്രം വാങ്ങി രഹസ്യമായി നടപടിക്രമങ്ങളുമായി മുന്നോട്ടുപോയി.മദ്യനയം മാറുമെന്ന് അവർ നേരത്തേ എങ്ങനെ അറിഞ്ഞു. അപ്പോൾ ഒയാസിസ് കമ്പനിക്കുവേണ്ടിയാണ് മദ്യനയം മാറ്റി അവർക്ക് മദ്യനിർമ്മാണശാല പ്രവർത്തിപ്പിക്കാൻ അനുമതി നൽകിയത് - സതീശൻ കുറ്റപ്പെടുത്തി.

സതീശൻ പ്രസ്താവന പിൻവലിക്കണം -കെ. കവിത

ഹൈദരാബാദ് ▸ ബ്രൂവറി വിഷയത്തിൽ തനിക്കുനേരേയുള്ള പ്രതിപക്ഷനേതാവ് വി.ഡി. സതീശന്റെ ആരോപണങ്ങൾ അടിസ്ഥാനരഹിതവും അപകീർത്തികരവുമാണെന്ന് ബി. ആർ.എസ്. നേതാവ് കെ. കവിത. പ്രസ്താവനപിൻവലിച്ചില്ലെങ്കിൽ നിയമനടപടി സ്വീകരിക്കുമെന്നും കവിത പറഞ്ഞു.

ബോർഡുകൾ നീക്കിയതിന് ഭീഷണി

ഡി.ജി.പി. റിപ്പോർട്ട് നൽകണമെന്ന് ഹൈക്കോടതി

കൊച്ചി ▸ പിണറായി പഞ്ചായത്തിൽ അനധികൃത ഫ്ലക്സ് ബോർഡുകൾ നീക്കാനെത്തിയ ഉദ്യോഗസ്ഥരെ സി.പി.എം. പ്രവർത്തകർ തടയുകയും ഭീഷണിപ്പെടുത്തുകയും ചെയ്തെന്ന റിപ്പോർട്ടിന്റെ നിജഃസ്ഥിതി അറിയിക്കാൻ സംസ്ഥാന പോലീസ് മേധാവിക്ക് ഹൈക്കോടതി നിർദേശം. എസ്.പി. റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥൻ അന്വേഷിച്ച് അറിയിക്കാനാണ് ജസ്റ്റിസ് ദേവൻ രാമചന്ദ്രൻ ഉത്തരവിട്ടത്.

വിഷയം അമിക്കസ് ക്യൂറി ഹരീഷ് വാസുദേവനാണ് കോടതിയുടെ ശ്രദ്ധയിൽപ്പെടുത്തിയത്. അമിക്കസ് ക്യൂറിയുടെ റിപ്പോർട്ടിലും മാധ്യമവാർത്തയിലുമുള്ളത് ശരിയാണെങ്കിൽ നിയമരാഹിത്യമാണുണ്ടായതെന്ന് കോടതി വാക്കാൽ അഭിപ്രായപ്പെട്ടു.

പിണറായി പഞ്ചായത്ത് ഉദ്യോഗസ്ഥരെ സി.പി.എം. പ്രവർത്തകർ ഭീഷണിപ്പെടുത്തിയെങ്കിലും പോലീസിൽ പരാതി നൽകിയിട്ടില്ലെന്നാണ് അമിക്കസ് ക്യൂറി അറിയിച്ചത്. അനധികൃത ബോർഡുകളും കൊടികളും നീക്കംചെയ്യണമെന്ന ഹർജികൾ പരിഗണിക്കുകയായിരുന്നു കോടതി.

തിരുവനന്തപുരത്ത് സെക്രട്ടേറിയറ്റിനു മുന്നിൽ ബോർഡ് വെക്കാൻ നേതൃത്വം നൽകിയ അഡീഷണൽ സെക്രട്ടറി റാങ്കിലുള്ള ഉദ്യോഗസ്ഥനെതിരേ സ്വീകരിച്ച നടപടി അറിയിക്കാൻ സർക്കാർ സമയം തേടി.

ആലുവയിലെ അനധികൃത ബോർഡുകളെക്കുറിച്ച് അഭിഭാഷകൻ അറിയിച്ചിട്ടും ഈസ്റ്റ് എസ്.എച്ച്.ഒ. അവഗണിച്ചതും അമിക്കസ് ക്യൂറി ശ്രദ്ധയിൽപ്പെടുത്തി.

തൃശ്ശൂരിലും പോലീസിന്റെ ഭാഗത്തുനിന്ന് സമാന അനാസ്ഥയുണ്ടായി. ഇതുസംബന്ധിച്ചും ഡി.ജി.പി. വിശദീകരണം നൽകണമെന്ന് കോടതി നിർദേശിച്ചു.

കേരളത്തിന്റെ ചെലവ് ഗുണപരം -ധനമന്ത്രി

നിതി ആയോഗ് നിലപാടിന് എതിരേ ബാലഗോപാൽ

തിരുവനന്തപുരം ▸ കേരളത്തിന്റെ ചെലവുകൾ ഗുണപരമല്ലെന്ന നിതി ആയോഗ് നിലപാടിനെതിരേ ധനമന്ത്രി കെ.എൻ. ബാലഗോപാൽ. ജനങ്ങളുടെ ക്ഷേമത്തിനും ആരോഗ്യത്തിനും വേണ്ടിയാണ് സംസ്ഥാനം കൂടുതൽ ചെലവിടുന്നതെന്ന് അദ്ദേഹം പറഞ്ഞു. ധനസ്ഥിതിയുടെ ആരോഗ്യത്തിന്റെ കാര്യത്തിൽ നിതി ആയോഗ് കേരളത്തിന് 15-ാം സ്ഥാനം നൽകിയതുമായി ബന്ധപ്പെട്ട് പ്രതികരിക്കുകയായിരുന്നു മന്ത്രി.

സാമൂഹികക്ഷേമത്തിനും വിദ്യാഭ്യാസത്തിനും ആരോഗ്യത്തിനുമൊക്കെ എന്തിനാണ് ദേശീയ ശരാശരിയെക്കാൾ പണംമുടക്കുന്നതെന്നാണ് നിതി ആയോഗ് ചോദിക്കുന്നത്.

എന്നാൽ, ആരോഗ്യ, വിദ്യാഭ്യാസ മേഖലയിൽ പണം മുടക്കുന്നതാണ് ആരോഗ്യകരമെന്നാണ് സംസ്ഥാന നിലപാട്. കേന്ദ്രം ഇവിടെനിന്ന് പിരിക്കുന്ന നികുതിയുടെ അർഹമായ വിഹിതം കിട്ടാത്തതാണ് കേരളത്തിന്റെ പ്രശ്നങ്ങൾക്ക് കാരണം -മന്ത്രി പറഞ്ഞു.

വരുമാനം കൂട്ടുന്നതിൽ രാജ്യത്ത് മുൻനിരയിലാണ് സംസ്ഥാനമെന്ന നിതി ആയോഗിന്റെ വിലയിരുത്തൽ അംഗീകാരമാണെന്നും മന്ത്രി പറഞ്ഞു.

കേന്ദ്ര ബജറ്റ്: വയനാട്-വിഴിഞ്ഞം പാക്കേജ് പ്രതീക്ഷിക്കുന്നു

▸ കേന്ദ്രബജറ്റിൽ മുണ്ടക്കൈ-ചൂരൽമല ഉരുൾപൊട്ടൽ പുനരധിവാസത്തിന് 2000 കോടി രൂപയുടെ പാക്കേജ് പ്രതീക്ഷിക്കുന്നതായി കെ.എൻ. ബാലഗോപാൽ പറഞ്ഞു. വിഴിഞ്ഞത്തിന് 5000 കോടി രൂപയുടെ പ്രത്യേക പാക്കേജും ആവശ്യപ്പെട്ടിട്ടുണ്ട്.

കേന്ദ്രനയം കാരണം സംസ്ഥാനവരുമാനത്തിലുണ്ടായ കുറവ് നികത്താൻ 24,000 കോടിയുടെ പ്രത്യേക സാമ്പത്തിക പാക്കേജ് നേരത്തേ ആവശ്യപ്പെട്ടിരുന്നു. ജി.എസ്.ടി. നടപ്പാക്കിയതോടെ നികുതി വരുമാനത്തിൽ വർഷം 12,000 കോടിയുടെ കുറവുണ്ട്. കിഫ്ബിക്കും ക്ഷേമപെൻഷൻ നൽകാനും വായ്പയെടുക്കുന്നതിന്റെ പേരിൽ വർഷം 12,000 കോടിരൂപയുടെ വായ്പയും കേന്ദ്രം വെട്ടിക്കുറയ്ക്കുന്നു. പ്രവാസിക്ഷേമത്തിനായി 300 കോടി രൂപ നീക്കിവെക്കണം. റബറിന് 250 രൂപ വിലസ്ഥിരത നൽകണം. മനുഷ്യ-വന്യജീവി സംഘർഷം തടയാൻ 1000 കോടി കേന്ദ്രസഹായം വേണമെന്നും ബാലഗോപാൽ ആവശ്യപ്പെട്ടു.

നവീൻ ബാബുവിന്റെ മരണം

പ്രശാന്തന്റെ പരാതിയിലും സമഗ്രാന്വേഷണം നടക്കട്ടെയെന്ന് എം.വി. ജയരാജൻ

കണ്ണൂർ ▸ എ.ഡി.എം. ആയിരുന്ന നവീൻ ബാബുവിന്റെ മരണവുമായി ബന്ധപ്പെട്ട കേസിൽ കൈക്കൂലി ആരോപണമുന്നയിച്ച ടി.വി.പ്രശാന്തന്റെ പരാതിയിലും സമഗ്രാന്വേഷണം നടക്കട്ടേയെന്ന് സി.പി.എം. ജില്ലാ സെക്രട്ടറി എം.വി.ജയരാജൻ.

കൈക്കൂലി ആരോപണത്തിന്റെ രണ്ട് വശങ്ങളും പരിശോധിക്കണം. നവീൻ ബാബു കൈക്കൂലി വാങ്ങുന്ന ഉദ്യോഗസ്ഥനല്ല എന്നാണ് പൊതുവിൽ കരുതുന്നത്. എന്നാൽ കൈക്കൂലി നൽകിയെന്നാണ് പ്രശാന്തൻ പറയുന്നത്. തന്നെ നുണപരിശോധനയ്ക്ക് വിധേയമാക്കണമെന്നും അയാൾ പറയുന്നു. ഇക്കാര്യത്തിൽ പ്രശാന്തനെ നയിക്കുന്ന തെളിവുകളുണ്ടാകാം. ഈ സാഹചര്യത്തിൽ സമഗ്രാന്വേഷണം വേണം. കണ്ണൂരിൽ വാർത്താസമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

കേസന്വേഷണം കൃത്യമായി നടക്കുന്നുണ്ട്. കൈക്കൂലി വാങ്ങാത്ത ഉദ്യോഗസ്ഥൻ പണം വാങ്ങിയിട്ടുണ്ടെങ്കിൽ അത് ആർക്കെങ്കിലും കൊടുക്കാനായിരിക്കും. അങ്ങനെയുണ്ടെങ്കിൽ അത് ആർക്കാണ് കൊടുത്തതെന്നും അന്വേഷിക്കേണ്ടതുണ്ട്. അതേസമയം കുടുംബത്തിന് ഏത് അന്വേഷണവും ആവശ്യപ്പെടാമെന്നും അവർക്ക് അതിനുള്ള അവകാശമുണ്ടെന്നും ജയരാജൻ പറഞ്ഞു.

വയനാട്ടിലെ ഡി.സി.സി. സെക്രട്ടറി വിജയന്റെ ആത്മഹത്യാക്കുറിപ്പ് ഉണ്ടായിട്ടും കോൺഗ്രസ് നടപടിയെടുത്തില്ല. പി.പി.ദിവ്യയുടെ പേരിൽ ആത്മഹത്യാ പ്രേരണക്കുറ്റമാണ്. ആത്മഹത്യാ കുറിപ്പൊന്നുമില്ല. അവർ യാത്രയയപ്പ് യോഗത്തിൽ നടത്തിയ പ്രസംഗത്തിന്റെ അവസാനഭാഗം തെറ്റുതന്നെ. എങ്കിലും സ്ത്രീയാണെന്ന പരിഗണനപോലും നൽകാതെ മാധ്യമങ്ങൾ ദിവ്യയെ മാസങ്ങളോളം കൊത്തിവലിക്കുകയായിരുന്നെന്നും അദ്ദേഹം പറഞ്ഞു.

പാർലമെന്റിന്റെ ബജറ്റ് സമ്മേളനം ഇന്നുതുടങ്ങും

ബജറ്റ് നാളെ, രാഷ്ട്രപതിയുടെ നയപ്രഖ്യാപനം ഇന്ന്

ന്യൂഡൽഹി ▸ പാർലമെന്റിന്റെ ബജറ്റ് സമ്മേളനം വെള്ളിയാഴ്ചയാരംഭിക്കും. ഇരുസഭകളെയും അഭിസംബോധനചെയ്ത് രാഷ്ട്രപതി ദ്രൗപദി മുർമുവിന്റെ നയപ്രഖ്യാപന പ്രസംഗം പുതിയ പാർലമെന്റ് മന്ദിരത്തിലെ ലോക്സഭാ ഹാളിൽ നടക്കും. തുടർന്ന്, രാജ്യത്തിന്റെ ധനസ്ഥിതി വ്യക്തമാക്കുന്ന സാമ്പത്തികസർവേ കേന്ദ്ര ധനമന്ത്രി നിർമലാ സീതാരാമൻ ലോക്സഭയിൽ വെക്കും. സമ്പൂർണബജറ്റ് ശനിയാഴ്ച അവതരിപ്പിക്കും.

ബജറ്റ് സമ്മേളനത്തിന്റെ ആദ്യഘട്ടം ഫെബ്രുവരി 13-ന് അവസാനിക്കും. വഖഫ് ഭേദഗതി, ഒരു രാജ്യം ഒറ്റത്തിരഞ്ഞെടുപ്പ് തുടങ്ങിയ 62 ബില്ലുകളാണ് ഇക്കുറി ഇരുസഭകളിലുമായി പരിഗണനയിലുള്ളത്. രാഷ്ട്രപതിയുടെ നയപ്രഖ്യാപനത്തിനുള്ള നന്ദിപ്രമേയം ഇരുസഭകളും ചർച്ചചെയ്ത് പാസാക്കും.

ബജറ്റ് സമ്മേളനത്തിന് മുന്നോടിയായി സർക്കാർ വിളിച്ച സർവകക്ഷിയോഗം വ്യാഴാഴ്ച ഡൽഹിയിൽ ചേർന്നു. വഖഫ് ഭേദഗതിബിൽ പരിശോധിച്ച സംയുക്ത പാർലമെന്ററിസമിതിയിൽ (ജെ.പി.സി.) പക്ഷപാതപരമായ നടപടികളാണുണ്ടായതെന്ന് പ്രതിപക്ഷം യോഗത്തിൽ ആരോപിച്ചു.

കേരളമടക്കമുള്ള സംസ്ഥാനങ്ങളിൽ അടിക്കടിയുണ്ടാകുന്ന വന്യജീവി ആക്രമണം, കർഷകപ്രശ്നങ്ങൾ, മഹാകുംഭമേളയിലുണ്ടായ ദുരന്തം, പി.എഫ്. ഉയർന്ന പെൻഷൻ നേരിടുന്ന പ്രതിസന്ധികൾ തുടങ്ങിയ വിഷയങ്ങൾ യോഗത്തിൽ പ്രതിപക്ഷ അംഗങ്ങൾ ഉന്നയിച്ചു. സർക്കാരിനെ പ്രതിനിധാനംചെയ്ത് കേന്ദ്രമന്ത്രിമാരായ രാജ്നാഥ് സിങ്, കിരൺ റിജിജു, ജെ.പി. നഡ്ഡ, അർജുൻ രാം മേഘ്‌വാൾ, എൽ. മുരുകൻ എന്നിവർ പങ്കെടുത്തു. എല്ലാ വിഷയങ്ങളും ചർച്ചചെയ്യാൻ തയ്യാറാണെന്ന് മന്ത്രി രാജ്നാഥ് സിങ് പറഞ്ഞു. ജയറാം രമേശ്, കൊടിക്കുന്നിൽ സുരേഷ്, ഗൗരവ് ഗോഗോയ് (കോൺഗ്രസ്), ഇ.ടി. മുഹമ്മദ് ബഷീർ (മുസ്‌ലിംലീഗ്), എൻ.കെ. പ്രേമചന്ദ്രൻ (ആർ.എസ്.പി.), ജോൺ ബ്രിട്ടാസ് (സി.പി.എം.), പി. സന്തോഷ് കുമാർ (സി.പി.ഐ.), കെ. ഫ്രാൻസിസ് ജോർജ് (കേരള കോൺഗ്രസ്) തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു.

നിർമിതബുദ്ധി

ശ്രീറാം കൃഷ്ണൻ മുൻപേ നടന്നു; അണ്ണാനഗർ മുതൽ വൈറ്റ് ഹൗസ് വരെ

ട്രംപ്, ശ്രീറാം കൃഷ്ണൻ

ചെന്നൈ ▸ നിർമിത ബുദ്ധിയുടെ(എ.ഐ.) സാധ്യത ഐ.ടി. അധ്യാപകർ പോലും തിരിച്ചറിയും മുൻപ് ചെന്നൈ അണ്ണാനഗറിൽ താമസിച്ചിരുന്ന ഒരു വിദ്യാർഥി ഇതേക്കുറിച്ച് ചിന്തിച്ചുതുടങ്ങിയിരുന്നു. എ.ഐ.യ്ക്കും ഡേറ്റ സയൻസിനും പ്രയോജനപ്പെടുന്ന കംപ്യൂട്ടർ പ്രോഗ്രാം ലാംഗ്വേജുകൾ തിരഞ്ഞുപിടിച്ചു പഠിക്കാനും തുടങ്ങി. രണ്ട് പതിറ്റാണ്ടിനുശേഷം യു.എസ്. പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന്റെ എ.ഐ. നയോപദേശകനായി വൈറ്റ് ഹൗസിലേക്ക് പടികയറുന്നത് ഈ വിദ്യാർഥിയാണ്.

ചെന്നൈ കാട്ടാങ്കുളത്തൂരിലുള്ള എസ്.ആർ.എം. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആൻഡ് ടെക്നോളജിയിൽ 2001-2005 ബാച്ചിലെ ബി.ടെക്. ഐ.ടി. വിദ്യാർഥിയായിരുന്നു ശ്രീറാം കൃഷ്ണൻ. കംപ്യൂട്ടർ പ്രോഗ്രാം ലാംഗ്വേജുകളെക്കുറിച്ച് കാര്യമായ ധാരണയില്ലാതെയാണ് പഠനം ആരംഭിച്ചത്. എന്നാൽ, വളരെ വേഗം കാര്യങ്ങൾ മനസ്സിലാക്കിയിരുന്ന ശ്രീറാം സ്വയം പുതിയ പ്രോഗ്രാം ലാംഗ്വേജുകൾ പഠിക്കുകയായിരുന്നു.

ഇപ്പോൾ എ.ഐ.യ്ക്ക് ഉപയോഗിക്കുന്ന പല പ്രോഗ്രാം ലാംഗ്വേജുകളും തങ്ങൾക്ക് പരിചയപ്പെടുത്തിയത് ശ്രീറാമായിരുന്നെന്ന് അധ്യാപിക ഡോ. ജി. വടിവു ഓർമ്മിക്കുന്നു.

അന്ന് ഈ ലാംഗ്വേജുകളുടെ പ്രയോജനത്തെക്കുറിച്ച് അറിയില്ലായിരുന്നു. എന്നാൽ, ശ്രീറാം കാലത്തിന് മുൻപേ സഞ്ചരിക്കുകയായിരുന്നെന്ന് പിന്നീട് മനസ്സിലായെന്നും ഡോ. വടിവു പറയുന്നു. അക്കാലത്ത് വിദ്യാർഥികൾക്കിടയിലെ ഉപദേശകനായിരുന്നു ശ്രീറാമെന്ന് സഹപാഠിയും രാംകോ സിസ്റ്റംസിൽ അസോസിയേറ്റ് ഡയറക്ടറുമായ ഗിരികുമാർ ഓർമ്മിക്കുന്നു. പതിവ് രീതിയിൽനിന്ന് വ്യത്യസ്തമായി ചിന്തിക്കുന്നതായിരുന്നു ശ്രീറാമിന്റെ ശൈലി. പുതിയ അറിവുകൾ നേടുന്നതിനും പങ്കുവെക്കുന്നതിനും മുന്നിൽനിന്നു. പഠനത്തിനൊപ്പം സ്പോർട്സിലും മികവു തെളിയിച്ച ശ്രീറാം ബാസ്കറ്റ് ബോൾ താരം കൂടിയായിരുന്നു. സർവകലാശാലാ തലത്തിൽ മത്സരങ്ങളിൽ പങ്കെടുത്തിരുന്നു.

ബി.ടെക് പഠനം കഴിഞ്ഞ ഉടൻ ഉപരിപഠനത്തിനായി ശ്രീറാം യു.എസിലേക്ക് പോയി. പിന്നീട് നേരിൽ കണ്ടിട്ടില്ലെങ്കിലും സാമൂഹിക മാധ്യമങ്ങളിലൂടെ ആശയവിനിമയം നടത്തിയിരുന്നെന്നും ഗിരികുമാർ പറഞ്ഞു.

2007-ലാണ് ശ്രീറാം മൈക്രോസോഫ്റ്റിൽ ജോലിയിൽ പ്രവേശിച്ചത്. പിന്നീട് ഫെയ്സ് ബുക്ക്, യാഹൂ, എക്സ് തുടങ്ങിയ പ്രമുഖ കമ്പനികളിലും ജോലി ചെയ്തു. ഇലോൺ മസ്ക് ട്വിറ്റർ ഏറ്റെടുത്ത് കെട്ടുംമട്ടും മാറ്റി എക്സ് എന്ന പേരിട്ടപ്പോൾ ഇതിനു പിന്നിലും ശ്രീറാമുണ്ടായിരുന്നു. യു.എസ്. പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ട ട്രംപ് കഴിഞ്ഞമാസമാണ് ഐ.ഐ.യ്ക്കുള്ള സീനിയർ വൈറ്റ് ഹൗസ് നയോപദേശകനായി ശ്രീറാമിനെ നിയമിക്കുമെന്ന് പ്രഖ്യാപിച്ചത്. ഭാര്യ ആരതി രാമമൂർത്തിയുമായി ചേർന്ന് നടത്തുന്ന ആരതി ആൻഡ് ശ്രീറാം ടോക്ക് ഷോ യൂട്യൂബിൽ ഹിറ്റാണ്. മക്കൾ: ഇന്ദിര, വിഷ്ണു.

തൊഴിലില്ലായ്മയിലും പണപ്പെരുപ്പത്തിലും ജനം വലയുന്നു -കോൺഗ്രസ്

ന്യൂഡൽഹി ▸ കേന്ദ്രബജറ്റിനുമുൻപായി 'സാമ്പത്തികവ്യവസ്ഥയുടെ യഥാർഥ അവസ്ഥ' എന്ന പേരിൽ റിപ്പോർട്ട് പുറത്തിറക്കി കോൺഗ്രസ്.

സർക്കാർ സമ്പദ്‌വ്യവസ്ഥ കൈകാര്യംചെയ്യുന്ന രീതി ശരിയല്ലെന്നും തൊഴിലില്ലായ്മയും രൂക്ഷമായ പണപ്പെരുപ്പവും വരുമാന അസമത്വവും കാരണം ജനം വലയുകയാണെന്നും റിപ്പോർട്ടിൽ കുറ്റപ്പെടുത്തുന്നു.

പ്രൊഫ. എം.വി. രാജീവ് ഗൗഡയുടെ നേതൃത്വത്തിലുള്ള എ.ഐ.സി.സി. ഗവേഷകവിഭാഗമാണ് പുസ്തകരൂപത്തിൽ റിപ്പോർട്ടുണ്ടാക്കിയത്. റിപ്പോർട്ടിന് ആധാരമാക്കിയതുമുഴുവൻ കേന്ദ്രസർക്കാരിന്റെ കണക്കുകളാണെന്ന് മുൻ ധനമന്ത്രി പി. ചിദംബരവും രാജീവ് ഗൗഡയും പ്രകാശനച്ചടങ്ങിൽ പറഞ്ഞു.

സമ്പദ് വ്യവസ്ഥ മന്ദഗതിയിലാണെന്ന് ചൂണ്ടിക്കാട്ടിയ ചിദംബരം, മുൻ വർഷത്തെ അപേക്ഷിച്ച് സാമ്പത്തികവളർച്ച നടപ്പുവർഷം രണ്ടു ശതമാനംവരെ കുറയാൻ സാധ്യതയുണ്ടെന്നും അഭിപ്രായപ്പെട്ടു. പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നില്ല. കഴിഞ്ഞ നാലഞ്ചുവർഷമായി വേതനം സ്തംഭിച്ചിരിക്കുകയാണ് -ചിദംബരം പറഞ്ഞു.

വിനിമയ നിരക്ക്

	ചെക്ക്	കറൻസി
ഡോളർ	85.83	84.58
പൗണ്ട്	106.84	104.69
യൂറോ	-	87.68
സ്വിസ് ഫ്രാങ്ക്	-	92.39
കനേഡിയൻ ഡോളർ	-	58.55
ഓസ്ട്രേലിയൻ ഡോളർ	-	52.13
സിങ്കപ്പൂർ ഡോളർ	-	62.05
ബഹ്റൈൻ ദിനാർ	-	224.50
കുവൈത്തി ദിനാർ	-	274.22
ഒമാനി റിയാൽ	-	219.49
സൗദി റിയാൽ	-	22.40
യു.എ.ഇ. ദിർഹം	-	22.86
ഖത്തർ റിയാൽ	-	22.99

അവലംബം: ഫെഡറൽ ബാങ്ക്

സ്വർണം തൊട്ടാൽ പൊള്ളും

പവന് 60,880 രൂപ

കൊച്ചി ▸ വിവാഹ സീസണിൽ ഉപഭോക്താക്കൾക്ക് തിരിച്ചടിയായി സംസ്ഥാനത്ത് സ്വർണവിലയിൽ വീണ്ടും റെക്കോഡ് കുതിപ്പ്. പവന് വ്യാഴാഴ്ച 120 രൂപ വർധിച്ച് 60,880 രൂപയായി. ഗ്രാമിന് 15 രൂപ കൂടി 7,610 രൂപയിലെത്തി. തുടർച്ചയായി രണ്ടാമത്തെ ദിവസമാണ് സ്വർണവില പുതിയ ഉയരംകുറിക്കുന്നത്.

ബുധനാഴ്ച പവന് 60,760 രൂപയും ഗ്രാമിന് 7,595 രൂപയുമായിരുന്നു. രണ്ടുദിവസംകൊണ്ട് പവന് 800 രൂപയും ഗ്രാമിന് 100 രൂപയുമാണ് കൂടിയത്.

ഡിസംബർ 31-ന് പവൻവില 56,880 രൂപയായിരുന്നു. ഇതുമായി താരതമ്യം ചെയ്യുമ്പോൾ ഒരുമാസംകൊണ്ട് പവന് 4,000 രൂപ കൂടി. ജനുവരി 22-നാണ് സംസ്ഥാനത്ത് 22 കാരറ്റ് സ്വർണത്തിന്റെ വില 60,000 രൂപ കടന്നത്. ജനുവരി 20-ന് യു.എസ്. പ്രസിഡന്റായി ഡൊണാൾഡ് ട്രംപ് അധികാരമേറ്റതിനു പിന്നാലെ വന്ന പ്രഖ്യാപനങ്ങൾ വിപണിയിൽ സ്വാധീനം ചെലുത്തിയതോടെയായിരുന്നു ഇത്. അന്താരാഷ്ട്ര വില കുതിച്ചതോടെ ആഭ്യന്തര വിലയിലും ഇത് പ്രതിഫലിക്കുകയായിരുന്നു.

അന്താരാഷ്ട്ര വിപണിയിൽ ഒരു ട്രോയ് ഔൺസ് (31.1 ഗ്രാം) തനിത്തങ്കത്തിന് 2,793 ഡോളറിന് മുകളിലേക്ക് വില ഉയർന്നിട്ടുണ്ട്. ഇതാണ് കേരളത്തിലും വിലക്കയറ്റത്തിന് കാരണമായത്. യു.എസ്. കേന്ദ്രബാങ്കായ ഫെഡറൽ റിസർവ് നേരത്തേ സൂചിപ്പിച്ചതുപോലെ അടിസ്ഥാന പലിശനിരക്ക് മാറ്റമില്ലാതെ നിലനിർത്തി.

2025-ൽ രണ്ടുതവണ മാത്രമേ പലിശ കുറയ്ക്കാൻ സാധ്യതയുള്ളുവെന്നാണ് നേരത്തേതന്നെ ഫെഡ് ചെയർമാൻ ജെറോം പവൽ പറഞ്ഞത്. എന്നാൽ, ട്രംപിന്റെ സാമ്പത്തിക നയങ്ങൾ സംബന്ധിച്ച ആശങ്ക വിപണിയിൽ തുടരുകയാണ്. ഇതാണ് വിലയെ സ്വാധീനിച്ചത്. അതേസമയം, കേന്ദ്ര ബജറ്റിൽ സ്വർണത്തിന് ഇറക്കുമതി തീരുവ കൂട്ടിയാൽ വില ഇനിയും ഉയർന്നേക്കും.

പലിശനിരക്ക് മാറ്റാതെ ഫെഡറൽ റിസർവ്

മുംബൈ ▸ വിലക്കയറ്റ ഭീഷണി നിലനിൽക്കുന്ന സാഹചര്യത്തിൽ പ്രതീക്ഷിച്ചിരുന്നതുപോലെ പലിശനിരക്ക് മാറ്റമില്ലാതെ നിലനിർത്തി യു.എസ്. ഫെഡറൽ റിസർവ്. പുതിയ പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന്റെ സാമ്പത്തിക നയങ്ങളിലെ അനിശ്ചിതത്വം മുൻനിർത്തി നേരിയ തോതിലെങ്കിലും വിലക്കയറ്റത്തിനുള്ള സാധ്യതകളുണ്ട്.

അതുകൊണ്ടുതന്നെ ഉടൻ നിരക്കുകൾ കുറയ്ക്കാനിടയില്ലെന്ന സൂചനകളാണ് ഫെഡറൽ റിസർവ് ഇത്തവണ മുന്നോട്ടുവെക്കുന്നത്.

നിലവിൽ പണപ്പെരുപ്പം (വിലക്കയറ്റത്തോത്) കുറഞ്ഞുവരികയാണ്. ട്രംപ് സ്വീകരിക്കാനിടയുള്ള നയങ്ങൾ വിലക്കയറ്റത്തിൽ വലിയ മാറ്റങ്ങളുണ്ടാക്കിയില്ലെങ്കിൽ പലിശനിരക്കുകൾ വീണ്ടും കുറയ്ക്കാൻ തുടങ്ങുമെന്നാണ് ഫെഡറൽ റിസർവ് നൽകുന്ന സൂചന. നിലവിൽ 4.25 ശതമാനത്തിനും 4.5 ശതമാനത്തിനും ഇടയിലാണ് അമേരിക്കയിൽ അടിസ്ഥാന പലിശനിരക്ക്.

ടി.എസ്. പട്ടാഭിരാമൻ കെ.ടി.ജി.എ. പ്രസിഡന്റ്

ടി.എസ്. പട്ടാഭിരാമൻ, മുജീബ് റഹ്മാൻ, കെ. കൃഷ്ണൻ എന്നിവർ

കൊച്ചി ▸ കേരള ടെക്സ്റ്റൈൽസ് ആൻഡ് ഗാർമെന്റ്സ് ഡീലേഴ്സ് വെൽഫെയർ അസോസിയേഷൻ (കെ.ടി.ജി.എ.) സംസ്ഥാന പ്രസിഡന്റായി ടി.എസ്. പട്ടാഭിരാമനെ തിരഞ്ഞെടുത്തു. വർക്കിങ് പ്രസിഡന്റ്: മുജീബ് റഹ്മാൻ, ജനറൽ സെക്രട്ടറി: കെ. കൃഷ്ണൻ, ട്രഷറർ: എം.എൻ. ബാബു. വൈസ് പ്രസിഡന്റുമാർ: ബീന കണ്ണൻ (എറണാകുളം), രാമകൃഷ്ണൻ (കണ്ണൂർ), ബാപ്പു (മലപ്പുറം), ടി.എ. ശ്രീകാന്ത് (തൃശ്ശൂർ), ജോർജ് തോമസ് (കോട്ടയം), ജനാർദനൻ (ആലപ്പുഴ), ഇക്ബാൽ (തിരുവനന്തപുരം).

കലൂർ ഗോകുലം പാർക്ക് കൺവെൻഷൻ സെന്ററിൽ നടന്ന സംസ്ഥാന കൗൺസിൽ യോഗത്തിൽ 200-ഓളം പ്രതിനിധികൾ പങ്കെടുത്തു. സ്കൂളുകൾ വഴിയുള്ള യൂണിഫോം വിൽപ്പന നിരോധിക്കണം, ഉത്സവസീസണുകളിൽ നടക്കുന്ന താത്കാലിക വസ്ത്രവ്യാപാരങ്ങൾ നിയമംമൂലം നിർത്തലാക്കണം, ജി.എസ്.ടി. നിയമക്കുരുക്കുകളിൽ നിന്ന് വസ്ത്രവ്യാപാരികളെ രക്ഷിക്കണം തുടങ്ങിയ ആവശ്യങ്ങൾ അസോസിയേഷൻ ഉന്നയിച്ചു.

വി.പി. നന്ദകുമാർ ഫിക്കി കേരള ചെയർമാൻ

വി.പി. നന്ദകുമാർ, തോമസ് ജോൺ എന്നിവർ

കൊച്ചി ▸ വ്യവസായികളുടെ സംഘടനയായ 'ഫിക്കി'യുടെ കേരള സ്റ്റേറ്റ് കൗൺസിൽ ചെയർമാനായി മണപ്പുറം ഫിനാൻസ് എം.ഡി.യും സി.ഇ.ഒ.യുമായ വി.പി. നന്ദകുമാർ തിരഞ്ഞെടുക്കപ്പെട്ടു. അഗാപ്പെ ഡയഗ്നോസ്റ്റിക്സ് എം.ഡി. തോമസ് ജോണാണ് കോ-ചെയർമാൻ.

കോർ കമ്മിറ്റി അംഗങ്ങൾ: ഡോ. എം.ഐ. സഹദുള്ള, ദീപക് അസ്വാനി (മുൻ ചെയർമാൻമാർ), ഉപസമിതി ചെയർമാൻ: അലക്സ് കെ. നൈനാൻ (ടാസ്ക് ഫോഴ്സ് ഓൺ എക്സ്പോർട്സ്), ആന്റണി കൊട്ടാരം (ടാക്സേഷൻ), ബിബു പുന്നൂരാൻ (ഹെൽത്ത്), എ. ഗോപാലകൃഷ്ണൻ (ഫിനാൻസ്-ബാങ്കിങ്), യു.സി. റിയാസ് (ടൂറിസം).

കല്യാൺ ജൂവലേഴ്സിന് 219 കോടി രൂപ ലാഭം

കൊച്ചി ▸ കല്യാൺ ജൂവലേഴ്സ് 2024 ഡിസംബറിൽ അവസാനിച്ച മൂന്നുമാസക്കാലയളവിൽ (മൂന്നാം പാദം) 219 കോടി രൂപ സംയോജിത ലാഭം നേടി. കഴിഞ്ഞ സാമ്പത്തിക വർഷം മൂന്നാംപാദത്തിൽ സംയോജിത ലാഭം 180 കോടി രൂപ ആയിരുന്നു. സംയോജിത വിറ്റുവരവ് 7,287 കോടി രൂപയായി ഉയർന്നു. കഴിഞ്ഞ വർഷം 5,223 കോടി രൂപയായിരുന്നു വിറ്റുവരവ്. 40 ശതമാനമാണ് വളർച്ച.

ഇന്ത്യയിൽ നിന്നുള്ള വിറ്റുവരവ് 6,393 കോടി രൂപയായി ഉയർന്നിട്ടുണ്ട്. കഴിഞ്ഞ വർഷം ഇതേ പാദത്തിൽ 4,512 കോടി രൂപയായിരുന്നു. 42 ശതമാനമാണ് വളർച്ച. ഇന്ത്യയിൽ നിന്നുള്ള ലാഭം 168 കോടിയിൽ നിന്നും 218 കോടി രൂപയായി ഉയർന്നു. 26 ശതമാനമാണ് വർധന. കമ്പനിയുടെ ഗൾഫ് മേഖലയിൽ നിന്നുള്ള വിറ്റുവരവ് 683 കോടിയിൽ നിന്ന് 840 കോടി രൂപയായി ഉയർന്നു. ഗൾഫ് മേഖലയിൽ നിന്നുള്ള ലാഭം 15 കോടി രൂപയാണ്.

ഈ വർഷത്തെ ഇതുവരെയുള്ള കമ്പനിയുടെ പ്രവർത്തനം സംതൃപ്തി നൽകുന്നതായിരുന്നുവെന്നും ആദ്യ ഒൻപത് മാസങ്ങളിൽ മൊത്തം വിറ്റുവരവിൽ ഏകദേശം 35 ശതമാനം വളർച്ച രേഖപ്പെടുത്തിയെന്നും കല്യാൺ ജൂവലേഴ്സ് എക്സിക്യൂട്ടീവ് ഡയറക്ടർ രമേഷ് കല്യാണരാമൻ അറിയിച്ചു.

96-ാം വർഷത്തിൽ കൊച്ചിയിൽ സൗത്ത് ഇന്ത്യൻ ബാങ്കിന്റെ ടവർ

കാക്കനാട് രാജഗിരിവാലിയിൽ സൗത്ത് ഇന്ത്യൻ ബാങ്കിന്റെ 'എസ്.ഐ.ബി. ടവർ' ബാങ്ക് ചെയർമാൻ വി.ജെ. കുര്യൻ ഉദ്ഘാടനം ചെയ്യുന്നു. എം.ഡി.യും സി.ഇ.ഒ.യുമായ പി.ആർ. ശേഷാദ്രി, മുൻ ചെയർമാൻ സലിം ഗംഗാധരൻ, മറ്റ് ഡയറക്ടർമാർ തുടങ്ങിയവർ സമീപം

കൊച്ചി ▸ കേരളം ആസ്ഥാനമായ സൗത്ത് ഇന്ത്യൻ ബാങ്ക് 96 വർഷത്തെ പാരമ്പര്യത്തിന്റെ തലയെടുപ്പോടെ കൊച്ചി ഇൻഫോപാർക്കിനുസമീപം രാജഗിരിവാലിയിൽ 'എസ്.ഐ.ബി. ടവർ' തുറന്നു. രണ്ടുലക്ഷം ചതുരശ്രയടി വിസ്തീർണത്തിൽ 12 നിലകളിലായി നിർമിച്ചിരിക്കുന്ന ടവറിൽ 1,200 ജീവനക്കാർക്ക് ജോലിചെയ്യാനുള്ള സൗകര്യമുണ്ട്. ഇതിനുപുറമേ, മെഗാ കറൻസി ചെസ്റ്റ്, ബ്രാഞ്ച് ഓഫീസ്, അനുബന്ധ ഓഫീസുകൾ തുടങ്ങിയവയുമുണ്ട്.

ബാങ്ക് ചെയർമാൻ വി.ജെ. കുര്യൻ പുതിയ ഓഫീസ് സമുച്ചയത്തിന്റെ ഉദ്ഘാടനം നിർവഹിച്ചു. മാനേജിങ് ഡയറക്ടറും സി.ഇ.ഒ.യുമായ പി.ആർ. ശേഷാദ്രി അധ്യക്ഷത വഹിച്ച ചടങ്ങിൽ ഡയറക്ടർ ബോർഡ് അംഗങ്ങൾ, മുൻ ഡയറക്ടർമാർ, മുൻ ജീവനക്കാർ, ഉപഭോക്താക്കൾ, ഓഹരി ഉടമകൾ എന്നിവർ പങ്കെടുത്തു. ബാങ്കിന്റെ 96-ാം സ്ഥാപകദിനാഘോഷവും നടന്നു.

1929-ൽ സ്വദേശി പ്രസ്ഥാനത്തിന്റെ ചുവടുപിടിച്ച്, ദീർഘദർശികളായ 42 പേർ ചേർന്നാണ് തൃശ്ശൂരിൽ സൗത്ത് ഇന്ത്യൻ ബാങ്കിന് തുടക്കംകുറിച്ചത്. ശതാബ്ദിയിലേക്ക് അടുക്കുന്ന സൗത്ത് ഇന്ത്യൻ ബാങ്കിന്റെ പ്രവർത്തനങ്ങളിലെ നാഴികക്കല്ലാണ് കാക്കനാടുള്ള 'എസ്.ഐ.ബി. ടവർ' എന്ന് വി.ജെ. കുര്യൻ പറഞ്ഞു. ഓഫീസ് സമുച്ചയത്തിന്റെ നിർമാണപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയ എല്ലാവർക്കും, പ്രത്യേകിച്ച് മുൻ ചെയർമാൻ സലിം ഗംഗാധരനും അദ്ദേഹം നന്ദി അറിയിച്ചു.

ബാങ്കിങ് രംഗത്തെ പുത്തൻ രീതികൾ ഉപഭോക്താക്കൾക്ക് പരിചയപ്പെടുത്തി മികച്ച സേവനം നൽകുന്നതിൽ സൗത്ത് ഇന്ത്യൻ ബാങ്ക് പ്രതിജ്ഞാബദ്ധരായിരിക്കുമെന്ന് എം.ഡി.യും സി.ഇ.ഒ.യുമായ പി.ആർ. ശേഷാദ്രി പറഞ്ഞു.

ഫിൻഫ്ലുവൻസർമാർക്കുള്ള നിയന്ത്രണം കടുപ്പിച്ച് സെബി

മുംബൈ ▸ ഓഹരി വിപണിയിലെ വ്യാപാരരീതിയും ഇടപാടുകൾ ചെയ്യുന്നതെങ്ങനെയെന്നും കാണിച്ചുള്ള വീഡിയോകൾ തയ്യാറാക്കുന്നവർക്കുള്ള (ഫിനാൻഷ്യൽ ഇൻഫ്ലുവൻസർ അല്ലെങ്കിൽ ഫിൻഫ്ലുവൻസർ) നിയന്ത്രണങ്ങൾ കടുപ്പിച്ച് സെക്യൂരിറ്റീസ് ആൻഡ് എക്സ്ചേഞ്ച് ബോർഡ് ഓഫ് ഇന്ത്യ (സെബി). ഓഹരി വ്യാപാരം പഠിപ്പിക്കുന്നതിനെന്ന പേരിലാണ് സാമൂഹിക മാധ്യമങ്ങളിൽ ഇത്തരം വീഡിയോ ചാനലുകൾ പ്രവർത്തിക്കുന്നത്.

സെബിയുടെ അംഗീകാരമോ രജിസ്ട്രേഷനോ ഇല്ലാതെ പ്രവർത്തിക്കുന്ന ഇത്തരം ചാനലുകളിൽ ഓഹരി വിപണിയിലെ തത്സമയ വിലവിവരങ്ങൾ ഉപയോഗിക്കുന്നതു വിലക്കിക്കൊണ്ടാണ് സെബിയുടെ പുതിയ ഉത്തരവ്. ഓഹരികളുമായി ബന്ധപ്പെട്ട ബോധവത്കരണ, വിദ്യാഭ്യാസ വീഡിയോകളിൽ ഇനി മുതൽ മൂന്നുമാസം മുൻപുള്ള വില വിവരങ്ങൾ മാത്രമേ ഉൾപ്പെടുത്താവൂ. തത്സമയ വില വിവരങ്ങളോ ഭാവിയിലെ സാധ്യതകൾ സംബന്ധിച്ച വിലയിരുത്തലുകളോ ഉൾപ്പെടുത്തരുത്. ഓഹരികളുടെ കോഡുകളുപയോഗിച്ചും ഇത്തരം വിവരങ്ങൾ നൽകാൻ പാടില്ലെന്ന് ഉത്തരവിൽ എടുത്തുപറയുന്നു.

തെറ്റിദ്ധാരണ പരത്തുന്ന ഇത്തരം വീഡിയോകൾ പ്രചരിപ്പിക്കുന്നവരെ തിരിച്ചറിയുക ബുദ്ധിമുട്ടായിരിക്കും. ഈ സാഹചര്യത്തിലാണ് നിയന്ത്രണം. ശരിയായ രീതിയിൽ പ്രവർത്തിക്കുന്നവർക്ക് സെബിയിൽ രജിസ്റ്റർ ചെയ്തശേഷം പ്രവർത്തനം തുടരാം.

ഓഹരിവിപണിയുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത് ഉപദേശങ്ങൾ നൽകുന്ന സ്ഥാപനങ്ങൾ അനധികൃതമായി പ്രവർത്തിക്കുന്ന ഫിൻഫ്ലുവൻസർമാരുമായി സഹകരിക്കാനും പാടില്ല.

അദാനി എന്റർപ്രൈസസിന്റെ ലാഭം കൂപ്പുകുത്തി

ഇടിഞ്ഞത് 1,888 കോടിയിൽനിന്ന് 58 കോടിയിലേക്ക്

ഗൗതം അദാനി

കൊച്ചി ▸ ഗൗതം അദാനിയുടെ നേതൃത്വത്തിലുള്ള വ്യവസായ ഗ്രൂപ്പിലെ സുപ്രധാന കമ്പനിയായ അദാനി എന്റർപ്രൈസസ് ലിമിറ്റഡിന്റെ ലാഭം 2024 ഡിസംബറിൽ അവസാനിച്ച മൂന്നുമാസക്കാലയളവിൽ (മൂന്നാം പാദം) 57.83 കോടി രൂപയായി കൂപ്പുകുത്തി. മുൻവർഷം മൂന്നാംപാദത്തിലെ 1,888.45 കോടി രൂപയിൽനിന്ന് 97 ശതമാനത്തിന്റെ ഭീമമായ ഇടിവ്. വരുമാനമാകട്ടെ, ഒൻപതുശതമാനം ഇടിഞ്ഞ് 22,848.42 കോടി രൂപയായി.

കൽക്കരി വ്യാപാരത്തിലെ ഇടിവാണ് കമ്പനിക്ക് തിരിച്ചടിയായത്. ഈ വിഭാഗത്തിൽ നിന്നുള്ള ലാഭം 745 കോടി രൂപയായി ഇടിഞ്ഞു. കമ്പനിയുടെ മൊത്തം വരുമാനത്തിന്റെ മൂന്നിലൊന്നിലേറെയും സംഭാവന ചെയ്യുന്നത് കൽക്കരി വ്യാപാരമാണ്. പുനരുപയോഗ ഊർജസ്രോതസ്സുകളിൽ നിന്നുള്ള വൈദ്യുതി ഉത്പാദനം കൂടിയതാണ് കൽക്കരിയുടെ ആവശ്യകത കുറയാൻ ഇടയാക്കിയത്. ഓസ്ട്രേലിയൻ ഡോളറിന്റെ വിലയിടിഞ്ഞതും ലാഭം ഇടിയാൻ കാരണമായി. അതേസമയം, കമ്പനിയുടെ നവ ഊർജ ബിസിനസ്സുകളിൽ നിന്നുള്ള ലാഭവും വിമാനത്താവള ബിസിനസിൽ നിന്നുള്ള ലാഭവും വൻതോതിൽ ഉയർന്നു.

ബാങ്ക് ഓഫ് ബറോഡയ്ക്ക് 4,837 കോടി ലാഭം

മുംബൈ ▸ ബാങ്ക് ഓഫ് ബറോഡയ്ക്ക് 2024 ഡിസംബറിൽ അവസാനിച്ച മൂന്ന് മാസക്കാലയളവിൽ 4,837.34 കോടി രൂപയുടെ അറ്റാദായം. മുൻവർഷം ഇതേകാലത്തെ 4,579.33 കോടി രൂപയെക്കാൾ 5.6 ശതമാനമാണ് വർധന.

സാമ്പത്തിക വർഷത്തെ ആദ്യ ഒമ്പതുമാസക്കാലത്ത് ലാഭം 14,533.42 കോടി രൂപയായി ഉയർന്നു. 12.6 ശതമാനമാണ് വർധന.

ബാങ്കിന്റെ മൊത്തം നിഷ്ക്രിയ ആസ്തി മുൻവർഷത്തെ 3.08 ശതമാനത്തിൽനിന്ന് 2.43 ശതമാനമായും അറ്റ നിഷ്ക്രിയ ആസ്തി 0.7 ശതമാനത്തിൽനിന്ന് 0.59 ശതമാനമായും കുറഞ്ഞു.

അറ്റ പലിശ വരുമാനം 2.8 ശതമാനം വർധനയോടെ 11,417 കോടി രൂപയായി. മൊത്തം ബിസിനസ് 22.95 ലക്ഷം കോടി രൂപയിൽനിന്ന് 25.65 ലക്ഷം കോടിയായി.

സ്വർണ വില — പവന് 60,880 [+120] | ഗ്രാമിന് 7,610 [+15]

ഓഹരി നിലവാരം

സെൻസെക്സ് 76,759.81 (+226.85)
നിഫ്റ്റി 23,249.50 (+86.40)

ACC	1993.80	BAJAJ-AUTO	8756.35	SSLT	432.30	GTN TEXTILES	11.45
AMBUJACEM	509.45	BHARTIARTL	1640.45	SUNPHARMA	1745.25	HARRISON MALAYALA	239.70
ASIANPAINT	2250.90	BHEL	196.30	TATAMOTORS	697.00	INDITRADE	9.14
BANKBARODA	222.45	CIPLA	1458.15	TATAPOWER	352.15	KALYANJEWELLERS	440.30
BPCL	257.10	COALINDIA	385.35	TATASTEEL	131.15	KERA AYU	423.95
DLF	750.30	DRREDDY	1194.90	TCS	4102.45	KITEX	191.30
GRASIM	2493.90	GAIL	167.00	WIPRO	309.30	KSE LTD.	1892.15
HCLTECH	1713.80	HDFCBANK	1692.10	KERALA BASED		MANAPURAM	199.35
INDUSINDBK	957.15	HEROMOTOCO	4180.30	APOLLO TYR	432.70	MUTHOOT CAPITAL	300.40
JINDALSTEL	840.10	HINDALCO	587.95	ASTER DM	485.30	MUTHOOTFIN	2205.00
JIOFIN	234.70	HINDUNILVR	2411.60	AVTNPL	77.76	NITTA GELATIN	720.05
KOTAKBANK	1901.10	ICICIBANK	1254.05	COCHIN MINERALS	289.00	PATSPIN INDIA	12.14
LICI	824.85	INFY	1859.85	COCHINSHIP	1458.60	RUBFILA INTL	77.00
LUPIN	2064.55	ITC	436.60	CSB BANK	303.10	SCOOBEE DAY GARMENTS	119.50
MCDOWELL-N	1424.65	LT	3419.80	DHANBANK	25.40	SOUTH IND BK	25.89
NMDC	64.96	M&M	2970.30	EASTERN TREADS	38.99	SREE SAKTHI PAPER	13.37
PNB	96.55	MARUTI	11997.15	ESAF	36.85	VERTEX	5.24
POWERGRID	295.25	NTPC	323.10	FACT	890.85	VGUARD	362.70
TECHM	1670.05	ONGC	256.70	FEDERAL BANK	184.90	WONDERLA	710.05
ULTRACEMCO	11487.30	RELIANCE	1253.60	GEOJIT	92.30		
AXISBANK	985.00	SBIN	762.20				

കസ്റ്റംസ് രഹസ്യ ഓപ്പറേഷൻ: ഒളിപ്പിച്ചുകടത്താൻ ശ്രമിച്ച 3.30 ലക്ഷം വ്യാജ സിഗരറ്റുകൾ പിടികൂടി

കൊച്ചി ▸ പാലക്കാട്ടും മലപ്പുറത്തുമായിനടന്ന കസ്റ്റംസ് പ്രിവന്റീവ് വിഭാഗം രഹസ്യ ഓപ്പറേഷനിൽ പിടികൂടിയത് 3.30 ലക്ഷം വിദേശ നിർമിത ഇന്ത്യൻ വ്യാജ സിഗരറ്റുകൾ. വിപണിയിൽ 61.50 ലക്ഷം രൂപ വരുന്നതാണ് ഈ സിഗരറ്റുകൾ. നികുതിവെട്ടിക്കാൻ വൻതോതിൽ വ്യാജ സിഗരറ്റ് കടത്തുന്നതായി വിവരം ലഭിച്ചതിനെ തുടർന്നായിരുന്നു പരിശോധന.

മലപ്പുറത്തുനിന്നും പാലക്കാടേക്ക് വിദേശ നിർമിത ഇന്ത്യൻ വ്യാജ സിഗരറ്റുകൾ വിൽപ്പനയ്ക്കായി എത്തിക്കുന്നുണ്ടെന്ന് വിവരം ലഭിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ പാലക്കാട്-കോഴിക്കോട് ദേശീയപാതയിൽ ഒലവക്കോട് പുതുപരിയാരത്ത് ഒരു പിക് അപ്പ് വാൻ തടഞ്ഞ് പരിശോധിച്ചപ്പോൾ 15 കാർട്ടൺ ബോക്സുകളിൽനിന്ന് 1.50 ലക്ഷം വ്യാജ സിഗരറ്റുകൾ പിടികൂടി. കാർട്ടൺ ബോക്സുകളുടെ യഥാർഥ ഉടമയെ കസ്റ്റംസ് പിടികൂടി ചോദ്യം ചെയ്തപ്പോഴാണ് മലപ്പുറത്ത് വൻതോതിൽ വ്യാജ സിഗരറ്റ് സംഭരിച്ചിട്ടുണ്ടെന്ന് വ്യക്തമായത്. ഈ വിവരം കസ്റ്റംസ് പ്രിവന്റീവിന്റെ കോഴിക്കോട് ഓഫീസിൽ അറിയിച്ചതിനെ തുടർന്ന് മലപ്പുറം ഹാഫ് വള്ളുവമ്പ്രത്തെ കേന്ദ്രത്തിൽനിന്ന് 1.80 ലക്ഷം വ്യാജ സിഗരറ്റ് കൂടി പിടികൂടി.

പാലക്കാട് ലുലു മാളിലെ അക്ഷയ ഗോൾഡ് ആൻഡ് ഡയമണ്ട്സിൽ ലൈറ്റ് വെയിറ്റ് എക്സിബിഷന്റെ ഭാഗമായി നടന്ന നറുക്കെടുപ്പിൽ വിജയിയായ ഹക്കീം ലുലു മാൾ മാനേജർ നാരായണനിൽനിന്ന് ഡയമണ്ട് റിങ് ഏറ്റുവാങ്ങുന്നു. ആഭരണങ്ങളുടെ പ്രദർശനവും വില്പനയും മാർച്ച് 31 വരെ നടക്കും. 2,000 രൂപയിൽ തുടങ്ങുന്ന വിവിധ ഡിസൈനുകളുണ്ട്. പഴയ ആഭരണങ്ങൾ മാറ്റി പുതിയ ആഭരണങ്ങളാക്കാം. എല്ലാ പർച്ചേസിനും ബ്രാൻഡഡ് കിച്ചൺവെയർ സമ്മാനവുമുണ്ട്. 10 ശതമാനം തുക മുൻകൂർ നൽകി ആഭരണം ബുക്ക് ചെയ്യാം. ഞായറാഴ്ചകളിലും ഷോറൂം തുറക്കും. ഫോൺ: 9895165399.

ആദിശങ്കര വിദ്യാപീഠം: ആഞ്ജനേയ പ്രതിഷ്ഠ നടത്തി

നല്ലേപ്പിള്ളി നാരായണാലയം മഠാധിപതി സന്മയാനന്ദസരസ്വതി ആദിശങ്കരവിദ്യാപീഠ വിദ്യാലയപരിസരത്ത് ആഞ്ജനേയപ്രതിഷ്ഠ നടത്തുന്നു

ചിറ്റൂർ ▸ നൂറുകണക്കിന് ഭക്തരുടെ സാന്നിധ്യത്തിൽ നല്ലേപ്പിള്ളി നാരായണാലയം മഠാധിപതി സന്മയാനന്ദസരസ്വതി ആദിശങ്കര വിദ്യാപീഠവിദ്യാലയ പരിസരത്ത് മണിമണ്ഡപത്തിൽ ആഞ്ജനേയപ്രതിഷ്ഠ നടത്തി.

വ്യാഴാഴ്ച പുലർച്ചെ ഗണപതിഹോമത്തോടെയായിരുന്നു തുടക്കം. ഹനുമാന് ബ്രഹ്മകലശാഭിഷേകം, ഷോഡശാഭിഷേകം എന്നിവ നടത്തി. പ്രതിഷ്ഠയിൽ ചന്ദനംചാർത്തി അലങ്കാരപൂജ നടത്തി. തുടർന്ന്, ഹനുമാൻചാലിസ സഹസ്രാവൃത്തി പൂജ നടന്നു.

ആഗമശാസ്ത്ര വിധിയോടെ നടന്ന പൂജാകർമങ്ങൾക്ക് ബാലഗണപതിവാധ്യാർ കാർമികനായി. വൈകീട്ട് ദീപാലങ്കാരത്തോടെ നിറമാല, ദീപാരാധന, പാണ്ടിമേളം, നൃത്തനൃത്യങ്ങൾ എന്നിവ നടന്നു.

സ്കൂൾ ഉച്ചഭക്ഷണത്തിനുള്ള വിഹിതം പരിഷ്കരിച്ചു

തിരുവനന്തപുരം ▸ സ്കൂൾ ഉച്ചഭക്ഷണത്തിനുള്ള തുക പരിഷ്കരിച്ച് സർക്കാർ ഉത്തരവിറങ്ങി. അങ്കണവാടി, എൽ.പി. വിഭാഗത്തിൽ ഓരോ കുട്ടിക്കും 6.19 രൂപയും യു.പി. വിഭാഗത്തിൽ 9.29 രൂപ വീതവും നൽകും. നേരത്തേ എൽ.പി.യിൽ ആറുരൂപയും യു.പി.യിൽ 8.17 രൂപയുമായിരുന്നു. കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിന്റെ നിർദേശമനുസരിച്ചാണ് പരിഷ്കാരമെന്ന് സർക്കാർ വ്യക്തമാക്കി.

ഉച്ചഭക്ഷണപദ്ധതിയിൽ 60 ശതമാനം തുക കേന്ദ്രസർക്കാർ വഹിക്കും. അങ്കണവാടി, എൽ.പി. വിഭാഗത്തിനുള്ള 6.19 രൂപയിൽ 3.71 രൂപയാണ് കേന്ദ്രവിഹിതം. യു.പി.ക്കുള്ള 9.29 രൂപയിൽ 5.57 രൂപയാണ് കേന്ദ്രവിഹിതം.

അതേസമയം, പ്രൈമറി വിഭാഗത്തിനുള്ള തുക കുറഞ്ഞെന്നാണ് പ്രഥമാധ്യാപകരുടെ പരാതി. എട്ടുരൂപയെങ്കിലും നൽകണമെന്ന് പ്രൈമറി സ്കൂൾ പ്രഥമാധ്യാപകരുടെ സംഘടനയായ കെ.പി.പി.എച്ച്.എ. ജനറൽ സെക്രട്ടറി ജി. സുനിൽകുമാർ അഭിപ്രായപ്പെട്ടു.

തുക വകയിരുത്തുന്നതിൽ എൽ.പി., യു.പി. ക്ലാസുകൾ തമ്മിൽ വിവേചനം തുടരുന്നത് അശാസ്ത്രീയമാണെന്ന് കേരള ഗവൺമെന്റ് പ്രൈമറി സ്കൂൾ ഹെഡ്മാസ്റ്റേഴ്സ് അസോസിയേഷൻ (കെ.ജി.പി.എസ്.എച്ച്.എ.) വിമർശിച്ചു. യാഥാർഥ്യങ്ങൾ മനസിലാക്കാതെയുള്ള ഉദ്യോഗസ്ഥ ഭരണമാണ് ഇതിനു കാരണമെന്ന് പ്രസിഡന്റ് ബിജു തോമസും ജനറൽ സെക്രട്ടറി ഇ.ടി.കെ. ഇസ്മയിലും കുറ്റപ്പെടുത്തി.

വിനോദം

മാതൃഭൂമി ന്യൂസ്

കപ്പ ടിവി

0.00, 8.00, 14.00, 18.00, 18.15, 21.00	Music mojo
0.30, 12.35, 21.35	Funlimited
1.00, 8.35, 16.05	The Big League
1.30, 12.05,16.30	The Laughter Grid
2.00, 14.30, 22.35	Big Ticket
2.30, 3.00, 11.00, 11.30, 15.00, 15.30,20.00, 20.30, 23.00, 23.30	Merry go 'round
3.30	Nightbird
6.30	Golden Oldies
7.00, 7.30	Rise & Shine
8.30, 12.00, 16.00, 19.00	Moodtapes
9.00, 17.30	The Comedy Grid
9.30,13.30, 18.30, 21.30	Footloose
9.35, 10.30, 18.35	Madras Talkies
10.00, 17.00, 22.00	Daily Shuffle
13.00, 19.05	Bindaas Bollywood
13.35, 19.30, 19.45	Awesome Covers

മാതൃഭൂമി.കോം

www.mathrubhumi.com/videos

ചാനൽ സിനിമ

ഏഷ്യാനെറ്റ് മൂവീസ്	
രാവിലെ 10.00	വെള്ളിനക്ഷത്രം
ഉച്ചയ്ക്ക് 1.00	ആക്ഷൻ ഹീറോ ബിജു
വൈകീട്ട് 4.00	ബാഹുബലി-2
രാത്രി 7.00	തേന്മാവിൻ കൊമ്പത്ത്
രാത്രി 10.00	ഹോം
സൂര്യ മൂവീസ്	
രാവിലെ 10:00	പ്രശ്നം ഗുരുതരം
ഉച്ചയ്ക്ക് 1:00	അക്കരെ
വൈകീട്ട് 4:00	ഇന്ദ്രജാലം
രാത്രി 7:00	പട്ടാഭിഷേകം
രാത്രി 10:00	മഴത്തുള്ളിക്കിലുക്കം
എ.സി.വി. മൂവീസ്	
രാവിലെ 10:00	എന്നെ ഞാൻ തേടുന്നു
ഉച്ചയ്ക്ക് 1:00	ഹൃദയത്തിൽ സൂക്ഷിക്കാൻ
വൈകീട്ട് 4:00	നിക്കാഹ്
രാത്രി 7:00	വല്യേട്ടൻ
രാത്രി 10:00	രുദ്രം
എ.സി.വി.	
രാവിലെ 9.00	അരക്കള്ളൻ മുക്കാൽക്കള്ളൻ
ഉച്ചയ്ക്ക് 2:00	വിന്റർ
രാത്രി 9:30	രതിനിർവേദം

കപ്പ ഒറിജിനൽസ് സന്ദർശിക്കാം. പരിപാടികൾ കാണാം

സുഡോകു

1 മുതൽ 9 വരെയുള്ള അക്കങ്ങളുപയോഗിച്ചുള്ള ഒരു കളിയാണിത്. വലത്തോട്ടും താഴോട്ടുമായി ഒമ്പത് വീതം ചതുരക്കളികളാണ് ഇതിലുള്ളത്. ഒമ്പത് ഉപചതുരങ്ങളും. വലത്തോട്ടുള്ള നിരകളിലും താഴോട്ടുള്ള നിരകളിലും അക്കം ആവർത്തിക്കാതെ വേണം പൂരിപ്പിക്കാൻ. ഓരോ ഉപചതുരത്തിലും അക്കങ്ങൾ ആവർത്തിക്കാൻ പാടില്ല.

കഴിഞ്ഞ ദിവസത്തെ ഉത്തരം

6	8	9	1	2	3	4	7	5
2	3	1	4	5	7	6	8	9
5	4	7	8	9	6	3	2	1
4	7	8	2	1	5	9	3	6
1	2	3	6	4	9	7	5	8
9	6	5	3	7	8	2	1	4
7	1	2	5	6	4	8	9	3
3	9	6	7	8	1	5	4	2
8	5	4	9	3	2	1	6	7

	6					7		
								3
			4	7	6	1		
	7				1	6	2	8
	8			4			9	
			3				1	
8	3		9					
		2			8			
		6	7				4	

മാതൃഭൂമി CLASSIFIEDS bazaar
എളുപ്പം ബുക്ക് ചെയ്യുവാനായി: https://secure.mathrubhumi.com/bookmyad/
Call: 9895033003 (9.30am to 5.30pm)

ANNOUNCEMENT

ഹോം നഴ്സിങ്

തണൽ ഹോംനഴ്സിംഗ് ആലുവ
വീട്ടുജോലി, രോഗീപരിചരണം, പ്രസവ ശുശ്രൂഷ. ജോലിക്കും ജോലിക്കാരെ വേണ്ടവരും വിളിക്കുക. ഫോൺ: 9947228397, 9645639582.

BUSINESS

ഫിനാൻഷ്യൽ

കൃഷ്ണ ഗോൾഡ് 8943104916
പണയസ്വർണ്ണം വീണ്ടെടുത്ത് ഉയർന്ന വിലയ്ക്ക് വിൽക്കുവാൻ ജില്ലകളിലെല്ലാം സർവ്വീസ്.

നഷ്ടപ്പെട്ടു
കൊല്ലങ്കോട് സ.റ. ആഫീസ്സിൽ എന്റെ പേരിൽ റജിസ്റ്റർ ചെയ്ത 2006ൽ 1050 ഉം 2006ൽ 1051 ഉം നമ്പർ ആധാരങ്ങൾ കൈമോശം പോയിരിക്കുന്നു. കണ്ടുകിട്ടുന്നവർ ഇന്നു മുതൽ പത്ത് ദിവസത്തിനകം എന്നെ രേഖാമൂലം അറിയിപ്പാൻ അപേക്ഷ.
എന്ന്, മുബാറക്ക്, S/o.അബ്ദുൾ കരീം, കുറ്റിപ്പാടം, മുതലമട PO, Pin: 678 507, പാലക്കാട്

മുന്നറിയിപ്പ്
മാതൃഭൂമി പത്രത്തിൽ പ്രസിദ്ധീകരിക്കുന്ന പരസ്യങ്ങൾക്ക് അനുസൃതമായി പ്രവർത്തിക്കുന്നതിന് മുമ്പായി ആയതിന്റെ നിജസ്ഥിതിയെക്കുറിച്ച് അന്വേഷിച്ച് ഉറപ്പുവരുത്തേണ്ടതാണ്. പരസ്യക്കാരുടെ ഏതെങ്കിലും അവകാശവാദങ്ങൾ ശരിയാണെന്ന് ദി മാതൃഭൂമി പ്രിന്റിങ് ആന്റ് പബ്ലിഷിങ് കമ്പനി ലിമിറ്റഡിന്റെ പ്രസാധകർ ഉറപ്പുനൽകുന്നില്ല. പരസ്യക്കാരുടെ അവകാശവാദങ്ങൾ തെറ്റാണെന്നു കണ്ടാലോ ആർക്കെങ്കിലും തന്മൂലം വല്ല കഷ്ടനഷ്ടങ്ങൾ സംഭവിച്ചാലോ ദി മാതൃഭൂമി പ്രിന്റിങ് ആന്റ് പബ്ലിഷിങ് കമ്പനി ലിമിറ്റഡിന്റെ പ്രിന്ററോ പബ്ലിഷറോ എഡിറ്ററോ ഉദ്യോഗസ്ഥരോ മറ്റു ജീവനക്കാരോ ഉത്തരവാദികൾ ആയിരിക്കുന്നതല്ല.

പാർവ്വതി ജ്വല്ലറി 9847850953
പണയസ്വർണ്ണം കമ്മീഷനില്ലാതെ ഉയർന്ന വിലയ്ക്ക് തിരിച്ചെടുക്കുന്നു. ജില്ലകളിലെല്ലാം സർവ്വീസ്.

പണയസ്വർണ്ണം
കമ്മീഷനില്ലാതെ ഉയർന്ന വിലയ്ക്കെടുക്കുന്നു. ജില്ലകളിലെല്ലാം എക്സിക്യൂട്ടീവുകൾ. സ്വപ്ന ജ്വല്ലറി. 9847123122

പണയ സ്വർണ്ണം പത്രവിലയ്ക്ക്. 9349149828
എല്ലാ ജില്ലയിലും ഐശ്വര്യ ഗോൾഡ് 9895620017.

പണയ സ്വർണ്ണം പത്രവിലയ്ക്ക്
വിൽക്കുവാൻ സഹായിക്കുന്നു ദുബായ് ഗോൾഡ്. Ph: 9207704455, 9895438557.

ജില്ലാതല ഡിസ്ട്രിബ്യൂട്ടർമാരെയും / ഡീലർമാരെയും ആവശ്യമുണ്ട്
കേരളാ സ്റ്റേറ്റ് കയർ കോർപ്പറേഷൻ ലിമിറ്റഡ് ആലപ്പുഴ, വടക്കൻ ജില്ലകളിലേയ്ക്ക് മാട്രസ്സുകളുടെയും കയറുല്പന്നങ്ങളുടെയും വിതരണത്തിനായി ഡിസ്ട്രിബ്യൂട്ടർമാരെയും/ഡീലർമാരെയും ആവശ്യമുണ്ട്. കൂടുതൽ വിവരങ്ങൾക്ക്: www.coircraft.com സന്ദർശിക്കുക. 0478 2860151, 9072641697

നഷ്ടപ്പെട്ടു
ആലത്തൂർ സ.റ. ആഫീസിൽ എന്റെ പേരിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 798/2000-ാം നമ്പ്ര് ആധാരം കൈമോശം വന്ന് പോയിരിക്കുന്നു. കിട്ടുന്നവർ താഴെ ചേർത്ത വിലാസത്തിൽ അയച്ച് തരികയോ താഴെ പറയുന്ന നമ്പറിൽ ബന്ധപ്പെടുകയോ ചെയ്യാൻതാൽപര്യപ്പെടുന്നു.
എന്ന്, പൊന്നൻ,S/o. കറുപ്പൻ, പെരപ്പെട്ടികൊളുമ്പ്, നെച്ചൂർ P.O. പഴമ്പാലക്കോട് ഫോൺ: 8589878304

EMPLOYMENT

ഹിന്ദി അദ്ധ്യാപകരെ ആവശ്യമുണ്ട്
കുറ്റിപ്പുറം പഞ്ചായത്തിലെ Govt. Aided UP സ്കൂളിലേക്ക്. Contact- 9845119515.

ജോലി ഒഴിവ്

സെക്യൂരിറ്റി ഗാർഡ്
എറണാകുളം- കാക്കനാട് ഫ്ലാറ്റുകളിലേക്കും സ്ഥാപനങ്ങളിലേക്കും ഉടൻ നിയമനം. 9747900023.

പുരുഷന്മാരെ (20,000- 25,000/-)
കമ്പനികളിലേക്ക് ഹെൽപ്പേഴ്സായി. താമസം, ഭക്ഷണം. 7034473199, 7034473200.

നഷ്ടപ്പെട്ടു
മണ്ണാർക്കാട് സ.റ.ആ 2012-ൽ 7447-ാം നമ്പ്രായി എന്റെയും കോളശ്ശീരി മൊയ്തീൻ ഹാജി മകൻ അബ്ദുറ നാസ്സറിന്റേയും കൂട്ടായ പേരിൽ രജിസ്റ്റാക്കിച്ച് വാങ്ങിയ ജന്മത്തീരാധാരത്തിന്റെ അടിയാധാരമായ, മണ്ണാർക്കാട് സ.റ.ആ 1989ലെ 3482-ാം നമ്പർ ഒരിജിനൽ ജന്മത്തീരാധാരം എന്റെ കയ്യിൽ നിന്നും നഷ്ടപ്പെട്ടു. ആയത് കണ്ടുകിട്ടുന്നവർ ഇന്നുമുതൽ 10 (പത്ത്) ദിവസത്തിനുള്ളിൽ രേഖാമൂലം എന്നെ അറിയിക്കേണ്ടതാണ്. ടി ആധാരം ആരെങ്കി ലും ദുരുപയോഗം ചെയ്താൽ ആയത് എനിക്കും,ടി അബ്ദുറ നാസ്സറിനും ബാധകമാവുന്നതല്ല.
എന്ന്, സി.പി.ഹനീഫ, S/o.ഹംസഹാജി ചെട്ടിയാംപറമ്പിൽ ഹൗസ്. തിരുവിഴാംകുന്ന് പി.ഒ. Mobile: 9947909650

പരസ്യം
എനിക്ക് അവകാശപ്പെട്ടതും, കൈവശത്തിലും ഉള്ള മണ്ണാർക്കാട്, സ.റ.ആ. 1999-ൽ 6565-ാം നമ്പ്ര് ആധാരത്തിന്റെ അടിയാധാരമായ മണ്ണാർക്കാട് No.II ലാന്റ് ട്രൈബ്യൂണലിൽ നിന്നും OA 1528/72-ാം നമ്പ്ര് അപേക്ഷയിലെ തീർപ്പനുസരിച്ച് 1973 ൽ 1082-ാം നമ്പ്രായി കിട്ടിയ ക്രയസർട്ടിഫിക്കറ്റ് തിരിച്ചു കിട്ടാനാവാത്ത വിധം നഷ്ടപ്പെട്ടു. ആയതിന്റെ സർട്ടിഫൈഡ് കോപ്പി എടുത്ത് ഞാൻ തീരുവിൽക്കുന്നതിന് ആർക്കെങ്കിലും പരാതി ഉണ്ടെങ്കിൽ ഏഴ് ദിവസത്തിനുള്ളിൽ താഴെ എഴുതിയ അഡ്രസ്സിൽ അറിയിക്കുക.
എന്ന്, സെബാസ്റ്റ്യൻ ജോസഫ് D/o. TC., ജോസഫ്, കല്ലുംകുളം വീട് തട്ടാരപ്പള്ളിൽ കരിമ്പ (PO) PH: 9656973277

താലൂക്കുതല Officeകളിൽ
സ്റ്റാഫ് നിയമനം. (15,000-35,000/-) (Below: 30). 8891137609, 9846315397.

TOURS / TRAVELS

തേജോമയ് ട്രാവൽസ്
സൌരാഷ്ട്ര- 20/03/25, ലക്ഷദ്വിപ്- 11/05/25, കുളു- മണാലി- 22/02/25, കാശ്മീർ- 09/03/25, 9746157624, 9188486503

ഫോർച്യൂൺ ടൂർസ് കാശ്മീർ ടൂറുകൾ
5 ദിവസ ഫ്ലൈറ്റ് പാക്കേജ്, സ്റ്റാർ ഹോട്ടൽ താമസം, മലയാളി ടൂർ മാനേജർ തുടങ്ങിയ എല്ലാ ചെലവുകളും സഹിതം മാർച്ച് 25, 27, ഏപ്രിൽ, മെയ് എല്ലാ ദിവസങ്ങളിലും പുറപ്പെടുന്നു. അനുകരണങ്ങളിൽ വഞ്ചിതരാകാതിരിക്കുക. കൊച്ചി: 8129821421.

അറിയിപ്പ്
തൂത്താല സ.റ.ആ. 3210/2015 നമ്പർ ജന്മം തീരാധാര പ്രകാരം എനിക്ക് അവകാശപ്പെട്ടതും, ഞാൻ കൈവശം വെച്ചു വരുന്നതുമായ തൂത്താല വില്ലേജിൽ സർവ്വേ 380/1C ൽ പെട്ട 6.36 ആർ സ്ഥലത്തിന്റെ അടിയാധാരങ്ങളായ തൂത്താല സ.റ.ആ.1353/1999,1354/1999 എന്നീ ആധാരങ്ങളുടെ ഒറിജിനൽ നഷ്ടപ്പെട്ടിരിക്കുന്നു. മേൽപ്പറഞ്ഞ 3210/2015 നമ്പർ ആധാരം തീരുവിൽക്കുന്നതിനും ബാങ്കിൽ പണയപ്പെടുത്തുന്നതിനും ഞാൻ ശ്രമിക്കുന്നുണ്ട്. മേൽ കാര്യത്തിൽ ആർക്കെങ്കിലും ആക്ഷേപമുണ്ടെങ്കിൽ ഇന്ന് മുതൽ 15 ദിവസത്തിനകം താഴെക്കാണുന്ന വിലാസത്തിൽ അറിയിക്കേണ്ടതാണ്.
എന്ന്, കുഞ്ഞിമോൻ, S/oമൊയ്തുണ്ണി, കണിച്ചിറക്കൽ, തെക്കേ വാവനൂർ PO,പാലക്കാട് Dt. Mob:8086946522

നഷ്ടപ്പെട്ടു
എന്റെ KL 09M/9211 റജിസ്ട്രേഷനിലുള്ള TVS Max-100, 2003 Model ബൈക്കിന്റെ RC ബുക്ക് നഷ്ടപ്പെട്ടു. ഡ്യൂപ്ലിക്കേറ്റിന് അപേക്ഷിക്കേണ്ടിയിരിക്കുന്നു. ഇതിൽ ആർക്കെങ്കിലും പരാതിയുണ്ടെങ്കിൽ 7 ദിവസത്തിനുള്ളിൽ അറിയിക്കാൻ താൽപ്പര്യപ്പെടുന്നു.
എന്ന്, വിനോദ് കുമാർ.കെ. S/o.കിട്ടുച്ചാമി, തച്ചൻകുളം (HO), തത്തമംഗലം (PO), പാലക്കാട് (Dt), Pin: 678 102. Ph: 6282277907

ഇന്ത്യയോടുള്ള നയം യു.എസ്. അവലോകനം ചെയ്യുന്നു

വാഷിങ്ടൺ ▸ ഇന്ത്യയോടുള്ള യു.എസിന്റെ നയവും ഉഭയകക്ഷിബന്ധം വിപുലമാക്കലും ജനപ്രതിനിധിസഭയുടെ വിദേശകാര്യസമിതി അവലോകനംചെയ്യുന്നു.

സുരക്ഷ-സാങ്കേതിക സഹകരണം, പ്രതിരോധബന്ധം, സാമ്പത്തികബന്ധം എന്നിവയാകും പ്രധാനമായി അവലോകനംചെയ്യുക. കൂടാതെ, ക്വാഡിലെ ഇന്ത്യയുടെ പങ്കാളിത്തം വർധിപ്പിക്കുന്നതിനുള്ള ശ്രമങ്ങളിലും ഇന്ത്യയുടെ അതിവേഗം വളരുന്ന ഊർജാവശ്യങ്ങളുടെ പ്രത്യാഘാതം അവലോകനംചെയ്യുന്നതിലും സമിതി ശ്രദ്ധകേന്ദ്രീകരിക്കും. കോൺഗ്രസിന്റെ വിദേശകാര്യസമിതിയുടെ മുൻഗണനാപ്പട്ടികയിൽ നിലവിൽ 11-ാം സ്ഥാനത്താണ് ഇന്ത്യ.

ചൈനയുയർത്തുന്ന ഭീഷണികൾക്കാകും കമ്മിറ്റി പ്രഥമപരിഗണന നൽകുക. റഷ്യ-യുക്രൈൻ യുദ്ധവും സമിതി അവലോകനംചെയ്യുന്ന പ്രധാന പ്രശ്നങ്ങളിലൊന്നാണ്.

സുനിതയും വിൽമോറും ഒരുമിച്ച് ബഹിരാകാശത്ത് നടന്നു

കേപ് കനാവറൽ ▸ ബോയിങ്ങിന്റെ സ്റ്റാർലൈനർ പേടകത്തിനുണ്ടായ സാങ്കേതികത്തകരാർ കാരണം എട്ടുമാസത്തോളമായി അന്താരാഷ്ട്ര ബഹിരാകാശനിലയത്തിൽ കഴിയുന്ന നാസയുടെ ബഹിരാകാശ സഞ്ചാരികളായ സുനിതാ വില്യംസും ബുച്ച് വിൽമോറും ഒരുമിച്ച് ആദ്യമായി ബഹിരാകാശത്ത് നടന്നു. നിലയത്തിന്റെ അറ്റകുറ്റപ്പണികൾ നടത്താനായിരുന്നു നടത്തം.

ബഹിരാകാശ നിലയത്തിലെത്തിയ ശേഷം ആദ്യമായാണ് വിൽമോർ പുറത്തിറങ്ങുന്നത്. നിലയത്തിന്റെ കമാൻഡർ കൂടിയായ സുനിത രണ്ടാഴ്ചമുൻപ് മറ്റൊരു ബഹിരാകാശ സഞ്ചാരിക്കൊപ്പം ബഹിരാകാശത്ത് നടന്നിരുന്നു. 2024 ജൂണിൽ പത്തുദിവസത്തെ ദൗത്യത്തിനായാണ് ഇരുവരും ബഹിരാകാശ നിലയത്തിലെത്തിയത്. ഇവരെ എത്രയുംവേഗം തിരികെയെത്തിക്കുമെന്ന് യു.എസ്. പ്രസിഡന്റ് ഡൊണാൾഡ് ട്രംപും സ്പെയ്സ് എക്സ് സി.ഇ.ഒ. ഇലോൺ മസ്കും പറഞ്ഞിട്ടുണ്ട്.

ബന്ദി കൈമാറ്റം സംഘർഷഭരിതം

- തടവുകാരുടെ മോചനം വൈകിപ്പിച്ച് ഇസ്രയേൽ
- ബന്ദികളെ കൈമാറിയത് സിൻവറുടെ വീടിനടുത്തുവെച്ച്

ഹമാസ്, ഇസ്‌ലാമിക് ജിഹാദ് അംഗങ്ങൾ ബന്ദികളിലൊരാളായ അർബെൽ യെഹൂദിനെ റെഡ് ക്രോസിനു കൈമാറാനായി കൊണ്ടുവരുന്നു -എ.പി.

കയ്റോ ▸ വ്യാഴാഴ്ച ഗാസയിൽ നടന്ന ഹമാസിന്റെ ബന്ദി കൈമാറ്റം സംഘർഷഭരിതമായി. ബന്ദികൾക്കു പകരമായി പലസ്തീൻ തടവുകാരെ മോചിപ്പിക്കുന്നത് ഇക്കാരണത്താൽ ഇസ്രയേൽ വൈകിപ്പിച്ചു.

മൂന്ന് ഇസ്രയേലുകാരെയും അഞ്ച് തായ്‌ലാൻഡുകാരെയുമാണ് വ്യാഴാഴ്ച ഹമാസ് മോചിപ്പിച്ചത്. ഇസ്രയേലിന്റെ ആക്രമണത്തിൽ തകർന്ന ഖാൻ യൂനിസ് നഗരത്തിൽവെച്ചാണ് മുഖംമൂടിധാരികളായ ഹമാസുകാർ ഇവരെ ജീവകാരുണ്യസംഘടനയായ റെഡ് ക്രോസിനു കൈമാറിയത്. ഇസ്രയേൽ വധിച്ച ഹമാസ് തലവൻ യഹ്യ സിൻവറിന്റെ തകർന്ന വീടിനടുത്തുവെച്ചായിരുന്നു കൈമാറ്റം.

ഇസ്രയേലി ബന്ദിയായ അർബെൽ യെഹൂദ് (29) പേടിച്ചരണ്ടും പ്രയാസപ്പെട്ട് നടന്നുമാണ് എത്തിയത്. എൺപതുവയസ്സുള്ള ഇസ്രയേൽകാരൻ ഗാഡി മോസസിനെയും ഹമാസ് വിട്ടയച്ചു. ഗാസയ്ക്കടുത്ത് ഇസ്രയേലിന്റെ കൃഷിയിടങ്ങളിലെ ജോലിക്കാരാണ് ഹമാസ് ബന്ദികളാക്കിയ തായ്‌ലാൻഡുകാർ. വൻജനക്കൂട്ടത്തിനിടയിലൂടെ ബന്ദികളെ കൈമാറാൻ കൊണ്ടുവന്നതു കണ്ട് ഞെട്ടലുണ്ടായെന്ന് ഇസ്രയേൽ പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹു പറഞ്ഞു. ബന്ദികളെ പരിക്കേൽപ്പിക്കുന്നവരെ കൊന്നുകളയുമെന്ന് അദ്ദേഹം ഭീഷണിപ്പെടുത്തി. ഇത്തരം രംഗം ആവർത്തിക്കരുതെന്ന് നെതന്യാഹു മുന്നറിയിപ്പ് നൽകി.

എട്ട് ബന്ദികൾക്കു പകരമായി 110 പലസ്തീൻ തടവുകാരെയാണ് ഇസ്രയേൽ മോചിപ്പിക്കേണ്ടിയിരുന്നത്. എന്നാൽ, തടവുകാരുമായി വെസ്റ്റ് ബാങ്കിലേക്കു പോയ ഇസ്രയേൽ ഉദ്യോഗസ്ഥർ അവരെ അവിടെയിറക്കാതെ തിരിച്ചുകൊണ്ടുപോന്നു. പ്രായപൂർത്തിയാകാത്ത 30 പേരും തടവുകാരിലുണ്ട്. ഇവരെ പിന്നീട് വെസ്റ്റ് ബാങ്കിൽ എത്തിച്ച് കൈമാറി.

ഈ മാസം 19-ന് നിലവിൽവന്ന ഇസ്രയേൽ-ഹമാസ് വെടിനിർത്തലിന്റെ ഭാഗമായാണ് ബന്ദിമോചനം. 42 ദിവസത്തെ വെടിനിർത്തലിനിടെ 33 ബന്ദികളെ ഹമാസ് മോചിപ്പിക്കും. ആയിരത്തോളം പലസ്തീൻ പട്ടാളക്കാരെ ഇസ്രയേൽ വിട്ടയക്കും.

കുടിയേറ്റക്കാരെ ഗ്വാണ്ടനാമോയിലേക്കയക്കാൻ ട്രംപ്

- 30,000 പേരെ താമസിപ്പിക്കാനുള്ള കെട്ടിടം പണിയുന്നു
- കുറ്റകൃത്യം ചെയ്ത കുടിയേറ്റക്കാരെ ഇവിടേക്കയക്കും

വാഷിങ്ടൺ ▸ കുറ്റകൃത്യങ്ങളിൽ ഏർപ്പെട്ടിട്ടുള്ള അനധികൃത കുടിയേറ്റക്കാരെ മാറ്റിപ്പാർപ്പിക്കാൻ ക്യൂബയിലെ ഗ്വാണ്ടനാമോ ബേയിൽ യു.എസ്. പുതിയ കെട്ടിടമുണ്ടാക്കുന്നു. 30,000 പേരെ ഉൾക്കൊള്ളാനാകുന്ന കെട്ടിടമാണ് ഗ്വാണ്ടനാമോ ബേയിലെ യു.എസ്. സേനാതാവളത്തിനുള്ളിലെ കുപ്രസിദ്ധ ജയിലിനുസമീപം നിർമിക്കുക. ഭീകരവാദികളെ പാർപ്പിക്കുന്ന ജയിലാണിത്.

ഇതിനടുത്ത് പുതിയ കെട്ടിടം പണിയാൻ ആഭ്യന്തരസുരക്ഷാവകുപ്പിനും പ്രതിരോധവകുപ്പിനും നിർദേശം നൽകുന്ന പ്രസിഡൻഷ്യൽ മെമ്മോറാണ്ടത്തിൽ യു.എസ്. പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് ബുധനാഴ്ച ഒപ്പിട്ടു.

"അമേരിക്കൻ ജനതയ്ക്ക് ഭീഷണിയായ, ക്രിമിനലുകളായ അനധികൃത കുടിയേറ്റക്കാരെയാണ് ഗ്വാണ്ടനാമോയിലേക്കയക്കുന്നത്. ഇവരിൽ ചിലർ വളരെ മോശക്കാരാണ്. അവരെ പിടിച്ചുവെക്കാൻ അവരുടെ മാതൃരാജ്യങ്ങൾക്ക് കഴിയുമെന്ന് ഞങ്ങൾ വിശ്വസിക്കുന്നില്ല. ഇവർ തിരിച്ചുവരാൻ ഞങ്ങൾ ആഗ്രഹിക്കുന്നുമില്ല. അതിനാലാണ് ഇവരെ ഗ്വാണ്ടനാമോയിലേക്കയക്കുന്നത്. അത് പുറത്തുകടക്കാൻ ബുദ്ധിമുട്ടുള്ള സ്ഥലമാണ്." -ട്രംപ് പറഞ്ഞു.

ഇതോടെ, അനധികൃത കുടിയേറ്റക്കാരെ രാജ്യത്തുനിന്ന് നീക്കംചെയ്യുമെന്ന ട്രംപിന്റെ പ്രധാന തിരഞ്ഞെടുപ്പ് വാഗ്ദാനം നടപ്പാക്കാനുള്ള ശ്രമങ്ങൾക്ക് ശക്തികൂടി. കുറ്റകൃത്യം ചെയ്യുന്ന അനധികൃത കുടിയേറ്റക്കാരെ തടവിലാക്കാനുള്ള ലേയ്ക്കൻ റൈലി നിയമത്തിന് യു.എസ്. കോൺഗ്രസ് കഴിഞ്ഞയാഴ്ച അംഗീകാരം നൽകിയിരുന്നു.

മാധ്യമപ്രവർത്തക ഏർലീൻ ഫിഷർ അന്തരിച്ചു

ഏർലീൻ ഫിഷർ

ഇന്ത്യാന ▸ 1980-കളിൽ അസോസിയേറ്റഡ് പ്രസിന്റെ (എ.പി.) ന്യൂഡൽഹി ബ്യൂറോ ചീഫായിരുന്ന മാധ്യമപ്രവർത്തക ഏർലീൻ ഫിഷർ (78) അന്തരിച്ചു. യു.എസിലെ ഇന്ത്യാനയിൽ ബുധനാഴ്ചയായിരുന്നു അന്ത്യം.

യാസർ അറാഫത്തും ദലൈ ലാമയും ഉൾപ്പെടെയുള്ള പ്രമുഖരെ അഭിമുഖം നടത്തിയിട്ടുള്ള ഫിഷർ, 32 വർഷം എ.പി.യിൽ ജോലിചെയ്തു. പശ്ചിമേഷ്യ സംഘർഷഭരിതമായിരുന്ന 1990-കളിൽ അവിടെനിന്ന് റിപ്പോർട്ടുകളയച്ചു. അഫ്ഗാനിസ്താനിൽനിന്നുള്ള സോവിയറ്റ് യൂണിയന്റെ പിന്മാറ്റം, ലെബനനിലെ ഇസ്രയേലിന്റെ അധിനിവേശം തുടങ്ങിയവയും റിപ്പോർട്ട് ചെയ്തു. 1987-ലാണ് ന്യൂഡൽഹി ബ്യൂറോ ചീഫായത്. ന്യൂഡൽഹി ആസ്ഥാനമാക്കി ഇന്ത്യ, ബംഗ്ലാദേശ്, ശ്രീലങ്ക, നേപ്പാൾ, അഫ്ഗാനിസ്താൻ, മാലദ്വീപ് എന്നിവിടങ്ങളിൽ പ്രവർത്തിച്ചു. എ.പി.യിൽനിന്ന് വിരമിച്ചശേഷം കയ്റോയിലെ അമേരിക്കൻ സർവകലാശാലയിൽ അധ്യാപികയായിരുന്നു.

വാഷിങ്ടൺ വിമാനാപകടം
തണുത്തനദിയിൽനിന്ന് അവർ പുറത്തുവരില്ല

പോട്ടൊമാക് നദിയിലെ രക്ഷാപ്രവർത്തനം

വാഷിങ്ടൺ ▸ "പി.എ.ടി. 25, നിങ്ങൾ വിമാനം കാണുന്നുണ്ടോ? വിമാനത്തിന് പിറകിലേക്കുപോകൂ." വാഷിങ്ടണിലെ റീഗൻ ദേശീയ വിമാനത്താവളത്തിലെ എയർ ട്രാഫിക് കൺട്രോളർ ഈ റേഡിയോ സന്ദേശം അയച്ചുകഴിഞ്ഞതും പോട്ടൊമാക് നദിയുടെ മുകളിൽ രണ്ട് തീഗോളങ്ങൾ പ്രത്യക്ഷപ്പെട്ടു. 64 യാത്രികരുമായി റീഗനിലെ 33-ാം റൺവേയിലേക്കിറങ്ങുകയായിരുന്ന അമേരിക്കൻ ഈഗിൾ സി.ആർ.ജെ.-700 വിമാനവും പി.എ.ടി.- 25 എന്ന കോൾസൈനുള്ള സേനാ ഹെലികോപ്റ്ററും തമ്മിൽ കൂട്ടിയിടിച്ചുണ്ടായ തീഗോളങ്ങൾ. ശൈത്യത്തിൽ തണുത്തുമരവിച്ചുകിടന്ന നദിയിലേക്ക് അവ പതിച്ചു. ഈ അപകടത്തിൽനിന്ന് ആരും രക്ഷപ്പെടാൻ സാധ്യതയില്ലെന്നാണ് അധികൃതർ പറയുന്നത്. രക്ഷാപ്രവർത്തനം മൃതദേഹങ്ങൾ വീണ്ടെടുക്കാനുള്ള പ്രവർത്തനമാക്കിമാറ്റുകയാണെന്ന് വാഷിങ്ടണിലെ അഗ്നിരക്ഷാസേനാ മേധാവി അറിയിച്ചു. കൊടുംതണുപ്പും മഞ്ഞുവീഴ്ചയും ഉണ്ടായിരുന്ന ഏതാനും ദിവസങ്ങൾക്കു ശേഷം അന്തരീക്ഷം അല്പം ചൂടായിരുന്ന ദിവസമാണ് അപകടം. രാത്രിയിൽ നല്ല തെളിച്ചവുമുണ്ടായിരുന്നു. എങ്കിലും ബുധനാഴ്ച നദിയിലെ തണുപ്പ് രണ്ടു ഡിഗ്രിക്കടുത്തെത്തിയിരുന്നു. ഈ തണുപ്പിൽ മനുഷ്യന്റെ ശരീരോഷ്മാവ് അപകടകരമാംവിധം കുറഞ്ഞ് ക്ഷീണമോ അബോധാവസ്ഥയോ ഉണ്ടാകാൻ 15 മുതൽ 30 മിനിറ്റുവരെ മതിയെന്ന് വിദഗ്ധർ പറയുന്നു. 'ഹൈപ്പോതെർമിയ' എന്നാണ് ഈ അവസ്ഥയ്ക്കുപേര്.

തണുപ്പും കാറ്റും ഇരുട്ടും രക്ഷാപ്രവർത്തനത്തെ കാര്യമായി ബാധിച്ചിട്ടുണ്ട്. ഇതെല്ലാം അപകടത്തിൽപ്പെട്ടവരെ ജീവനോടെ കണ്ടെടുക്കാനുള്ള സാധ്യത കുറച്ചു. 300 രക്ഷാപ്രവർത്തകരാണ് തിരച്ചിൽ നടത്തുന്നത്. അപകടത്തിന്റെ കാരണം വ്യക്തമായിട്ടില്ല. വൈറ്റ്ഹൗസിനും കാപ്പിറ്റോളിനും അധികം അകലെയല്ലാത്ത, ലോകത്തെ ഏറ്റവും കർശന നിയന്ത്രണവും നിരീക്ഷണവുമുള്ള വ്യോമമേഖലയിലാണ് അപകടം.

അപകടം തടയാനാകുമായിരുന്നു എന്നാണ് യു.എസ്. ട്രാൻസ്പോർട്ടേഷൻ സെക്രട്ടറി സിയാൻ ഡഫി പറഞ്ഞത്. സംഭവത്തിൽ അപലപിച്ച പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് എയർ ട്രാഫിക് കൺട്രോൾ ടവറിന്റെയും സൈനിക ഹെലികോപ്റ്ററിന്റെയും പ്രവൃത്തികളെ ചോദ്യംചെയ്തു. റീഗൻ വിമാനത്താവളത്തിലെ വ്യോമഗതാഗതം താത്കാലികമായി നിർത്തിവെച്ചു.

സൈലത്തിൽ നീറ്റ് /ജെ.ഇ.ഇ. എൻട്രൻസ് ഫാക്കൽറ്റി ട്രെയിനിങ് ഫെബ്രുവരിയിൽ

കോഴിക്കോട് ▸ സൈലം ലേണിങ്ങിൽ നീറ്റ്/ജെ.ഇ.ഇ. എൻട്രൻസ് ഫാക്കൽറ്റിയാവാൻ അവസരം. ഈവർഷം കേരളത്തിലുടനീളം കൂടുതൽ ഹൈബ്രിഡ് കാംപസുകളും സൈലം സ്കൂളുകളും ആരംഭിക്കുന്നതിന്റെ ഭാഗമായാണിത്. ഫിസിക്സ്, കെമിസ്ട്രി, മാത്തമാറ്റിക്സ്, ബോട്ടണി, സുവോളജി വിഷയങ്ങളിലെല്ലാം അധ്യാപകർക്ക് അവസരമുണ്ട്.

എൻട്രൻസ് പരീക്ഷകളിൽ ഉണ്ടായ മാറ്റം, കോച്ചിങ് രംഗത്ത് വരുത്തേണ്ട വലിയ പരിഷ്കാരങ്ങൾ, പുതിയ മെത്തഡോളജികൾ, സൈലത്തിന്റെ അക്കാദമിക് പോളിസികൾ എന്നിവയെക്കുറിച്ച് വിശദമായ സെഷനുകൾ ട്രെയിനിങ് പ്രോഗ്രാമിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. തത്പരരായ ഉദ്യോഗാർഥികൾക്ക് ഇവിടെ നൽകിയിരിക്കുന്ന ക്യു.ആർ. കോഡ് സ്കാൻചെയ്ത് അപേക്ഷിക്കാവുന്നതാണ്.

കണ്ണൂർ സർവകലാശാലയിലെ രണ്ട് അധ്യാപകനിയമനം ഹൈക്കോടതി റദ്ദാക്കി

കൊച്ചി ▸ കണ്ണൂർ സർവകലാശാലയിലെ ഭൂമിശാസ്ത്രവകുപ്പിൽ രണ്ട് അസിസ്റ്റന്റ് പ്രൊഫസർമാരെ നിയമിച്ച നടപടി ഹൈക്കോടതി റദ്ദാക്കി. മുൻവിജ്ഞാപനപ്രകാരം പുതുതായി സെലക്ഷൻ കമ്മിറ്റി ചേർന്ന് വീണ്ടും നിയമനം നടത്താനും ജസ്റ്റിസ് എൻ. നഗരേഷ് ഉത്തരവിട്ടു. സെലക്ഷൻ കമ്മിറ്റി ചെയർമാനെ ഇന്റർവ്യൂ ആരംഭിച്ചശേഷം മാറ്റിയത് കണക്കിലെടുത്താണ് നിയമനം റദ്ദാക്കിയത്.

2023 നവംബർ 29, 30 തീയതികളിലായിരുന്നു ഇന്റർവ്യൂ. 29-ന് വി.സി. ഡോ. ഗോപിനാഥ് രവീന്ദ്രൻതന്നെയായിരുന്നു സെലക്ഷൻ കമ്മിറ്റി ചെയർമാൻ. 30-നായിരുന്നു അദ്ദേഹത്തിന്റെ വി.സി. നിയമനം അസാധുവാക്കി സുപ്രീംകോടതിയുടെ ഉത്തരവുണ്ടായത്.

കെ.പി.എസ്.ടി.എ. സംസ്ഥാന സമ്മേളനം തുടങ്ങി

മലപ്പുറം ▸ അധ്യാപകരോടും ജീവനക്കാരോടും ഇത്രയും ക്രൂരമായി പെരുമാറിയ സർക്കാർ കേരള ചരിത്രത്തിൽ ഉണ്ടായിട്ടില്ലെന്ന് പ്രതിപക്ഷ നേതാവ് വി.ഡി. സതീശൻ. കെ.പി.എസ്.ടി.എ. ഒൻപതാം സംസ്ഥാനസമ്മേളനം മലപ്പുറത്ത് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

വിദ്യാഭ്യാസരംഗം പൂർണമായി രാഷ്ട്രീയവത്കരിക്കാനാണ് സി.പി.എം. ശ്രമിക്കുന്നത്. അധ്യാപകരും ജീവനക്കാരും ഇത്രയധികം പ്രതിസന്ധി നേരിട്ട കാലം മുൻപ് ഉണ്ടായിട്ടില്ല. ശമ്പളപരിഷ്കരണ കുടിശ്ശിക നൽകിയില്ല. പുതിയ ശമ്പള കമ്മിഷനെ ഇനിയും നിയമിച്ചിട്ടില്ല. നിയമനങ്ങൾ നീട്ടിക്കൊണ്ടുപോകുകയാണ്. നിയമനം കിട്ടിയ ഒട്ടേറെപ്പേർക്ക് അംഗീകാരം നൽകിയില്ല. 65 കോടി രൂപയാണ് അധ്യാപകർക്കും ജീവനക്കാർക്കും നേരിട്ട് കിട്ടാനുള്ളത്. ഈ അനീതിക്കെതിരേ സി.പി.എം. അനുകൂലസംഘടനകൾ മിണ്ടുന്നില്ല. 20 ദിവസത്തെ ലീവ് സറണ്ടർ കുറച്ചുകാലത്തേക്ക് നീട്ടിവെച്ചതിനാണ് അവർ 32 ദിവസം സമരം നടത്തിയത്. ഇപ്പോൾ 30 ദിവസത്തെ ലീവ് സറണ്ടർ 2027-ൽ തരാമെന്നാണ് പറയുന്നത്-സതീശൻ പറഞ്ഞു.

സംസ്ഥാനപ്രസിഡന്റ് കെ. അബ്ദുൽ മജീദ് പതാക ഉയർത്തി. സമ്മേളനസുവനീർ എ.പി. അനിൽകുമാർ എം.എൽ.എ. മുൻ സംസ്ഥാന പ്രസിഡന്റ് പി. ഹരിഗോവിന്ദന് നൽകി പ്രകാശനംചെയ്തു. എ.ഐ.പി.ടി.എഫ്. ദേശീയ അധ്യക്ഷൻ ബാസവരാജ് ഗൗരീഖർ മുഖ്യാതിഥിയായി. വിദ്യാഭ്യാസ, സാംസ്കാരിക സമ്മേളനം ഷാഫി പറമ്പിൽ എം.പി.യും വനിതാസമ്മേളനം ഷാനിമോൾ ഉസ്മാനും ഉദ്ഘാടനംചെയ്തു. പൊതുസമ്മേളനം സന്ദീപ് വാരിയർ ഉദ്ഘാടനംചെയ്തു.

രാഹുൽ ഈശ്വറിനെതിരേ പോലീസ് കേസെടുത്തു

കൊച്ചി ▸ നടിയുടെ പരാതിയിൽ രാഹുൽ ഈശ്വറിനെതിരേ സെൻട്രൽ പോലീസ് കേസെടുത്തു. സ്ത്രീത്വത്തെ അപമാനിച്ചതിനും ഐടി ആക്ട് പ്രകാരവുമാണ് കേസ്. പരാതി വ്യാജമാണെന്നും തന്നെ അപകീർത്തിപ്പെടുത്തിയതിന് നടിക്കെതിരേ മാനനഷ്ട കേസ് നൽകുമെന്നും രാഹുൽ ഈശ്വർ പ്രതികരിച്ചു. രാഹുൽ ഈശ്വർ അധിക്ഷേപിച്ചെന്ന നടിയുടെ ആദ്യ പരാതിയിൽ രാഹുൽ ഈശ്വറിന്റെ മുൻകൂർ ജാമ്യാപേക്ഷ ഹൈക്കോടതി തീർപ്പാക്കിയിരുന്നു. കേസ് പരിഗണിച്ചപ്പോൾ രാഹുൽ ഈശ്വറിനെതിരേ കേസെടുത്തിട്ടില്ലെന്ന് പോലീസ് ഹൈക്കോടതിയെ അറിയിക്കുകയായിരുന്നു.

ഒൻപതാം ക്ലാസുകാരി പ്രസവിച്ചു; എട്ടാംക്ലാസുകാരനെതിരേ കേസ്

കട്ടപ്പന(ഇടുക്കി) ▸ സ്വകാര്യ ആശുപത്രിയിൽ ഒൻപതാംക്ലാസ് വിദ്യാർഥിനിയായ പതിനാലുകാരി ആൺകുഞ്ഞിന് ജന്മം നൽകി. സംഭവത്തിൽ പെൺകുട്ടിയുടെ ബന്ധുവായ എട്ടാം ക്ലാസ് വിദ്യാർഥിക്കെതിരേ കേസെടുത്തു. എട്ടാം ക്ലാസുകാരനിൽനിന്നാണ് ഗർഭം ധരിച്ചതെന്ന് പെൺകുട്ടി പോലീസിന് മൊഴി നൽകി. ആൺകുട്ടിക്കും പതിനാല് വയസ്സാണ്.

പെൺകുട്ടിയുടെ അച്ഛനമ്മമാർ തമ്മിൽ പിണക്കത്തിലാണ്. അച്ഛനോടൊപ്പമാണ് പെൺകുട്ടി താമസിച്ചിരുന്നത്. കഴിഞ്ഞ സ്കൂൾ അവധിക്കാലത്ത് അമ്മയുടെ വീട്ടിലായിരുന്നു. ഈ പ്രദേശത്ത് തന്നെയായിരുന്നു ആൺകുട്ടിയുടെയും വീട്. ഈ സമയത്താണ് കുട്ടികൾ അടുപ്പത്തിലായത്.

സ്കൂൾ തുറന്നപ്പോൾ പെൺകുട്ടി തിരികെ വീട്ടിലേക്കുവന്നു. കഴിഞ്ഞദിവസം കലശലായ വയറുവേദന അനുഭവപ്പെട്ടു. കട്ടപ്പനയിലെ ആശുപത്രിയിൽ എത്തിച്ച് പരിശോധന നടത്തിയപ്പോഴാണ് ഗർഭിണിയാണെന്ന് മനസ്സിലായത്.

ഇക്കാര്യം അതുവരെ ആരും അറിഞ്ഞിരുന്നില്ലെന്ന് പറയുന്നു. വ്യാഴാഴ്ച പുലർച്ചയോടെയാണ് പ്രസവിച്ചത്. പെൺകുട്ടിയുടെയും കുഞ്ഞിന്റേയും ആരോഗ്യനില തൃപ്തികരമാണ്.

രണ്ടുപേർക്കും പ്രായപൂർത്തിയാകാത്തതിനാൽ കൂടുതൽ നടപടികൾ വിശദമായ അന്വേഷണത്തിനുശേഷമേ ഉണ്ടാകുകയുള്ളൂ.

കുഞ്ഞിനെ ഏറ്റെടുക്കാൻ കഴിയില്ലെന്ന് പെൺകുട്ടിയുടെ വീട്ടുകാർ ചെൽഡ് ലൈനെ അറിയിച്ചു. തുടർന്ന് നവജാത ശിശുവിനെ ആശുപത്രി ശിശു പരിപാലന കേന്ദ്രത്തിലേക്ക് മാറ്റി. പെൺകുട്ടിയെ അടുത്തദിവസം ചെൽഡ് വെൽഫെയർ കമ്മിറ്റിക്ക് മുൻപാകെ ഹാജരാക്കും. പെൺകുട്ടിയോട് സംസാരിച്ചതിന് ശേഷം നവജാതശിശുവിന്റെ കാര്യത്തിൽ സി.ഡബ്ല്യു.സി. തീരുമാനമെടുക്കും. കേസിൽ ഉൾപ്പെട്ട ആൺകുട്ടിയെ കുട്ടികളുടെ പുനരധിവാസകേന്ദ്രത്തിന്റെ സംരക്ഷണയിലാക്കുമെന്ന് പോലീസ് പറഞ്ഞു.

ROADS AND BRIDGES DEVELOPMENT CORPORATION OF KERALA LTD.
(A Government of Kerala Undertaking)
2nd Floor, Preethi Buildings, M.V. Road, Palarivattom, Kochi-682 025, Phone: (484) 2338205, 2338206
Fax: (91-484) 2533294, Website: www.rbdck.com, email: rbdckltd@gmail.com
Bid No.RBDCK/T222/ 367 /2025 Date: 31.01.2025

E-TENDER NOTICE

On behalf of Roads and Bridges Development Corporation of Kerala Limited, its Managing Director invites bids under two bid systems (1. Pre-qualification Bid & Technical Bid 2. Price Bid) for Construction of Puthiyakavu Chakkuvally ROB (Chittumoola) in Kollam District.

1) Approximate value of work - Rs. 24.19 Crores
2) Bid Security - Rs. 5 Lakh
3) Cost of document - Rs. 17,700/-

For further details please visit www.etenders.kerala.gov.in
Sd/-
Managing Director

ബഹുമാനപ്പെട്ട ഒറ്റപ്പാലം സബ്ബ് കോടതി മുമ്പാകെ
EP. 19/2023
P.L.P.No. 7348/2022
Federal Bank Limited, Sreekrishnapuram Branch - വിധിയുടമ
സന്തോഷ് കുമാർ. കെ.ടി, S/o സോമസുന്ദരം, ഗാന്ധിനിലയം, വേട്ടേക്കര, കടമ്പഴിപ്പുറം, പാലക്കാട് ജില്ല. - ഒന്നാം എതിർകക്ഷി
ഹർജി പട്ടിക വഹകളെ പരസ്യമാക്കി ലേലത്തിൽ വിൽപ്പിച്ച് വിധി കലസംഖ്യ വസൂലാക്കി കിട്ടുന്നതിന് ബോധിപ്പിച്ച മേൽ നമ്പർ ഹർജിയിൽ താങ്കൾക്കെതിരെയുള്ള നോട്ടീസ് കൽപന പതിച്ചു നടത്താനും, പത്രത്തിൽ പരസ്യം ചെയ്യാനും കൽപ്പിച്ച് കേസ്സ് 10/02/2025 തീയ്യതിക്ക് വെച്ചിരിക്കുന്നു. അന്നേദിവസം താങ്കൾ കോടതിയിൽ നേരിട്ടോ, വക്കീൽ മുഖാന്തിരമോ ഹാജരാകാൻ വീഴ്ച വരുത്തുന്ന പക്ഷം താങ്കളെ ഈ കോടതിയിൽ എക്സ് പാർട്ടിയാക്കി കേസ്സ് തീർപ്പ് കൽപ്പിക്കുമെന്ന് ഇതിനാൽ അറിയിപ്പുതരുന്നു. എന്ന്
അഡ്വ. ടി. റീന
വിധിയുടമ ഭാഗം അഡ്വക്കെറ്റ്

भारत सरकार / GOVERNMENT OF INDIA, अंतरिक्ष विभाग / DEPARTMENT OF SPACE
विक्रम साराभाई अंतरिक्ष केंद्र / VIKRAM SARABHAI SPACE CENTRE
निर्माण एवं अनुरक्षण ग्रुप / CONSTRUCTION AND MAINTENANCE GROUP
तिरुवनंतपुरम / THIRUVANANTHAPURAM – 22 / (फोन नं. / Ph. No. 0471 - 2564568 / 4545 / 5669 / 4537)
दिनांक/Dated : 30-01-2025

ई-निविदा आमंत्रित करते हुए संक्षिप्त सूचना / BRIEF NOTICE INVITING E-TENDER

भारत के राष्ट्रपति की ओर से, निम्नलिखित कार्यों के लिए ई-टेंडरिंग द्वारा ऑनलाइन मद-दर निविदाएं आमंत्रित की जाती हैं। On behalf of the President of India, online item-rate tenders are invited through E-tendering for the following works.

1. 70 एकड़, वीएसएससी, तुंबा में नोदनचालित प्रयोगशाला का ऊर्ध्वाधर विस्तार (सिविल तथा पीएच कार्य) / Vertical Extension of Fueldraulic Lab at 70 Acre, VSSC, Thumba (Civil & PH works) / NIT No. VSSC/CMG/C01/31/2024-25 Dt. 29.01.2025 (पी.ए.सी./P.A.C.: ₹260.32 लाख/Lakhs)
2. वीआरसी, वीएसएससी के बहुमंजिले भवन के माल सह यात्री लिफ्ट (1088 कि.ग्रा./16 व्यक्ति क्षमता) का प्रतिस्थापन / Replacement of freight cum passenger lift (1088 kgs/ 16 person capacity) in Multistoried building at VRC, VSSC / NIT No. VSSC/CMG/M01/05/2024-2025 Dated 30.01.2025 (पी.ए.सी./P.A.C.: ₹35.19 लाख/Lakhs)
3. आरपीपी, वीएसएससी में 6 एमइवी लिनैक तथा 450 केवी रेडियोग्राफी सुविधा रखने के लिए आर-43 भवन का संवर्धन के लिए वातानुकूलन कार्य / Airconditioning works for augmentation of R-43 building for housing 6 MeV LINAC and 450 kV Radiography facility at RPP, VSSC / NIT No. VSSC/CMG/A01/10/2024-2025 Dated 30.01.2025 (पी.ए.सी./P.A.C.: ₹106.00 लाख/Lakhs)

डाउनलोड करने की अवधि/Period for downloading: दिनांक 31.01.2025, 10.00 बजे/hrs से/to दिनांक 13.02.2025, 23.00 बजे/hrs
इच्छुक निविदाकार ब्यौरों के लिए www.tenderwizard.in/isro या www.isro.gov.in देखें। Interested tenderers may visit www.tenderwizard.in/isro or www.isro.gov.in for details.
Sd/- ग्रुप निदेशक / Group Director, सीएमजी, वीएसएससी / CMG, VSSC

AE/LSGD/VDY-2/2024-25
തീയതി.30.01.2025
വിൻഡോ പരസ്യം
വടക്കഞ്ചേരി ഗ്രാമപഞ്ചായത്തിലെ എൽ.എസ്.ജി.ഡി. വിഭാഗം അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായുള്ള 21 പദ്ധതികൾക്ക് ഇ-ടെണ്ടർ/റീടെണ്ടർ ക്ഷണിച്ചിട്ടുള്ളതാണ്. ടെണ്ടറുമായി ബന്ധപ്പെട്ട കൂടുതൽ വിവരങ്ങൾക്കായി www.lsgkerala.gov.in എന്ന വെബ്ബ്സൈറ്റിൽ Window.No. G241959/2025 ലഭ്യമാണ്.
ഒപ്പ്, അസിസ്റ്റൻറ് എഞ്ചിനീയർ
വടക്കഞ്ചേരി പഞ്ചായത്ത്

KERAFED
A Govt. of Kerala Enterprise
H.O:Kerafed, Kera Tower, Water works Compound, Vellayambalam, Thiruvananthapuram, Ph: 0471 2320504, 2321660
Email:kerafedmktg@gmail.com, www.kerafed.com

TENDER NOTICE

Sale of Coconut Oil Cake
Kerafed invites tenders for the Sale of Coconut oil cake 750MT at KOC, Karunagapally and 500MT at KCC,Naduvannur. Last date of receipt of Tenders: 10-2-2025.

Sale of Gunny Bags
Kerafed invites tenders for the sale of Gunny Bags 125000 Nos at KOC, Karunagapally and 50000 Nos at KCC, Naduvannur. Last date of receipt of Tenders: 10-2-2025.
Interested parties may submit sealed tenders along with a security deposit (EMD) of Rs. 25,000/- drawn in favour of Managing Director, Kerafed. For more details visit www.kerafed.com.
30.01.2025 sd/
Thiruvananthapuram Managing Director

KERALA STATE CENTRE FOR ADVANCED PRINTING AND TRAINING
Head Office Complex, Vattiyoorkkavu, Thiruvananthapuram. Ph: 2365678, 2365415
TENDER NOTICE
No. CAPT/161/2025 -M2(MTL) 30.01.2025
Tenders are invited from reputed paper dealers/suppliers/mills for the supply of **60 gsm 83 cm Reel Paper B Gr. : 300 MT**
(e-Tender ID: 2025_CAPT_732274_1)
For detailed information log to the website:
https://etenders.kerala.gov.in & *www.captkerala.com*
(Sd/-) MD, C-apt

കേരള ഖര മാലിന്യ പരിപാലന പദ്ധതി
തദ്ദേശ സ്വയംഭരണ വകുപ്പ്, കേരള സർക്കാർ
ഭൂമി ആവശ്യമുണ്ട്
2016 ലെ കേന്ദ്ര ഖര മാലിന്യ പരിപാലന ചട്ടം അനുസരിച്ച് എല്ലാ സംസ്കരണത്തിനും ശേഷം അവശേഷിക്കുന്ന ജീർണ്ണിക്കാത്തതും കത്തിക്കാൻ സാധിക്കാത്തതും പുനരുപയോഗിക്കുകയോ പുനഃചംക്രമണം ചെയ്യാൻ സാധിക്കാത്തതും അപകടരഹിതവുമായ നിഷ്ക്രിയവസ്തുക്കൾ സുരക്ഷിതമായും ശാസ്ത്രീയമായും നിയമാനുസൃതമായും നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള ലാൻഡ്ഫില്ലും അനുബന്ധ സംവിധാനങ്ങളും സ്ഥാപിക്കുന്നതിന് 25 മുതൽ 50 ഏക്കർ വരെ വിസ്തൃതിയുള്ളതും ലോറി എത്താൻ സാധിക്കുന്ന വഴി സൗകര്യമുള്ളതുമായ പുരയിടം വിൽക്കാൻ താല്പര്യമുള്ള ഉടമസ്ഥർ https://kswmp.org/ വെബ്സൈറ്റിൽ നൽകിയിരിക്കുന്ന അപേക്ഷ പൂരിപ്പിച്ചു land.kswmp@gmail.com എന്ന ഇമെയിലിൽ 2025 ഫെബ്രുവരി 15ന് വൈകിട്ട് 5 മണിക്കകം ലഭ്യമാക്കണമെന്ന് താല്പര്യപ്പെടുന്നു. കൂടുതൽ വിശദാംശങ്ങൾ https://kswmp.org/ വെബ്സൈറ്റിൽ ലഭ്യമാണ്.
പ്രോജെക്ട് ഡയറക്ടർ
കേരള ഖര മാലിന്യ പരിപാലന പദ്ധതി,
ട്രാൻസ് ടവേഴ്സ്, വഴുതക്കാട്, തിരുവനന്തപുരം 696014
ഫോൺ:- 0471 2333011.

കനറാ ബാങ്ക് केनरा बैंक Canara Bank
സിൻഡിക്കേറ്റ് सिंडिकेट Syndicate
TENDER FOR PREMISES
Offers are invited under TWO-BID SYSTEM from the owners of commercial space preferably in the Ground floor and ready for occupation with required Power load, for Branch/Office at the following locations

LOCATION	DISTRICT	CARPET AREA
Palakkad Manappullikavu	PALAKKAD	2200 sqft

The details are published in the Bank's Website: http://www.canarabank.com. The necessary application forms may be obtained from the respective branches OR downloaded from the Bank's Website. Last date for submission is on 21.02.2025 upto 3.00 P.M. Further, communications, corrigendum, amendments, if any, will be hosted in Bank's website only
(Sd/-) Assistant General Manager Kozhikode
General Administration Section,
Circle Office, Kozhikode
Palakkad
31.01.2025

കേരള വാട്ടർ അതോറിട്ടി / ഇലക്ട്രോണിക് ദർഘാസ് നോട്ടീസ്
ദർഘാസ്: T No.168 &169/2024-25/SE/Q
ജല ജീവൻ മിഷൻ - കുളക്കട, പിറവന്തൂർ, പഞ്ചാ- ജലശുദ്ധീകരണശാല, നിലവിലുള്ള ജലശുദ്ധീകരണശാലയുടെ പുനരുദ്ധീകരണം, കുടിവെള്ളകണക്ഷൻ നൽകൽ, വിതരണശൃംഖല സ്ഥാപിക്കൽ, ഓപ്പറേറ്റേഴ്സ് റൂം നിർമിക്കൽ, അനുബന്ധപ്രവൃത്തികൾ
- നിരതദ്രവ്യം : Rs. 500000 ● ടെണ്ടർ ഫീസ് : Rs. 16540+2978
- ദർഘാസ് സമർപ്പിക്കേണ്ട അവസാന തീയതി : 24-02-2025 2:00 pm
- ഫോൺ : 0474 2745293
- വെബ്സൈറ്റ് : www.kwa.kerala.gov.in, www.etenders.kerala.gov.in

KWA-JB-GL-6-1095-2024-25 സൂപ്രണ്ടിങ് എൻജിനീയർ, PH സർക്കിൾ, കൊല്ലം

NATIONAL HEALTH MISSION
State Health & Family Welfare Society, State Programme Monitoring & Support Unit, Directorate of Health Services, General Hospital Junction Thiruvananthapuram 695035, Phone: 0471 2301181, 2302784
website: www.arogyakeralam.gov.in
CAREER NOTIFICATION
No. NHM/3499/Admin1/2023/SPMSU Dated 30.01.2025
Applications are invited for the post of Consultant (Engineer) and Junior Consultant (Planning) on Contract basis for PM ABHIM Programme in the State Health & Family Welfare Society, Thiruvananthapuram.
Last date of receiving online application is **10.01.2025.** For more details log on to **www.arogyakeralam.gov.in.**
Sd/-
Date: 30.01.2025 STATE MISSION DIRECTOR (NHM)

കേരള സംസ്ഥാന ഭാഗ്യക്കുറി KARUNYAPLUS KN-558 DRAW RESULT 30/01/2025

ഒന്നാം സമ്മാനം ₹80 ലക്ഷം PM 108857 ചിറ്റൂർ

സമാശ്വാസ സമ്മാനം ₹8000: PA 108857 PB 108857 PC 108857 PD 108857 PE 108857 PF 108857 PG 108857 PH 108857 PJ 108857 PK 108857 PL 108857

രണ്ടാം സമ്മാനം ₹10 ലക്ഷം PD 392628 തൃശൂർ

മൂന്നാം സമ്മാനം ₹1 ലക്ഷം: PA 362657 PB 244942 PC 845955 PD 788409 PE 100735 PF 843381 PG 858737 PH 492567 PJ 377445 PK 814622 PL 234134 PM 833518

താഴെ കാണുന്ന നമ്പറുകളിൽ അവസാനിക്കുന്ന ടിക്കറ്റുകൾക്ക്

നാലാം സമ്മാനം ₹5000: 0723 0888 1426 3168 3395 3591 4492 5575 6134 6723 7147 7391 7932 8307 8652 8705 9079 9360

അഞ്ചാം സമ്മാനം ₹1000: 0103 0489 0788 0878 0988 2345 2423 3079 3246 3585 3878 3912 4165 4228 5904 6872 6947 7014 7030 7092 7107 7136 7205 7246 7326 7361 7414 7538 7576 7803 8792 9383 9490 9757

ആറാം സമ്മാനം ₹500: 0381 0392 0410 0413 0540 0671 0751 0869 1032 1243 1273 1568 1721 1809 2038 2076 2150 2184 2307 2321 2427 2459 2476 2490 2867 2879 2885 3011 3189 3196 3254 3358 3583 3667 3717 3849 4103 4223 4341 4922 5111 5362 5376 5439 5527 5829 6029 6264 6557 6693 6734 6913 7013 7047 7298 7317 7337 7369 7392 7531 7641 7751 7878 7886 8036 8197 8330 8414 8539 8730 8811 8863 9201 9297 9302 9449 9603 9843 9913 9917

0193 0213 0215

ഏഴാം സമ്മാനം ₹100: 0231 0335 0376 0386 0742 0773 0789 0935 0942 1053 1110 1196 1227 1231 1235 1301 1478 1547 1682 2174 2212 2510 2563 2645 2714 2809 2954 3040 3105 3121 3288 3308 3335 3462 3533 3562 3579 3627 3709 3792 3999 4023 4156 4268 4287 4306 4330 4347 4351 4357 4525 4535 4627 4882 4983 5102 5190 5224 5335 5447 5464 5560 5666 5726 5903 5931 5953 5989 6051 6123 6198 6215 6248 6335 6358 6434 6443 6492 6497 6502 6758 7074 7375 7464 7465 7497 7578 7633 7736 7766 7767 7807 7865 7992 8020 8070 8075 8079 8102 8121 8123 8273 8306 8445 8508 8573 8763 8794 8807 8823 8883 8899 8965 8966 9048 9180 9206 9384 9536 9716 9820 9845 9857

(ഒപ്പ്) രാജ്കപൂർ, ജോയിന്റ് ഡയറക്ടർ, ഡയറക്ടറേറ്റ് ഓഫ് സ്റ്റേറ്റ് ലോട്ടറീസ്, വികാസ് ഭവൻ, തിരുവനന്തപുരം. വിജയികൾ സമ്മാനാർഹമായ ടിക്കറ്റുകൾ കേരള ഗസറ്റിൽ ഒത്തുനോക്കി 30 ദിവസത്തിനുള്ളിൽ ഹാജരാക്കുക. നറുക്കെടുപ്പ് ഫലം വിശദമായിയറിയാൻ www.statelottery.kerala.gov.in

ദക്ഷിണ റെയിൽവേ
പ്രസ്സ് അറിയിപ്പ് നം.
J/C 565/ATVM ഫെസിലിറ്റേറ്റർ-4/2024-25 DT.29.01.2025
ഡിവിഷണൽ റെയിൽവേ മാനേജർ (കൊമേഴ്സ്യൽ), സതേൺ റെയിൽവേ, പാലക്കാട് ഡിവിഷൻ, പാലക്കാട് 2, സിംഗിൾ പാക്കറ്റ് ഓപ്പൺ ടെൻഡർ സംവിധാനത്തിൽ വിവിധ റെയിൽവേ സ്റ്റേഷനുകളിൽ എടിവിഎം ഫെസിലിറ്റേറ്ററായി ഏർപ്പെടുന്നതിന് അപേക്ഷ ക്ഷണിക്കുന്നു.

ക്രമ നമ്പർ	വിവരണം	വിശദാംശങ്ങൾ
1	പ്രവൃത്തിയുടെ പേര്	NSG-2, NSG-3, NSG-4, NSG-5 & NSG-6 കാറ്റഗറി റെയിൽവേ സ്റ്റേഷനുകളിൽ എടിവിഎം ഫെസിലിറ്റേറ്ററുമായി ഏർപ്പെടുന്നതിനുള്ള അപേക്ഷ.
2	സ്ഥലങ്ങൾ	MAQ, MAJN, KGQ, KZE, PAZ, PAY, CAN, MAHE, CLT, TA, FK, PGI, PTB, SRR, AAM, NIL, OTP, PGT& POY
3	പ്രവൃത്തിയുടെ ഏകദേശ ചെലവ്	ഇല്ല
4.	ടെൻഡർ ഫോമുകൾ ലഭിക്കുന്നത്	30.01.2025 ന് 10.00 മണി മുതൽ പ്രവൃത്തിസമയത്ത് ഈ ഓഫീസിൽ അല്ലെങ്കിൽ www.sr.indianrailways.gov.in എന്ന വെബ്സൈറ്റ് വഴി
5.	ടെണ്ടർ ഫോമുകൾ ലഭിക്കുന്നതിനുള്ള അവസാന തീയതി	28.02.2025-ന് 12.00 മണി വരെ ഈ ഓഫീസിൽ പ്രവൃത്തിസമയത്ത് അല്ലെങ്കിൽ www.sr.indianrailways.gov.in എന്ന വെബ്സൈറ്റ് വഴി
6.	ടെൻഡർ സമർപ്പിക്കാനുള്ള അവസാന തീയതി	28.02.2025-ന് 15.00 മണിക്ക്
7	ടെൻഡർ തുറക്കുന്ന തീയതി	28.02.2025-ന് 15.10 മണിക്ക്

ഡിവിഷണൽ റെയിൽവേ മാനേജർ (കൊമേഴ്സ്യൽ), പാലക്കാട് -678 002.
ഭാരത രാഷ്ട്രപതിക്കു വേണ്ടി

ഫോം - ജി
പാലക്കാട് മണ്ണാർക്കാട് താലൂക്ക് പി.ഒ. അഗളിയിൽ കൃഷിയും അനുബന്ധ പ്രവർത്തനങ്ങളും നടത്തുന്ന M/s കൊരവമ്പാടി എസ്റ്റേറ്റ്സ് ആൻഡ് എൻർപ്രൈസസ് പ്രൈവറ്റ് ലിമിറ്റഡിന് താത്പര്യ പ്രകടനം ക്ഷണിക്കുന്നു.
ഇൻസോൾവൻസി ആൻഡ് ബാങ്ക്റപ്റ്റസി ബോർഡ് ഓഫ് ഇന്ത്യ
(ഇൻസോൾവൻസി റെസൊല്യൂഷൻ പ്രൊസസ്സ് ഫോർ കോർപറേറ്റ് പേഴ്സൺസ്) റെഗുലേഷൻസ്, 2016 ന്റെ റെഗുലേഷൻ 36 A(1) പ്രകാരം

ബന്ധപ്പെട്ട വിവരങ്ങൾ

1.	കോർപ്പറേറ്റ് ഡെബ്റ്ററുടെ പേര്- PAN & CIN/ LLP No. സഹിതം	കൊരവമ്പാടി എസ്റ്റേറ്റ്സ് ആൻഡ് എന്റർപ്രൈസസ് പ്രൈവറ്റ് ലിമിറ്റഡ് U011 19kl1998ptc01250
2.	രജിസ്റ്റേർഡ് ഓഫീസിന്റെ വിലാസം	പോസ്റ്റ് ബാഗ് നമ്പർ 3 അഗളി പി.ഒ, മണ്ണാർക്കാട് താലൂക്ക്, പാലക്കാട്, കേരളം, ഇന്ത്യ - 678581
3.	വെബ്സൈറ്റിന്റെ URL	ലഭ്യമല്ല
4.	സ്ഥിര ആസ്തികളുടെ ഭൂരിഭാഗവും സ്ഥിതിചെയ്യുന്ന സ്ഥലത്തിന്റെ വിവരം	പാലക്കാട് ജില്ലയിൽ മണ്ണാർക്കാട് താലൂക്ക്, അഗളി പി.ഒ. എന്ന സ്ഥലത്ത് എസ്റ്റേറ്റ് സ്ഥിതി ചെയ്യുന്നു
5.	കഴിഞ്ഞ സാമ്പത്തിക വർഷം വില്പന നടത്തിയ പ്രധാന ഉല്പന്നങ്ങളുടെ/ സേവനങ്ങളുടെ അളവും മൂല്യവും	ലഭ്യമായ വിവരങ്ങളനുസരിച്ച് കമ്പനിക്ക് ഏകദേശം 288.00 ഏക്കർ ഭൂമിയുണ്ട്. നിലവിൽ എസ്റ്റേറ്റ് പ്രവർത്തനങ്ങളൊന്നും നടക്കുന്നില്ല. ഭൂരിഭാഗം പ്രദേശവും വീണ്ടും നട്ടുപിടിപ്പിക്കേണ്ടതുണ്ട്. ഇപ്പോൾ വിളവുകളൊന്നുമില്ല.
6.	കഴിഞ്ഞ സാമ്പത്തിക വർഷം വില്പന നടത്തിയ പ്രധാന ഉല്പന്നങ്ങളുടെ/ സേവനങ്ങളുടെ അളവും മൂല്യവും	2022-23 വർഷത്തെ വിറ്റുവരവ് 3.05 ലക്ഷം രൂപയും 2021-22 വർഷത്തേത് 3.15 ലക്ഷം രൂപയുമാണ്.
7.	ജീവനക്കാരുടെ/തൊഴിലാളികളുടെ എണ്ണം	ഒരു എസ്റ്റേറ്റ് മാനേജർ
8.	അവസാനമായി ലഭ്യമായ രണ്ടുവർഷത്തെ സാമ്പത്തിക സ്റ്റേറ്റ്മെന്റുകൾ (ഷെഡ്യൂളുകൾ ഉൾപ്പെടെ) ക്രഡിറ്റർമാരുടെ പട്ടിക, നടപടികളുടെ തുടർന്നുള്ള റെലവന്റുകളുടെ പ്രസക്തമായ തിയ്യതികൾ എന്നിവ കൂടുതൽ വിവരങ്ങൾക്ക്	IBC 2016 ലെ സെക്ഷൻ 29(2) പ്രകാരമുള്ള രഹസ്യസ്വഭാവം ഏറ്റെടുത്ത ശേഷം IBC 2016 ന്റെ സെക്ഷൻ 29 A പ്രകാരം കമ്മിറ്റി ഓഫ് ക്രെഡിറ്റേഴ്സ് നിശ്ചയിച്ചിട്ടുള്ള അർഹതാ മാനദണ്ഡങ്ങൾ പാലിക്കുകയും ഇൻഫർമേഷൻ മെമ്മോറാണ്ടം, റെസൊല്യൂഷൻ പ്ലാനിനുള്ള അപേക്ഷ, ഇവാല്യേഷൻ മാട്രിക്സ് എന്നിവ വരാനിരിക്കുന്ന റെസൊല്യൂഷൻ അപേക്ഷകനുമായി റെസൊല്യൂഷൻ പ്രൊഫഷണലുകൾ ഷെയർ ചെയ്യുന്നതാണ്. ഇ മെയിൽ cajasinexcelrp@gmail.com
9.	കോഡിന്റെ സെക്ഷൻ 25 (2) (h) പ്രകാരം റെസൊല്യൂഷൻ അപേക്ഷകർക്കുള്ള യോഗ്യത ലഭ്യമാകുന്നത്	e mail ചെയ്യുക cajasinexcelrp@gmail.com
10.	താത്പര്യ പ്രകടനം സ്വീകരിക്കുന്ന അവസാന തിയ്യതി	14.02.2025
11.	ഭാവി റെസൊല്യൂഷൻ അപേക്ഷകരുടെ താത്കാലിക ലിസ്റ്റ് നൽകുന്ന തിയ്യതി	24.02.2025
12.	താത്കാലിക ലിസ്റ്റിൽ തടസ്സവാദങ്ങൾ സമർപ്പിക്കുന്നതിനുള്ള അവസാന തിയ്യതി	01.03.2025
13.	EOI സമർപ്പിക്കുന്നതിന് ഇ മെയിൽ ഐഡി	cajasinexcelrp@gmail.com

Sd/- സി.എ. ജസിൻ ജോസ് FCAIP RV
IBBI/IPA-001/IP-P00695/2017-2018/11225
പൊൻമറ്റം, മടശ്ശേരി, മൂക്കന്നൂർ അങ്കമാലി-പി.ഒ-683577, കേരളം, ഇന്ത്യ
ഇ മെയിൽ: jasinjoseponmattam@gmail.com
M/s കൊരവമ്പാടി എസ്റ്റേറ്റ്സ് ആൻഡ് എന്റർപ്രൈസസ് പ്രൈവറ്റ് ലിമിറ്റഡിന് വേണ്ടി
ആലുവ- 29.01.2025

ചരമ വാർത്തകൾ അറിയിക്കാനുള്ള ഇ-മെയിൽ വിലാസം ▸ obituarypkd@mpp.co.in & mbipkdobit@gmail.com ഫോൺ: 0491 2521900
(വാർത്ത അയക്കുന്നവരുടെ ഫോൺ നമ്പർ, ഇ-മെയിലിൽ നിർബന്ധമായും ഉൾപ്പെടുത്തണം)

കണ്ടമുത്തൻ

നല്ലേപ്പിള്ളി: പല്ലഞ്ചാത്തനൂർ പതിയാരപ്പറമ്പ് കണ്ട മുത്തൻ (82) നല്ലേപ്പിള്ളി വീരൻപൊറ്റ റോസ്ഗാർഡനിലെ വസതിയിൽ അന്തരിച്ചു. ഭാര്യ: അമ്മുക്കുട്ടി. മക്കൾ: സ്വാമിനാഥൻ (റിട്ട. പ്രധാനാധ്യാപകൻ), സുകുമാരൻ (ജെ.എസ്. - ജില്ലാ പോലീസ് ഓഫീസ്, പാലക്കാട്), രാധാകൃഷ്ണൻ (ഡെപ്യൂട്ടി തഹസിൽദാർ, താലൂക്ക് ഓഫീസ്, ചിറ്റൂർ), സുരേഷ്, സുമതി (സ്റ്റെനോഗ്രാഫർ, ഇന്ത്യൻനേവി), കൃഷ്ണദാസ് (സി.എ., പി.എ.ഒ., പാലക്കാട്).

മരുമക്കൾ: സുമത്രു (തമിഴ്നാട് ഗവ. സ്കൂൾ അധ്യാപിക), സുജാത (നഴ്സിങ് സൂപ്രണ്ട്), രതി (സ്പെഷ്യൽഗ്രേഡ് ഓഡിറ്റർ, എ.ഡി. സഹകരണ ഓഫീസ് ചിറ്റൂർ), സുദ്രേ, സജികുമാർ (സിഗ്നൽ മെയിന്റെയിനർ, സതേൺ റെയിൽവേ), ശ്രീപ്രിയ (നഴ്സ്, പാലക്കാട് മെഡിക്കൽ കോളേജ്).

സംസ്കാരം വെള്ളിയാഴ്ച 12-ന് കഞ്ചിക്കോട് വാതക ശ്മശാനത്തിൽ.

സുഭാഷ് ആർ.മേനോൻ

പാലക്കാട്: കൊടുമ്പ് പാലയങ്ങാട് ചൊവ്വത്ത് സുഭാഷ് ആർ.മേനോൻ (67) ബെംഗളൂരുവിലെ വസതിയിൽ അന്തരിച്ചു. പരേതരായ ചൊവ്വത്ത് മൈഥിലി അമ്മയുടെയും ഗുരുവായൂർ നമ്പലാട്ട് രാമൻമേനോന്റെയും മകനാണ്. സഹോദരങ്ങൾ: പ്രദീപ് ആർ.മേനോൻ, സതീഷ് ആർ.മേനോൻ. സംസ്കാരം വെള്ളിയാഴ്ച 12-ന് ബെംഗളൂരുവിൽ.

എം. ചന്ദ്രൻ

വടക്കഞ്ചേരി: കാരയങ്കാട്ടിൽ കൃഷ്ണകൃപനിവാസിൽ എം. ചന്ദ്രൻ (75) അന്തരിച്ചു. വടക്കഞ്ചേരി മദർതെരേസ യു.പി. സ്കൂൾ റിട്ട. അധ്യാപകനാണ്. അച്ഛൻ: പരേതനായ വി.പി. ഉണ്ണാലച്ചൻ. അമ്മ: പരേതയായ സരസ്വതി നേത്യാർ. ഭാര്യ: കെ. വിജയലക്ഷ്മി (റിട്ട. പ്രധാനാധ്യാപിക, മദർതെരേസ യു.പി.സ്കൂൾ, വടക്കഞ്ചേരി). മക്കൾ: ശാലിനി (അധ്യാപിക, മദർതെരേസ യു.പി. സ്കൂൾ), ശരത്. മരുമക്കൾ: കിഷോർ, ഐശ്വര്യ. സഹോദരങ്ങൾ: ഗോപാലൻ, എം. കണ്ണൻ, പരേതരായ തങ്കപ്പൻ, രാധാകൃഷ്ണൻ. സംസ്കാരം വെള്ളിയാഴ്ച 11-ന് തിരുവില്വാമല ഐവർമഠം ശ്മശാനത്തിൽ.

അശോക് കുമാർ

തേങ്കുറുശ്ശി: കേന്ദ്രസർവീസിൽ അക്കൗണ്ടന്റ് ജനറൽ ഓഫീസിൽ ഓഡിറ്ററായിരുന്ന വെമ്പല്ലൂർ തിരുവെമ്പല്ലൂർ വീട്ടിൽ അശോക് കുമാർ (69) അന്തരിച്ചു. അച്ഛൻ: പരേതനായ ശിവരാമൻ. അമ്മ: പുഷ്പകാന്തി. ഭാര്യ: റീത്ത. മക്കൾ: റീഷ്മ, റീഷ്ണ. മരുമക്കൾ: അജിത്ത്, ശ്രീരാജ്. സഹോദരങ്ങൾ: പ്രേംകുമാർ, ഉഷ.

ശ്രേഷാംബാൾ

പാലക്കാട്: ശേഖരീപുരം സേലത്ത് മഠത്തിൽ ശേഷാംബാൾ (93) അന്തരിച്ചു. ഭർത്താവ്: പരേതനായ സുബ്രഹ്മണ്യ അയ്യർ.

മക്കൾ: കൃഷ്ണൻ, ലക്ഷ്മി, ഗണപതി (ഗണേഷ് ഏജൻസീസ്, പാലക്കാട്), സീതാലക്ഷ്മി, വിജയലക്ഷ്മി, ജയന്തി, വേണു (ഹരിഹരൻ-പാലക്കാട് ബ്ലോക്ക് കോൺഗ്രസ് സെക്രട്ടറി), സമ്പത്ത്കുമാർ (തമ്പി-ഏഷ്യാനെറ്റ്), മംഗളം, ബാലസുബ്രഹ്മണ്യൻ (കോലം ആർട്ടിസ്റ്റ്). മരുമക്കൾ: ലക്ഷ്മി, രാധിക, മാല, സാവിത്രി, ശങ്കരൻ, സുബ്രഹ്മണ്യൻ, രാമചന്ദ്രൻ, രാമസുബ്രഹ്മണ്യൻ.

സംസ്കാരം വെള്ളിയാഴ്ച ഒൻപതിന് മാട്ടുമന്ത ശ്മശാനത്തിൽ.

കെ.എൻ.എം. ജനറൽ സെക്രട്ടറി എം. മുഹമ്മദ് മദനി

കൊടിയത്തൂർ (കോഴിക്കോട്): കെ.എൻ.എം. ജനറൽ സെക്രട്ടറിയും കേരള ജംഇയ്യത്തുൽ ഉലമാ പ്രസിഡന്റും ഹിലാൽ കമ്മിറ്റി ചെയർമാനുമായ എം. മുഹമ്മദ് മദനി (79) അന്തരിച്ചു.

പുളിക്കൽ മദീനത്തുൽ ഉലൂം പ്രിൻസിപ്പലായി റിട്ടയർചെയ്ത മദനി, എടവണ്ണ ജാമിഅ നദ്‌വിയ്യയിൽ പ്രിൻസിപ്പലായി ജോലി ചെയ്തു. തുടർന്ന്, അരീക്കോട് സുല്ലമുസ്സലാം അറബിക് കോളേജിലും സേവനംചെയ്തു. ദീർഘകാലം ഐ.എസ്.എം. സംസ്ഥാന സെക്രട്ടറിയായിരുന്നു. കോഴിക്കോട് ഖലീഫ മസ്ജിദിലും മലാപ്പറമ്പ് ഇഖ്റ മസ്ജിദിലും ദീർഘകാലം ഖത്തീബായിരുന്നു.

ഭാര്യ: നഫീസ (ഓമശ്ശേരി). മക്കൾ: എം. ഷബീർ (കൊളത്തറ സി.ഐ.സി.എസ്. അധ്യാപകൻ), ഫവാസ് (ചെറുതുരുത്തി ഗവ. ഹൈസ്കൂൾ), ബുഷ്റ (ചെറുവാടി), ഷമീറ (കോഴിക്കോട്), ഷംലത് (ഗ്രീൻ വാലി പബ്ലിക് സ്കൂൾ, മുക്കം), ഷമീല (ഉമ്പിച്ചിഹാജി ഹൈസ്കൂൾ ചാലിയം), ഫസ്ല (ആരാമ്പ്രം).

മരുമക്കൾ: പി.വി. അബ്ദുള്ള (ചെറുവാടി,), പി.പി. ഹാരിസ് (കോഴിക്കോട്), അബ്ദുൽ ബാദർ (കടവനാട്), കെ.സി. അബ്ദുറബ്ബ് (തിരുത്തിയാട്), പി.പി. അബ്ദുസ്സമദ് (ആരാമ്പ്രം), മനാർ (കടലുണ്ടി നഗരം), തസ്നി (പൊക്കുന്ന്), സഹോദരിമാർ: ഫാത്തിമ, ബിയ്യുണ്ണി.

മയ്യത്ത് നമസ്കാരം വെള്ളിയാഴ്ച വൈകീട്ട് 4.30-ന് സൗത്ത് കൊടിയത്തൂർ മസ്ജിദുൽ മുജാഹിദീൻ ഗ്രൗണ്ടിൽ നടക്കും.

പൊന്നുമണി

ചേരാമംഗലം: കൊളുമ്പിൻ പൊന്നുമണി (66) അന്തരിച്ചു. ഭാര്യ: പരേതയായ ജയന്തി. മക്കൾ: അരുൺ, അഭിലാഷ്, അശ്വനി. മരുമക്കൾ: പ്രമോദ്, സ്മിത, രമ്യ. സംസ്കാരം വെള്ളിയാഴ്ച 9.30ന് മേലാർകോട് പഞ്ചായത്ത് ശ്മശാനത്തിൽ.

കുട്ടികൃഷ്ണൻ നായർ

ശ്രീകൃഷ്ണപുരം: കോട്ടപ്പുറം തുവ്വശ്ശേരിക്കുന്ന് കൈപ്പേടത്ത് കുട്ടികൃഷ്ണൻനായർ (86) അന്തരിച്ചു. ഭാര്യ: രുക്മിണി അമ്മ. മക്കൾ: രാജലക്ഷ്മി, രാജേഷ്. മരുമക്കൾ: രാമചന്ദ്രൻ, പ്രിയ.

സുബ്രഹ്മണ്യൻ

പാലക്കാട്: സിവിൽ സ്റ്റേഷന് സമീപം കല്ലേക്കാട് സുബ്രഹ്മണ്യൻ (66) അന്തരിച്ചു. മുനിസിപ്പാലിറ്റി റിട്ട. ജീവനക്കാരനാണ്. അച്ഛൻ: പരേതനായ അപ്പുച്ചാമി. അമ്മ: പരേതയായ കുട്ടിമാളു. ഭാര്യ: വത്സല. മകൻ: മുകേഷ്. മരുമകൾ: നിമ്മി. സഹോദരങ്ങൾ: സത്യഭാമ, നിർമല, പരേതനായ മാണിക്യൻ. സംസ്കാരം വെള്ളിയാഴ്ച 8-ന് ചന്ദനഗർ വൈദ്യുത ശ്മശാനത്തിൽ.

സോമകുമാർ നായർ

ആലത്തൂർ: സൂര്യ ഫോട്ടോസ്റ്റാറ്റ് ഉടമ പെരുങ്കുളം സവിനയാസിൽ കെ. സോമകുമാർ നായർ (60) അന്തരിച്ചു. അച്ഛൻ: വിളയൻചാത്തനൂർ ചോഴകത്ത് പരേതനായ ബാലസുബ്രഹ്മണ്യൻ നായർ.

അമ്മ: പെരുങ്കുളം കുമരംകണ്ടത്ത് ശ്രീദേവി (റിട്ട. അധ്യാപിക). ഭാര്യ: മംഗലം പൂപ്പൊറ്റവീട്ടിൽ ബിന്ദു. മക്കൾ: സവിനയ (അധ്യാപിക, മൈസൂരു), സൂര്യ (ബിരുദ വിദ്യാർഥി). സഹോദരങ്ങൾ: വിജയകുമാർ പഴയന്നൂർ, പ്രേമകുമാരി എത്തനൂർ, ഉഷാകുമാരി എത്തനൂർ, സുജാത സിംഗപ്പൂർ, പരേതനായ ശശികുമാർ. സംസ്കാരം വെള്ളിയാഴ്ച 10-ന് പെരുങ്കുളം മുക്തിതീരം ശ്മശാനത്തിൽ.

കല്യാണി

പൊൽപ്പുള്ളി: പനംതൊടി കല്യാണി (80) അന്തരിച്ചു. ഭർത്താവ്: പരേതനായ അപ്പു. മക്കൾ: കൃഷ്ണകുമാർ, രാജമ്മ, നാരായണൻകുട്ടി (വിമുക്തഭടൻ, ഹോംഗാർഡ്). മരുമക്കൾ: സുമതി, പരേതനായ ചന്ദ്രൻ, യശോദ (അധ്യാപിക, എം.ഇ.എസ്., ഒലവക്കോട്). സംസ്കാരം വെള്ളിയാഴ്ച 10-ന് വീട്ടുവളപ്പിൽ.

രാമാനാഥൻ

കൊല്ലങ്കോട്: പല്ലശ്ശന തോട്ടങ്കരക്കളത്തിൽ രാമനാഥൻ (76) അന്തരിച്ചു. ഭാര്യ: ദൈവാനി. മക്കൾ: ഗോപി, വേണു. മരുമക്കൾ: ലത, ശ്രീദേവി. സഹോദരങ്ങൾ: കൃഷ്ണൻ, പരേതരായ പാറു, പൊന്നുമണി.

വിശ്വേശ്വരൻ

കണ്ണാടി: പാത്തിക്കൽ പാണ്ടിയോട് കളം കെ. ആർ. വിശ്വേശ്വരൻ (77) അന്തരിച്ചു.

ഭാര്യ: സരോജ. മക്കൾ: വിദ്യ, വിവേക്.

കുട്ടിമാളു അമ്മ

തേങ്കുറുശ്ശി: കുന്നത്തുപാടം പരേതനായ കുഞ്ഞുണ്ണി നായരുടെ ഭാര്യ കുട്ടിമാളു അമ്മ (94) അന്തരിച്ചു. മക്കൾ: ഗോപാലകൃഷ്ണൻ, ഗോപിനാഥൻ, ഗോവിന്ദൻകുട്ടി, പരേതനായ ഗോപാലകൃഷ്ണൻ. മരുമക്കൾ: ഗീത, ഗിരീഷ്, മരുമകൾ: സന്തോഷ്, റാണി പേരക്കുട്ടികൾ, മറ്റു ബന്ധുമിത്രാദികൾ .

കുഞ്ചി അമ്മ

പുതുക്കോട്: കീഴ പൂരത്തറ കുഞ്ചി അമ്മ (80) അന്തരിച്ചു. ഭർത്താവ്: പരേതനായ മാധവൻകുട്ടി. മകൻ: മനോജ്. മരുമകൾ: ദീപ.

കൃഷ്ണൻകുട്ടി

മലമ്പുഴ: കാഞ്ഞിരക്കടവ് ചിമ്പക്കോട് ഹൗസിൽ കൃഷ്ണൻകുട്ടി (80) അന്തരിച്ചു. ഭാര്യ: ലക്ഷ്മി. മക്കൾ: സുരേഷ്, സുനിത, സുരേന്ദ്രൻ, സുഭാഷ്, സുജിത. മരുമക്കൾ: റിംഷ, പ്രജിത, മഞ്ജുഷ, പരേതനായ രാജാമണി, മോഹനൻ. സംസ്കാരം വെള്ളിയാഴ്ച 10-ന് കഞ്ചിക്കോട് വാതക ശ്മശാനത്തിൽ.

ഗോപിനാഥ്

നിറമരുതൂർ: അയ്യപ്പൻകാവ് സ്വദേശി വെളുവിൽ ഗോപിനാഥ് (69) അന്തരിച്ചു. അച്ഛൻ : പരേതനായ കുഞ്ഞുണ്ണി നായർ. അമ്മ: പരേതയായ പാർവതിയമ്മ. ഭാര്യ: ജയലക്ഷ്മി. മക്കൾ: ജിജി, ശ്രീജിത്ത്. മരുമക്കൾ: രഞ്ജിത്ത്, സ്വാതി.

ഫാത്തിമ

കാളികാവ്: ചെങ്കോടിലെ മഞ്ചേരിക്കത്ത് ഫാത്തിമ (85) അന്തരിച്ചു. ഭർത്താവ്: പരേതനായ നമ്പൻ ഹസൻ ഹാജി. മക്കൾ: അബ്ബുപ്പ, അബ്ബുൽകരീം, അഷ്റഫ് (കുഞ്ഞാണി), ഖദീജ, നഫീസ, സക്കീന, റസിയ, ഷഹർബാനു, ഷാഹിന. മരുമക്കൾ: മുഹമ്മദ് മുസ്ലിയാർ, ഹംസ, അബ്ബുറഹ്മാൻ, റഫീഖ്, റംലത്ത്, റസിയ, ആബിദ, പരേതരായ അബ്ബുൽകരീം, അലവി.

രാധാകൃഷ്ണൻ നായർ

ചെർപ്പുളശ്ശേരി: പാറക്കാട്ടിൽ രാധാകൃഷ്ണൻനായർ (68) അന്തരിച്ചു. അച്ഛൻ: പരേതനായ മാധവപ്പണിക്കർ. അമ്മ: പരേതയായ ജാനകിയമ്മ. ഭാര്യ: ശ്രീദേവി. മകൾ: രശ്മി. സംസ്കാരം വെള്ളിയാഴ്ച 12 മണിക്ക് ഷൊർണൂർ ശാന്തിതീരത്ത്.

ആറുച്ചാമി

നല്ലേപ്പിള്ളി: താഴത്തുപാടം ആറുച്ചാമി (75) അന്തരിച്ചു. ഭാര്യ: കമലം.

മക്കൾ: ജോയ്മുരളി, ബാബു, റോഫി. മരുമകൾ: ശുഭ.

സുലൈമാൻ സഖാഫി

തിരൂരങ്ങാടി: മൂന്നിയൂർ പാറക്കടവ് സ്വദേശിയും കേരള മുസ്‌ലിം ജമാഅത്ത് ആലിൻചുവട് ഒടുങ്ങാട്ടുചിന യൂണിറ്റ് പ്രസിഡന്റും എസ്.എം.എ. മൂന്നിയൂർ റീജണൽ ജനറൽ സെക്രട്ടറിയുമായ മണമ്മൻ സുലൈമാൻ സഖാഫി (59) അന്തരിച്ചു. ആലിൻചുവട് ഒടുങ്ങാട്ടുചിന മഖ്ദൂമിയ സുന്നി ജുമുഅ മസ്ജിദ് ജോയിന്റ് സെക്രട്ടറിയും തിരൂരങ്ങാടി നൂറുൽ ഹുദാ കേന്ദ്ര മദ്രസ അധ്യാപകനുമാണ്. 25 വർഷത്തോളം സൗദിയിൽ ആയിരുന്ന ഇദ്ദേഹം മൂന്നിയൂർ നിബ്രാസുൽ ഇസ്‌ലാം കോംപ്ലക്സ്, എം.എച്ച്. നഗർ ബദരിയ്യ സുന്നി ഹയർസെക്കൻഡറി മദ്രസ എന്നിവിടങ്ങളിലും സേവനം ചെയ്തിട്ടുണ്ട്.

പിതാവ്: മണമ്മൽ കുഞ്ഞിമൊയ്തീൻകുട്ടി. മാതാവ്: ഫാത്തിമ.

ഭാര്യ: ആഇശ. മക്കൾ: ഉനൈസ്, മുഹമ്മദ് യാസീൻ റബ്ബാനി, സാജിദ, നാജിയ. മരുമക്കൾ: ഹസൻ കൂമണ്ണ, ഫഹ്മിദ പന്നിരാങ്കാവ്. സഹോദരങ്ങൾ: മുസ്തഫ, അബ്ബൂർ സാഖ്, അബ്ബുൽ മജീദ്, സുബൈദ, സഫിയ, ഹാജറ, നുസൈബ.

അബ്ബു

ഒതുക്കുങ്ങൽ: മറ്റത്തൂർ മുസ്‌ലിയാരങ്ങാടി വാക്കിയത്ത് അബ്ബു (80) അന്തരിച്ചു. ഭാര്യമാർ: മറിയുമ്മ, പരേതയായ കുഞ്ഞീരുമ്മ.

നാരായണസ്വാമി

പെരുവെമ്പ്: കറുകമണി ചെട്ടിയാർ കളം നാരായണസ്വാമി (74) അന്തരിച്ചു. ഭാര്യ: മഹാലക്ഷ്മി. മക്കൾ: കുമരേശൻ, നാഗരാജ്, സുരേഷ്. മരുമക്കൾ: ഗീത, കവിത, ധനുഷ്യ. സഹോദരങ്ങൾ: ബാലസുബ്രഹ്മണ്യൻ, കൃഷ്ണൻ. സംസ്കാരം വെള്ളിയാഴ്ച ഒൻപതിന് വീട്ടുവളപ്പിൽ.

കെ. പദ്മനാഭൻ

പാലക്കാട്: മുണ്ടൂർ സ്വദേശി കണ്ണത്ത് പദ്മനാഭൻ (95) നാഗ്പുരിൽ മകളുടെ വസതിയിൽ അന്തരിച്ചു. വിവിധ സൈനികസ്കൂളുകളിലും കേന്ദ്രീയ വിദ്യാലയങ്ങളിലും പ്രിൻസിപ്പലായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. ഭാര്യ: പരേതയായ കെ.എൻ. ഭവാനി (തിരൂർ). മക്കൾ: അനിൽ പദ്മനാഭൻ (യു.എസ്.എ.), ഡോക്ടർ അനിതാ രാഹുൽ (നാഗ്പുർ). മരുമകൻ: രാഹുൽ (നാഗ്പുർ). സംസ്കാരം ശനിയാഴ്ച ഉച്ചയ്ക്ക് നാഗ്പുരിൽ.

മദർ കൊറോദ മഞ്ഞാനി

തിരുവനന്തപുരം: ഡോട്ടേഴ്സ് ഓഫ് സെയ്ന്റ് ഫ്രാൻസിസ് ഡി സാലസ് സന്ന്യാസിനി സമൂഹത്തിന്റെ മുൻ സുപ്പീരിയർ ജനറൽ മദർ കൊറോദ മഞ്ഞാനി(86) ഇറ്റലിയിലെ ലൂഗോയിൽ അന്തരിച്ചു.

സഭയുടെ ആദ്യകാല മിഷണറിയായിരുന്ന മദർ 1975-ൽ തിരുവനന്തപുരം വിഴിഞ്ഞത്ത് തന്റെ പ്രവർത്തനം ആരംഭിച്ചു. ചങ്ങനാശ്ശേരിയിലെ മാമ്മൂട് ഇടവകയിലുള്ള മദർ അന്നാ കോൺവെന്റിൽ 18 വർഷം സേവനം അനുഷ്ഠിച്ചുകൊണ്ട് ഇന്ത്യയിലെ പ്രവർത്തനങ്ങൾക്ക് നേതൃത്വം വഹിച്ചു.

സഭയുടെ ആസ്ഥാനം ബെംഗളൂരുവിലേക്ക് മാറ്റി സ്ഥാപിച്ചുകൊണ്ട് ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലേക്ക് സഭയുടെ പ്രവർത്തനം വ്യാപിപ്പിച്ചു. 2003-ൽ സുപ്പീരിയർ ജനറലായി തിരഞ്ഞെടുക്കപ്പെടുന്നതുവരെ ഇന്ത്യയിലെ ഡെലിഗേറ്റ് സുപ്പീരിയർ ആയി സേവനമനുഷ്ഠിച്ചിരുന്നു. രണ്ടുപ്രാവശ്യം സുപ്പീരിയർ ജനറൽ ആയിരുന്നു.

അഷ്റഫ് കുമാർ

പാലക്കാട്: കല്ലേപ്പുള്ളി ആലമ്പള്ളം ന്യൂകോളനി ചിന്ന (79) അന്തരിച്ചു. മക്കൾ: കമലാക്ഷി, രാജൻ, സുബ്രഹ്മണ്യൻ, സുനിൽകുമാർ. മരുമക്കൾ: കുമാരൻ, ഓമന, അംബിക, സൗമ്യ. സംസ്കാരം വെള്ളിയാഴ്ച 12-ന് ആലമ്പള്ളം ശ്മശാനത്തിൽ.

രാധാകൃഷ്ണൻ നായർ

പെരിങ്ങോട്ടുകുറുശ്ശി: കോഴികുളങ്ങര വീട്ടിൽ രാധാകൃഷ്ണൻ നായർ (66) അന്തരിച്ചു.

ഭാര്യ: സതീദേവി. മക്കൾ: രതികല, ശബരിനാഥ്. മരുമക്കൾ: സുരേഷ്, സ്വാതി.

ആർ.രാജേഷ് ബാബു

തിരുവനന്തപുരം: തൈക്കാട് ഇലങ്കം നഗറിൽ ടി.ഇ.എൻ.ആർ.എ-97 തേജസിൽ ആർ.രാജേഷ് ബാബു (45) അന്തരിച്ചു.

പരേതരായ രാധാകൃഷ്ണൻ നായരുടേയും രാധാദേവിയുടേയും മകനാണ്. ഭാര്യ: ആർ.ശ്രീജിത. മകൾ: ശ്രുതി രാജേഷ്. സംസ്കാരം വെള്ളിയാഴ്ച.

പ്രദീപ് കുമാർ

കാക്കാത്തുരുത്തി: തണ്ടാശ്ശേരി പുരേതനായ സുകുമാരന്റെ മകൻ പ്രദീപ് കുമാർ (56) അന്തരിച്ചു. ഭാര്യ: സിന്ധു. മക്കൾ: ഉണ്ണിമായ, ഉദയ് കുമാർ. സഹോദരങ്ങൾ: ജയകുമാർ, സുജാത, ലത, രാജി.

രമ

ഇരിങ്ങാലക്കുട: ചാച്ചുചാക്യാർ റോഡിലെ എടപ്പിള്ളി ലെയ്നിൽ വൈഷ്ണവത്തിൽ പെരിഞ്ഞേരി വീട്ടിൽ രമ (77) അന്തരിച്ചു. പരേതരായ ശങ്കരപ്പിള്ളയുടേയും ലീലാമ്മയുടേയും മകളാണ്. ഭർത്താവ്: തോട്ടാപ്പിള്ളി വിജയൻ മേനോൻ. മക്കൾ: പരേതനായ വിനോദ് മേനോൻ, പ്രമോദ് മേനോൻ. മരുമകൾ: അംബിക.

അങ്കമ്മ

പാലക്കാട്: പിരായിരി കല്ലേക്കാട് മണിക്കുറ്റിക്കളം ഹൗസിൽ അങ്കമ്മ (93) അന്തരിച്ചു. ഭർത്താവ്: പരേതനായ നാച്ചിമുത്തു. മക്കൾ: മണി, ശെൽവരാജ്, വിജയകുമാർ. മരുമക്കൾ: പഴനിവേലു, ഭൂമതി, സുധ. സംസ്കാരം വെള്ളിയാഴ്ച 12-ന് ചന്ദ്രനഗർ വൈദ്യുത ശ്മശാനത്തിൽ.

രാമനുണ്ണി

പാലക്കാട്: ഒലവക്കോട് മേലേമുരളി മഹാത്മാനഗർ ശുഭകാർത്തികവീട്ടിൽ സി. രാമനുണ്ണി (74) അന്തരിച്ചു. ഭാര്യ: ശാരദ. മക്കൾ: ശുഭ, കാർത്തിക്. മരുമക്കൾ: സജിത്ത്, മിനി. സഹോദരി: പത്മാവതി. സംസ്കാരം വെള്ളിയാഴ്ച 12-ന് ഐവർമഠം ശ്മശാനത്തിൽ.

ഖദീജ

കുമരനല്ലൂർ: കുറ്റിപ്പാല പൂക്കരവളപ്പിൽ ഖദീജ (91) അന്തരിച്ചു. ഭർത്താവ് പരേതനായ അബ്ബു. മക്കൾ: ബീപാത്തുമ്മ, സുലൈമാൻ, അബ്ബുള്ളക്കുട്ടി, ആലിക്കുട്ടി, മുഹമ്മദ്കുട്ടി, ഇബ്രാഹിം. മരുമക്കൾ: പരീക്കുട്ടി (കൂറ്റനാട്), ഫാത്തിമ, സൗദ, സാബിറ, റജീന, സബീന.

കെ.എം.സെബാസ്റ്റ്യൻ

കട്ടപ്പന: കുടക്കച്ചിറ കെ.എം.സെബാസ്റ്റ്യൻ (94) അന്തരിച്ചു. ഭാര്യ: പരേതയായ ത്രേസ്യാമ്മ, പൊൻകുന്നം വെച്ചുകുന്നേൽ കുടുംബാംഗം. മക്കൾ: ജോയി കുടക്കച്ചിറ (കേരള കോൺഗ്രസ് മണ്ഡലം പ്രസിഡന്റ്), ജോജോ കുടക്കച്ചിറ (എൻ.സി.പി.കട്ടപ്പന മണ്ഡലം പ്രസിഡന്റ്), ജോളി ഷാജി, ജയ്സൺ (കെ.എസ്.ഇ.ബി. എൻജിനീയർ, ചാലക്കുടി). മരുമക്കൾ: ത്രേസ്യാമ്മ, ജോജോ, ഷാജി വെട്ടിക്കാവുങ്കൽ, ലിൻസി, വിൻസി. സംസ്കാരം വെള്ളിയാഴ്ച ഉച്ചയ്ക്ക് 2.30-ന് സെയ്ന്റ് ജോർജ് ഫൊറോന പള്ളി സെമിത്തേരിയിൽ.

റാഹേൽ

ചേലക്കര: പരക്കാട് തറമറ്റത്തിൽ റാഹേൽ (78) അന്തരിച്ചു. ഭർത്താവ്: പരേതനായ ഔസേപ്പ്.

ഡോ. കെ. സുകുമാരൻ

തൃശ്ശൂർ: പുത്തൻചിറ കണ്ണാടിപ്പറമ്പിൽ ഡോ. കെ. സുകുമാരൻ (93-റിട്ട. സിവിൽ സർജൻ) അന്തരിച്ചു. ഭാര്യ: പരേതയായ ആനന്ദവല്ലി.

മക്കൾ: ബാലചന്ദ്രൻ (യു.എസ്.എ.), ഡോ. അനിൽകുമാർ (നോർത്ത് പറവൂർ), ദിലീപ് കുമാർ (അബുദാബി), മനോജ് കുമാർ, ഡോ. സുനന്ദ. മരുമക്കൾ: ഫ്രാൻ (യു.എസ്.എ.), ഡോ. ബിന്ദു, സ്മിത.

മേരി

തെള്ളകം: വലിയകാഞ്ഞിരത്തിങ്കൽ മേരി (89) അന്തരിച്ചു. ഭർത്താവ് പരേതനായ ഔസേപ്പച്ചൻ. മക്കൾ: പെണ്ണമ്മ, ബാബു, സാജു, തോമസ്. മരുമക്കൾ: കുര്യാക്കോസ്, ലിസി, കുഞ്ഞുമോൾ, ഷൈനി. സംസ്കാരം വെള്ളിയാഴ്ച നാലിന് വീട്ടിലെ ശുശ്രൂഷയ്ക്കുശേഷം തെള്ളകം സെയന്റ് തോമസ് ക്നാനായ കത്തോലിക്കാപള്ളി സെമിത്തേരിയിൽ.

ദേവസ്യ ഔസേഫ്

കട്ടപ്പന: എലൈറ്റ്പടി ദേവസ്യ ഔസേഫ് (84-പാപ്പച്ചൻ) വള്ളിയാംതടത്തിൽ അന്തരിച്ചു. ഭാര്യ: അന്നമ്മ, തീക്കോയി തുരുത്തിയിൽ കുടുംബാംഗം. മക്കൾ: മേരിക്കുട്ടി ഇരട്ടയാർ, പരേതയായ സിസ്റ്റർ ആനീസ് എസ്.എച്ച്. രാമപുരം, ബാബു ശാന്തിഗ്രാം, പരേതനായ ജോഷി. മരുമക്കൾ: കുട്ടിച്ചൻ കല്ലന്താനയിൽ ഇരട്ടയാർ, ഷൈനി തകിടിപുറത്ത് ചേമ്പളം, ജിൻസി കല്ലന്താനയിൽ മാവടി. സംസ്കാരം വെള്ളിയാഴ്ച ഉച്ചയ്ക്ക് 2.30-ന് വെള്ളയാംകുടി സെയ്ന്റ് ജോർജ് ഫൊറോന ദേവാലയ സെമിത്തേരിയിൽ.

ഗ്ലാഡിസ് അപ്രേം

ചെത്തിപ്പുഴ: പുന്നാമഠത്തിൽ ഗ്ലാഡിസ് അപ്രേം (77) അന്തരിച്ചു. അടൂർ തെക്കേവീട്ടിൽ കുടുംബാംഗം. ഭർത്താവ്: പി.വി.അപ്രേം (റിട്ട. പ്രൊഫ.എസ്.ബി. കോളേജ്, ചങ്ങനാശ്ശേരി). മക്കൾ: അജു വർഗീസ് അപ്രേം (എം.ഡി.സഫ്രാൻ ഇൻഡ്യ മുംബൈ), അനു സജി (കടന്തോട് ഫിനാൻസ് ആൻഡ് ചിട്ട്സ്, ചങ്ങനാശ്ശേരി), ആഷാ ജോസൻ അരിക്കത്തിൽ (റെസലൂട്ട് എന്റർപ്രൈസസ്, ചങ്ങനാശ്ശേരി). മരുമക്കൾ: സെസി അജു തൂമ്പുങ്കൽ, പെരുമ്പനച്ചി, സജി തോമസ് , ജോസൺ തോമസ് അരിക്കത്തിൽ .

തോമസ് കുരുവിള

എലിക്കുളം: കാരക്കുളം മുക്കടസ്സൽ തോമസ് കുരുവിള (തോമാസാർ-88) അന്തരിച്ചു. ഭാര്യ പരേതയായ ത്രേസ്യാമ്മ ചെറുവള്ളി കാരികര കുടുംബാംഗം. മക്കൾ: തങ്കച്ചൻ, ജിജി, ഷേർളി, ജോളി, സജി, അജി. മരുമക്കൾ: ഷാന

ഗോൾഡൻ ഗേൾസ്

» ദേശീയ ഗെയിംസിൽ കേരളത്തിന് ഇരട്ടസ്വർണം
» ഭാരോദ്വഹനത്തിൽ സുഫ്ന ജാസ്മിനും നീന്തലിൽ ഹർഷിത ജയറാമും ജേതാക്കൾ

ഹൽദ്വാനിയിൽനിന്ന്
സന്തോഷ് വാസുദേവ്

▸ ഭാരമുയർത്തി സുഫ്ന ജാസ്മിനും നീന്തിക്കയറി ഹർഷിത ജയറാമും 38-ാം ദേശീയഗെയിംസിൽ കേരളത്തിനു പൊൻതിളക്കം നൽകി. 45 കിലോഗ്രാം ഭാരോദ്വഹനത്തിൽ പി.എസ്. സുഫ്ന ജാസ്മിനാണ് കേരളത്തിന്റെ ആദ്യ സ്വർണം നേടിയത്. സ്നാച്ചിൽ 72 കിലോയും ക്ലീൻ ആൻഡ് ജെർക്കിൽ 87 കിലോയുമായി ആകെ 159 കിലോഗ്രാം ഉയർത്തി. കഠിനമായ പരീക്ഷണങ്ങളം കൊടുവിലാണ് സുഫ്ന മത്സരിക്കാനിറങ്ങിയത്. ശരീരഭാരം അനുവദനീയമായതിനേക്കാൾ കൂടുതലായതിനാൽ കഠിനമായ പരിശീലനം നടത്തി കുറയ്ക്കാൻ ശ്രമിച്ചു. എന്നിട്ടും ഭാരം അനുവദനീയമായതിലും കൂടുതലായിരുന്നു. ഒടുവിൽ മുടി മുറിച്ചുകളഞ്ഞു. മികച്ച മത്സരമായിരുന്നെന്നും സ്വർണം നേടാനായതിൽ സന്തോഷമുണ്ടെന്നും സുഫ്ന പറഞ്ഞു. തൃശ്ശൂർ വരന്തരപ്പള്ളി മരോട്ടിച്ചാൽ സ്വദേശി പരവരാഗത്ത് ഖദീജ-സലിം ദമ്പതിമാരുടെ മകളാണ്. സഹോദരിമാർ: തസ്ലീമ നസ്റിൻ, സുൽഫിയ ഷെറിൻ. ഇരിങ്ങാലക്കുട ക്രൈസ്റ്റ് കോളേജിൽനിന്ന് ബി.എ. ഇംഗ്ലീഷ് ബിരുദം പൂർത്തിയാക്കി.

നീന്തലിൽ ഹർഷിത ജയറാം 200 മീറ്റർ ബ്രെസ്റ്റ് സ്ട്രോക്കിൽ രണ്ടു മിനിറ്റ് 42.38 സെക്കൻഡിൽ മത്സരം പൂർത്തിയാക്കി. തൃശ്ശൂർ സ്വദേശിനിയായ ഹർഷിത ബെംഗളൂരുവിലാണ് സ്ഥിരതാമസം. റെയിൽവേയിൽ സീനിയർ ടി.ടി.ഇ.യാണ്. കണ്ണൂർ സ്വദേശി ജയരാജാണ് പരിശീലകൻ.



▶ ദേശീയ ഗെയിംസിൽ വനിതകളുടെ 200 മീ. ബ്രെസ്റ്റ് സ്ട്രോക്ക് നീന്തലിൽ സ്വർണംനേടിയ കേരളത്തിന്റെ ഹർഷിത ജയറാം|ഫോട്ടോ: ടി.കെ. പ്രദീപ്കുമാർ

മെഡൽനില					
(സ്വർണം, വെള്ളി, വെങ്കലം, ആകെ)					
1	കർണാടക	7	3	2	12
2	മണിപ്പൂർ	6	5	0	11
3	മഹാരാഷ്ട്ര	4	11	8	23
8	കേരളം	2	0	2	4

കേരളം വ്യാഴാഴ്ച

◎ വനിതാ ബീച്ച് ഹാൻഡ്ബോളിൽ ഫൈനലിൽ. സെമിയിൽ അസമിനെ പെനാൽട്ടി ഷൂട്ടൗട്ടിൽ തോൽപ്പിച്ചു (5-3). പെനാൽറ്റി ഷൂട്ടൗട്ടിലേക്ക് നീങ്ങിയ മത്സരത്തിൽ ഗോൾ കീപ്പർ ഐശ്വര്യ രക്ഷകയായി.

◎ വനിതാ ബാസ്കറ്റ്ബോളിൽ തുടർച്ചയായ രണ്ടാം വിജയവുമായി സെമിയിൽ. ഗ്രൂപ്പിലെ അവസാന മത്സരത്തിൽ പഞ്ചാബിനെ നേരിടും.

◎ പുരുഷൻമാരുടെ ഡ്യുവാത്തലണിൽ മുഹമ്മദ് റോഷൻ നാലാം സ്ഥാനത്ത്.

◎ 10 മീറ്റർ എയർ റൈഫിളിൽ വിദർഷ കെ. വിനോദ് ആറാം സ്ഥാനത്തായി.

◎ പുരുഷ, വനിത റഗ്ബിയിൽ പുറത്തായി.

◎ പുരുഷ വാട്ടർപോളോയിൽഎതിരില്ലാത്ത 20 ഗോളിന് മണിപ്പൂരിനെ തോൽപ്പിച്ചു.

◎ വോളിബോളിൽ വനിതകൾ തമിഴ്നാടിനെ രണ്ടിനെതിരേ മൂന്ന് സെറ്റുകൾക്കും (20-25, 25-22, 23-25, 25-19, 15-9) പുരുഷൻമാർ ഹരിയാണയെ ഒന്നിനെതിരേ മൂന്ന് സെറ്റുകൾക്കും (25-21, 21-25, 25-14, 25-14) തോൽപ്പിച്ചു.

കോലിയെ കാണാൻ ആരാധകക്കൂട്ടം

ന്യൂഡൽഹി▸ 12 വർഷത്തെ ഇടവേളയ്ക്കുശേഷം രഞ്ജി ട്രോഫിയിൽ കളിക്കാനിറങ്ങിയ ഇന്ത്യയുടെ സീനിയർ താരം വിരാട് കോലിയെ കാണാൻ ആരാധകരുടെ തിരക്ക്. വ്യാഴാഴ്ച റെയിൽവേസിനെതിരായ മത്സരത്തിലാണ് ഡൽഹിക്കുവേണ്ടി കോലി ഇറങ്ങിയത്. ടോസ് നേടിയ ഡൽഹി ഫീൽഡിങ് തിരഞ്ഞെടുത്തതിനാൽ കോലിയുടെ ബാറ്റിങ് കാണാനുള്ള കാത്തിരിപ്പ് നീണ്ടു.

റെയിൽവേസിനെ 241 റൺസിന് പുറത്താക്കിയ ഡൽഹി മറുപടി ബാറ്റിങ് തുടങ്ങി. വ്യാഴാഴ്ച കളി നിർത്തുമ്പോൾ ഒരുവിക്കറ്റിന് 41 എന്ന നിലയിലാണ്. കോലി വെള്ളിയാഴ്ച ക്രീസിലെത്തുമെന്ന പ്രതീക്ഷയിലാണ് ആരാധകർ.

കോലി കളിക്കുന്നതിനാൽ വ്യാഴാഴ്ച ഡൽഹിയിലെ അരുൺ ജെയ്റ്റ്ലി സ്റ്റേഡിയത്തിലേക്ക് 15,000-ത്തിലേറെ കാണികൾ എത്തി. സാധാരണയായി രഞ്ജി ട്രോഫി കാണാൻ അധികം കാണികൾ എത്താറില്ല. അതുകാരണം സ്റ്റേഡിയത്തിലെ ഒരു ഗേറ്റ് മാത്രമേ തുറന്നിരുന്നുള്ളൂ. കൂടുതൽ കാണികൾ എത്തിയതോടെ മറ്റു ഗേറ്റുകളും തുറന്നു. ഇതിനിടെ, തിരക്കിൽപ്പെട്ട് ചിലർക്ക് ചെറിയ പരിക്കേറ്റതായും റിപ്പോർട്ടുണ്ട്.

സബാഷ് സൽമാൻ!

» സൽമാൻ നിസാർ 111*, ഷോൺ റോജർ 59
രഞ്ജിയിൽ ബിഹാറിനെതിരേ കേരളം 302/9

തിരുവനന്തപുരം▸ രഞ്ജി ട്രോഫി ക്രിക്കറ്റിൽ ബിഹാറിനെതിരായ മത്സരത്തിൽ തകർച്ചയിലേക്കു നീങ്ങുകയായിരുന്ന കേരളത്തിന് സൽമാൻ നിസാർ രക്ഷകനായി.

ആറാമനായിറങ്ങി സൽമാൻ നേടിയ സെഞ്ചുറിയിലൂടെ (111*) കേരളം മികച്ച സ്കോറിലെത്തി. ആദ്യദിനം കളിനിർത്തുമ്പോൾ ഒൻപത് വിക്കറ്റ് നഷ്ടത്തിൽ 302 റൺസ് എന്നനിലയിലാണ് ആതിഥേയർ. രഞ്ജി ട്രോഫിയിൽ സൽമാന്റെ ആദ്യ സെഞ്ചുറിയാണിത്. അഞ്ചാമനായ ഷോൺ റോജർ (59), ഓപ്പണർ അക്ഷയ് ചന്ദ്രൻ 38 എന്നിവരും പിടിച്ചുനിന്നു. അവസാന ഘട്ടത്തിൽ എം.ഡി. നിധീഷിന്റെ (30) ചെറുത്തുനിൽപ്പും ചേർന്നതോടെയാണ് മികച്ച സ്കോറിലെത്തിയത്. വ്യാഴാഴ്ച കളി നിർത്തുമ്പോൾ സൽമാനു കൂട്ടായി വൈശാഖ് ചന്ദ്രനും (1*) ക്രീസിലുണ്ട്.

നിർണായക മത്സരത്തിൽ ടോസ് നേടി ബാറ്റിങ് തിരഞ്ഞെടുത്ത കേരളത്തിന്റെ തുടക്കം തകർച്ചയോടെയായിരുന്നു. ഓപ്പണർ രോഹൻ കുന്നുമ്മൽ (3) രണ്ടാം ഓവറിൽ പുറത്തായി. പിന്നാലെ, ആനന്ദ് കൃഷ്ണൻ (11), ക്യാപ്റ്റൻ സച്ചിൻ ബേബി (4) എന്നിവരും മടങ്ങിയതോടെ മൂന്നിന് 42 എന്നനിലയിലായി. അഞ്ചാം വിക്കറ്റിൽ ഷോൺ റോജറും സൽമാൻ നിസാറും ചേർന്ന 89 റൺസ് കൂട്ടുകെട്ട് വഴിത്തിരിവായി. 59 റൺസെടുത്ത ഷോൺ മടങ്ങിയശേഷം മുഹമ്മദ് അസറുദ്ദീൻ (9), ജലജ് സക്സേന (5), ആദിത്യ സർവാതെ (6) എന്നവർക്ക് പിടിച്ചുനിൽക്കാനായില്ല. ഈ ഘട്ടത്തിൽ 32 റൺസിനിടെ നാലു വിക്കറ്റ് വീണു. ഇതോടെ, കൂട്ടാളിയില്ലാതെ സൽമാൻ മടങ്ങേണ്ടിവരുമെന്ന ആശങ്ക ഉയർന്നെങ്കിലും വാലറ്റത്ത് ഉറച്ചുനിന്ന നിധീഷ് 43 പന്ത് നേരിട്ടു. ഇരുവരും ചേർന്ന് ഒൻപതാം വിക്കറ്റിൽ 79 റൺസ് ചേർത്തു. നിധീഷ് 30 റൺസ് നേടി. 119 പന്തിൽ ഒമ്പതു ഫോർ ഉൾപ്പെടെയാണ് സൽമാൻ 111 റൺസിലെത്തിയത്. ബിഹാറിനുവേണ്ടി ഹർഷ് വിക്രം സിങ്ങും സച്ചിൻ കുമാർ സിങ്ങും രണ്ടുവിക്കറ്റുവീതം നേടി.

▶ സെഞ്ചുറി തികച്ച സൽമാൻ നിസാറിന്റെ ആഹ്ലാദം |ഫോട്ടോ: ബി. മുരളീകൃഷ്ണൻ

കേരളം ഇന്ന്

ഹൽദ്വാനി▸ ബീച്ച് ഹാൻഡ്ബോളിൽ കേരള വനിതകൾ വെള്ളിയാഴ്ച മെഡൽ ലക്ഷ്യമിട്ട് ഇറങ്ങും. തോൽവി അറിയാതെ ഫൈനലിലെത്തിയ കേരളത്തിന്റെ എതിരാളി ഹരിയാണയാണ്. വോളിബോൾ പുരുഷ-വനിതാ വിഭാഗങ്ങളിൽ കർണാടകയെ നേരിടും.

വാട്ടർപോളോയിൽ വനിതാ ടീം ഒഡിഷയെയും പുരുഷൻമാർ ഹരിയാണയെയും നേരിടും. വുഷു, റോഡ് സൈക്ലിങ്, സ്ക്വാഷ്, സ്വിമ്മിങ് ഇനങ്ങളിലും വെള്ളിയാഴ്ച കേരളത്തിന് മത്സരമുണ്ട്.

വെള്ളിയാഴ്ചത്തെ 400 മീറ്റർ ബാക്ക് സ്ട്രോക്കിൽനിന്ന് സാജൻ പ്രകാശ് പിൻമാറി.

കളരിപ്പയറ്റിൽ 15 സ്വർണം

ഹൽദ്വാനി▸ ദേശീയ ഗെയിംസിൽ പ്രദർശനയിനമായ കളരിപ്പയറ്റിൽ കേരള ടീം 15 സ്വർണവും രണ്ടുവെള്ളിയും നേടി. രണ്ടാംദിവസം ചവിട്ടിപ്പൊങ്ങൽ, കൈപ്പോര്, പെൺകുട്ടികളുടെയും ആൺകുട്ടികളുടെയും വാളും പരിചയും, ഉറുമി പരിച ഇനങ്ങളിൽ ആയിരുന്നു മത്സരം.

കേരളത്തിനുവേണ്ടി 23 പേർ മത്സരിച്ചു. പ്രദർശനമത്സരമായതിനാൽ ഇത് മെഡൽപ്പട്ടികയിൽ ഉൾപ്പെടുത്തില്ല.

▶ കേരള ടീമിന്റെ ഗോൾ ആഘോഷം

ഫുട്ബോളിൽ മണിപ്പുരിനെ തകർത്ത് കേരളം

ജയം എതിരില്ലാത്ത ഒരു ഗോളിന്

ഹൽദ്വാനി▸ സന്തോഷ് ട്രോഫി താരങ്ങളെ മാറ്റിനിർത്തി പുതിയ ടീമുമായി ദേശീയ ഗെയിംസിനെത്തിയ കേരള ഫുട്ബോൾ ടീമിന് ആദ്യ മത്സരത്തിൽ ജയം. മണിപ്പൂരിനെ ഏകപക്ഷീയമായ ഒരു ഗോളിന് തോൽപ്പിച്ചു. 54-ാം മിനിറ്റിൽ ബിബിൻ ബോബൻ ഗോൾ നേടി. ആദ്യ പകുതിയിൽ ആക്രമണങ്ങളിൽ മണിപ്പൂർ മികച്ചുനിന്നു. ചടുലമായ കുറിയ പാസുകൾകൊണ്ട് അവർ കേരള ഗോൾമുഖത്ത് നിരന്തരം ആക്രമണം തീർത്തു. 53-ാം മിനിറ്റിൽ ഇടതുവശത്ത് കോർണർ ലഭിച്ചു. ബിജേഷ് ബാലൻ പോസ്റ്റിനു മുന്നിലേക്ക് ഉയർത്തിയടിച്ച പന്ത് പെനാൽട്ടി ബോക്സിനുള്ളിൽനിന്ന് ബിബിൻ ബോബൻ ഗോളിലേക്കു തിരിച്ചുവിട്ടു. കളിയുടെ അന്ത്യനിമിഷങ്ങളിൽ ഗോളിനായി അവർ ശ്രമിച്ചെങ്കിലും കേരളം ചെറുത്തുനിന്നു.

സുബ്രഹ്മണ്യൻ, ശ്രീകാന്ത് ക്വാർട്ടറിൽ

ബാങ്കോക്ക്▸ തായ്ലാൻഡ് ഓപ്പൺ ബാഡ്മിന്റൺ പുരുഷ സിംഗിൾസിൽ ഇന്ത്യയുടെ കെ. ശ്രീകാന്ത്, എസ്. സുബ്രഹ്മണ്യൻ എന്നിവർ ക്വാർട്ടർ ഫൈനലിൽ. ശ്രീകാന്ത് രണ്ടാം റൗണ്ടിൽ ഹോങ്കോങ്ങിന്റെ ജാസൺ ഗുണവാനെ നേരിട്ടുള്ള ഗെയിമുകളിൽ തോൽപ്പിച്ചു (21-19, 21-15). സുബ്രഹ്മണ്യൻ രണ്ടാംറൗണ്ടിൽ ഇൻഡൊനീഷ്യയുടെ ചീക്കോ വാർഡോയോയെ തോൽപ്പിച്ചു (9-21, 21-10, 21-17).

▶ ഉസ്മാൻ ഖവാജ

ഖവാജയ്ക്ക് ഡബിൾ സെഞ്ചുറി

ഓസ്ട്രേലിയ 654/6, ലങ്കയ്ക്ക് തകർച്ച

കൊളംബോ▸ ഓപ്പണർ ഉസ്മാൻ ഖവാജയുടെ ഡബിൾ സെഞ്ചുറിയുടെ കരുത്തിൽ ശ്രീലങ്കയ്ക്കെതിരേ കൂറ്റൻ ടോട്ടൽ കുറിച്ച് ഓസ്ട്രേലിയ. ഒന്നാം ക്രിക്കറ്റ് ടെസ്റ്റിലെ ആദ്യ ഇന്നിങ്സിൽ ആറിന് 654 റൺസെടുത്ത് ഡിക്ലയർചെയ്ത ഓസീസ്, 10 ഓവറിനിടെ ശ്രീലങ്കയുടെ മൂന്നുവിക്കറ്റ് എടുത്ത് കളിയിൽ വ്യക്തമായ മേൽക്കൈ നേടി. ടെസ്റ്റിലെ രണ്ടാംദിനമായ വ്യാഴാഴ്ച കളി നിർത്തുമ്പോൾ മൂന്നിന് 44 എന്നനിലയിലാണ് ശ്രീലങ്ക. ഏഴുവിക്കറ്റ് ബാക്കിയിരിക്കേ 610 റൺസ് പിറകിൽ.

ടെസ്റ്റിൽ ആദ്യ ഡബിൾ സെഞ്ചുറി കുറിച്ച ഉസ്മാൻ ഖവാജ(232)യും മിന്നൽ സെഞ്ചുറി നേടിയ ജോഷ് ഇംഗ്ലിസും (94 പന്തിൽ 102) ചേർന്നാണ് ഓസ്ട്രേലിയയെ കൂറ്റൻ സ്കോറിലെത്തിച്ചത്. ആദ്യദിനം സെഞ്ചുറികുറിച്ച ക്യാപ്റ്റൻ സ്റ്റീവൻ സ്മിത്ത് 141 റൺസിൽ പുറത്തായി.

നാലാം ട്വന്റി 20 ഇന്ന്

സഞ്ജുവിനും സൂര്യക്കും നിർണായകം

പുണെ▸ ഇംഗ്ലണ്ടിനെതിരായ നാലാം ട്വന്റി 20 ക്രിക്കറ്റിന് വെള്ളിയാഴ്ച ഇറങ്ങുമ്പോൾ ഇന്ത്യൻ ക്യാപ്റ്റൻ സൂര്യകുമാർ യാദവിനെ എതിരാളിയെക്കാൾ അലട്ടുന്നത് സ്വന്തം ഫോം തന്നെയാകും. കഴിഞ്ഞ മൂന്നു മത്സരങ്ങളിൽ 0, 12, 14 എന്നിങ്ങനെ സ്കോർചെയ്ത സൂര്യകുമാർ വെള്ളിയാഴ്ചയും പരാജയപ്പെട്ടാൽ കാര്യമായി വിമർശിക്കപ്പെടും എന്നുറപ്പ്.

മലയാളി ഓപ്പണർ സഞ്ജു സാംസണും സമ്മർദമുണ്ട്. 26, 5, 3 എന്നിങ്ങനെയാണ് മൂന്നു മത്സരങ്ങളിൽ സഞ്ജുവിന്റെ സ്കോർ. രാത്രി ഏഴുമുതൽ പുണെയിലാണ് മത്സരം. കഴിഞ്ഞ മൂന്നു മത്സരത്തിൽ പേസ് ബൗളർ ജോഫ്ര ആർച്ചറുടെ പന്തിലാണ് സഞ്ജു ഔട്ടായത്.

ആദ്യ രണ്ടു കളികളിൽ ആധികാരികമായി ജയിച്ച ഇന്ത്യ മൂന്നാം മത്സരത്തിൽ ബാറ്റിങ്ങിലെ പോരായ്മകൊണ്ടാണ് തോറ്റുപോയത്. ഇതോടെ പരമ്പര 2-1 എന്നനിലയിലാണ്. വെള്ളിയാഴ്ച ജയിച്ചാൽ പരമ്പര സ്വന്തമാകും.

▶ സൂര്യകുമാർ യാദവ്

പ്രതീക്ഷ കാത്ത് സിറ്റിയും പി.എസ്.ജി.യും

പാരീസ്▸ യൂറോപ്യൻ ചാമ്പ്യൻസ് ലീഗ് ഫുട്ബോളിൽ മാഞ്ചെസ്റ്റർ സിറ്റിയും പി.എസ്.ജി.യും അവസാന ഗ്രൂപ്പ് മത്സരത്തിൽ നിർണായക ജയത്തോടെ നോക്കൗട്ട് പ്രതീക്ഷകൾ നിലനിർത്തി. ഇംഗ്ലീഷ് പ്രീമിയർ ലീഗിൽ മുന്നിലുള്ള ലിവർപൂൾ ആദ്യ തോൽവി വഴങ്ങിയെങ്കിലും ഗ്രൂപ്പിലെ ആദ്യ സ്ഥാനക്കാരായി. പ്രീക്വാർട്ടർ ഉറപ്പാക്കാൻ സമനിലമാത്രം മതിയായിരുന്ന ആഴ്സനൽ സ്പാനിഷ് ടീം ജിറോണയെ 2-1 സ്കോറിൽ തോൽപ്പിച്ചു. ജോർജീന്യോയുടെയും (38-പെനാൽട്ടി) എഥാൻ എൻവാനേരിയുടെയും (42) ഗോളുകളിലാണ് ഇംഗ്ലീഷ് ടീം ജിറോണയെ വീഴ്ത്തിയത്. (2-1). ഗ്രൂപ്പിൽ 19 പോയിന്റുമായി മൂന്നാം സ്ഥാനത്തെത്താൻ ഗണ്ണേഴ്സിനായി.

ബെൽജിയം ടീം ക്ലബ്ബ് ബ്രൂഗെയെ തോൽപ്പിച്ചാണ് സിറ്റി പ്ലേ ഓഫ് ഉറപ്പിച്ചത്. (3-1). മാറ്റിയോ കോവാസിച്ച് (53), സാവിന്യോ (77) എന്നിവർ സിറ്റിയുടെ ഗോൾ നേടി. ബ്രൂഗെയുടെ ഒർഡൊനെസ് (62) സെൽഫ് ഗോളും വഴങ്ങിയിരുന്നു. എട്ടുകളികളിൽ 11 പോയിന്റുള്ള സിറ്റി 22-ാം സ്ഥാനത്തെത്തി. പ്ലേ ഓഫിൽ റയൽ മഡ്രിഡോ ബയേൺ മ്യൂണിക്കോ ആയിരിക്കും സിറ്റിയുടെ എതിരാളികൾ. ഫ്രഞ്ച് ടീം ബ്രസ്റ്റിനെതിരെ റയൽ മഡ്രിഡ് മികച്ച വിജയം കുറിച്ചു. (3-0). റോഡ്രിഗൊ (27, 78) ഇരട്ടഗോൾ നേടിയപ്പോൾ ജൂഡ് ബെല്ലിങ്ങാമും (56) സ്കോർ ചെയ്തു. 15 പോയിന്റുള്ള സ്പാനിഷ് ടീം 11-ാം സ്ഥാനത്തെത്തി.

ബാഴ്സലോണയെ ഇറ്റാലിയൻ ടീം അറ്റ്ലാന്റ സമനിലയിൽ തളച്ചു. (2-2). ലാമിൻ യമാലും (47) റൊണാൾഡ് അരോജോയും (72) കറ്റാലൻമാർക്കായി സ്കോർ ചെയ്തു. എഡേഴ്സനും (67) മാരിയോ പസാലിച്ചും (79) അറ്റ്ലാന്റയുടെ ഗോളുകൾ നേടി.

സ്ലൊവാക്യയുടെ സ്ലൊവാൻ ബ്രാട്ടിസ്ലാവയെയാണ് ബയേൺ വീഴ്ത്തിയത്. (3-1). തോമസ് മുള്ളർ (8), ഹാരി കിനി (63), കിങ്സ്ലി കോമൻ (84) എന്നിവർ ജർമൻ ടീമിനായി ലക്ഷ്യം കണ്ടു. 15 പോയിന്റുള്ള ബയേൺ 12-ാം സ്ഥാനത്താണ്.

ഡച്ച് ടീം പി.എസ്.വി.യോട് 3-2 സ്കോറിൽ തോറ്റെങ്കിലും ലിവർപൂൾ 21 പോയിന്റുമായി ഗ്രൂപ്പിൽ ഒന്നാമതായി. 14-ാം സ്ഥാനത്തുള്ള പി.എസ്.വി.യും പ്രതീക്ഷ നിലനിർത്തി.

ജൊഹാൻ ബകായൊകൊ (35), ഇസ്മായിൽ സായ്ബരി (45), റിക്കാർഡൊ പെപി (45+5) എന്നിവരാണ് ഡച്ച് ടീമിന്റെ സ്കോറർമാർ. കോഡി ഗാപ്കൊയും (28- പെനാൽട്ടി) ഹാർവി എലിയറ്റും (40) ലിവർപൂളിനായി ലക്ഷ്യം കണ്ടു.

▶ മാഞ്ചെസ്റ്റർ സിറ്റിക്കുവേണ്ടി ഗോൾ നേടിയ സാവിഞ്ഞോയെ (വലത്ത്) അഭിനന്ദിക്കുന്ന മാത്യൂസ് നുനെസ്

എട്ടു ടീമുകൾ നേരിട്ട് പ്രീ ക്വാർട്ടറിൽ

പുതിയ ഫോർമാറ്റിലാണ് ഇത്തവണ ചാമ്പ്യൻസ് ലീഗ് നടക്കുന്നത്. ഗ്രൂപ്പ് ഘട്ടത്തിൽ ആകെയുള്ള 36 ടീമുകളിൽ ആദ്യ എട്ടു സ്ഥാനക്കാർ പ്രീക്വാർട്ടർ ഉറപ്പാക്കും. ഒമ്പതു മുതൽ 24 വരെ സ്ഥാനങ്ങളിലുള്ള ടീമുകൾ പ്ലേ ഓഫ് കളിക്കും. ജയിക്കുന്ന എട്ടു ടീമുകൾ പ്രീ ക്വാർട്ടർ കളിക്കും. ലിവർപൂൾ, ബാഴ്സലോണ, ആഴ്സനൽ, ഇന്റർമിലാൻ, അത്ലറ്റികൊ മഡ്രിഡ്, ബേയർ ലേവർകൂസൻ, ലിൽ, ആസ്റ്റൺ വില്ല ടീമുകളാണ് നേരിട്ട് പ്രീ ക്വാർട്ടർ യോഗ്യത നേടിയത്.

കെ.പി.എൽ: യുണൈറ്റഡിന് ജയം

മലപ്പുറം▸ കേരള പ്രീമിയർ ലീഗ് ഫുട്ബോളിൽ കേരള യുണൈറ്റഡ് എഫ്.സി. ഒരു ഗോളിന് കോഴിക്കോട് ദേവഗിരി കോളേജിനെ തോൽപ്പിച്ചു (1-0). മുന്നേറ്റനിരക്കാരൻ ഷിഹാദ് (55) വിജയഗോൾ നേടി.

വനിതാലീഗ്: അളഗപ്പ, ഗോകുലം ജയിച്ചു

കുന്നംകുളം▸ വനിതാലീഗ് ഫുട്ബോളിൽ അളഗപ്പ എഫ്.സി., ഗോകുലം കേരള എഫ്.സി. ടീമുകൾക്ക് ജയം. അളഗപ്പ 3-2 ന് സിറ്റി ക്ലബ്ബ് ചാലക്കുടിയെ തോൽപ്പിച്ചു. അളഗപ്പയ്ക്കുവേണ്ടി കിർപ ഭണ്ഡാരി (ആറ്), മേഘാ മണികണ്ഠൻ (53), നീലാംബരി (71) എന്നിവർ ഗോൾ നേടി.

നീഹ ഗിൽബെർട്ട് (52), പ്രിയങ്കാ ഭഗത്ത് (83) എന്നിവർ സിറ്റി ക്ലബ്ബിനുവേണ്ടി സ്കോർ ചെയ്തു.

രണ്ടാം മത്സരത്തിൽ ഗോകുലം കേരള എതിരില്ലാത്ത ഏഴു ഗോളിനാണ് ദേവഗിരി സെയ്ന്റ് ജോസഫ് കോളേജിനെ തോൽപ്പിച്ചത്. കെ. മാനസ (38, 58), ബേബി ലാൽചന്ദാമി (12, 14), ഹർഷിക മനിഷ് ജെയ്ൻ (7, 41), പ്രനിറ്റ നിമകർ (18) എന്നിവർ ഗോൾ നേടി.

LIVE

ക്രിക്കറ്റ്
ഇന്ത്യ-ഇംഗ്ലണ്ട്
(രാത്രി 7.00)
സ്റ്റാർ സ്പോർട്സ്, ഹോട് സ്റ്റാർ
ഫുട്ബോൾ
ഐ.എസ്.എൽ.
മുംബൈ സിറ്റി-ഈസ്റ്റ് ബംഗാൾ
(രാത്രി 7.30) സ്റ്റാർ-3, സ്പോർട്സ്-18

ചെന്നൈയിൽ ബ്ലാസ്റ്റ്

ചെന്നൈയിൽ ബ്ലാസ്റ്റേഴ്സിന്റെ ആദ്യജയം

ബ്ലാസ്റ്റേഴ്സ് 3
ചെന്നൈയിൻ 1

ചെന്നൈ▸ നിലനിൽപ്പിനായുള്ള ജീവൻമരണ പോരാട്ടത്തിൽ വിജയംകുറിച്ച് കേരളാ ബ്ലാസ്റ്റേഴ്സ്. ഐ.എസ്.എൽ. ഫുട്ബോളിൽ പ്ലേ ഓഫ് പ്രതീക്ഷകൾ നിലനിർത്താൻ വിജയം അനിവാര്യമായിരുന്ന കൊമ്പൻമാർ ഒന്നിനെതിരെ മൂന്നു ഗോളുകൾക്ക് ചെന്നൈയിൻ എഫ്.സി.യെ തകർത്തു. ജീസസ് ജെമിനിസ് (3), കോറു സിങ് (45+3), ക്വാമി പെപ്ര (56) എന്നിവരാണ് ബ്ലാസ്റ്റേഴ്സിനായി വലകുലുക്കിയത്. ക്യാപ്റ്റൻ അഡ്രിയൻ ലൂണയാണ് കളിയിലെ താരം. ചെന്നൈയിനായി വിൻസി ബാരറ്റൊ (90+1) സ്കോർ ചെയ്തു. ചെന്നൈയിൽ ആദ്യമായാണ് ബ്ലാസ്റ്റേഴ്സ് ജയിക്കുന്നത്.

കളിതുടങ്ങി മൂന്നാം മിനിറ്റിൽത്തന്നെ ഗോൾ നേടി ബ്ലാസ്റ്റേഴ്സ് നിലപാട് വ്യക്തമാക്കി. പ്രത്യാക്രമണത്തിലായിരുന്നു ഗോൾ പിറന്നത്. പന്തുമായി ബോക്സിൽ കയറി വലതുമൂലയിൽനിന്ന് ജെമിനിസ് ഉതിർത്ത ഷോട്ട് ചെന്നൈയിൻ ഗോളി നവാസിനെ മറികടന്ന് ഇടതുപോസ്റ്റിൽ കയറി. അപ്രതീക്ഷിത ഗോളിൽ പകച്ചെങ്കിലും ആതിഥേയർ ഗോൾ മടക്കാൻ ആക്രമണം ശക്തമാക്കി. ബ്ലാസ്റ്റേഴ്സ് ഗോൾമുഖത്തേക്ക് അപകടകരമായ നീക്കങ്ങൾ നടത്താൻ മറീന മച്ചാൻസ് മുന്നേറ്റക്കാർക്ക് കഴിഞ്ഞു. 17-ാം മിനിറ്റിൽ ചെന്നൈ ഗോൾ നേടുന്നതിന്റെ അടുത്തെത്തി. ജോർദാൻ ഗില്ലിനെ ഡ്രിൻസിച്ച് ഫൗൾ ചെയ്തതിന് ചെന്നൈക്ക് ഫ്രീകിക്ക് ലഭിച്ചു. ഷീൽഡ്സ് എടുത്ത ഫ്രീകിക്കിൽ എഡ്വേർഡിന്റെ ഹെഡ്ഡർ ബ്ലാസ്റ്റേഴ്സ് ഗോളി സച്ചിൻ സുരേഷ് കഷ്ടിച്ച് രക്ഷപ്പെടുത്തി. ജോർദാൻ ഗിൽ 37-ാം മിനിറ്റിൽ ചുവപ്പുകാർഡ് കണ്ടു പുറത്തുപോയതോടെ ചെന്നൈയിൻ പത്തുപേരായി ചുരുങ്ങി. ഡ്രിൻസിച്ചിനെ മുഖത്തിടിച്ചതിനായിരുന്നു റഫറി ജോർദാനെ പുറത്താക്കിയത്. ഈ ആനുകൂല്യം മുതലെടുത്ത് ബ്ലാസ്റ്റേഴ്സ് ആക്രമണം കടുപ്പിക്കുകയും ചെയ്തു.

▶ ഐ.എസ്.എൽ. ഫുട്ബോളിൽ കോറോ സിങ് (25) കേരള ബ്ലാസ്റ്റേഴ്സിന്റെ രണ്ടാംഗോൾ നേടിയപ്പോൾ. മൂന്നാം ഗോൾ നേടിയ പെപ്ര വലത്തേയറ്റം

കളിതിരിച്ച് ലൂണ

ഇടവേളയ്ക്ക് പിരിയുന്നതിന് മുൻപായിത്തന്നെ കൊമ്പൻമാർ ലീഡ് രണ്ടാക്കി. ആസൂത്രിതമായ കൗണ്ടർ അറ്റാക്കിലായിരുന്നു രണ്ടാം ഗോളിന്റേയും പിറവി. അഞ്ചുതാരങ്ങൾ ചെന്നൈയിൻ ബോക്സിൽ കുതിച്ചെത്തി. ബോക്സിൽ പെപ്ര പന്ത് അഡ്രിയൻ ലൂണയ്ക്ക് നൽകി. ഷോട്ട് ഉതിർക്കുന്നതിന് പകരം ലൂണ പന്ത് വലതുഭാഗത്തുള്ള കോറു സിങ്ങിന് നൽകി. കോറുവിന്റെ ഷോട്ട് ഇടതുപോസ്റ്റിൽ കയറി.

മൂന്നാം ഗോളിനും വഴിയൊരുക്കിയത് ലൂണയായിരുന്നു. ബോക്സിലേക്ക് മുന്നേറി ലൂണ നൽകിയ ക്രോസിൽ ക്വാമി പെപ്രയുതിർത്ത ഷോട്ട് ചെന്നൈയിൻ ഗോളിയെ നിസ്സഹായനാക്കി വലയിൽക്കയറി. ഇഞ്ചുറി ടൈമിൽ വിൻസി ബാരറ്റൊ ചെന്നൈയിന്റെ ആശ്വാസ ഗോൾ കുറിച്ചു. ഇർഫാനാണ് വിൻസിക്ക് പന്തെത്തിച്ചത്.

തുടർന്ന് ബ്ലാസ്റ്റേഴ്സിന് നാലാം ഗോൾ നേടാൻ മികച്ച അവസരം ലഭിച്ചു. എന്നാൽ, ചെന്നൈ ഗോളി മാത്രം മുന്നിൽനിൽക്കെ പകരക്കാരനായി ഇറങ്ങിയ നോഹ സദോയി ഉതിർത്ത ഷോട്ട് ഗോൾപോസ്റ്റിന് മുകളിലൂടെ കടന്നുപോയി.

ബ്ലാസ്റ്റേഴ്സ് 19 കളിയിൽ 24 പോയിന്റുമായി എട്ടാം സ്ഥാനത്ത് തുടരുകയാണ്. ചെന്നൈയിൻ (18) പത്താം സ്ഥാനത്തും. അഞ്ചു മത്സരങ്ങളാണ് അവശേഷിക്കുന്നത്. ആദ്യ ആറിൽ സ്ഥാനം നേടാൻ ബ്ലാസ്റ്റേഴ്സിന് നാലു കളികളിലെങ്കിലും ജയിക്കേണ്ടി വരും. മോഹൻ ബഗാനുമായി 15-ന് കൊച്ചിയിലാണ് ബ്ലാസ്റ്റേഴ്സിന്റെ അടുത്ത മത്സരം.

ഞങ്ങളും ചോര കൊടുക്കും

വിവിധ ക്ലാസുകളിൽ രക്തത്തെക്കുറിച്ചും രക്തദാനത്തെക്കുറിച്ചും പഠിക്കാനില്ലേ. മൃഗങ്ങളിലും രക്തകൈമാറ്റം നടക്കുന്നുണ്ട്. അതിനെക്കുറിച്ച് ചില വിവരങ്ങൾ ഇതാ

ഡോ. എം. ഗംഗാധരൻ നായർ

മനുഷ്യരിൽ രോഗികളായവർക്ക് രക്തം വേണ്ടിവരുമ്പോൾ മറ്റുള്ളവരിൽനിന്ന് സ്വീകരിക്കാറില്ലേ. അതുപോലെ മൃഗങ്ങളിലും ചെയ്യാറുണ്ട്. ഒരു മൃഗം അതേയിനത്തിൽപ്പെട്ട മറ്റൊരു മൃഗത്തിൽനിന്ന് രക്തമോ രക്തത്തിന്റെ ഭാഗമോ സ്വീകരിക്കുന്ന ഒരു രീതിയാണ് രക്തപ്പകർച്ച (Blood Transfusion). ഇതിന് ഓരോ മൃഗത്തിന്റെയും രക്തത്തിന്റെ അളവും രക്തഗ്രൂപ്പുകളും അറിയേണ്ടത് പ്രധാനമാണ്. മനുഷ്യരുടെയും മൃഗങ്ങളുടെയും ജീവൻ രക്ഷിക്കാൻ നൂറ്റാണ്ടുകളായി രക്തപ്പകർച്ച നടത്തുന്നുണ്ട്.

1665 ഫെബ്രുവരിയിലാണ് റിച്ചാഡ് ലോവർ എന്ന ഡോക്ടർ രണ്ട് നായകൾക്കിടയിൽ ആദ്യമായി രക്തപ്പകർച്ച നടത്തിയത്. പുതിയ സാങ്കേതികവിദ്യകളുടെയും ഉപകരണങ്ങളുടെയും സഹായത്തോടെ, വെറ്ററിനറി മെഡിസിനിൽ ഇത് കൂടുതൽ പ്രചാരത്തിലായി.

പന്നികളിൽ 16 തരം ബ്ലഡ്ഗ്രൂപ്പുണ്ട്. A മുതൽ O വരെയും പിന്നെ S-ഉം

രക്തപ്പകർച്ച ആവശ്യമായ ഘട്ടങ്ങൾ

ശസ്ത്രക്രിയയുടെ സമയത്തോ അപകടം സംഭവിക്കുമ്പോഴോ ഉണ്ടാകുന്ന ഗുരുതരമായ രക്തനഷ്ടത്തിനുശേഷം രക്തപ്പകർച്ച ആവശ്യമായിവന്നേക്കാം. രക്തസ്രാവത്തിനും ഗുരുതരമായ രക്തനഷ്ടത്തിനും കാരണമാകുന്ന ചില രോഗങ്ങളുണ്ടെങ്കിലും മറ്റ് രോഗങ്ങളാൽ രക്തകോശങ്ങൾ നശിച്ചാലും രക്തപ്പകർച്ച ആവശ്യമായിവരും. ഉദാഹരണമായി പരാദരോഗങ്ങൾ, കൊക്കപ്പുഴു, ചെള്ള് എന്നിവയാൽ വരുന്ന രോഗങ്ങൾ. കൂടാതെ, ഓക്സിജൻ വഹിക്കാനുള്ള ശേഷി മെച്ചപ്പെടുത്താനും വിളർച്ചയുടെ ലക്ഷണങ്ങൾ പരിഹരിക്കാനും കൂടിയാണ് രക്തപ്പകർച്ച നടത്തുന്നത്.

രക്തത്തിലെ ഘടകങ്ങൾ

ചുവന്ന രക്താണുക്കൾ, വെളുത്ത രക്താണുക്കൾ, പ്ലാസ്മ, പ്ലേറ്റ്ലെറ്റുകൾ എന്നിവയാണ് മൃഗങ്ങളിലെ പ്രധാന രക്തഘടകങ്ങൾ. മനുഷ്യരുടെ രക്തത്തിൽ ഹീമോഗ്ലോബിൻ ഉണ്ടെങ്കിൽ, മൃഗങ്ങൾക്ക് അവരുടെ രക്തത്തിൽ നാല് വ്യത്യസ്ത ശ്വസന പിഗ്മെന്റുകളാണുള്ളത്. ഹെമറിത്രിൻ, ഹീമോഗ്ലോബിൻ, ഹീമോസയാനിൻ, ക്ലോറോക്രൂറിൻ എന്നിവ.

സ്വീകരിക്കാവുന്ന രക്തത്തിന്റെ അളവ്

സാധാരണമായി ഒരു നായയുടെ ആകെ രക്തത്തിന്റെ പത്തുശതമാനംവരെ ദാനംചെയ്യാം. ഓരോ ആറാഴ്ചയിലും നായകളിൽനിന്ന് ഒരുകിലോ ഭാരത്തിന് 15 മില്ലിലിറ്റർ എന്ന തോതിൽ രക്തം ശേഖരിക്കാം.

പൂച്ചകളിൽ ഒരുകിലോ ശരീരഭാരമുള്ളവയിൽനിന്ന് 10 മില്ലിലിറ്റർ രക്തം ശേഖരിക്കാം. മുതിർന്ന പൂച്ചകൾക്ക് ഓരോ ആറാഴ്ചയിലും 45-60 മില്ലിലിറ്റർ ദാനംചെയ്യാം. പൂച്ചകളിൽനിന്ന് രക്തം ശേഖരിക്കുമ്പോൾ അവയെ മയക്കേണ്ടതുണ്ട്.

കന്നുകാലികൾക്ക് ഒരുകിലോ ശരീരഭാരത്തിന് 8-14 മില്ലിലിറ്റർ എന്ന തോതിൽ രക്തം ദാനംചെയ്യാം.

പ്രായപൂർത്തിയായ കുതിരകൾക്ക് ഏകദേശം 6-8 ലിറ്റർ രക്തം സുരക്ഷിതമായി ദാനംചെയ്യാൻ കഴിയും.

സാംപിളെടുക്കുന്ന രീതി

നായകളിലാണെങ്കിൽ രക്തത്തിന്റെ ഒരു സാംപിളെടുക്കും. രക്തം ടൈപ്പ് ചെയ്തശേഷം ക്രോസ് മാച്ചിങ് ടെസ്റ്റുകളും നടത്തുന്നു. ഇതിനെത്തുടർന്ന് ശേഖരിക്കുന്ന രക്തം ബ്ലഡ് ബാങ്കിലോ രക്തം കട്ടപിടിക്കാതിരിക്കാൻ നിർമിതമായ പ്രത്യേക ബാഗുകളിലോ സൂക്ഷിക്കുന്നു. ആവശ്യമുള്ളപ്പോൾ ഈ ബാഗുകൾ പ്രത്യേക ഫിൽറ്ററുള്ള ഒരു ഇൻട്രാവീനസ് ദ്രാവകലൈനിലേക്ക് ബന്ധിപ്പിച്ച് കത്തീറ്റർവഴി നേരിട്ട് സിരയിലേക്ക് രക്തം നൽകുന്നു.

മൃഗങ്ങളിലെ ബ്ലഡ്ഗ്രൂപ്പുകൾ

ബ്ലഡ് ഗ്രൂപ്പുകൾ അഥവാ ബ്ലഡ് ടൈപ്പുകൾ തരംതിരിക്കപ്പെട്ടിരിക്കുന്നത് ചുവന്ന രക്തകോശങ്ങളുടെ മുകളിൽ കാണപ്പെടുന്ന ആന്റിജനുകൾക്കനുസരിച്ചാണ്. അതോടൊപ്പം പ്ലാസ്മയിലെ ആന്റിബോഡികളും ഇവയുടെ നിർണയത്തിൽ പ്രധാനമാണ്.

നായകളിൽ പല രക്തഗ്രൂപ്പുകളുണ്ടെങ്കിലും മനുഷ്യരുടേതുപോലെ ആന്റിബോഡികളില്ല. അതുകൊണ്ട് ആദ്യതവണ ഏത് ഗ്രൂപ്പിൽനിന്നും രക്തം സ്വീകരിക്കാമെങ്കിലും പിന്നീട് സ്വീകരിക്കേണ്ടിവരുകയാണെങ്കിൽ ക്രോസ് മാച്ച് ചെയ്യണം. എട്ട് പ്രധാന രക്തഗ്രൂപ്പുകൾ നായകളിൽ കാണപ്പെടുന്നു, ഡോഗ് എറിത്രോസൈറ്റ് ആന്റിജൻ (DEA) 1 മുതൽ 8 വരെ ഗ്രൂപ്പുകൾ.

പൂച്ചകളിൽ A, B, AB എന്നീ രക്തഗ്രൂപ്പുകൾ കണ്ടെത്തിയതിനുപുറമേ Mic എന്ന പുതിയ വിഭാഗവും അടുത്ത് കണ്ടെത്തുകയുണ്ടായി.

പന്നികളിൽ 16 തരം ബ്ലഡ്ഗ്രൂപ്പുണ്ട്- A മുതൽ O വരെയും പിന്നെ Sഉം. വളർത്തുപക്ഷികളിലും രക്തഗ്രൂപ്പുകൾ നിർണയിക്കപ്പെട്ടിട്ടുണ്ട്.

കോഴികളിൽ A, B, C, D, E എന്നിങ്ങനെ അഞ്ച് വിഭാഗങ്ങൾ കാണാം. അതിൽ A, B എന്നിവയാണ് ഏറ്റവും പ്രധാനപ്പെട്ടവ.

ചോര കൊടുക്കുമ്പോൾ ശ്രദ്ധിക്കണേ...

മൃഗങ്ങളിൽ ദാതാക്കളെ ലഭിക്കാറില്ലെന്നതാണ് ഉടമസ്ഥർ നേരിടുന്ന പ്രധാന പ്രശ്നം. രക്തപ്പകർച്ച നടത്തുമ്പോൾ ദാതാക്കളുടെ രക്തഗ്രൂപ്പും ആരോഗ്യസ്ഥിതിയും പരിശോധിക്കണം. ദാതാക്കൾ നല്ല ആരോഗ്യമുള്ളവയായിരിക്കണം.

ഉദാഹരണമായി നായകളുടെ കാര്യമെടുത്താൽ, ദാതാക്കളായി ഉപയോഗിക്കേണ്ട നായകൾക്ക്, ഒന്നുമുതൽ എട്ടുവരെ വയസ്സുള്ളവയ്ക്ക്, 25-30 കിലോഗ്രാമിൽ കൂടുതൽ ഭാരമുണ്ടാകണം. അല്ലെങ്കിൽ, വലുപ്പത്തിനനുസരിച്ചുള്ള ആരോഗ്യം വേണം. കൃത്യമായി പ്രതിരോധകുത്തിവെപ്പ് നൽകുകയും ഒരുവിധ അണുബാധയുമില്ലെന്ന് ഉറപ്പാക്കുകയും വേണം.

ഒരു രക്തദാതാവിനെ കണ്ടെത്തുന്നതിനായി രണ്ട് വഴികളുണ്ട്:

1) ഉടമസ്ഥന്റെ സമ്മതത്തോടെ വളർത്തുമൃഗത്തിൽനിന്ന് രക്തമെടുക്കാം.
2) ഒരു പെറ്റ് ബ്ലഡ് ബാങ്കുമായി ബന്ധപ്പെട്ട് രക്തമഭ്യർഥിക്കാം.

ദാതാക്കൾ പകർച്ചവ്യാധികൾ, രക്തത്തിലൂടെ പകരുന്നതും അല്ലാത്തതുമായ മറ്റ് രോഗങ്ങൾ എന്നിവ ഇല്ലാത്തവയായിരിക്കണം. രക്തം ശേഖരിക്കുമ്പോൾ 10-15 മിനിറ്റ് നിശ്ശബ്ദമായും ശാന്തമായും ഇരിക്കാൻ കഴിയുന്നവയുമായിരിക്കണം.

USS പരീക്ഷാസഹായി — അടിസ്ഥാന ശാസ്ത്രം

ആസിഡുകളും ബേസുകളും

1. പതിമുകവെള്ളത്തിന് മഞ്ഞനിറം നൽകാൻ കഴിയുന്ന വസ്തുക്കളിൽ പെടാത്തതേത്?
a. നാരങ്ങനീര് *b.* വിനാഗിരി
c. മുന്തിരിനീര് *d.* തണ്ണിമത്തൻനീര്
2. ലിറ്റ്മസ് ഉണ്ടാക്കാൻ ഉപയോഗിക്കുന്ന സസ്യവിഭാഗമേത്?
a. ലിറ്റ്മസ് *b.* ഫംഗസ് *c.* ലൈക്കൻ *d.* പന്നൽച്ചെടി
3. ആസിഡുകളുടെ പൊതുസ്വഭാവത്തിൽ പെടാത്തതേത്?
a. നീല ലിറ്റ്മസിനെ ചുവപ്പാക്കുന്നു
b. ചുവന്ന ലിറ്റ്മസിനെ നീലയാക്കുന്നു
c. പുളിരുചിയുണ്ട്
d. ആസിഡുകളും ലോഹങ്ങളും പ്രവർത്തിക്കുമ്പോൾ ഹൈഡ്രജൻ ഉണ്ടാകുന്നു
4. ഹൈഡ്രജന് ചേരാത്ത പ്രസ്താവനയേത്?
a. ഹൈഡ്രജന് ഭാരം ഏറ്റവും കുറവാണ്
b. പെട്ടെന്ന് തീപിടിക്കുന്നു
c. വാഹനങ്ങളിലും റോക്കറ്റുകളിലും ഇന്ധനമായി ഉപയോഗിക്കാം
d. ഹൈഡ്രജനും ഓക്സിജനുമായി പ്രവർത്തിച്ചാൽ തീ ഉണ്ടാകുന്നു
5. താഴെ കൊടുത്തവയിൽ ഹൈഡ്രജൻ ഉത്പാദിപ്പിക്കപ്പെടാത്ത ജോഡിയേത്?
a. സിങ്ക് + നേർപ്പിച്ച നാരങ്ങനീര്
b. സിങ്ക് + നേർപ്പിച്ച ഹൈഡ്രോക്ലോറിക് ആസിഡ്
c. സിങ്ക് + ചുണ്ണാമ്പുവെള്ളം
d. സിങ്ക് + വിനാഗിരി

ഉത്തരങ്ങൾ- 1. d, 2. c, 3. b, 4. d, 5. c

തയ്യാറാക്കിയത്: സുമേഷ് തോട്ടത്തിൽ

മാതൃഭൂമി വിദ്യാഭ്യാസരംഗം
education@mpp.co.in

കെ-ടെറ്റ് ഉത്തരസൂചിക പ്രസിദ്ധീകരിച്ചു

തിരുവനന്തപുരം ▸ കെ-ടെറ്റ് നവംബർ 2024 ഒന്നുമുതൽ നാലുവരെ കാറ്റഗറിയിലുള്ള പരീക്ഷകളുടെ താത്കാലിക ഉത്തരസൂചിക പ്രസിദ്ധീകരിച്ചു. വിശദാംശങ്ങൾ www.pareekshabhavan.kerala.gov.in, https://ktet.kerala.gov.in എന്നീ വെബ്സൈറ്റുകളിൽ.

ഹയർസെക്കൻഡറിയിൽ സ്ക്രൈബ് പ്രതിസന്ധി

കെ.കെ. അജിത്കുമാർ
കോഴിക്കോട്

▸ ഹയർസെക്കൻഡറി പരീക്ഷയെഴുതുന്ന ഭിന്നശേഷിക്കാരായ കുട്ടികൾക്ക് സ്ക്രൈബുകളെ (എഴുതാൻ സഹായിക്കുന്നവർ) കിട്ടാൻ പെടാപ്പാട്. ഹൈസ്കൂൾ വിഭാഗത്തിൽ കുട്ടികൾ കുറവുള്ള സ്കൂളുകളിലാണ് പ്രശ്നം. എസ്.എസ്.എൽ.സി. പരീക്ഷയ്ക്ക് സ്ക്രൈബായി താഴെ ക്ലാസുകളിലെ വിദ്യാർഥികളെ കിട്ടാൻ പ്രയാസമില്ല. എന്നാൽ, ഹയർസെക്കൻഡറിയിലെത്തുമ്പോൾ സ്ഥിതി മാറുന്നു.

പല സ്കൂളുകളിലും മുപ്പതോളം വിദ്യാർഥികൾക്ക് സ്ക്രൈബിന്റെ സേവനം ആവശ്യമുണ്ട്. എസ്.എസ്.എൽ.സി.വരെ ആകെ വിദ്യാർഥികൾ മുപ്പതും നാല്പതുംമാത്രമുള്ള സ്കൂളുകളിൽ ഹയർസെക്കൻഡറിയിൽ ഇരുനൂറിലേറെ വിദ്യാർഥികളുണ്ട്. ഒൻപതാംക്ലാസ് വിദ്യാർഥികളെയാണ് എസ്.എസ്.എൽ.സി., ഹയർസെക്കൻഡറി പരീക്ഷകളിൽ സ്ക്രൈബായി നിയോഗിക്കാറ്.

ഹൈസ്കൂൾ വിഭാഗത്തിൽ ആവശ്യത്തിന് കുട്ടികളില്ലാത്ത സ്കൂളുകളിലെ പ്രിൻസിപ്പൽമാരാണ് സ്ക്രൈബുകളാവാൻ ആളെക്കിട്ടാതെ വലയുന്നത്.

അനാകർഷകമായ പ്രതിഫലനിരക്കും പ്രശ്നമാണ്. എസ്.എസ്.എൽ.സിക്ക് ഒരു പരീക്ഷയ്ക്ക് 100 രൂപ കിട്ടുമ്പോൾ ഹയർസെക്കൻഡറിക്ക് 52 രൂപയാണ് നിരക്ക്. സർക്കാരിന്റെ മുഖ്യപരിഗണനയും ശ്രദ്ധയും എസ്.എസ്.എൽ.സിക്കുതന്നെയെന്നു തെളിയിക്കുന്നതാണ് ഈ വിവേചനം.

ഉയർന്ന ക്ലാസുകളിലെ പരീക്ഷയ്ക്ക് സ്ക്രൈബായി നിയോഗിക്കപ്പെടുന്ന കുട്ടികൾക്ക് അതിനായി ഒരുങ്ങേണ്ടതുണ്ട്. സ്വന്തം പരീക്ഷയ്ക്ക് പഠിക്കുന്നതിനുപുറമേയാണ് ഈ ഉത്തരവാദിത്വം. എസ്.എസ്.എൽ.സി. പരീക്ഷയെക്കാൾ അരമണിക്കൂറും മുക്കാൽ മണിക്കൂറും ദൈർഘ്യമുള്ളവയാണ് ഹയർസെക്കൻഡറി പരീക്ഷ. കാഠിന്യവും കൂടുതലാണ്. ഇതിനുപുറമേയാണ് അനാകർഷകമായ പ്രതിഫലം. പലതവണ ശ്രദ്ധയിൽപ്പെടുത്തിയിട്ടും പ്രതിഫലം വർധിപ്പിക്കാൻപോലും പൊതുവിദ്യാഭ്യാസവകുപ്പ് തയ്യാറായില്ലെന്നാണ് വിമർശനം.

ബി.ഫാം. ലാറ്ററൽ എൻട്രി: രണ്ടാംഘട്ട അലോട്മെന്റ്

തിരുവനന്തപുരം ▸ സർക്കാർ, സ്വാശ്രയ ഫാർമസി കോളേജുകളിൽ 2024 വർഷത്തെ ബി.ഫാം. ലാറ്ററൽ എൻട്രിക്കായി രണ്ടാംഘട്ട കേന്ദ്രീകൃത അലോട്മെന്റ് പ്രസിദ്ധീകരിച്ചു. അലോട്മെന്റ് ലഭിച്ചവർ മതിയായ രേഖകൾ സഹിതം ഫെബ്രുവരി നാലിനു വൈകീട്ട് മൂന്നിനു മുൻപ് അതത് കോളേജുകളിൽ പ്രവേശനം നേടണം. വിശദാംശങ്ങൾക്ക്: www.cee.kerala.gov.in.

പി.ജി. മെഡിക്കൽ മൂന്നാംഘട്ട അലോട്മെന്റ്

സർക്കാർ, സ്വാശ്രയ കോളേജുകളിലും ആർ.സി.സി.യിലും പി.ജി. മെഡിക്കൽ കോഴ്സുകളിലേക്കുള്ള മൂന്നാംഘട്ട അലോട്മെന്റിന് ഓൺലൈനായി വീണ്ടും ഓപ്ഷൻ രജിസ്റ്റർ ചെയ്യാം. ഫെബ്രുവരി മൂന്നിനു വൈകീട്ട് അഞ്ചുവരെയാണ് സമയപരിധി. വിശദാംശങ്ങൾക്ക്: www.cee.kerala.gov.in

ശ്രീനാരായണഗുരു ഓപ്പൺ സർവകലാശാല

പരീക്ഷകൾ മാറ്റിവെച്ചു

കൊല്ലം ▸ ശ്രീനാരായണഗുരു ഓപ്പൺ സർവകലാശാലയുടെ 2023 ജൂലായ് അഡ്മിഷൻ പി.ജി.പഠിതാക്കൾക്ക് ഫെബ്രുവരി രണ്ടിന് നടത്താൻ നിശ്ചയിച്ചിരുന്ന രണ്ടാം സെമസ്റ്റർ ഓപ്പൺ ബുക്ക് പരീക്ഷ 16-ലേക്ക് മാറ്റി.

പരീക്ഷാകേന്ദ്രങ്ങൾക്കും സമയത്തിനും മാറ്റമില്ല. യു.ജി., പി.ജി. പ്രോഗ്രാം 2023 ജൂലായ് അഡ്മിഷൻകാർക്ക് ഒൻപതിന് നടത്താൻ നിശ്ചയിച്ചിട്ടുള്ള പരീക്ഷകൾക്ക് മാറ്റമില്ല.

ഫാർമസി സ്പെഷ്യൽ അലോട്മെന്റ്

തിരുവനന്തപുരം ▸ പ്രൊഫഷണൽ ഡിപ്ലോമ ഇൻ ഫാർമസി, ഹെൽത്ത് ഇൻസ്പെക്ടർ മറ്റ് പാരാമെഡിക്കൽ കോഴ്സുകളിൽ ഒഴിവുള്ള സീറ്റുകളിലേക്കും പുതുതായി ഉൾപ്പെടുത്തിയ കോളേജുകളിലെ സീറ്റുകളിലേക്കുമുള്ള ഓൺലൈൻ രജിസ്ട്രേഷനും അലോട്മെന്റും 31-ന് ഉച്ചയ്ക്ക് രണ്ടുവരെ നടത്തും.

ഓപ്ഷനുകൾ www.lbscentre.kerala.gov.in ൽ സമർപ്പിക്കണം.

ഓപ്ഷനുകൾ പരിഗണിച്ചുകൊണ്ടുള്ള അലോട്മെന്റ് 31-ന് വൈകീട്ട് പ്രസിദ്ധീകരിക്കും.

സർവകലാശാല വാർത്തകൾക്ക്
www.mathrubhumi.com/universitynews

കാലിക്കറ്റിൽ ഭിന്നശേഷി സംവരണത്തിന് തസ്തികകൾ കണ്ടെത്തും

ഡിനോജ് സെബാസ്റ്റ്യൻ താത്കാലിക രജിസ്ട്രാർ

തേഞ്ഞിപ്പലം ▸ കാലിക്കറ്റ് സർവകലാശാലയിൽ അധ്യാപകതസ്തികകളിൽ ഭിന്നശേഷി വിഭാഗക്കാർക്ക് നാലു ശതമാനം സംവരണം നടപ്പാക്കാൻ നീക്കിവെക്കാവുന്ന തസ്തികകൾ കണ്ടെത്താൻ സിൻഡിക്കേറ്റ് യോഗം സമിതി രൂപവത്കരിച്ചു.

നിലവിലെ രജിസ്ട്രാർ ഡോ. ഇ.കെ. സതീഷിന്റെ കാലാവധി ഫെബ്രുവരി 11-ന് അവസാനിക്കും. പുതിയ രജിസ്ട്രാറെ കണ്ടെത്താൻ വി.സി. ഡോ. പി. രവീന്ദ്രൻ അധ്യക്ഷനും അഡ്വ. പി.കെ. ഖലീമുദ്ദീൻ, അഡ്വ. എൽ.ജി. ലിജീഷ് എന്നിവർ അംഗങ്ങളുമായ സമിതിയെ ചുമതലപ്പെടുത്തി. ലൈഫ് സയൻസ് വിഭാഗം തലവൻ ഡോ. ഡിനോജ് സെബാസ്റ്റ്യൻ താത്കാലിക രജിസ്ട്രാറായി ചുമതലയേൽക്കും.

പി.എം. ഉഷ ഫണ്ട് വിനിയോഗിക്കുന്നതുമായി ബന്ധപ്പെട്ട് വി.സി. അധ്യക്ഷനായി പത്തംഗ സമിതിയെ ചുമതലപ്പെടുത്തി.

മറ്റു പ്രധാന തീരുമാനങ്ങൾ

* ഉത്തരക്കടലാസ് പുനർമൂല്യനിർണയം സംബന്ധിച്ച് പരാതികൾ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ പരീക്ഷാ പുനർമൂല്യനിർണയം കൂടുതൽ കാര്യക്ഷമമാക്കും. ഇതിന് പരിചയസമ്പന്നരായ അധ്യാപകരുടെ പാനൽ രൂപവത്കരിക്കും. പുനർമൂല്യനിർണയത്തിന് അധ്യാപകരെ ചുമതലപ്പെടുത്തുമ്പോൾ സർക്കാർ / എയ്ഡഡ് കോളേജുകളിലെ അധ്യാപകർക്ക് മുൻഗണന നൽകും.

* സ്ക്രൂട്ടിനിയിലോ പുനർമൂല്യനിർണയത്തിലോ മാർക്കിൽ വലിയ വ്യത്യാസം ഉണ്ടാവുകയും അതിനു കാരണക്കാരായ വ്യക്തികളിൽനിന്ന് പിഴ ഈടാക്കുകയും ചെയ്യുന്ന കേസുകളിൽ വിദ്യാർഥിക്ക് പുനർമൂല്യനിർണയത്തിന് ഒടുക്കിയ ഫീസിന്റെ 75 ശതമാനം തിരിച്ചുനൽകും.

* വിദൂരവിദ്യാഭ്യാസ വിഭാഗം വിദ്യാർഥികളുടെ പഠനസാമഗ്രികൾ രജിസ്ട്രേഡ് തപാലിൽ അയക്കാൻ 200 രൂപ ഈടാക്കും.

* റൂസ, സിഫ് തുടങ്ങിയ പ്രധാന പദ്ധതികൾ സമയബന്ധിതമായും വേഗത്തിലും പൂർത്തീകരിക്കാൻ വി.സി. അധ്യക്ഷനായി സമിതി രൂപവത്കരിച്ചു.

കാലിക്കറ്റ് സർവകലാശാല

പരീക്ഷാ രജിസ്ട്രേഷൻ

▸ വിദൂര ഓൺലൈൻ വിദ്യാഭ്യാസ കേന്ദ്രത്തിനു കീഴിലെ-ബി.എ., ബി.കോം. ബി.ബി.എ. (സി.ബി.സി.എസ്.എസ്. - 2022 പ്രവേശനം) വിദ്യാർഥികൾക്കുള്ള മൂന്ന്, നാല് സെമസ്റ്റർ ഓഡിറ്റ് കോഴ്സ് റഗുലർ പരീക്ഷയ്ക്ക് ഓൺലൈനായി ഫെബ്രുവരി 17 വരെ രജിസ്റ്റർ ചെയ്യാം. ഓഡിറ്റ് കോഴ്സ് പരീക്ഷയ്ക്ക് ഇപ്പോൾ ഓൺലൈനായി രജിസ്റ്റർ ചെയ്യുന്നവർക്ക് മാത്രമേ പരീക്ഷ എഴുതാൻ അവസരം നൽകൂ. വിശദവിവരങ്ങൾ വെബ്സൈറ്റിൽ. ഫോൺ: 0494 2400288, 2407356.

പ്രാക്ടിക്കൽ പരീക്ഷ

മൂന്നാം സെമസ്റ്റർ ബി.വോക്. ഫാഷൻ ഡിസൈൻ ആൻഡ് മാനേജ്മെന്റ് നവംബർ 2024 പ്രാക്ടിക്കൽ പരീക്ഷകൾ ഫെബ്രുവരി 17-ന് തുടങ്ങും. കേന്ദ്രം : എം.ഇ.എസ്. കോളേജ് പൊന്നാനി. വിശദമായ സമയക്രമം വെബ്സൈറ്റിൽ.

പരീക്ഷാ അപേക്ഷ

അഫിലിയേറ്റഡ് കോളേജുകളിലെ ആറ്, നാല് സെമസ്റ്റർ (സി.ബി.സി.എസ്.എസ്. -വി- യു.ജി.- 2019, 2020, 2021 പ്രവേശനം) വിവിധ ബി.വോക്. ഏപ്രിൽ 2025 റഗുലർ/സപ്ലിമെന്ററി/ഇംപ്രൂവ്മെന്റ് പരീക്ഷകൾക്ക് പിഴകൂടാതെ ഫെബ്രുവരി 18 വരെയും 190 രൂപ പിഴയോടെ 21 വരെയും അപേക്ഷിക്കാം. ലിങ്ക് ഫെബ്രുവരി മൂന്ന് മുതൽ ലഭ്യമാകും.

അഫിലിയേറ്റഡ് കോളേജുകളിലെ (സി.ബി.സി.എസ്.എസ്.) ഇന്റഗ്രേറ്റഡ് പി.ജി. -എം.എ. പൊളിറ്റിക്സ് ആൻഡ് ഇന്റർനാഷണൽ റിലേഷൻസ്, എം.എ. ഇംഗ്ലീഷ് ആൻഡ് മീഡിയാ സ്റ്റഡീസ്, എം.എ. മലയാളം, എം.എ. സോഷ്യോളജി, എം.എസ്സി. ബോട്ടണി വിത്ത് കംപ്യൂട്ടേഷണൽ ബയോളജി, എം.എസ്സി. സൈക്കോളജി, എം.എസ്സി. സ്റ്റാറ്റിസ്റ്റിക്സ് - നാലാം സെമസ്റ്റർ (2021 പ്രവേശനം മുതൽ) ഏപ്രിൽ 2025, (2020 പ്രവേശനം മാത്രം) ഏപ്രിൽ 2024 റഗുലർ/സപ്ലിമെന്ററി/ഇംപ്രൂവ്മെന്റ് പരീക്ഷകൾക്കും ആറാം സെമസ്റ്റർ (2020 പ്രവേശനം മുതൽ) ഏപ്രിൽ 2025 റഗുലർ/സപ്ലിമെന്ററി/ഇംപ്രൂവ്മെന്റ് പരീക്ഷകൾക്കും എട്ടാം സെമസ്റ്റർ (2020, 2021 പ്രവേശനം) ഏപ്രിൽ 2025 റഗുലർ/ ഘസപ്ലിമെന്ററി/ഇംപ്രൂവ്മെന്റ് പരീക്ഷകൾക്കും പിഴകൂടാതെ ഫെബ്രുവരി 14 വരെയും 190 രൂപ പിഴയോടെ 18 വരെയും അപേക്ഷിക്കാം. ലിങ്ക് ഫെബ്രുവരി മൂന്ന് മുതൽ ലഭ്യമാകും.

അഫിലിയേറ്റഡ് കോളേജുകളിലെ പത്താം സെമസ്റ്റർ (സി.ബി.സി.എസ്.എസ് -2020 പ്രവേശനം മാത്രം) ഇന്റഗ്രേറ്റഡ് പി.ജി.-എം.എ. സോഷ്യോളജി, എം.എസ്സി. ബോട്ടണി വിത്ത് കംപ്യൂട്ടേഷണൽ ബയോളജി, എം.എസ്സി. സൈക്കോളജി ഏപ്രിൽ 2025 റഗുലർ പരീക്ഷകൾക്ക് പിഴകൂടാതെ ഫെബ്രുവരി 14 വരെയും 190 രൂപ പിഴയോടെ 18 വരെയും അപേക്ഷിക്കാം. ലിങ്ക് ഫെബ്രുവരി മൂന്ന് മുതൽ ലഭ്യമാകും.

ബി.ആർക്.-എട്ടാം സെമസ്റ്റർ (2021 പ്രവേശനം) മേയ് 2025, നാലാം സെമസ്റ്റർ (2022, 2023 പ്രവേശനം) മേയ് 2025, നാലാം സെമസ്റ്റർ (2015 മുതൽ 2021 വരെ പ്രവേശനം) ഏപ്രിൽ 2025, പത്താം സെമസ്റ്റർ (2017 പ്രവേശനം മുതൽ) ഏപ്രിൽ 2025, പത്താം സെമസ്റ്റർ (2015, 2016 പ്രവേശനം) ജൂലായ് 2025, ആറാം സെമസ്റ്റർ (2022 പ്രവേശനം മാത്രം) മേയ് 2025, ആറാം സെമസ്റ്റർ (2015 മുതൽ 2021 വരെ പ്രവേശനം) ഏപ്രിൽ 2025 റഗുലർ/ സപ്ലിമെന്ററി/ഇംപ്രൂവ്മെന്റ് പരീക്ഷകൾക്ക് പിഴകൂടാതെ ഫെബ്രുവരി 11 വരെയും 190 രൂപ പിഴയോടെ 14 വരെയും അപേക്ഷിക്കാം. ലിങ്ക് ജനുവരി 31 മുതൽ ലഭ്യമാകും. അഞ്ചാം സെമസ്റ്റർ (2019 മുതൽ 2021 വരെ പ്രവേശനം) മൂന്ന് വർഷ എൽ.എൽ.ബി. യൂണിറ്ററി ഡിഗ്രി നവംബർ 2024 സപ്ലിമെന്ററി പരീക്ഷയ്ക്ക് പിഴകൂടാതെ ഫെബ്രുവരി 12 വരെയും 190 രൂപ പിഴയോടെ 14 വരെയും അപേക്ഷിക്കാം.

പരീക്ഷാഫലം

രണ്ടാം സെമസ്റ്റർ (സി.സി.എസ്.എസ്-2019 പ്രവേശനം) എം.എ. മ്യൂസിക് ഏപ്രിൽ 2023 പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

ജയ്പുർ സാഹിത്യോത്സവം തുടങ്ങി

ജയ്പുർ ▸ 18-ാമത് ജയ്പുർ സാഹിത്യോത്സവത്തിന് തുടക്കമായി. നൊബേൽ പുരസ്കാരജേതാവ് വെങ്കി രാമകൃഷ്ണൻ മുഖ്യപ്രഭാഷണം നടത്തി. കലയും ശാസ്ത്രവും തമ്മിലുള്ള വിടവ് നികത്താൻ ശ്രമിക്കണമെന്ന് അദ്ദേഹം പറഞ്ഞു. നിർമിതബുദ്ധി, ജീൻ എഡിറ്റിങ് തുടങ്ങിയ സാങ്കേതികവിദ്യകൾ ആധിപത്യം പുലർത്തുന്ന യുഗത്തിലാണ് നാം ജീവിക്കുന്നത്. ഇവയ്ക്കൊക്കെ മനുഷ്യചരിത്രത്തെ പുനർനിർമിക്കാനുള്ള കഴിവുണ്ട്. എന്നാൽ, പൊതുജനങ്ങൾക്ക് ഇന്നും അടിസ്ഥാനശാസ്ത്ര സാക്ഷരതപോലുമില്ലെന്ന് വെങ്കി രാമകൃഷ്ണൻ പറഞ്ഞു.

നൊബേൽ, ബുക്കർ ജേതാക്കൾ ഉൾപ്പെടെ മുന്നൂറിലധികം പേരാണ് ഇത്തവണ സാഹിത്യോത്സവത്തിനെത്തുന്നത്. ഫെബ്രുവരി മൂന്നിന് സമാപിക്കും.

RNI Reg. No. KERMAL/2004/14257 Book: 21 No. 158 Printed and Published by Sajeevan Nannat for The Mathrubhumi Printing & Publishing Company Limited, Kozhikode, printed at The Mathrubhumi Press, 100 Feet Malampuzha Road, Puthur, Palakkad-678001. Published from The Mathrubhumi Press, 100 Feet Malampuzha Road, Puthur, Palakkad - 678001. Managing Editor: P.V. Chandran, Editor : Manoj K Das [Responsible for selection of news under PRB Act]. Mob: 8592012000, Circulation: 0484 2882201, Advertisement: 9895033003 Phone: (0491)2521900 Fax: (0491)2521600 E-mail: mbipkd@mpp.co.in

ഇന്നത്തെ സ്വർണ വില
ഗ്രാമിന്: 7,610/-

സാമ്പത്തിക ക്രമക്കേട്

വിജിലൻസ് ഡയറക്ടർക്കും മുഖ്യമന്ത്രിക്കും പരാതി നൽകും

ചിറ്റൂർ-തത്തമംഗലം നഗരസഭാകൗൺസിൽ യോഗം ചേർന്നു

ചിറ്റൂർ ▸ തത്തമംഗലം കുറുംബക്കാവ് ഗവ. യു.പി. സ്കൂളിലെ സ്റ്റേജ് നിർമാണവുമായി ബന്ധപ്പെട്ട സാമ്പത്തിക ക്രമക്കേടിനെക്കുറിച്ച് അന്വേഷിക്കാൻ മുഖ്യമന്ത്രിക്കും സംസ്ഥാന വിജിലൻസ് ഡയറക്ടർക്കുമുൾപ്പെടെ പരാതി നൽകും. ചിറ്റൂർ-തത്തമംഗലം നഗരസഭാ കൗൺസിൽ യോഗത്തിലാണ് തീരുമാനമായത്. നഗരസഭാ വിദ്യാഭ്യാസകാര്യ സ്ഥിരംസമിതി അധ്യക്ഷ കെ. സുമതി അവതരിപ്പിച്ച പ്രമേയം കൗൺസിലർ സി. ബിജു പിൻതാങ്ങി.

മാസങ്ങൾക്കുമുൻപ് കൗൺസിലർ കെ. മധുവാണ് സ്കൂളിലെ ക്രമക്കേട് കൗൺസിലിന്റെ ശ്രദ്ധയിൽപ്പെടുത്തിയത്. പ്രധാനാധ്യാപികയും മുൻ പി.ടി.എ. പ്രസിഡന്റും ചേർന്ന് വ്യാജ ബില്ലുകൾ ചേർത്തതായി സ്കൂളിലെ സ്റ്റേജ് നിർമാണത്തിലെ സാമ്പത്തിക ക്രമക്കേടുമായി ബന്ധപ്പെട്ട് ഡെപ്യൂട്ടി ഡയറക്ടർക്ക് ചിറ്റൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ സമർപ്പിച്ച റിപ്പോർട്ടിൽ പറയുന്നുണ്ടെന്നും. ഡെപ്യൂട്ടി ഡയറക്ടർ ചിലരുടെ സമ്മർദത്തിനുവഴങ്ങി അന്വേഷണത്തിന്റെ ദിശമാറ്റാൻ ശ്രമിക്കയാണെന്നും കെ. മധു ആരോപിച്ചു. രാഷ്ട്രീയ സമ്മർദം ഉള്ളതിനാൽ ജില്ലാതല വിജിലൻസ് ഉദ്യോഗസ്ഥർക്ക് പരാതി നൽകിയാൽ ശരിയായ അന്വേഷണം നടക്കില്ലെന്നും മുഖ്യമന്ത്രിക്കും വിജിലൻസ് ഡയറക്ടർക്കും പരാതി നൽകണമെന്നും മധു ആവശ്യപ്പെട്ടു. വിഷയം കൗൺസിൽ ഐകകണ്ഠ്യേന അംഗീകരിക്കയായിരുന്നു.

ചിറ്റൂരിലെ ഒരു സഹകരണ സ്ഥാപനം അനധികൃതനിർമാണം നടത്തിയതായും യോഗത്തിൽ പരാതിയുയർന്നു. സ്ഥാപനം നഗരസഭയിലേക്ക് നികുതി അടയ്ക്കുന്നതിൽ വലിയ വീഴ്ചയാണ് വരുത്തിയതെന്നും 2020 ജനുവരിയിൽ അനധികൃത നിർമാണം നടത്തിയതായി കണ്ടെത്തിയതിനെത്തുടർന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ റിപ്പോർട്ട് നൽകിയിട്ടും ഇത്രയുംവർഷം നടപടി നീട്ടിക്കൊണ്ടുപോകാനിടയാക്കിയ സാഹചര്യവും അന്വേഷണവിധേയമാക്കണമെന്നും നഗരസഭാ വൈസ് ചെയർമാൻ എം. ശിവകുമാർ ആരോപിച്ചു. എന്നാൽ, അജൻഡയിൽ വരാത്തവിഷയം ചർച്ചചെയ്യാനാകില്ലെന്ന് പ്രതിപക്ഷ കൗൺസിലർ ആർ. ബാബു പറഞ്ഞു. പൊതുചർച്ചയിൽ നഗരസഭയ്ക്ക് നഷ്ടമുണ്ടാകുന്ന ഏതുവിഷയവും ഉന്നയിക്കാമെന്ന് നഗരസഭാധ്യക്ഷ കെ.എൽ. കവിത മറുപടിനൽകി. പരാതിയിൽ റവന്യൂവിഭാഗത്തിൽനിന്ന് റിപ്പോർട്ട് ആവശ്യപ്പെടാൻ നഗരസഭാധ്യക്ഷ നിർദേശംനൽകി.

കാട്ടുപന്നികൾ നെൽക്കൃഷി നശിപ്പിച്ചു

പാലക്കാട് ▸ എലപ്പുള്ളി പഞ്ചായത്തിലെ നോമ്പിക്കോട്ട് കാട്ടുപന്നികൾ വൻതോതിൽ കൃഷിനാശം വരുത്തുന്നതായി പരാതി. യുവകർഷകൻ കിരൺ കൃഷ്ണമണിയുടെ പാടത്ത് കഴിഞ്ഞദിവസം ഇറങ്ങിയ കാട്ടുപന്നികൾ ഒരേക്കറോളം നെൽക്കൃഷി നശിപ്പിച്ചു. കൃഷി വലകെട്ടി തിരിച്ചെങ്കിലും പന്നികൾ ഇവ മറികടന്നെത്തുന്നത് കർഷകർക്ക് ഭീഷണിയായി.

അപൂർവ വിത്തിനങ്ങളിൽപ്പെട്ട 'കറുപ്പ് കവനി' എന്ന നെൽവിത്താണ് ഇവിടെ കൃഷിചെയ്തത്. കൊയ്യാൻപാകമായ നെല്ല് പന്നികൾ നശിപ്പിച്ചു.

കുംഭാഭിഷേകം ഇന്നുമുതൽ

ചിറ്റൂർ ▸ നല്ലേപ്പിള്ളി മാനാംകുറ്റി മംഗള മാരിയമ്മൻ ക്ഷേത്രം കുംഭാഭിഷേക ഉത്സവം വെള്ളി, ശനി, ഞായർ ദിവസങ്ങളിൽ നടക്കും. ചിറ്റൂർ തെക്കേഗ്രാമം സി.കെ. രാമനാഥൻ മുഖ്യകാർമികനാകും.

വെള്ളിയാഴ്ച വൈകീട്ട് ഗണപതിപൂജ, പുണ്യാഹം, വാസ്തുബലി, സ്ഥലശുദ്ധി, ക്ഷേത്രശുദ്ധി എന്നിവയുണ്ടാകും. തുടർന്ന് വിവിധ സ്ഥലങ്ങളിൽനിന്നു ശേഖരിച്ചു കൊണ്ടുവന്ന തീർഥകുംഭങ്ങളെ നല്ലേപ്പിള്ളിയിൽനിന്നു വാദ്യമേളങ്ങളുടെ അകമ്പടിയോടെ ക്ഷേത്രത്തിലേക്ക് എഴുന്നള്ളിക്കും. തുടർന്ന് നിവേദ്യം, ദീപാരാധന, പ്രസാദവിതരണം എന്നിവയുണ്ടാകും.

മുഖ്യചടങ്ങായ ബിംബപ്രതിഷ്ഠ ശനിയാഴ്ച രാത്രി നടക്കും. സമാപനദിവസമായ ഞായറാഴ്ചയാണ് കുംഭാഭിഷേകച്ചടങ്ങുകൾ.

തിരുനാൾ കൊടിയേറ്റം ഇന്ന്

കൊല്ലങ്കോട് ▸ വട്ടേക്കാട് സെയ്ന്റ് ജോസഫ്സ് ദേവാലയത്തിൽ വിശുദ്ധ യൗസേപ്പിതാവിന്റെയും വിശുദ്ധ സെബാസ്ത്യാനോസിന്റെയും തിരുനാൾ ഉത്സവത്തിന് വെള്ളിയാഴ്ച കൊടിയേറ്റും. വൈകീട്ട് കുർബാനയ്ക്കുശേഷം നടക്കുന്ന കൊടിയേറ്റച്ചടങ്ങുകൾക്ക് തത്തമംഗലം ഫെറോന വികാരി ഫാ. ബെറ്റ്സൺ തൂക്കുപറമ്പിൽ കാർമികത്വം വഹിക്കും.

ശനിയാഴ്ച വൈകീട്ട് സുവർണജൂബിലി കുർബാന, ഇടവകദിന കലാസന്ധ്യ എന്നിവയുണ്ടാകും. ഞായറാഴ്ച വൈകീട്ട് തിരുനാൾ പാട്ടുകുർബാനയും വാദ്യഘോഷങ്ങളുടെ അകമ്പടിയോടെയുള്ള തിരുനാൾ പ്രദക്ഷിണവും നടക്കും. ആന്റണി മാറോക്കി, ലിയോൺ പോൾ പൊറത്തുക്കാരൻ, ടോം ജോസ് ഐപ്പൻപറമ്പിൽ, പീല തോമസ് തേലപ്പിള്ളി, ഫാ. തോമസ് വടക്കഞ്ചേരി എന്നിവരടങ്ങുന്ന ആഘോഷക്കമ്മിറ്റിയാണു ഉത്സവത്തിനു നേതൃത്വം നൽകുന്നത്.

കൊടുമ്പ് വള്ളിദേവസേനാസമേത കല്യാണസുബ്രഹ്മണ്യസ്വാമി ക്ഷേത്രത്തിൽ രഥോത്സവത്തിന്റെ ഭാഗമായി നടന്ന നിലയിളക്കൽ ചടങ്ങ്

ഐ.എം.എ. തെന്മലപ്പുറം ശാഖാ പൊതുയോഗം

കൊല്ലങ്കോട് ▸ ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ തെന്മലപ്പുറം ശാഖ പൊതുയോഗം ചേർന്നു. ശാഖാ പ്രസിഡന്റ് ഡോ. മോഹൻകുമാർ അധ്യക്ഷനായി. നെന്മാറ, ആലത്തൂർ, വടക്കഞ്ചേരി മേഖലകളിൽനിന്നുള്ള അംഗങ്ങൾ പങ്കെടുത്തു. ദേ

ഡോക്ടർമാരുടെ മിനിമം പരിശോധനാഫീസ് ഏകീകരിക്കാനും പ്രദർശിപ്പിക്കാനും തീരുമാനിച്ചു. ഫെബ്രുവരി ഒന്നുമുതൽ ജനറൽ പ്രാക്ടീഷണർ-150 രൂപ, സ്പെഷ്യലിസ്റ്റ് -250 രൂപ, സൂപ്പർ സ്പെഷ്യലിസ്റ്റ്- 350 രൂപ എന്നിങ്ങനെ പരിശോധനാ ഫീസ് ഏകീകരിക്കുമെന്നും അർഹരായ രോഗികൾക്ക് ഇളവുകൾ നൽകുമെന്നും ഭാരവാഹികൾ അറിയിച്ചു.

സെക്രട്ടറി ഡോ. പ്രനൂപ്, ഡോ. മജീഷ് ആന്റണി, ഡോ. ജയദേവൻ, ഡോ. ശ്രീചിത്ത്, ഡോ. ശരത്ത് തുടങ്ങിയവർ സംസാരിച്ചു.

വിഷുവേലക്കമ്മിറ്റി

പെരിങ്ങോട്ടുകുറുശ്ശി ▸ ബമ്മണൂർ ചെരാംകുളങ്ങര ഭഗവതിക്ഷേത്രത്തിൽ ബമ്മണൂർദേശം വിഷുവേലക്കമ്മിറ്റി രൂപവത്കരിച്ചു.

ഭാരവാഹികൾ: എം. നാരായണമേനോൻ (പ്രസി.), ഡി. ദാമോദരനുണ്ണി, ജയചന്ദ്രൻ നൊട്ടത്ത് (വർക്കിങ് പ്രസി.), കെ. കുമാരൻ, ടി.പി. അരവിന്ദൻ, കെ.പി. രതീഷ്ബാബു, പി.എൻ. മുരളീധരൻ (വൈ. പ്രസി.), വി. പങ്കജാക്ഷൻ (സെക്ര.), എൻ.ആർ. ഉണ്ണി, ആനന്ദൻ നൊട്ടത്ത്, സി.എൻ. സന്തോഷ് (ജോ. സെക്ര.), ഷാജി ഗംഗാധരൻ പൂവത്തിങ്കൽ (ഖജാ.).

കെ.എസ്.എസ്.പി.യു. വാർഷികം

കെ.എസ്.എസ്.പി.യു. കണ്ണമ്പ്രയൂണിറ്റ് വാർഷികം വി. ചന്ദ്രൻ ഉദ്ഘാടനംചെയ്യുന്നു

കണ്ണമ്പ്ര ▸ കേരള സ്റ്റേറ്റ് സർവീസ് പെൻഷനേഴ്സ് യൂണിയൻ (കെ.എസ്.എസ്.പി.യു.) കണ്ണമ്പ്ര യൂണിറ്റ് വാർഷികം ജില്ലാ ജോയിന്റ് സെക്രട്ടറി വി. ചന്ദ്രൻ ഉദ്ഘാടനംചെയ്തു. യൂണിറ്റ് പ്രസിഡന്റ് യു. ചന്ദ്രൻ അധ്യക്ഷനായി.

പി.വി. ശ്രീനിവാസൻ, വി.വി. മുരുകൻകുട്ടി, പി.കെ. ഹരിദാസൻ, എം.വി. അപ്പുണ്ണി നായർ, കെ. ശ്രീധരൻ, കെ. മധുസൂദനൻ, വി. മോഹൻദാസ്, പി. ഉഷ, എ.ജി. കുമാരി തുടങ്ങിയവർ സംസാരിച്ചു. ഭാരവാഹികൾ: യു. ചന്ദ്രൻ (പ്രസി.), പി.വി. ശ്രീനിവാസൻ (സെക്ര.), പി.എം. സഞ്ജീവൻ (ഖജാ.).

വടക്കഞ്ചേരി ▸ കേരള സ്റ്റേറ്റ് സർവീസ് പെൻഷനേഴ്സ് യൂണിയൻ വടക്കഞ്ചേരി രണ്ട് യൂണിറ്റ് വാർഷികം ജില്ലാ പ്രസിഡന്റ് സി.എസ്. സുകുമാരൻ ഉദ്ഘാടനംചെയ്തു. കുടിശ്ശികകൾ തീർക്കണമെന്നും ആനുകൂല്യങ്ങൾ ഉടൻ അനുവദിക്കണമെന്നും ആവശ്യപ്പെട്ടു. യൂണിറ്റ് പ്രസിഡന്റ് എൻ. രവിദാസൻ അധ്യക്ഷനായി.

പഞ്ചായത്തിലെ മികച്ച ആശാവർക്കർമാരെയും ഹരിതകർമസേനാംഗങ്ങളെയും അനുമോദിച്ചു.

എം.വി. അപ്പുണ്ണി നായർ, എസ്. മുഹമ്മദ് ഹസ്സൻ, എ. ഗംഗാധരൻ, എ.ആർ. അയ്യപ്പൻ, എ. ചന്ദ്രൻ, എൻ. അപ്പുക്കുട്ടൻ, എം. ഹാജറ, എ. രാമചന്ദ്രൻ തുടങ്ങിയവർ സംസാരിച്ചു.

കെ.എസ്.എസ്.പി.യു. വടക്കഞ്ചേരി രണ്ട് യൂണിറ്റ് വാർഷികം ജില്ലാ പ്രസിഡന്റ് സി.എസ്. സുകുമാരൻ ഉദ്ഘാടനംചെയ്യുന്നു

പെരുവെമ്പ് തുപ്പനംപുള്ളി ഭഗവതിക്ഷേത്രത്തിലെ (നടുവത്ത് കാവ്) പ്രതിഷ്ഠാദിനത്തോടനുബന്ധിച്ചു നടന്ന, വെട്ടുകാട് മഹാദേവ ക്ഷേത്രത്തിൽ നിന്നുള്ള എഴുന്നള്ളത്ത്

വല്ലങ്ങി ശിവക്ഷേത്രത്തിൽ ആറാട്ട്

വല്ലങ്ങി ശിവക്ഷേത്രത്തിൽ നടന്ന ആറാട്ട്

നെന്മാറ ▸ വല്ലങ്ങി ശിവക്ഷേത്രത്തിലെ ആറാട്ട് ആഘോഷിച്ചു. വ്യാഴാഴ്ച രാവിലെ പള്ളിയുണർത്തലോടെ തുടങ്ങി. തുടർന്ന് അഭിഷേകം, ആറാട്ടുബലി തുടങ്ങിയവയ്ക്കുശേഷം ക്ഷേത്രക്കുളത്തിൽ ആറാട്ടും നടന്നു. കൊടിയിറക്കി ആറാട്ട് കലശമാടിയതോടെ ചടങ്ങുകൾ സമാപിച്ചു. തന്ത്രി കരിവെള്ളൂർ പുതുക്കുളത്ത് മനയ്ക്കൽ സുബ്രഹ്മണ്യൻ നമ്പൂതിരി കാർമികനായി.

ചെക്പോസ്റ്റുകളിൽ വിജിലൻസിന്റെ മിന്നൽപരിശോധന; ഒരുലക്ഷം രൂപ കണ്ടെടുത്തു

കൊഴിഞ്ഞാമ്പാറ ▸ സംസ്ഥാന അതിർത്തിയിലുള്ള മോട്ടോർവാഹന ചെക്പോസ്റ്റുകളിൽ വിജിലൻസിന്റെ മിന്നൽ പരിശോധന. വാളയാർ ഇൻ, വാളയാർ ഔട്ട്, വേലന്താവളം എന്നിവിടങ്ങളിലാണ് പരിശോധന നടന്നത്.

വാളയാറിലെ രണ്ടു ചെക്പോസ്റ്റുകളിൽനിന്നുമായി രണ്ടുമണിക്കൂറിനകം കണക്കിൽപ്പെടാത്ത 95,000 രൂപ കണ്ടെത്തി.

ഇൻ ചെക്പോസ്റ്റിൽനിന്ന് 40,000 രൂപയാണ് കണ്ടെടുത്തത്. ഔട്ട് ചെക് പോസ്റ്റിൽനിന്ന് 55,000 രൂപയും കണ്ടെടുത്തു. വേലന്താവളത്ത് രണ്ടുമണിക്കൂറിനുള്ളിൽ കണക്കിൽപ്പെടാത്ത 5,000 രൂപയാണു കണ്ടെടുത്തത്.

വേലന്താവളം ആർ.ടി.ഒ. ചെക്പോസ്റ്റിൽ വിജിലൻസ് ഉദ്യോഗസ്ഥർ പരിശോധന നടത്തുന്നു

എറണാകുളം റേഞ്ച് എസ്.പി. ശശിധരൻ, ഡിവൈ.എസ്.പി.മാരായ കെ.എ. തോമസ്, എസ്. ഷംസുദ്ദീൻ, വിജിലൻസ് സി.ഐ. എസ്. അരുൺപ്രസാദ്, ഇൻസ്പെക്ടർ ഷിജു എബ്രഹാം എന്നിവരുടെ നേതൃത്വത്തിലായിരുന്നു പരിശോധന.

വ്യാഴാഴ്ച രാത്രി പത്തുമണിയോടെയാണ് ചെക്പോസ്റ്റുകളിൽ പരിശോധന തുടങ്ങിയത്. പരിശോധന പുലർച്ചെ മൂന്നുവരെ നീണ്ടു. ഗസറ്റഡ് ഉദ്യോഗസ്ഥരായ രാഹുൽ രാജ്, സുരേഷ്, ശാന്തകുമാർ എന്നിവർ നേതൃത്വം നൽകി.

ജനുവരി 10-നും 12-നും അതിർത്തി ചെക്പോസ്റ്റുകളിൽ വിജിലൻസിന്റെ പരിശോധന നടന്നിരുന്നു. മൂന്നേകാൽ ലക്ഷം രൂപയാണു പരിശോധനയിൽ കണ്ടെടുത്തത്. തുടർന്ന് 21-നു ഗതാഗത കമ്മിഷണറുടെ നേതൃത്വത്തിലും പരിശോധന നടന്നു. ചെക്പോസ്റ്റുകളിൽ വകുപ്പുതല സ്ക്വാഡുകളുടെ പരിശോധന ഊർജിതമാക്കുന്നത് സംബന്ധിച്ച് കമ്മിഷണർ നിർദേശങ്ങൾ നൽകിയിരുന്നു.

റേഷൻകടകളിൽ അവശ്യസാധനങ്ങൾ ലഭ്യമാക്കാൻ സർക്കാർ നടപടിസ്വീകരിക്കണമെന്നാവശ്യപ്പെട്ട് വണ്ടാഴി മണ്ഡലം കോൺഗ്രസ് കമ്മിറ്റി വണ്ടാഴി റേഷൻകടയ്ക്ക് മുന്നിൽ നടത്തിയ ധർണ ഡി.സി.സി. ജനറൽ സെക്രട്ടറി കെ.ജി. എൽദോ ഉദ്ഘാടനംചെയ്യുന്നു. മണ്ഡലം പ്രസിഡന്റ് കെ.എം. ശശീന്ദ്രൻ അധ്യക്ഷനായി

ഇന്നത്തെ പരിപാടി

- **ചിറ്റൂർ മിനി സിവിൽ സ്റ്റേഷൻ ഹാൾ** ദേശീയ റോഡ് സുരക്ഷാ മാസാചരണം. സമാപന സമ്മേളനം ഉദ്ഘാടനം മന്ത്രി കെ. കൃഷ്ണൻകുട്ടി 10.00.
- **തസ്രാക്ക് ഒ.വി. വിജയൻ സ്മാരക ഓഡിറ്റോറിയം പ്രൈവറ്റ് സ്കൂൾ ഗ്രാജ്വേറ്റ് ടീച്ചേഴ്സ് അസോസിയേഷൻ സംസ്ഥാന സമ്മേളനത്തോടനുബന്ധിച്ച് സ്മരണാഞ്ജലി. 3.30, സാംസ്കാരിക സമ്മേളനം. 6.00.**
- **പരുത്തിപ്പുള്ളി ജങ്ഷൻ എം.എസ്. കൺവെൻഷൻ സെന്റർ** പിലാപ്പുള്ളി അലിഫ് സ്കൂൾ വാർഷികാഘോഷം 4.00.
- **ആലത്തൂർ മിനി സിവിൽ സ്റ്റേഷൻ** സബ് ആർ.ടി.ഒ. ഓഫീസും ആലത്തൂർ ട്രിനിറ്റി കണ്ണാശുപത്രിയും നടത്തുന്ന സൗജന്യ നേത്രപരിശോധന 9.00.

പഴയലൂർഗ്രാമം ശ്രീകൃഷ്ണക്ഷേത്രത്തിലെ രഥോത്സവത്തോടനുബന്ധിച്ചു നടന്ന ലക്ഷാർച്ചന. വെള്ളിയാഴ്ച രഥപ്രയാണം, ശനിയാഴ്ച ആറാട്ട് എന്നിവയോടെ ഉത്സവം സമാപിക്കും

എലപ്പുള്ളിയിൽ മദ്യക്കമ്പനിക്ക് അനുമതി നൽകിയതിൽ പ്രതിഷേധിച്ച് തൃണമൂൽ കോൺഗ്രസ് ജില്ലാ കമ്മിറ്റി നടത്തിയ ധർണ. സംസ്ഥാന കൺവീനർ പി.വി. അൻവർ ഉദ്ഘാടനംചെയ്യു. ജില്ലാ കോഡിനേറ്റർ മിൻഹാജ് മെദാർ അധ്യക്ഷനായി. ജിഷാർ പറമ്പിൽ, അഡ്വ. വി.എസ്. മനോജ് കുമാർ, ഹംസ ഫാറക്കാട്ടിൽ, അസ്ലാം ബക്കർ, സുൽഫിക്കർ അലി, അൻവർ പുതുക്കോട്, അശ്വതി ജോസ്, ഷമീർ തോട്ടുങ്കൽ എന്നിവർ സംസാരിച്ചു

എം.ഡി.എം.എ.യുമായി പിടിയിൽ

സെസിൽ സാജു

പാലക്കാട് ▸ അട്ടപ്പള്ളം ടോൾപ്ലാസയിൽ നടത്തിയ വാഹനപരിശോധനയ്ക്കിടെ 25 ഗ്രാം എം.ഡി.എം.എ.യുമായി യുവാവ് പിടിയിൽ. വടക്കഞ്ചേരി കണക്കൻതുരുത്തി സ്വദേശി സെസിൽ സാജു (28) ആണ് അറസ്റ്റിലായത്.

ഡിവൈ.എസ്.പി.മാരായ കൃഷ്ണദാസ്, അബ്ദുൾ മുനീർ എന്നിവരുടെ നേതൃത്വത്തിൽ വാളയാർപോലീസും ജില്ലാ ലഹരിവിരുദ്ധ സ്ക്വാഡുമാണ് പരിശോധന നടത്തിയത്.

എസ്.എൻ.ഡി.പി. യോഗം പൊതുയോഗം

ചിറ്റൂർ ▸ എസ്.എൻ.ഡി.പി. യോഗം മേട്ടുപ്പാളയംശാഖാ വാർഷികപൊതുയോഗം ചിറ്റൂർ യൂണിയൻ സെക്രട്ടറി കെ. ഫൽഗുനൻ ഉദ്ഘാടനംചെയ്തു. പ്രസിഡന്റ് കെ. ശിവരാമൻ അധ്യക്ഷനായി. റിട്ട. പ്രൊഫ. കെ.കെ. ചിദംബരൻ മുഖ്യപ്രഭാഷണം നടത്തി.

സെക്രട്ടറി എം. വിശ്വനാഥൻ, യൂണിയൻ വൈസ് പ്രസിഡന്റ് മായപ്പൻ, ഡയറക്ടർ എൻ. രാമചന്ദ്രൻ, കൗൺസിലർമാരായ കേശവൻ, കാർവർണൻ, എ. സുദേവൻ, യൂത്ത് മൂവ്മെന്റ് യൂണിയൻ വൈസ് പ്രസിഡന്റ് രാധാകൃഷ്ണൻ എന്നിവർ സംസാരിച്ചു.

എസ്.എൻ.ഡി.പി. യോഗം മേട്ടുപ്പാളയംശാഖാ വാർഷികപൊതുയോഗം യൂണിയൻ സെക്രട്ടറി കെ. ഫൽഗുനൻ ഉദ്ഘാടനംചെയ്യുന്നു

ഗാന്ധിജി അനുസ്മരണം

പെരുവെമ്പ് ▸ മഹാത്മാഗാന്ധിയുടെ രക്തസാക്ഷിത്വദിനത്തിൽ പെരുവെമ്പ് മണ്ഡലം കോൺഗ്രസ് കമ്മിറ്റി ഗാന്ധിജി അനുസ്മരണം നടത്തി. മണ്ഡലം പ്രസിഡന്റ് പി. സുരേഷ് ബാബു, ബ്ലോക്ക് കോൺഗ്രസ് സെക്രട്ടറി വി. ജയദാസ്, പോഷകസംഘടനാ നേതാക്കളായ അജീഷ് കുന്നേക്കാട്, സി.എസ്. പ്രവീൺ, എം. സൈനുദ്ധീൻ, എൻ. സന്തോഷ്കുമാർ, മണ്ഡലം വൈസ് പ്രസിഡന്റ് വി. രാമചന്ദ്രൻ തുടങ്ങിയവർ സംസാരിച്ചു.

ഫണ്ട് വിനിയോഗം: റിപ്പോർട്ട് തേടി

മുതലമട ▸ ഗ്രാമപ്പഞ്ചായത്തിൽ ഫണ്ടുകൾ ചെലവഴിക്കാൻ കഴിയാത്തവിധം ഉദ്യോഗസ്ഥ നിസ്സഹകരണമെന്ന പരാതിയിൽ ഹൈക്കോടതിയുടെ ഇടപെടൽ. മാർച്ച് മൂന്നിനകം മറുപടി നൽകാനാണ് തദ്ദേശസ്വയംഭരണ വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർക്കു ജസ്റ്റിസ് എ.എ. സിയാദ് റഹ്മാന്റെ നിർദേശം. പഞ്ചായത്ത് പ്രസിഡന്റ് പി. കല്പനാദേവിയും വൈസ് പ്രസിഡന്റ് എം. താജുദ്ദീനുമാണു ഹർജി നൽകിയത്.

ജില്ലാ കൺവെൻഷൻ

ആർ. ദേവറോയ് (പ്രസി.) സുരേഷ്കുമാർ (ജന. സെക്ര.)

പാലക്കാട് ▸ ആന്റി കറപ്ഷൻ ആൻഡ് ഹ്യൂമൻ റൈറ്റ്സ് പ്രൊട്ടക്ഷൻ കൗൺസിൽ ജില്ലാ കൺവെൻഷൻ സംസ്ഥാന ജനറൽ സെക്രട്ടറി ജിമ്മിജോർജ് ഉദ്ഘാടനംചെയ്തു. ജില്ലാ പ്രസിഡന്റ് ആർ. ദേവറോയ് അധ്യക്ഷനായി.

ജനറൽ സെക്രട്ടറി സുരേഷ് നെന്മാറ, സംസ്ഥാനകമ്മിറ്റി അംഗം സുരേഷ് ആലത്തൂർ എന്നിവർ സംസാരിച്ചു.

ഭാരവാഹികൾ: ആർ. ദേവറോയ് (പ്രസി.), പി.എം. അബ്ദുൾ ജലീൽ, എൽ. ആന്റണി (വൈ. പ്രസി.), സുരേഷ്കുമാർ നെന്മാറ (ജന. സെക്ര.), പി. രമേഷ്, കാജാ കിഴക്കേക്കാടൻ, പി.എം. സൂര്യപ്രകാശ്, സി. ഫസീന (ജോ. സെക്ര.), കെ. മയിൽസ്വാമി (ഖജാ.).

സിനിമ

പാലക്കാട്: പ്രിയദർശിനി (DTS) 2KDolby
● ഒരു ജാതി ജാതകം (മ-4)
(11.30, 2.30, 6.00, 9.00)
Res: www.priyadarsinicinema.in
www.justickets.in

പ്രിയ Dolby4KAtmos:
● Domanic & the Ladies Purse (മ-4)
(11.30, 2.30, 6.00, 9.00)
Res: www.priyadarsinicinema.in
www.justickets.in

പ്രിയതമ 2K A/c DTS:
● പ്രാവിൻകൂട് (മ-4) (11.30, 2.30, 6.00, 9.00)
Res: www.priyadarsinicinema.in
www.justickets.in

അരോമ Screen I:
● Domanic & the Ladies Purse (4)
(11.15, 2.15, 6.00, 9.00)
Screen 2:
● കുടുംബസ്ഥൻ (11.15, 9.00)
● അൻപോട് കൺമണി (2.15, 6.00)

ന്യൂ അരോമ
● ഒരു ജാതി ജാതകം (11.15, 2.15, 6.00, 9.00)

ശ്രീദേവിദുർഗ്ഗ: V.Cinemas A/c DTS:
Screen 1:
● പൊന്മാൻ (മ) (11.30, 2.30, 6.00, 9.00)
Screen 2:
● The Four Seasons (11.30)
● രേഖാചിത്രം (മ) (9.00)
● ദേശക്കാരൻ (2.30, 6.00)

ചിറ്റൂർ: കൈരളി (2K 3D 7.1 Sound System):
● രേഖാചിത്രം (മ) (11.00, 6.00)
● Domanic & the Ladies Purse (2, 9)

ചിറ്റൂർ: ശ്രീ:
● പൊന്മാൻ (മ) (11.30, 2.30, 6.30, 9.30)
Ph: 04923 221300

പുതുനഗരം: ന്യൂ
Screen-1, 2K A/c (DTS)
● Domanic & the Ladies Purse (മ)
(2.00, 6.00, 9.00)
Screen-2 2K AC DTS:
● No Show

തൃപ്പാളൂർ സ്നേഹ A/c Dolby Atmos
Screen I Dolby Atmos
● കുടുംബസ്ഥൻ (11.15, 2.30, 6.15, 9.30)
Screen II DTSx
● പൊന്മാൻ (11.30, 2.30, 6.30, 9.30)

online booking: www.bookmyshow.com
Enquiry 9626905000

കൊല്ലങ്കോട്: തങ്കം (DTS)Qube 2K A/c: Dolby Atmos)
● കുടുംബസ്ഥൻ (T-3)
Booking: Paytm/Ticket new

തങ്കരാജ് 2K/ AC:
● പൊന്മാൻ (മ-4)
booking: Paytm/Ticket new

കോട്ടായി: K.R.V മൂവീസ്
UFO DTS: A/C:
Screen I:
● രേഖാചിത്രം (4)
Online: bookmyshow
Screen 2:
● പറന്ന് പറന്ന് ചെല്ലാൻ (4)
Reservation: Bookmyshow

കോട്ടായി: ആവിഷ്കാർ സിനിമാസ്:
(3D Dolby Atmos)
● പൊന്മാൻ (മ) (11.30, 2.30, 6.30, 9.15)
● Domanic & the Ladies Purse (മ)
(6.00,9.00)

വടക്കഞ്ചേരി: ജയഭാരത് മൂവീസ്
● പൊന്മാൻ (മ-4)

ജയഭാരത് സ്ക്രീൻ I
A/C(QubeDTS2KAtmos)
● ഒരു ജാതി ജാതകം (4)
OnlineBooking: catchmyseat.com

ജയഭാരത് സ്ക്രീൻ II A/C(QubeDTS)
● The Four Seasons (2.45)
● Domanic & the Ladies Purse (11.15, 6.15, 9.30)

വടക്കഞ്ചേരി: KAM മൂവീസ്
● ഒരു കഥ ഒരു നല്ല കഥ (11.30, 2.30, 6.30, 9.30)
bookmyshow

കല്ലടിക്കോട് ബാലാ സിനിമാസ് (4K Atmos): ODI1:
● Domanic & the Ladies Purse (2)
● രേഖാചിത്രം (1)
● അൻപോട് കൺമണി (1)
● പൊന്മാൻ (4)
Reservation: bookmyshow, 7736412346

പെരിങ്ങോട്ടുകുറുശ്ശി: CKM Victory A/c
3D Dolby 9.2: Screen I:
Online booking - www.Ticketnew.com
● No Show
Screen 2:
● രേഖാചിത്രം (മ-4)

തത്തമംഗലം പാതയോരത്ത് കുന്നുകൂടി മാലിന്യം

ചിറ്റൂർ ▸ മാലിന്യസംഭരണത്തിൽ പുരസ്കാരം നേടിയ ചിറ്റൂർ-തത്തമംഗലം നഗരസഭയുടെ പല ഭാഗത്തും മാലിന്യം കുന്നുകൂടി കിടക്കുന്നു. ഉപയോഗിച്ച ഐസ്ക്രീം ഗ്ലാസ്, സ്പൂൺ, ഒഴിഞ്ഞ മദ്യക്കുപ്പികൾ, പ്ലാസ്റ്റിക് സഞ്ചികൾ തുടങ്ങിയവ വലിച്ചെറിഞ്ഞിരിക്കുകയാണ്. തത്തമംഗലം പ്രധാന പാതയിൽ വൈദ്യുതി ഓഫീസിന് മുന്നിലുള്ള ടീ ഷോപ്പിനടുത്താണ് മാലിന്യക്കൂമ്പാരം. ആഴ്ചകളായി ഇവിടെ മാലിന്യം കിടക്കാൻ തുടങ്ങിയിട്ട്. ഇവ നീക്കുന്നതിനോ മാലിന്യം തള്ളുന്നവർക്കെതിരേ നടപടി എടുക്കുന്നതിനോ അധികൃതർ നടപടി സ്വീകരിച്ചിട്ടില്ല.

നഗരസഭയുടെ ഹൃദയഭാഗത്ത് അണിക്കോട് ജങ്ഷനിൽ പഴയ പെട്രോൾ പമ്പിനു സമീപത്തും മാലിന്യം തള്ളുന്നുണ്ട്. ഇവിടെ പാഴ് വസ്തുക്കൾ കത്തിക്കുന്നതായും സമീപവാസികൾ പറഞ്ഞു.

തത്തമംഗലത്ത് മാലിന്യം തള്ളിയിരിക്കുന്നു

സ്വീകരണം നൽകി

പാലക്കാട് ▸ കേരള ശാസ്ത്രസാഹിത്യ പരിഷത്ത് 'ഇന്ത്യാ സ്റ്റോറി' നാടകയാത്രയ്ക്ക് വിവിധ കേന്ദ്രങ്ങളിൽ സ്വീകരണം നൽകി. കൊടുവായൂർ ടീച്ചർ എജുക്കേഷൻ സെന്ററിൽ കൊടുവായൂർ ഗ്രാമപ്പഞ്ചായത്ത് പ്രസിഡന്റ് വി. പ്രേമ ഉദ്ഘാടനംചെയ്തു. പട്ടഞ്ചേരി ആൽത്തറയിൽ നൽകിയ സ്വീകരണം ബ്ലോക്ക് പഞ്ചായത്ത് ആരോഗ്യ വിദ്യാഭ്യാസകാര്യ സ്ഥിരംസമിതി ചെയർമാൻ കെ. നിസാറും തേങ്കുറുശ്ശി കമ്യൂണിറ്റി ഹാളിൽ ഗ്രാമപ്പഞ്ചായത്ത് പ്രസിഡന്റ് ആർ. ഭാർഗവനും കുത്തനൂർ പൂതക്കാട്ടിൽ ബ്ലോക്ക് പഞ്ചായത്തംഗം എൻ. രാജേഷ് കുമാറും ഉദ്ഘാടനംചെയ്തു. ജാഥാ മാനേജർ പി.പി. തങ്കച്ചൻ സംസാരിച്ചു.

വാതകശ്മശാനം തുറന്നു

കുഴൽമന്ദം ▸ കുത്തനൂർ ഗ്രാമപ്പഞ്ചായത്തിന്റെ വാതകശ്മശാനം അറ്റകുറ്റപ്പണിക്കുശേഷം പ്രവർത്തനം ആരംഭിച്ചതായി സെക്രട്ടറി അറിയിച്ചു.

The Kollengode Agricultural Service Co-operative Bank
Ltd. No. 7561, Kollengode, Palakkad Dist -678 506. Ph: 04923 262352, 262262
Mob: 8075549293 | Email: kollengodeascbpkd@yahoo.com
ക്വട്ടേഷൻ ക്ഷണിക്കുന്നു
കൊല്ലങ്കോട് അഗ്രികൾച്ചറൽ സർവ്വീസ് സഹകരണ ബാങ്കിന്റെ മത്സ്യഫെഡ് ഔട്ട് ലെറ്റ് പ്രവർത്തിക്കുന്ന സ്ഥലത്ത് EV ചാർജിങ് സ്റ്റേഷൻ സ്ഥാപിക്കുന്നതിന് പരിചയ സമ്പന്നരായ കമ്പനികളിൽ നിന്നും ക്വട്ടേഷൻ ക്ഷണിക്കുന്നു. കമ്പനികൾ EV ഫാസ്റ്റ് ചാർജിങ് സ്റ്റേഷൻ സ്ഥാപിക്കുന്നതിൽ കുറഞ്ഞത് രണ്ടു വർഷത്തെ മുൻ പരിചയം ഉള്ളവരും അനർട്ടിന്റെ എം പാനൽ ലിസ്റ്റിൽ ഉൾപ്പെട്ടവരും ആയിരിക്കണം. സ്ഥാപനങ്ങൾക്ക് ചാർജിങ് മെഷീൻ കമ്പനിയുടെ ചാനൽപാർട്ട്ണർ ഡിലർഷിപ്പ് സർട്ടിഫിക്കറ്റ് നിർബന്ധമാണ്. EV ഫാസ്റ്റ് ചാർജിങ് സ്റ്റേഷൻ സ്ഥാപിക്കുന്നതോടൊപ്പം തുടർന്നുള്ള സർവീസും ആവശ്യമായ സാങ്കേതിക സഹായവും നൽകാൻ കമ്പനിക്ക് കഴിയുമെന്ന് ഉറപ്പു തരേണ്ടതാണ്. യോഗ്യരായ സ്ഥാപനങ്ങളുടെ സീൽ ചെയ്ത ക്വട്ടേഷൻ 2025 ഫെബ്രുവരി 5ന് മുൻപ് ലഭിച്ചിരിക്കണം. ചാർജിങ് സ്റ്റേഷൻ കപ്പാസിറ്റി: 30KW
എന്ന്, സെക്രട്ടറി

कॅनरा बैंक Canara Bank
കാനറ ബാങ്ക് കൊഴിഞ്ഞാമ്പാറ ശാഖ ആധുനിക സൗകര്യങ്ങളോടെ പുതിയ കെട്ടിടത്തിൽ ഇന്നു മുതൽ പ്രവർത്തനം ആരംഭിക്കുന്നു

പുതിയ വിലാസം
കാനറാ ബാങ്ക്, 8/924, ചിന്നണ്ണൻ കൊമേർഷ്യൽ, എ ആർ ഓഡിറ്റോറിയത്തിനു സമീപം, പൊള്ളാച്ചി റോഡ്, കൊഴിഞ്ഞാമ്പാറ, 678555

മണ്ണമ്പറ്റ പുന്നാംപറമ്പ് പൂരം ഇന്ന്

▶ 26 ആനകൾ അണിനിരക്കും

▶ മണ്ണമ്പറ്റ പുന്നാംപറമ്പ് നാലിശ്ശേരി ഭഗവതിക്ഷേത്രത്തിലെ മണ്ണമ്പറ്റ വടക്കൻ പൂരത്തിന്റെ അൻപതാം വാർഷികത്തോടനുബന്ധിച്ചുനടന്ന ആനച്ചമയ പ്രദർശനം

▶ മണ്ണമ്പറ്റ പുന്നാംപറമ്പ് നാലിശ്ശേരി ഭഗവതിക്ഷേത്രത്തിലെ വലിയാറാട്ടിനോടനുബന്ധിച്ചുനടന്ന എഴുന്നള്ളിപ്പ്

ശ്രീകൃഷ്ണപുരം ▸ മണ്ണമ്പറ്റ പുന്നാംപറമ്പ് നാലിശ്ശേരി ഭഗവതിക്ഷേത്രത്തിലെ പൂരം വെള്ളിയാഴ്ച ആഘോഷിക്കും. നാലരയോടെ നാനാഭാഗത്തുനിന്നുമുള്ള വേലകളെത്തും. അഞ്ചുമണിക്ക് പൂരപ്പറമ്പിൽ അണിനിരക്കും. ആറുവേലകളിലായി 26 ആനകളുണ്ടാകും. പഞ്ചവാദ്യവും പഞ്ചാരിമേളവും വാദ്യവിരുന്നാകും.

തിറ, പൂതൻ, വേഷങ്ങൾ എന്നിവയും ഉത്സവത്തിന് നിറം ചാർത്തും. മണ്ണമ്പറ്റ വടക്കൻ പൂരം, കോടർമണ്ണ പടിഞ്ഞാറൻപൂരം, കിഴക്കൻപൂരം, പുളിങ്കാവ് പടിഞ്ഞാറൻപൂരം, പാർത്തല പടിഞ്ഞാറൻപൂരം, മമ്പള്ളി മാഹവിഷ്ണുക്ഷേത്രം പടിഞ്ഞാറൻപൂരം എന്നീ ആറുപൂരങ്ങൾ ആഘോഷം ഗംഭീരമാക്കാനുള്ള ഒരുക്കത്തിലാണ്. ക്ഷേത്രത്തിൽ രാവിലെ ഏഴിന് ദേവീമാഹാത്മ്യ പാരായണം, വൈകീട്ട് നാലിന് പാന, 4.15-ന് ബാൻഡ്‌വാദ്യം, ശിങ്കാരിമേളം, പൂക്കാവടി, 9.30-ന് കെ.സി. രൂപേഷ് അവതരിപ്പിക്കുന്ന ഭരതനാട്യം എന്നിവയുണ്ടാകും. ആറുപൂരങ്ങളും നാലുമണിയോടെ പുറപ്പെട്ട് നാലരയോടെ ക്ഷേത്രാങ്കണത്തിലെത്തും. അൻപതാം വാർഷികം ആഘോഷിക്കുന്ന മണ്ണമ്പറ്റ തോട്ടര വടക്കൻപൂരം മണ്ണമ്പറ്റ തോട്ടര ബി.ബി.എൽ.പി. സ്കൂളിൽനിന്ന് പുറപ്പെടും.

വടക്കൻപൂരത്തിന് കോങ്ങാട് മധുവിന്റെ നേതൃത്വത്തിലാണ് പഞ്ചവാദ്യം. പുലാപ്പറ്റ രമേശൻ വാദ്യസംവിധാനം നിർവഹിക്കും. പുതുപ്പള്ളി കേശവൻ തിടമ്പേറ്റും. കോടർമണ്ണ പടിഞ്ഞാറൻ പൂരം കോടർമണ്ണ മഹാവിഷ്ണുക്ഷേത്രത്തിൽനിന്ന് പുറപ്പെടും. മായന്നൂർ രാജുവും സംഘവും പഞ്ചവാദ്യമൊരുക്കും. പുഞ്ചപ്പാടം രാമകൃഷ്ണനാണ് വാദ്യസംവിധാനം. തിരുവമ്പാടി കണ്ണൻ തിടമ്പേറ്റും.

കിഴക്കൻപൂരം കൊല്ലിയാനി ദുർഗാക്ഷേത്രത്തിൽനിന്നാണ് പുറപ്പെടുക. പൂരത്തിന് വൈക്കം ചന്ദ്രന്റെ നേതൃത്വത്തിലാണ് പഞ്ചവാദ്യം. തിരുവമ്പാടി ചന്ദ്രശേഖരൻ തിടമ്പേറ്റും. പുളിങ്കാവ് പടിഞ്ഞാറൻ പൂരം പുഞ്ചപ്പാടം പുളിങ്കാവ് അയ്യപ്പക്ഷേത്രത്തിൽനിന്ന് പുറപ്പെടും. കുണ്ടളശ്ശേരി സ്വാമിനാഥനും സംഘവും പഞ്ചവാദ്യമൊരുക്കും. കുട്ടൻകുളങ്ങര അർജുനന്റെ നേതൃത്വത്തിലാണ് ഗജനിര.

പാർത്തല പടിഞ്ഞാറൻ പൂരം മുതിയാലംകുന്ന് സെന്ററിൽനിന്ന് പുറപ്പെടും. കലാമണ്ഡലം പ്രകാശനും സംഘവും പഞ്ചവാദ്യം അവതരിപ്പിക്കും. ചൈത്രം അച്ചു തിടമ്പേറ്റും. മമ്പള്ളി മഹാവിഷ്ണുക്ഷേത്രം പടിഞ്ഞാറൻ പൂരം മഹാവിഷ്ണുക്ഷേത്രത്തിൽനിന്ന് പുറപ്പെടും. പഞ്ചാരിമേളമുണ്ടാകും. കല്ലൂർ ഉണ്ണിക്കൃഷ്ണന്റെ നേതൃത്വത്തിലാണ് മേളം. നന്തിലത്ത് ഗോപാലകൃഷ്ണൻ തിടമ്പേറ്റും.

വ്യാഴാഴ്ച ക്ഷേത്രത്തിൽ വലിയാറാട്ട് ആഘോഷിച്ചു. രാത്രിയോടെ കാളവേലകളെത്തി. മണ്ണമ്പറ്റ വടക്കൻ പൂരത്തിന്റെ അൻപതാം വാർഷികത്തോടനുബന്ധിച്ച് ക്ഷേത്രം ഓഡിറ്റോറിയത്തിൽ ആനച്ചമയ പ്രദർശനം നടന്നു.

പൂഴിയപ്പറമ്പ് താലപ്പൊലി കൊടിയേറ്റം ഇന്ന്

ശ്രീകൃഷ്ണപുരം ▸ മണ്ണമ്പറ്റ പൂഴിയപ്പറമ്പ് നാലിശ്ശേരി ഭഗവതിക്ഷേത്രത്തിലെ താലപ്പൊലി വെള്ളിയാഴ്ച രാവിലെ 7.30-ന് കൊടിയേറും. ഉത്സവകാലത്ത് എല്ലാദിവസവും തോൽപ്പാവക്കൂത്ത്, കളംപാട്ട്, പ്രഭാതഭക്ഷണം എന്നിവയുണ്ടാകും. ഒന്നിന് രാത്രി ഏഴിന് കലാമണ്ഡലം വിഷ്ണു അവതരിപ്പിക്കുന്ന ഓട്ടൻതുള്ളൽ, 8.30-ന് നൃത്തം, രണ്ടിന് വൈകീട്ട് ആറിന് പഞ്ചാരിമേളം, ഏഴിന് തിരുവാതിരക്കളി, എട്ടിന് കലാമണ്ഡലം ഈശ്വരനുണ്ണി അവതരിപ്പിക്കുന്ന ചാക്യാർകൂത്ത് എന്നിവയുണ്ടാകും.

മൂന്നിന് വൈകീട്ട് 6.30-ന് കലാസന്ധ്യ, എട്ടിന് തിരുവാതിരക്കളി, നാലിന് വൈകീട്ട് 6.30-ന് തിരുവാതിരക്കളി, ഏഴിന് നൃത്തം, അഞ്ചിന് വൈകീട്ട് ഏഴിന് തിരുവാതിരക്കളി, 7.30-ന് നൃത്തം എന്നിവയുണ്ടാകും. ആറിന് വലിയാറാട്ട് ദിവസം വൈകീട്ട് 5.30-ന് തിരുവാതിരക്കളി, ആറിന് പ്രിയേഷ് അവതരിപ്പിക്കുന്ന സോപാനസംഗീതം, 6.30-ന് പാഠകം, എട്ടിന് തായമ്പക, 9.30-ന് കേളി, പറ്റ്, മേളം, എഴുന്നള്ളിപ്പ് എന്നിവ നടക്കും. 11മുതൽ കാളവരവ് തുടങ്ങും. ഏഴിനാണ് താലപ്പൊലി. അഞ്ചുമണിയോടെ വേലകളെത്തും. രാത്രി മേളം, എഴുന്നള്ളിപ്പ്, കാളകളി എന്നിവയുണ്ടാകും.

▶ പരിയാനമ്പറ്റ ഭഗവതിക്ഷേത്രത്തിൽ പ്രതിഷ്ഠാദിനത്തിൽ നടന്ന ലവണാസുരവധം കഥകളി. തന്ത്രി ഈക്കാട്ടുമന നാരായണൻ നമ്പൂതിരിപ്പാടിന്റെ മുഖ്യകാർമികത്വത്തിലായിരുന്നു പ്രതിഷ്ഠാദിനചടങ്ങുകൾ. പ്രസാദമൂട്ടുമുണ്ടായി

ധ്വജപ്രതിഷ്ഠ

ഉത്രത്തിൽക്കാവ് ഭഗവതിക്ഷേത്രത്തിൽ കൊടിമരത്തിന് വരവേൽപ്പ്

▶ തിരുനാരായണപുരം ഉത്രത്തിൽക്കാവ് ഭഗവതിക്ഷേത്രത്തിന്റെ നവീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി ധ്വജപ്രതിഷ്ഠയ്ക്കുള്ള കൊടിമര ഘോഷയാത്ര

ശ്രീകൃഷ്ണപുരം ▸ തിരുനാരായണപുരം ഉത്രത്തിൽക്കാവ് ഭഗവതിക്ഷേത്രത്തിന്റെ നവീകരണ പ്രവർത്തനഭാഗമായി ധ്വജപ്രതിഷ്ഠയ്ക്കുള്ള കൊടിമര ഘോഷയാത്ര നടന്നു. കുറ്റാനശ്ശേരി ചോലത്തൊടിയിൽ ചിലമ്പൻകുട്ടിയുടെ വളപ്പിൽനിന്നായിരുന്നു തേക്ക് കൊണ്ടുവന്നത്. തന്ത്രി ഈക്കാട്ടുമനയ്ക്കൽ നാരായണൻനമ്പൂതിരി, മേൽശാന്തി ടി.കെ. ശങ്കർദാസ് നമ്പൂതിരി എന്നിവരുടെ കാർമികത്വത്തിൽനടന്ന താന്ത്രിക ചടങ്ങുകൾക്കുശേഷമാണ് മരംമുറിച്ചത്. തുടർന്ന്, ക്ഷേത്രവുമായി ബന്ധപ്പെട്ട് വിവിധ ആചാരനുഷ്ഠാനങ്ങൾ നടത്തുന്ന കുടുംബങ്ങൾ, വിവിധ കുതിര-കാള-ആന, പൂരക്കമ്മിറ്റികൾ, ഭക്തജനങ്ങൾ എന്നിവർ വഴിയോരങ്ങളിലും ക്ഷേത്രമൈതാനിയിലും സ്വികരണംനൽകി. പ്രത്യേകം സജ്ജമാക്കിയ സ്ഥലത്തേക്ക് കൊടിമരത്തെ മാറ്റി. എണ്ണത്തോണിയിലേക്ക് മാറ്റാനുള്ള നടപടിക്രമങ്ങൾ തുടർന്നുള്ള ദിവസങ്ങളിൽ നടക്കും. ശ്രീകോവിൽ, നമസ്കാരമണ്ഡപം, കൊടിമരം, തിടപ്പള്ളി, പ്രദക്ഷിണവഴി, ചുറ്റുമതിൽ, ക്ഷേത്രമുറ്റം, ഓഫീസ് സമുച്ചയം എന്നിവയാണ് നവീകരണ പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. മൂന്നരക്കോടിയോളം രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്.

കരുതലും കൈത്താങ്ങും അദാലത്തിൽ പരാതികൾ 698

21 കുടുംബങ്ങൾക്ക് പട്ടയമായി

അഗളി ▸ 'കരുതലും കൈത്താങ്ങും' അട്ടപ്പാടി ട്രൈബൽ താലൂക്ക് അദാലത്തിൽ ലഭിച്ചത് 698 പരാതികൾ. ഓൺലൈൻ മുഖേന 72 പരാതികൾ ലഭിച്ചപ്പോൾ 626 പരാതികൾ അദാലത്തിൽ നേരിട്ടെത്തി. ഓൺലൈനിൽ ലഭിച്ച പരാതികൾക്ക് മറുപടി നൽകി.

മണ്ണാർക്കാട് തത്തേങ്ങലം മൂച്ചിക്കുന്ന് നഗറിലെ ഭൂരഹിതരും പട്ടികവർഗക്കാരുമായ 21 കുടുംബങ്ങൾക്ക് പട്ടയം വിതരണം ചെയ്തു. 2024 സെപ്റ്റംബർ 19-ന് നടന്ന മണ്ണാർക്കാട്-അട്ടപ്പാടി താലൂക്കുതല പട്ടയമേളയിൽ റവന്യൂ വകുപ്പ് മന്ത്രി കെ. രാജന് കോളനിക്കാർ ഭൂമിക്കായി അപേക്ഷ നൽകിയിരുന്നു. തുടർന്ന് മന്ത്രി കെ. കൃഷ്ണൻകുട്ടി സ്ഥലം സന്ദർശിച്ച് ഭൂരഹിതരായ അപേക്ഷകർക്ക് ഭൂമി അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ കളക്ടർക്ക് നിർദേശം നൽകി. ഇതിനെത്തുടർന്ന് തത്തേങ്ങലം വി.എഫ്.സി.യിൽ വരുന്ന ഭൂമി പരിശോധിച്ച് എട്ട് സെന്റ് വീതം ഭൂമി കണ്ടെത്തിയാണ് അദാലത്തിൽ പട്ടയങ്ങൾ വിതരണം ചെയ്തത്.

ഭൂതിവഴി കില ഹാളിൽ മന്ത്രി കെ. കൃഷ്ണൻകുട്ടിയുടെ നേതൃത്വത്തിലാണ് താലൂക്കുതല അദാലത്ത് നടന്നത്. 17 മുൻഗണനാ റേഷൻ കാർഡുകൾ വിതരണം ചെയ്തു. 12 കാർഡുകൾ എ.എ.വൈ. (മഞ്ഞ) വിഭാഗത്തിലേക്കും രണ്ട് കാർഡുകൾ പി.എച്ച്.എച്ച്. (പിങ്ക്) വിഭാഗത്തിലേക്കുമാണ് തരംമാറ്റിയത്. അദാലത്ത് ദിനത്തിൽ ലഭിച്ച മൂന്ന് അപേക്ഷകളും പരിഗണിച്ച് റേഷൻ കാർഡുകൾ മുൻഗണനാ വിഭാഗത്തിലേക്ക് തരംമാറ്റി നൽകി.

ഷോളയൂർ ഗ്രാമപ്പഞ്ചായത്തിലെ കോട്ടത്തറ തേക്കുമുക്കിയൂരിലെ സ്വദേശിയായ മുത്തമ്മാൾ(68)ക്ക് ലൈഫ് പദ്ധതി പ്രകാരം സ്ഥലവും വീടും നൽകാൻ അദാലത്തിൽ തീരുമാനമായി. അംഗപരിമിതിയുള്ള ഭർത്താവുമായി ഹൃദയ ശസ്ത്രക്രിയ കഴിഞ്ഞ മുത്തമ്മാൾ വാടക വീട്ടിലാണ് താമസം. ഉപജീവനമാർഗം തൊഴിലുറപ്പു തൊഴിലാണ്.

അദാലത്തിൽ നേരിട്ടെത്തി നൽകിയ പരാതികൾ പരിഹരിക്കുന്നതിനായി കളക്ടർ മുഖേന ബന്ധപ്പെട്ട വകുപ്പുകളിലേക്ക് അയക്കും. ഉദ്യോഗസ്ഥ തലത്തിൽ പരിഹരിക്കാൻ കഴിയാത്ത പരാതികൾ സർക്കാരിലേക്ക് കൈമാറും.

കളക്ടർ ഡോ. എസ്. ചിത്ര, ഒറ്റപ്പാലം സബ്കളക്ടർ ഡോ. മിഥുൻ പ്രേംരാജ്, എ.ഡി.എം. കെ. മണികണ്ഠൻ, ഡെപ്യൂട്ടി കളക്ടർമാരായ സച്ചിൻ കൃഷ്ണൻ, ജോസഫ് സ്റ്റീഫൻ റോബി, വിവിധ വകുപ്പുകളുടെ ജില്ലാ-താലൂക്ക് തല ഉദ്യോഗസ്ഥർ തുടങ്ങിയവർ അദാലത്തിൽ പങ്കെടുത്തു.

▶ നരസിമുക്കിലെ നീതുവിന് താലൂക്കുതല അദാലത്തിൽ മുൻഗണനാ റേഷൻ കാർഡ് മന്ത്രി. കെ. കൃഷ്ണൻകുട്ടി കൈമാറുന്നു

ഏകലവ്യ ട്രൈബൽ എം.ആർ. എസിന് കിലയുടെ കെട്ടിടത്തിൽ പ്രവർത്തിക്കാം

കേന്ദ്രസർക്കാരിനു കീഴിലുള്ള ഏകലവ്യ ട്രൈബൽ മോഡൽ റെസിഡൻഷ്യൽ സ്കൂളിന് സ്വന്തമായി കെട്ടിടം ഉണ്ടാകുന്നതുവരെ കിലയുടെ കെട്ടിടങ്ങളിൽ പ്രവർത്തിക്കാമെന്ന് അദാലത്തിൽ തീരുമാനമായി. ആറാം ക്ലാസ് മുതൽ എട്ടാം ക്ലാസ് വരെയുള്ള 180 ആദിവാസി വിദ്യാർഥികളാണ് ഏകലവ്യ ട്രൈബൽ മോഡൽ റെസിഡൻഷ്യൽ സ്കൂളിലുള്ളത്.

മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾ താമസിക്കുന്ന മുക്കാലിയിലെ ദയാശ്രയ റിഹാബിലിറ്റേഷൻ സെൻററിന് പുതിയ കെട്ടിടം വേണമെന്ന് പരാതി നൽകി. 31 പേരാണ് സ്ഥാപനത്തിൽ അന്തേവാസികളായുള്ളത്. സ്വന്തമായുള്ള 20 സെന്റിൽ പരിമിതമായ സൗകര്യങ്ങളുള്ള വീട്ടിലാണ് സ്ഥാപനം പ്രവർത്തിക്കുന്നത്. പരാതിക്ക് പരിഹാരം കാണാമെന്ന് മന്ത്രി കെ. കൃഷ്ണൻകുട്ടി ഉറപ്പുനൽകി.

വന്യജീവികളിൽനിന്ന് സുരക്ഷ: പ്രത്യേക പദ്ധതി തയ്യാറാക്കുന്നുവെന്ന് വനംവകുപ്പ്

മന്ത്രി കൃഷ്ണൻകുട്ടിയുടെ നേതൃത്വത്തിൽ യോഗം

അഗളി ▸ വന്യജീവി ആക്രമണങ്ങളിൽനിന്ന് ജനങ്ങളുടെ സുരക്ഷ ഉറപ്പുവരുത്താൻ മന്ത്രി കെ. കൃഷ്ണൻകുട്ടിയുടെ നേതൃത്വത്തിൽ യോഗം ചേർന്നു. അട്ടപ്പാടിയിൽ ഭൂപ്രകൃതിയനുസരിച്ച് കുടിവെള്ളം തേടി വന്യമൃഗങ്ങൾ ജനവാസമേഖലയിലൂടെ സഞ്ചരിക്കുന്നതിനാൽ മനുഷ്യനും വന്യജീവികളും തമ്മിലുള്ള സംഘർഷമില്ലാതാക്കാൻ പ്രത്യേക പദ്ധതി തയ്യാറാക്കുന്നതായി വനം വകുപ്പ് മന്ത്രിയെ അറിയിച്ചു. പമ്പ് ആക്ഷൻ ഗൺ ഉപയോഗിക്കുന്നതിനാൽ അട്ടപ്പാടി മേഖലയിൽ കഴിഞ്ഞ 14 മാസമായി ആനകൾ കാരണം ആൾനാശമുണ്ടായിട്ടില്ലെന്നും വനം വകുപ്പ് അറിയിച്ചു.

അട്ടപ്പാടിയിൽ കാട്ടുപന്നികളെ വെടിവെയ്ക്കുന്നതിനും ആദിവാസി മേഖലയിൽ കൃഷി സംരക്ഷിക്കുന്നതിനും വനം വകുപ്പ്, പട്ടികവർഗ വകുപ്പ്, കൃഷിവകുപ്പ് എന്നീ വകുപ്പുകൾ സംയുക്തമായി കമ്മിറ്റി രൂപവത്കരിക്കാനും ആഴ്ചതോറും പുരോഗതി വിലയിരുത്തണമെന്നും മന്ത്രി നിർദേശിച്ചു. ആദിവാസി മേഖലകളിൽ ചില ഊരുകളിൽ ശുദ്ധമായ കുടിവെള്ളം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കാനും മുരുഗള, കിണറ്റുക്കര റോഡിനുള്ള അനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കാനും മന്ത്രി നിർദേശം നൽകി. കളക്ടർ, സബ് കളക്ടർ, വനം, ഐ.ടി.ഡി.പി, കൃഷി എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥർ പങ്കെടുത്തു.

സ്കൂൾവളപ്പിൽ അപകടാവസ്ഥയിലുള്ള മരങ്ങൾ മുറിക്കും

▶ കാരറ ഗവ. യു.പി. സ്കൂളിലെ ആരാധ്യയും മയൂഖയും അട്ടപ്പാടി താലൂക്കുതല അദാലത്തിൽ മന്ത്രി കെ. കൃഷ്ണൻകുട്ടിക്ക് പരാതി നൽകുന്നു

ആരാധ്യയുടെയും മയൂഖയുടെയും പരാതിക്ക് പരിഹാരം

അഗളി ▸ സ്കൂൾവളപ്പിലെ അപകടാവസ്ഥയിലുള്ള മരങ്ങൾ മുറിച്ചുമാറ്റണമെന്ന ആരാധ്യയുടെയും മയൂഖയുടെയും പരാതിക്ക് അദാലത്തിൽ പരിഹാരമായി. അഗളി കാരറ ഗവ. യു.പി. സ്കൂൾ വിദ്യാർഥിനികളാണ് ഇരുവരും. സ്കൂളിലെ അടിസ്ഥാനസൗകര്യങ്ങൾ വർധിപ്പിക്കണമെന്നും കുട്ടികൾ മന്ത്രിയോട് ആവശ്യപ്പെട്ടു.

പരാതി ഉടനെ പരിഹരിക്കാൻ മന്ത്രി നിർദേശിച്ചു. ഭീഷണിയായ മരങ്ങൾ മുറിച്ചതിന് അടിയന്തര നടപടി സ്വീകരിക്കാൻ പഞ്ചായത്ത് സെക്രട്ടറിക്ക് മന്ത്രി നിർദേശം നൽകി.

സിനിമ

പാലക്കാട്: പ്രിയദർശിനി (DTS) 2KDolby
- ഒരു ജാതി ഒരു ജാതകം (യ-4) (11.30, 2.30, 6.00, 9.00)

Res: www.priyadarsinicinema.in
www.justickets.in

പ്രിയ Dolby4KAtmos:
- Domanic & the Ladies Purse (യ-4) (11.30, 2.30, 6, 9.00)

Res: www.priyadarsinicinema.in
www.justickets.in

പ്രിയതമ 2K A/c DTS:
- പ്രാവിൻകൂട് (യ-4) (11.30, 2.30, 6.00, 9.00)

Res: www.priyadarsinicinema.in
www.justickets.in

അരോമ Screen I:
- Domanic & the Ladies Purse (4) (11.15, 2.15, 6.00, 9.00)

Screen 2:
- കുടുംബസ്തൻ (11.15, 9)
- അൻപോട് കൺമണി (2.15, 6)

ന്യൂ അരോമ
- ഒരു ജാതി ഒരു ജാതകം (11.15, 2.15, 6, 9)

ശ്രീദേവിദുർഗ്ഗാ: V.Cinemas A/c DTS:
Screen 1:
- പൊന്മാൻ (യ) (11.30, 2.30, 6.00, 9.00)

Screen 2:
- 4 Season (11.30)
- രേഖാചിത്രം (യ) 9.00)
- ദേശക്കാരൻ (യ) (2.30, 6)

കല്ലടിക്കോട് ബാലാ സിനിമാസ് (4K Atmos): ODI1:
- Domanic & the Ladies Purse(2)
- രേഖാചിത്രം (1)
- അൻപോട് കൺമണി (1)
- പൊൻമാൻ (4)

Reservation: bookmyshow, 7736412346

ഷൊർണ്ണൂർ: അനുരാഗ് A/c (2K) Dolby
Screen - 1
- റൈഫിൾ ക്ലബ്ബ് (യ-3)
- വിടുതലൈ (2)

Screen - 2
- Mufasa: The Lion King (3)
- ഹലോ മമ്മി (യ-1)

Reservation: bookmyshow.com/shornur
0466 2222565

ഷൊർണ്ണൂർ: M Lal Aashirvad Cineplex (4K) Dolby Atmos. 0466-2932281
Online booking - www.aashirvadcinemas.in & www.bookmyshow.com
- ഒരു ജാതി ജാതകം (11.30, 2, 4.30, 7.05, 9.35)
- പൊന്മാൻ (11.15, 1.45, 6.45, 9)
- Domanic & the Ladies Purse (2) (2.00, 9.30)
- രേഖാചിത്രം (യ) (4.15, 7.00)
- പറന്ന് പറന്ന് ചെല്ലാൻ (യ) (11.15, 4.45)

ഒറ്റപ്പാലം: ലക്ഷ്മി A/c (dts Qube):
Screen 1:
- No Show

Screen 2:
- പൊന്മാൻ (യ) (11.30, 2.30, 6.30, 9.30)

ഒറ്റപ്പാലം: LADDER CINEMAS:
Online booking: Ticketnew & Paytm
Screen I (4K Dolby Atoms):
- ഒരു ജാതി ഒരു ജാതകം (യ) (11, 7.15, 9.45)
- Domanic & the Ladies Purse (2)
- രേഖാചിത്രം (4.45)

Screen II (2K 7.1):
- അൻപോട് കൺമണി (4.30)
- Domanic & the Ladies Purse (6.30)
- പൊൻമാൻ (11, 1.30, 9.30)

Screen III (2K 7.1):
- പറന്ന് പറന്ന് (2, 4.30, 7)
- രേഖാചിത്രം (9.30)
- ഒരു കഥ ഒരു നല്ലകഥ (11.30)

പട്ടാമ്പി കൃഷ്ണസിനിപ്ലക്സ്: 4K Dolby Atmos
- അൻപോട് കൺമണി (11.15, 2.30, 6.00, 9.00)

Online Reservation: bookmyshow

പട്ടാമ്പി ദേവ് സിനി പ്ലക്സ്: 4k dolby atmos
- AM AAH (യ) (11.30, 2.30, 6.15, 9.15)

Online Booking: showtime, bookmyshow

പട്ടാമ്പി അലക്സ്:
- Domanic & the Ladies Purse (യ) (11.00, 6.15, 9.15)
- പൊന്മാൻ (യ) (11.00, 2.30, 6.30, 9.30)
- രേഖാചിത്രം (യ) (2.30)

പട്ടാമ്പി: ഗരുഡ മാൾ മാജിക് ഫ്രെയിംസ്
- പ്രാവിൻകൂട് ഷാപ്പ് (7.00)
- അൻപോട് കൺമണി (12.00, 6.50, 9.40)
- രേഖാചിത്രം (12.10, 10.00)
- Besty (3.30)
- Domanic & the Ladies Purse (10.00, 1.00, 4.10, 7.10, 10.00)

വിളയൂർ: സിൻഡിക്കേറ്റ് സിനിമാസ്, കൊപ്പം 4k Atmos, RGB Laser. Ph: 0466 2914088
ശോഭ:
- Domanic & the Ladies Purse (11.30, 2.30, 6.45, 9.45)

താര:
- രേഖാചിത്രം (11.15, 2.15, 6.30, 9.30)

വിജയ:
- A JAWANI HI PAVANI (11.45)
- പ്രാവിൻകൂട് ഷാപ്പ് (2.45, 6.15, 9.15)

Online: bookmyshow

പെരിങ്ങോട്ടുകുറുശ്ശി: CKM Victory A/c 3D Dolby 9.2: Screen I:
- No Show

Screen 2:
- Identity (11.15, 2.30,6.15,9.30)

Online booking - www.Ticketnew.com

മണ്ണാർക്കാട് ചെമ്പകശ്ശേരി ഒക്കാസ് A/c 2K
Online booking Ticketnew & Paytm
- കങ്കുവ - 3D (11.30, 2.30, 6.30, 9.30)

Online booking bookmyshow

മണ്ണാർക്കാട്: മിലൻ സിനിമാസ് A/c:
Screen I
- പൊന്മാൻ (യ) (11.15, 2.30, 6.30, 9.30)

Screen II
- രേഖാചിത്രം (യ) (6.30, 9.30)
- പറന്ന് പറന്ന് പറന്ന് ചെല്ലാൻ (യ) (11.15, 2.30)

Online: www.bookmyshow.com 9539816378

ചെർപ്പുളശ്ശേരി ചെമ്പകശ്ശേരി ദേവി RR Cinimas A/C 2K 7.1 Digital Surround Barco Projection 2K
- Domanic & the Ladies Purse (11.30, 2.30, 6.00)

ചെർപ്പുളശ്ശേരി ചേലൂർ ഗ്രാൻഡ് സിനിമാസ്: Studio I:
- പൊന്മാൻ (11.00, 2.30, 6.00, 9.00)

Studio II :
- രേഖാചിത്രം (യ) (11.00, 2.30, 6.00, 9.00)

ഇന്നത്തെ പരിപാടി

- **കല്ലുവഴി പൂക്കോട്ട് അയ്യപ്പൻകാവ്** താലപ്പൊലിയോടനുബന്ധിച്ച് തിരുവാതിരക്കളി വൈകീട്ട് 6.00, മ്യൂസിക്കൽ നൈറ്റ് 7.00.
- **മണ്ണമ്പറ്റ പൂഴിയപ്പറമ്പ് നാലിശ്ശേരി ഭഗവതിക്ഷേത്രം** താലപ്പൊലി കൊടിയേറ്റം 7.00.
- **മണ്ണമ്പറ്റ പുന്നാംപറമ്പ് നാലിശ്ശേരി ഭഗവതിക്ഷേത്രം** പൂരം. ദേവീമാഹാത്മ്യ പാരായണം 7.00, പാന 4.00, വേലവരവ് 4.00, ബാൻഡ് വാദ്യം, പൂക്കാവടി 4.15, ഭരതനാട്യം 9.30.
- **കുറ്റാനശ്ശേരി മാരിയമ്മൻ കോവിൽ** പൂജാ ഉത്സവം. സുവാസിന്യാർച്ചന 9.30, പ്രസാദമൂട്ട് 11.30, ബാൻഡ് വാദ്യം 4.30, തായമ്പക വൈകീട്ട് 6.30.
- **കരിമ്പ പഞ്ചായത്ത്** എം.എൽ.എ. ഫണ്ടിൽ നിർമാണം പൂർത്തിയാക്കിയ കളിക്കളം ഉദ്ഘാടനം. മന്ത്രി വി. അബ്ദുൾ റഹിമാൻ 4.00.

▶ ചാമ്പ്പറമ്പ് കിളിയൻകുന്ന് അയ്യപ്പക്ഷേത്രത്തിൽ പ്രതിഷ്ഠാദിനത്തോട് അനുബന്ധിച്ച് നടന്ന എഴുന്നള്ളിപ്പ്

എ സോൺ കലോത്സവത്തിനിടെ സംഘർഷം

മണ്ണാർക്കാട് ▸ എ സോൺ കലോത്സവത്തിനിടെ നെല്ലിപ്പുഴയിൽ ചെറിയതോതിൽ സംഘർഷം. ഒറ്റപ്പാലത്തുനിന്നുള്ള കോളേജ് വിദ്യാർഥികളും സംഘാടകരായ നേതാക്കളും തമ്മിലാണ് വാക്കേറ്റവും ഉന്തുംതള്ളുമുണ്ടായത്. ചിലയിനങ്ങളിൽ ഒരേകോളേജിനുതന്നെ ഒന്നാംസ്ഥാനം ലഭിക്കുന്നെന്നുള്ള ആരോപണമാണ് വാക്കേറ്റത്തിലെത്തിയത്. പോലീസിടപെട്ടാണ് പ്രശ്നം പരിഹരിച്ചത്.

അഗളി, മണ്ണാർക്കാട് സബ്സ്റ്റേഷൻ പദ്ധതികൾക്ക് അംഗീകാരം

അഗളി ▸ അഗളി, മണ്ണാർക്കാട് സബ്സ്റ്റേഷൻ പദ്ധതികൾക്ക് അംഗീകാരം ലഭിച്ചതായി മന്ത്രി കെ. കൃഷ്ണൻകുട്ടി പറഞ്ഞു. 311.11 കോടി രൂപയുടെ പദ്ധതിയാണിത്. മലപ്പുറം വെട്ടത്തൂരിൽനിന്നും 25 കിലോമീറ്റർ 220 കെ.വി. ലൈൻ വലിച്ച് മണ്ണാർക്കാട് 220 സബ്സ്റ്റേഷൻ സ്ഥാപിക്കുകയും മണ്ണാർക്കാട്ടുനിന്നും അഗളിയിലേക്ക് 25 കിലോമീറ്റർ 220 കെ.വി. ലൈൻ വലിച്ച് അഗളിയിൽ സബ്സ്റ്റേഷൻ സ്ഥാപിക്കുകയും ചെയ്യും. ആധുനിക രീതിയിലുള്ള ഗ്യാസ് ഇൻസുലേറ്റഡ് സബ് സ്റ്റേഷനുകളാണ് സ്ഥാപിക്കുക. ഈ പദ്ധതി പ്രവർത്തനം ആരംഭിക്കുന്നതോടുകൂടി അട്ടപ്പാടി മേഖലയിലെ വൈദ്യുതി പുനരുപയോഗ ഊർജ്ജസ്രോതസ്സുകൾക്ക് കൂടുതൽ പ്രോത്സാഹനം ലഭിക്കും. .

അട്ടപ്പാടി മേഖലയിൽ 200 മെഗാവാട്ട് വൈദ്യുതി കാറ്റിൽനിന്നും 400 മെഗാവാട്ട് വൈദ്യുതി സൗരോർജത്തിൽനിന്നും ഉത്പാദിപ്പിക്കാനുള്ള ശേഷിയുള്ളതായിട്ടാണ് വിഭാവനം ചെയ്തിട്ടുള്ളത്. 33 ശതമാനം കേന്ദ്രസർക്കാർ ധനസഹായവും ലഭിക്കും.

വോളിബോൾ... പാലക്കയത്തിന്റെ ജീവശ്വാസം

പാലക്കയം ▸ പാലക്കയത്തിന്റെ വികസന ചുവടുവെപ്പിൽ ഒഴിവാക്കാനാകാത്തതാണ് കായികമായ അധ്വാനം. കാട്ടിലൂടെയും മലയിലൂടെയും കയറിയിറങ്ങുന്ന കർഷകർക്ക് പ്രത്യേക കായികപരിശീലനമൊന്നും വേണമെന്നില്ലെങ്കിലും, പുതുതലമുറയ്ക്ക് അതിനുള്ള അവസരങ്ങൾ ഇവിടത്തുകാർ ഒരുക്കുന്നുണ്ട്. വോളിബോളാണ് ഈ നാടിന്റെ ജീവവായു എന്നുപറയാം. അതിനാവശ്യമായ കളിസ്ഥലവും പാലക്കയം പാലത്തിനോട് ചേർന്നുതന്നെയുണ്ട്.

സംസ്ഥാനതലത്തിൽതന്നെ അറിയപ്പെട്ടിരുന്ന വോളിബോൾ ടീമാണ് ഇവിടുത്തേത്. പാലക്കാട് ജില്ലയ്ക്കകത്തും പുറത്തുമായി നിരവധി മത്സരങ്ങളിൽ പാലക്കയം ടീം കിരീടം നേടിയിട്ടുണ്ട്. നിത്യവും വൈകീട്ട് നിരവധിപേർ പരിശീലനത്തിനെത്തുന്നുണ്ട്.

വിവിധ വോളിബോൾ ക്ലബ്ബുകളെയും ടീമുകളെയും ഉൾപ്പെടുത്തി മത്സരങ്ങൾ സംഘടിപ്പിക്കാറുണ്ട്. മാസങ്ങൾക്കുമുൻപുനടന്ന ടൂർണമെന്റ് ഉദ്ഘാടനം ചെയ്തത് മുൻ ഇന്ത്യൻ വോളിബോൾ താരവും അർജുന അവാർഡ് ജേതാവുമായ ടോം ജോസഫായിരുന്നു.

▶ പാലക്കയം പാലത്തിനോടുചേർന്നുള്ള വോളിബോൾ കോർട്ട്

മരച്ചുമട് മത്സരം

കായിക ഉയർച്ചയ്ക്കായി മറ്റുമത്സരങ്ങളും സംഘടിപ്പിക്കാറുണ്ട്. അതിൽ പ്രധാനമാണ് ഓണാഘോഷം. ഓണാഘോഷങ്ങളിൽ സാധാരണ നടക്കാറുള്ള വടംവലിയടക്കമുള്ള മത്സരങ്ങൾക്കൊപ്പം മരത്തടി തോളിലേറ്റി നടക്കുന്ന മരച്ചുമട് മത്സരം വ്യത്യസ്തമാണ്. 190 കിലോ ഭാരമുള്ള മരത്തടി എടുത്ത് 65 മീറ്റർ നടന്ന നാട്ടുകാരനായ മുഹമ്മദിന് ഒന്നാം സമ്മാനവും ലഭിച്ചിരുന്നു.

കായികപരിശീലനത്തിൽ മികവുതെളിയിച്ച പലരും പട്ടാളത്തിലുൾപ്പെടെ ജോലിനേടിയെന്നതിന്റെ അഭിമാനവും ഈ കുടിയേറ്റ ഗ്രാമത്തിനുണ്ട്.

മലയോര മഹോത്സവം 75 1949-2024

The Kollengode Agricultural Service Co-operative Bank
Ltd. No. 7561, Kollengode, Palakkad Dist -678 506. Ph: 04923 262352, 262262
Mob: 8075549293 | Email: kollengodeascbpkd@yahoo.com

ക്വട്ടേഷൻ ക്ഷണിക്കുന്നു

കൊല്ലങ്കോട് അഗ്രികൾച്ചറൽ സർവ്വീസ് സഹകരണ ബാങ്കിന്റെ മത്സ്യഫെഡ് ഔട്ട് ലെറ്റ് പ്രവർത്തിക്കുന്ന സ്ഥലത്ത് EV ചാർജിങ് സ്റ്റേഷൻ സ്ഥാപിക്കുന്നതിന് പരിചയ സമ്പന്നരായ കമ്പനികളിൽ നിന്നും ക്വട്ടേഷൻ ക്ഷണിക്കുന്നു. കമ്പനികൾ EV ഫാസ്റ്റ് ചാർജിങ് സ്റ്റേഷൻ സ്ഥാപിക്കുന്നതിൽ കുറഞ്ഞത് രണ്ടു വർഷത്തെ മുൻ പരിചയം ഉള്ളവരും അനർട്ടിന്റെ എം പാനൽ ലിസ്റ്റിൽ ഉൾപ്പെട്ടവരും ആയിരിക്കണം. സ്ഥാപനങ്ങൾക്ക് ചാർജിങ് മെഷീൻ കമ്പനിയുടെ ചാനൽപാർട്ട്ണർ ഡിലർഷിപ്പ് സർട്ടിഫിക്കറ്റ് നിർബന്ധമാണ്. EV ഫാസ്റ്റ് ചാർജിങ് സ്റ്റേഷൻ സ്ഥാപിക്കുന്നതോടൊപ്പം തുടർന്നുള്ള സർവീസും ആവശ്യമായ സാങ്കേതിക സഹായവും നൽകാൻ കമ്പനിക്ക് കഴിയുമെന്ന് ഉറപ്പു തരേണ്ടതാണ്. യോഗ്യരായ സ്ഥാപനങ്ങളുടെ സീൽ ചെയ്ത ക്വട്ടേഷൻ 2025 ഫെബ്രുവരി 5ന് മുൻപ് ലഭിച്ചിരിക്കണം. ചാർജിങ് സ്റ്റേഷൻ കപ്പാസിറ്റി: 30KW

എന്ന്, സെക്രട്ടറി

മണ്ണമ്പറ്റ പുന്നാംപറമ്പ് പൂരം ഇന്ന്

▶ 26 ആനകൾ അണിനിരക്കും

▶ മണ്ണമ്പറ്റ പുന്നാംപറമ്പ് നാലിശ്ശേരി ഭഗവതിക്ഷേത്രത്തിലെ മണ്ണമ്പറ്റ വടക്കൻ പൂരത്തിന്റെ അൻപതാം വാർഷികത്തോടനുബന്ധിച്ചുനടന്ന ആനച്ചമയ പ്രദർശനം

▶ മണ്ണമ്പറ്റ പുന്നാംപറമ്പ് നാലിശ്ശേരി ഭഗവതിക്ഷേത്രത്തിലെ വലിയാറാട്ടിനോടനുബന്ധിച്ചുനടന്ന എഴുന്നള്ളിപ്പ്

ശ്രീകൃഷ്ണപുരം ▶ മണ്ണമ്പറ്റ പുന്നാംപറമ്പ് നാലിശ്ശേരി ഭഗവതിക്ഷേത്രത്തിലെ പൂരം വെള്ളിയാഴ്ച ആഘോഷിക്കും. നാലരയോടെ നാനാഭാഗത്തുനിന്നുമുള്ള വേലകളെത്തും. അഞ്ചുമണിക്ക് പൂരപ്പറമ്പിൽ അണിനിരക്കും. ആറു വേലകളിലായി 26 ആനകളുണ്ടാകും. പഞ്ചവാദ്യവും പഞ്ചാരിമേളവും വാദ്യവിരുന്നാകും. തിറ, പൂതൻ, വേഷങ്ങൾ എന്നിവയും ഉത്സവത്തിന് നിറം ചാർത്തും. മണ്ണമ്പറ്റ വടക്കൻ പൂരം, കോടർമണ്ണ പടിഞ്ഞാറൻപൂരം, കിഴക്കൻ പൂരം, പുളിങ്കാവ് പടിഞ്ഞാറൻപൂരം, പാർത്തല പടിഞ്ഞാറൻപൂരം, മമ്പള്ളി മാഹവിഷ്ണുക്ഷേത്രം പടിഞ്ഞാറൻപൂരം എന്നീ ആറുപൂരങ്ങൾ ആഘോഷം ഗംഭീരമാക്കാനുള്ള ഒരുക്കത്തിലാണ്. ക്ഷേത്രത്തിൽ രാവിലെ ഏഴിന് ദേവീമാഹാത്മ്യ പാരായണം, വൈകീട്ട് നാലിന് പാന, 4.15-ന് ബാൻഡ്‌വാദ്യം, ശിങ്കാരിമേളം, പൂക്കാവടി, 9.30-ന് കെ.സി. രൂപേഷ് അവതരിപ്പിക്കുന്ന ഭരതനാട്യം എന്നിവയുണ്ടാകും. ആറുപൂരങ്ങളും നാലുമണിയോടെ പുറപ്പെട്ട് നാലരയോടെ ക്ഷേത്രാങ്കണത്തിലെത്തും. അൻപതാം വാർഷികം ആഘോഷിക്കുന്ന മണ്ണമ്പറ്റ തോട്ടര വടക്കൻപൂരം മണ്ണമ്പറ്റ തോട്ടര ബി.ബി.എൽ.പി. സ്കൂളിൽനിന്ന് പുറപ്പെടും.

വടക്കൻപൂരത്തിന് കോങ്ങാട് മധുവിന്റെ നേതൃത്വത്തിലാണ് പഞ്ചവാദ്യം. പുലാപ്പറ്റ രമേശൻ വാദ്യസംവിധാനം നിർവഹിക്കും. പുതുപ്പള്ളി കേശവൻ തിടമ്പേറ്റും. കോടർമണ്ണ പടിഞ്ഞാറൻ പൂരം കോടർമണ്ണ മഹാവിഷ്ണു ക്ഷേത്രത്തിൽനിന്ന് പുറപ്പെടും. മായന്നൂർ രാജുവും സംഘവും പഞ്ചവാദ്യമൊരുക്കും. പുഞ്ചപ്പാടം രാമകൃഷ്ണനാണ് വാദ്യസംവിധാനം. തിരുവമ്പാടി കണ്ണൻ തിടമ്പേറ്റും. കിഴക്കൻപൂരം കൊല്ലിയാനി ദുർഗാക്ഷേത്രത്തിൽനിന്നാണ് പുറപ്പെടുക. പൂരത്തിന് വൈക്കം ചന്ദ്രന്റെ നേതൃത്വത്തിലാണ് പഞ്ചവാദ്യം. തിരുവമ്പാടി ചന്ദ്രശേഖരൻ തിടമ്പേറ്റും. പുളിങ്കാവ് പടിഞ്ഞാറൻപൂരം പുഞ്ചപ്പാടം പുളിങ്കാവ് അയ്യപ്പക്ഷേത്രത്തിൽനിന്ന് പുറപ്പെടും. കുണ്ടളശ്ശേരി സ്വാമിനാഥനും സംഘവും പഞ്ചവാദ്യമൊരുക്കും. കുട്ടൻകുളങ്ങര അർജുനന്റെ നേതൃത്വത്തിലാണ് ഗജനിര. പാർത്തല പടിഞ്ഞാറൻ പൂരം മുതിയാലംകുന്ന് സെന്ററിൽനിന്ന് പുറപ്പെടും. കലാമണ്ഡലം പ്രകാശനും സംഘവും പഞ്ചവാദ്യം അവതരിപ്പിക്കും. ചൈത്രം അച്ചു തിടമ്പേറ്റും. മമ്പള്ളി മഹാവിഷ്ണുക്ഷേത്രം പടിഞ്ഞാറൻ പൂരം മഹാവിഷ്ണു ക്ഷേത്രത്തിൽനിന്ന് പുറപ്പെടും. പഞ്ചാരിമേളമുണ്ടാകും. കല്ലൂർ ഉണ്ണിക്കൃഷ്ണന്റെ നേതൃത്വത്തിലാണ് മേളം. നന്തിലത്ത് ഗോപാലകൃഷ്ണൻ തിടമ്പേറ്റും. വ്യാഴാഴ്ച ക്ഷേത്രത്തിൽ വലിയാറാട്ട് ആഘോഷിച്ചു. രാത്രിയോടെ കാളവേലകളെത്തി. മണ്ണമ്പറ്റ വടക്കൻ പൂരത്തിന്റെ അൻപതാം വാർഷികത്തോടനുബന്ധിച്ച് ക്ഷേത്രം ഓഡിറ്റോറിയത്തിൽ ആനച്ചമയ പ്രദർശനം നടന്നു.

നൂറിന്റെ നിറവിൽ അകലൂർ ഗവ. ഹൈസ്കൂൾ

ശതാബ്ദിയാഘോഷം ശനിയാഴ്ച തുടങ്ങും

▶ ശതാബ്ദി ആഘോഷിക്കുന്ന അകലൂർ ഗവ. ഹൈസ്കൂൾ

ലക്കിടി ▶ അകലൂർ ഗവ. ഹൈസ്കൂൾ നൂറിന്റെ നിറവിൽ. ഒരു വർഷം നീളുന്ന ആഘോഷ പരിപാടികൾ ശനിയാഴ്ച വൈകീട്ട് ആറിന് കെ. പ്രേംകുമാർ എം.എൽ.എ. ഉദ്ഘാടനം ചെയ്യും. പൂർവ വിദ്യാർഥി-അധ്യാപക സംഗമങ്ങൾ, സെമിനാറുകൾ, കലാസാംസ്കാരിക പരിപാടികൾ, ശില്പശാലകൾ എന്നിവ സംഘടിപ്പിക്കും. 1925 -ൽ അവുഞ്ഞിയിൽ ചാമിയാണ് വിദ്യാലയം ആരംഭിച്ചത്.

1999-ൽ അദ്ദേഹത്തിന്റെ മകൻ അവുഞ്ഞിയിൽ നാരായണൻ ഇരുപത്തിരണ്ടരസെന്റ് ഭൂമി വിദ്യാലയത്തിന് സൗജന്യമായി നൽകി. അവുഞ്ഞിയിൽ സ്കൂൾ എന്നും നെല്ലുകുത്താമ്പാറ സ്കൂൾ എന്നും അറിയപ്പെട്ടിരുന്ന വിദ്യാലയം 2003-ൽ സർക്കാർവിദ്യാലയമായി മാറി. 2013-14 വർഷത്തിൽ അപ്പർ പ്രൈമറി വിദ്യാലയം ഹൈസ്കൂളാക്കി ഉയർത്തി. ഭിന്നശേഷി കായികരംഗത്ത് കൂടി വിദ്യാലയം വെന്നിക്കൊടി പാറിച്ചു. പരിമിതികളേറെയുണ്ടായിട്ടും പത്താംക്ലാസുകാർ മികച്ച വിജയം നേടി.

പതിവായി എസ്.എസ്.എൽ.സി.ക്ക് സമ്പൂർണവിജയം നേടാനുമായി. നിലവിൽ എം.വി. ജയകുമാർ അധ്യക്ഷനായ ഒരു പി.ടി.എ. ഭരണസമിതിയാണ് വിദ്യാലയ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നത്. വി. അനിതയാണ് പ്രധാനാധ്യാപിക.

പൂഴിയപ്പറമ്പ് താലപ്പൊലി കൊടിയേറ്റം ഇന്ന്

ശ്രീകൃഷ്ണപുരം ▶ മണ്ണമ്പറ്റ പൂഴിയപ്പറമ്പ് നാലിശ്ശേരി ഭഗവതിക്ഷേത്രത്തിലെ താലപ്പൊലി വെള്ളിയാഴ്ച രാവിലെ 7.30-ന് കൊടിയേറും. ഉത്സവകാലത്ത് എല്ലാദിവസവും തോൽപ്പാവക്കൂത്ത്, കളംപാട്ട്, പ്രഭാതഭക്ഷണം എന്നിവയുണ്ടാകും. ഒന്നിന് രാത്രി ഏഴിന് കലാമണ്ഡലം വിഷ്ണു അവതരിപ്പിക്കുന്ന ഓട്ടൻതുള്ളൽ, 8.30-ന് നൃത്തം, രണ്ടിന് വൈകീട്ട് ആറിന് പഞ്ചാരിമേളം, ഏഴിന് തിരുവാതിരക്കളി, എട്ടിന് കലാമണ്ഡലം ഈശ്വരനുണ്ണി അവതരിപ്പിക്കുന്ന ചാക്യാർകൂത്ത് എന്നിവയുണ്ടാകും.

മൂന്നിന് വൈകീട്ട് 6.30-ന് കലാസന്ധ്യ, എട്ടിന് തിരുവാതിരക്കളി, നാലിന് വൈകീട്ട് 6.30- ന് തിരുവാതിരക്കളി, ഏഴിന് നൃത്തം, അഞ്ചിന് വൈകീട്ട് ഏഴിന് തിരുവാതിരക്കളി, 7.30-ന് നൃത്തം എന്നിവയുണ്ടാകും. ആറിന് വലിയാറാട്ട് ദിവസം വൈകീട്ട് 5.30-ന് തിരുവാതിരക്കളി, ആറിന് പ്രിയേഷ് അവതരിപ്പിക്കുന്ന സോപാനസംഗീതം, 6.30-ന് പാഠകം, എട്ടിന് തായമ്പക, 9.30-ന് കേളി, പറ്റ്, മേളം, എഴുന്നള്ളിപ്പ് എന്നിവ നടക്കും. 11മുതൽ കാളവരവ് തുടങ്ങും. ഏഴിനാണ് താലപ്പൊലി. അഞ്ചുമണിയോടെ വേലകളെത്തും. രാത്രി മേളം, എഴുന്നള്ളിപ്പ്, കാളകളി എന്നിവയുണ്ടാകും.

പരിയാനമ്പറ്റയിൽ പൊങ്കാലയും പ്രതിഷ്ഠാദിനാഘോഷവും

▶ പരിയാനമ്പറ്റ ഭഗവതിക്ഷേത്രത്തിൽ പ്രതിഷ്ഠാദിനത്തിൽ നടന്ന ലവണാസുരവധം കഥകളി

ശ്രീകൃഷ്ണപുരം ▶ പരിയാനമ്പറ്റ ഭഗവതിക്ഷേത്രത്തിൽ പ്രതിഷ്ഠാദിനാഘോഷവും പൊങ്കാലയും നടന്നു.

തന്ത്രി ഈക്കാട്ടുമന നാരായണൻ നമ്പൂതിരിപ്പാടിന്റെ മുഖ്യകാർമികത്വത്തിലായിരുന്നു ചടങ്ങുകൾ. പ്രസാദമൂട്ട്, ലവണാസുരവധം കഥകളി എന്നിവയുമുണ്ടായി.

ജലവിതരണ പൈപ്പ് പൊട്ടി

300 കുടുംബങ്ങളുടെ കുടിവെള്ളം മുട്ടി

▶ വെള്ളമെത്താതായിട്ട് 14 ദിവസം

അനങ്ങനടി ▶ ഒറ്റപ്പാലം-കിഴൂർ റോഡ് നവീകരണത്തിനിടെ ജലവിതരണ പെപ്പ് പൊട്ടിയതോടെ കുടിവെള്ളം മുട്ടി. അനങ്ങനടി, കോതകുറുശ്ശി, പനമണ്ണ, മേലെയിൽ രണ്ടാഴ്ചയായി കുടിവെള്ളമില്ലാത്ത സ്ഥിതിയാണ്. 300 ലേറെ കുടുംബങ്ങളാണ് ഇതോടെ ദുരിതത്തിലായത്. അനങ്ങനടി കിഴൂർ പാലം വരെയുള്ള ഭാഗങ്ങളിലെ കുടുംബങ്ങളാണ് വെള്ളമില്ലാതെ കഷ്ടപ്പെടുന്നത്. ഒറ്റപ്പാലം-കിഴൂർ റോഡ് നവീകരണ പ്രവൃത്തികൾ നടക്കുന്നതിനാൽ പഴയ കുടിവെള്ളവിതരണ പൈപ്പുകൾ പൊട്ടിയതാണ് കാരണം. ഇതോടെ ജല അതോറിറ്റിയെ മാത്രം ആശ്രയിച്ചു കഴിയുന്ന കുടുംബങ്ങളാണ് വെള്ളമില്ലാതെ കഷ്ടപ്പെടുന്നത്.

കുടിവെള്ളക്ഷാമം രൂക്ഷമായ പ്രദേശങ്ങളായതിനാൽ ജൽ ജീവൻ പദ്ധതിയിൽപ്പെടുത്തി എല്ലാ കുടുംബങ്ങൾക്കും വെള്ളമെത്തിക്കാൻ വീടുകളിലേക്ക് പൈപ്പ് ലൈൻ സ്ഥാപിച്ചിരുന്നു. നിലവിലെ പഴയ പൈപ്പുകൾ പൊട്ടിയതോടെ ജൽ ജീവൻ മിഷന്റെ പൈപ്പിലേക്ക് പഴയ കണക്ഷൻ മാറ്റിനൽകിയെങ്കിലും ചില ഭാഗങ്ങളിൽ പെപ്പ് പൊട്ടുകയായിരുന്നു. ഇതോടെ വീണ്ടും വിതരണം തടസ്സപ്പെട്ടു.

പ്രശ്നപരിഹാരത്തിന് ഊർജിതമായ ശ്രമം നടക്കുന്നുണ്ടെന്നും ഉടൻ പരിഹരിക്കുമെന്നാണ് വാട്ടർ അതോറിറ്റി പറയുന്നത്. പത്തംകുളം പള്ളിക്ക് സമീപത്തുനിന്നാണ് ഇവിടേക്ക് കുടിവെള്ളം വിതരണം ചെയ്യുന്നത്. കുടിവെള്ള പ്രശ്നം രൂക്ഷമായതോടെ ബദൽ സംവിധാനം ഒരുക്കണമെന്നാണ് നാട്ടുകാരുടെ ആവശ്യം.

കുളിക്കുന്നതിനും അലക്കുന്നതിനുമൊക്കെ വെള്ളമില്ലാത്ത സ്ഥിതിയാണ്. കിണറുകളുള്ള വീടുകളിലും ചൂട് കൂടിയതതോടെ വെള്ളം താഴ്ന്നനിലയിലാണ്. പൊതുവെ വേനലിൽ കുടിവെള്ളപ്രശ്നം നേരിടുന്ന മേഖലകൂടിയാണ് അനങ്ങനടി.

ഒറ്റപ്പാലം ഫെസ്റ്റ് നാളെ തുടങ്ങും

ഒറ്റപ്പാലം ▶ ഒറ്റപ്പാലത്തെ പൊതുകൂട്ടായ്മയുടെ നേതൃത്വത്തിൽ ഒറ്റപ്പാലം ഫെസ്റ്റ് നടത്തുന്നു. ശനി, ഞായർ ദിവസങ്ങളിലായാണ് പരിപാടികൾ. ശനിയാഴ്ച വൈകീട്ട് ആറിന് പത്തൊൻപതാംമൈൽ താമരക്കുളത്തിന് സമീപത്തൊരുക്കിയ വേദിയിൽ സംഗീത പരിപാടി നടക്കും. രാത്രി ഏഴിന് വി.കെ. ശ്രീകണ്ഠൻ എം.പി. ഉദ്ഘാടനംചെയ്യും. മുൻ എം.എൽ.എ. എം. ഹംസ, സംവിധായകൻ അനിൽ രാധാകൃഷ്ണൻ മേനോൻ തുടങ്ങിയവർ പങ്കെടുക്കും. ഞായറാഴ്ച വൈകീട്ട് നാലിന് പത്തൊൻപതാംമൈലിൽ നിന്ന് ബസ് സ്റ്റാൻഡിലേക്ക് സാംസ്കാരിക ഘോഷയാത്രയുമുണ്ടാകുമെന്ന് ഭാരവാഹികളായ കെ. വിനോദൻ, കെ. അയൂബ്, വി.ടി. സുരേഷ്ബാബു, അമീർ രാജ്, പി.ടി. ഷമീർ തുടങ്ങിയവർ പത്രസമ്മേളനത്തിൽ പറഞ്ഞു.

ബോധവത്കരണ ക്ലാസ്

പാലക്കാട് ▶ പാലക്കാട് യങ് വിമൻ ക്രിസ്ത്യൻ അസോസിയേഷൻ, ഒബ്സ്റ്റെസ്ട്രിക് ആൻഡ് ഗൈനക്കോളജിക്കൽ സൊസൈറ്റി എന്നിവയുടെ നേതൃത്വത്തിൽ ബോധവത്കരണ ക്ലാസ് നടത്തി.

ആശാവർക്കർമാർക്കും ഫീൽഡ് സ്റ്റാഫിനുമായി 'സെർവിക്കൽ അർബുദം' എന്ന വിഷയത്തിലായിരുന്നു ക്ലാസ്. ഒറ്റപ്പാലം താലൂക്ക് ആശുപത്രിയിൽ നടത്തിയ പരിപാടിയിൽ ആശുപത്രി സൂപ്രണ്ട് ഡോ. മുഹമ്മദ് അഫ്സൽ അധ്യക്ഷനായി. സ്ത്രീരോഗ ചികിത്സാ വിദഗ്ധ ഡോ. എമി ഗ്ലോബിൻ ക്ലാസെടുത്തു. വൈ.ഡബ്ല്യു.സി.എ. ഭാരവാഹികളായ റിനു ബിനു, സോമ ഡേവിഡ്, സിന്ധു ജോൺസൺ, ശാന്തി തോമസ്, ഡോ. സീനത്ത് എന്നിവർ സംസാരിച്ചു.

ഇന്നത്തെ പരിപാടി

- **തസ്രാക്ക് ഒ.വി. വിജയൻ സ്മാരക ഓഡിറ്റോറിയം** പ്രൈവറ്റ് സ്കൂൾ ഗ്രാജ്വേറ്റ് ടീച്ചേഴ്സ് അസോസിയേഷൻ സംസ്ഥാന സമ്മേളനത്തോടനുബന്ധിച്ച് സ്മരണാഞ്ജലി വൈകീട്ട് 3.30, വിദ്യാഭ്യാസ സെമിനാർ 4.00, സാംസ്കാരിക സമ്മേളനം 6.00.
- **ചെർപ്പുളശ്ശേരി പുത്തനാൽക്കൽ ഭഗവതി ക്ഷേത്രം** സ്പെഷ്യൽ പ്രോസിക്യൂട്ടർ അഡ്വ. പി. ജയന് കാളവേല ആഘോഷക്കമ്മിറ്റിയുടെ ഉപഹാരസമർപ്പണം. അഡീഷണൽ എസ്.പി. പി.സി. ഹരിദാസ് വൈകീട്ട് 6.00, നൃത്തനൃത്യങ്ങൾ രാത്രി 7.00, ചുറ്റുവിളക്ക് വൈകീട്ട് 6.30, രാമായണം തോൽപ്പാവക്കൂത്ത് 10.00.
- **തൃക്കടീരി തിരുവളയനാട് ഭഗവതി ക്ഷേത്രം** കളംപാട്ട് രാത്രി 7.00, നൃത്തപരിപാടി 7.30.
- **കുളക്കാട് പകരാവൂർ ചക്കിമുറ അയ്യപ്പക്ഷേത്രം** കലാപരിപാടികൾ, കളംപാട്ട് രാത്രി 7.00.
- **നെല്ലായ പയ്യരുളി ശ്രീകൃഷ്ണ ക്ഷേത്രം** പുല്ലൂർമണ്ണ മണിവർണൻ നമ്പൂതിരിയുടെ ഭാഗവതസപ്താഹം. പാരായണം, പ്രഭാഷണം രാവിലെ 7.00.
- **കുറ്റാനശ്ശേരി മാരിയമ്മൻ കോവിൽ** പൂജാ ഉത്സവം. മഹാഭിഷേകം രാവിലെ 7.00, അലങ്കാരപൂജ 9.00, സുവാസിന്യാർച്ചന 9.30, പ്രസാദമൂട്ട് 11.30, കുംഭം പുറപ്പാട് വൈകീട്ട് 5.00, സത്യകുംഭം എഴുന്നള്ളിപ്പ് രാത്രി 8.00.
- **ചെർപ്പുളശ്ശേരി ഐഡിയൽ കാംപസ് എജുക്കേഷൻ** പുതിയ നാച്വറൽ ഗ്രാസ് ടർഫ് ഉദ്ഘാടനം. മന്ത്രി വി. അബ്ദുറഹ്മാൻ 3.00.
- **ചെർപ്പുളശ്ശേരി ഇ.എം.എസ്. ടൗൺ ഹാൾ** നഗരസഭയിലെ വിവിധ ക്ലബ്ബുകൾക്കുള്ള സ്പോർട്സ് കിറ്റുകളുടെ വിതരണം 2.00.
- **കുറ്റാനശ്ശേരി മാരിയമ്മൻ കോവിൽ** പൂജാ ഉത്സവം. സുവാസിന്യാർച്ചന 9.30, പ്രസാദമൂട്ട് 11.30, ബാൻഡ് വാദ്യം 4.30.

ഷൊർണൂർ നഗരസഭാ കൗൺസിൽ യോഗം

ബി.ജെ.പി. കൗൺസിലർമാർക്കിടയിൽ ഭിന്നത

അജൻഡയിലെ വിയോജിപ്പ് രേഖപ്പെടുത്താൻ രണ്ടുപേർ തയ്യാറായില്ല

▶ ഷൊർണൂർ നഗരസഭാ കൗൺസിലിൽ ബി.ജെ.പി.യുടെ ഇ.പി. നന്ദകുമാറും മൂന്ന് കൗൺസിലർമാരും എഴുന്നേറ്റപ്പോൾ കെ. പ്രസാദും ടി. ബിന്ദുവും എഴുന്നേൽക്കാത്തത് നോക്കിനിൽക്കുന്നു

ഷൊർണൂർ ▶ നഗരസഭയിൽ ബി.ജെ.പി. കൗൺസിലർമാർക്കിടയിൽ ഭിന്നത. നഗരസഭാധ്യക്ഷന്റെ മുൻകൂർ അനുമതിയോടെ താത്കാലിക ജീവനക്കാരെ നിയമിച്ച കൗൺസിൽ അജൻഡയിൽ ബി.ജെ.പി. കൗൺസിലർമാർ രണ്ടുതട്ടിലായി. നിയമനകാര്യങ്ങളിൽ മുൻകൂർ അനുമതി നൽകിയതിനെ ചോദ്യംചെയ്ത് ഇ.പി. നന്ദകുമാർ എഴുന്നേറ്റെങ്കിലും കെ. പ്രസാദ് ഉൾപ്പെടെ ബി.ജെ.പി. കൗൺസിലർമാർ എഴുന്നേറ്റില്ല. ആരൊക്കെ എതിർക്കുന്നു എന്ന് അധ്യക്ഷൻ ചോദിച്ചെങ്കിലും അപ്പോഴും കെ. പ്രസാദ്, ടി. ബിന്ദു എന്നിവർ എഴുന്നേറ്റില്ല. നിഷ ശശികുമാർ കൗൺസിൽ ആരംഭിച്ചപ്പോൾ ഉണ്ടായിരുന്നെങ്കിലും പിന്നീട് പോകുകയായിരുന്നു.

ഈ അജൻഡ പരിഗണിച്ചപ്പോൾ നിഷ ശശികുമാറും സിനി മനോജും രാധാ സുരേന്ദ്രനും കൗൺസിലിൽ ഇല്ലായിരുന്നു. ഇ.പി. നന്ദകുമാറിനെ ടി. ബിന്ദു, ലേഖ രമേഷ്, കെ.ആർ. അശ്വതി എന്നിവർ അനുകൂലിച്ചു . ബി.ജെ.പി. കൗൺസിലർമാർക്കിടയിൽ ഭിന്നതയില്ലെന്നും അജൻഡയിലെ എതിർപ്പ് അറിയിക്കാത്തവരോട് പാർട്ടിനേതൃത്വം ചോദിക്കുമെന്നും ഇ.പി. നന്ദകുമാർ പറഞ്ഞു. അജൻഡയിൽ കൗൺസിലിൽ പ്രതികരിച്ചില്ലെങ്കിലും വിയോജിപ്പ് ഓൺലൈൻ വഴി രേഖപ്പെടുത്തിയെന്ന് കെ. പ്രസാദും അറിയിച്ചു.

ബി.ജെ.പി. കൗൺസിലർമാർക്കിടയിലുണ്ടായ പ്രശ്നങ്ങളാണ് കൗൺസിലിൽ പ്രതിഫലിച്ചതെന്നാണ് സൂചന.

ബി.ജെ.പി. മണ്ഡലം കമ്മിറ്റി പ്രസിഡന്റ് തിരഞ്ഞെടുപ്പുമായുണ്ടായ പ്രശ്നങ്ങളാണ് ഭിന്നതയ്ക്ക് കാരണമെന്നാണ് സൂചന. മണ്ഡലം പ്രസിഡന്റ് തിരഞ്ഞെടുപ്പ് അംഗീകരിക്കാതെ നിർദേശിക്കുകയാണുണ്ടായതെന്നും നേതാക്കൾ പറയുന്നുണ്ട്.

കൗൺസിലർമാരുൾപ്പെടെയുള്ളവർക്കിടയിലെ ഭിന്നത ബി.ജെ.പി. ജില്ലാനേതൃത്വത്തിലും എത്തിയിട്ടുണ്ട്.

കരിമ്പട്ടികയിൽപ്പെടുത്തി

▶ ഭാരതപ്പുഴയോരത്ത് വിവേകാനന്ദ പ്രതിമ നിർമാണമേറ്റെടുത്ത കരാറുകാരനെ കരിമ്പട്ടികയിൽ ഉൾപ്പെടുത്താനും കൗൺസിൽ തീരുമാനിച്ചു. ആർ. രവിദാസ്, ചേരാസ് ഇന്ത്യ അഡ്വെർടൈസിങ് എന്ന സ്ഥാപനത്തെയാണ് കൗൺസിൽ കരിമ്പട്ടികയിൽ പെടുത്തിയത്. നിർമാണത്തിന് മുൻകൂറായി നൽകിയ 12 ലക്ഷം രൂപ നിയമനടപടികളിലൂടെ തിരിച്ചുപിടിക്കുമെന്ന് നഗരസഭാധ്യക്ഷൻ അറിയിച്ചു.

'ഓർമ്മ' വാർഷികാഘോഷം നാളെ

ഒറ്റപ്പാലം ▶ ജില്ലയിലെ വൃക്കമാറ്റിവെച്ചവരുടെ സംഘടനയായ ഓർമ്മ (ഓർഗൻ റിസീവ്ഡ് മെമ്പേഴ്സ് അസോസിയേഷൻ) യുടെ വാർഷികാഘോഷവും കുടുംബസംഗമവും ശനിയാഴ്ച ഒറ്റപ്പാലത്ത് നടക്കും. മനിശ്ശീരി കെ.എം. ഓഡിറ്റോറിയത്തിൽ രാവിലെ ഒമ്പതുമണിക്കാണ് പരിപാടി. പരിപാടി പി. മമ്മിക്കുട്ടി എം.എൽ.എ. ഉദ്ഘാടനം ചെയ്യുമെന്ന് സെക്രട്ടറി ദിലീപ് ദാമോദരൻ, പ്രസിഡന്റ് അബ്ബാസ് പുളിക്കൽ, വി.ടി. സുരേഷ്, പി. അബ്ദുൾറഹ്മാൻ എന്നിവർ പത്രസമ്മേളനത്തിൽ പറഞ്ഞു.

സാംസ്കാരിക സമ്മേളനം

പത്തിരിപ്പാല ▶ പത്തിരിപ്പാല മൗണ്ട്സീന പബ്ലിക് സ്കൂളിൽ കേരള ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പുസ്തകനിറവ് പരിപാടി നടന്നു. മണ്ണൂർ പഞ്ചായത്ത് പ്രസിഡന്റ് എസ്. അനിത ഉദ്ഘാടനംചെയ്തു.

ഇൻസ്റ്റിറ്റ്യൂട്ട് ഭരണസമിതി അംഗം എം. രൺദീഷ് അധ്യക്ഷനായി.

കോതകുറുശ്ശി സഹകരണ ബാങ്ക് സൗരോർജത്തിലേക്ക്

▶ കോതകുറുശ്ശി സർവീസ് സഹകരണ ബാങ്ക് സ്ഥാപിച്ച സൗരോർജ പാനൽ

അനങ്ങനടി ▶ സൗരോർജ വൈദ്യുതി പ്ലാന്റ് സ്ഥാപിച്ച് കോതകുറുശ്ശി സർവീസ് സഹകരണ ബാങ്ക് കാർബൺ സന്തുലിത കാര്യാലയമായി മാറുന്നു. ശനിയാഴ്ച രാവിലെ 11-ന് മന്ത്രി വി.എൻ. വാസവൻ ഉദ്ഘാടനം ചെയ്യും. പി. മമ്മിക്കുട്ടി എം.എൽ.എ. അധ്യക്ഷനാകും.

28 ലക്ഷം രൂപ ചെലവഴിച്ച് 60 കിലോവാട്ട് വൈദ്യുതി ഉത്പാദിപ്പിക്കാനാണ് പദ്ധതി. ആദ്യഘട്ടത്തിൽ പ്രധാന ഓഫീസിൽ 15 ലക്ഷം രൂപ ചെലവഴിച്ച് 30 കിലോവാട്ടിന്റെ പ്ലാന്റാണ് സ്ഥാപിച്ചിട്ടുള്ളത്. അടുത്തതായി ചളവറ, തൃക്കടീരി ബ്രാഞ്ചുകളിലും പദ്ധതി നടപ്പിലാക്കും.

ഇതോടെ 60 കിലോവാട്ട് വൈദ്യുതി ഉത്പാദിപ്പിക്കാൻ കഴിയുമെന്ന് പ്രസിഡന്റ് കെ. മുകുന്ദൻ, സെക്രട്ടറി എ. ഗീത, വൈസ് പ്രസിഡന്റ് ടി.പി. രാമകൃഷ്ണൻ, ഡയറക്ടർ പി. സുരേഷ്ബാബു എന്നിവർ പറഞ്ഞു. മുണ്ടൂർ ഐ.ആർ.ടി.സി.യാണ് സൗരോർജനിലയം സ്ഥാപിച്ചത്.

ഗാന്ധിസ്മരണ പുതുക്കി

പത്തിരിപ്പാല ▶ രക്തസാക്ഷിദിനത്തിൽ ഡി.വൈ.എഫ്.ഐ. മേഖലാകമ്മിറ്റി മണ്ണൂരിൽ ഗാന്ധിസ്മരണ പരിപാടി സംഘടിപ്പിച്ചു. സി.പി.എം. ഏരിയാ കമ്മിറ്റി അംഗം യു. രാജഗോപാൽ ഉദ്ഘാടനംചെയ്തു. ടി.എസ്. രഘൂത്തമൻ അധ്യക്ഷനായി. എ.വി. അർജുൻ, എ.എ. അസീസ്, പഞ്ചായത്ത് ഉപാധ്യക്ഷൻ ഒ.വി. സ്വാമിനാഥൻ, പി.എസ്. അബ്ദുൾ മുത്തലി, എൻ.സി. രാജേഷ് കുമാർ, അജിത്രാജ് എന്നിവർ സംസാരിച്ചു.

മണ്ണൂർ ▶ എ.ഐ.വൈ.എഫ്. പാലക്കാട് മണ്ഡലം കമ്മിറ്റി മണ്ണൂർ കൊട്ടക്കുന്നിൽ ഗാന്ധി രക്തസാക്ഷ്യം പരിപാടി സംഘടിപ്പിച്ചു. സി.പി.ഐ. സംസ്ഥാന കൗൺസിൽ അംഗം അജിത് കൊളാടി ഉദ്ഘാടനംചെയ്തു.

സിനിമ

പാലക്കാട്: പ്രിയദർശിനി (DTS) 2KDolby
● ഒരു ജാതി ഒരു ജാതകം (മ-4) (11.30, 2.30, 6.00, 9.00)
Res: www.priyadarsinicinema.in
www.justickets.in

പ്രിയ Dolby4KAtmos:
● Domanic & the Ladies Purse (മ-4) (11.30, 2.30, 6, 9.00)
Res: www.priyadarsinicinema.in
www.justickets.in

പ്രിയതമ 2K A/c DTS:
● പ്രാവിൻകൂട് (മ-4) (11.30, 2.30, 6.00, 9.00)
Res: www.priyadarsinicinema.in
www.justickets.in

അരോമ Screen I:
● Domanic & the Ladies Purse (4) (11.15, 2.15, 6.00, 9.00)
Screen 2:
● കുടുംബസ്തൻ (11.15, 9)
● അൻപോട് കൺമണി (2.15, 6)

ന്യൂ അരോമ
● ഒരു ജാതി ഒരു ജാതകം (11.15, 2.15, 6, 9)

ശ്രീദേവിദുർഗ്ഗാ: V.Cinemas A/c DTS:
Screen 1:
● പൊന്മാൻ (മ) (11.30, 2.30, 6.00, 9.00)
Screen 2:
● 4 Season (11.30)
● രേഖാചിത്രം (മ) 9.00)
● ദേശക്കാരൻ (മ) (2.30, 6)

കല്ലടിക്കോട് ബാലാ സിനിമാസ് (4K Atmos): ODI1:
● Domanic & the Ladies Purse(2)
● രേഖാചിത്രം (1)
● അൻപോട് കൺമണി (1)
● പൊൻമാൻ (4)
Reservation: bookmyshow, 7736412346

ഷൊർണ്ണൂർ: അനുരാഗ് A/c (2K) Dolby
Screen - 1
● റൈഫിൾ ക്ലബ്ബ് (മ-3) ● വിടുതലൈ (2)
Screen - 2
● Mufasa: The Lion King (3)
● ഹലോ മമ്മി (മ-1)
Reservation: bookmyshow.com/shornur
0466 2222565

ഷൊർണ്ണൂർ: M Lal Aashirvad Cineplex (4K) Dolby Atmos. 0466-2932281
Online booking - www.aashirvadcinemas.in & www.bookmyshow.com
● ഒരു ജാതി ജാതകം (11.30, 2, 4.30, 7.05, 9.35)
● പൊന്മാൻ (11.15, 1.45, 6.45, 9)
● Domanic & the Ladies Purse (2) (2.00, 9.30)
● രേഖാചിത്രം (മ) (4.15, 7.00)
● പറന്ന് പറന്ന് ചെല്ലാൻ (മ) (11.15, 4.45)

ഒറ്റപ്പാലം: ലക്ഷ്മി A/c (dts Qube):
Screen 1:
● No Show
Screen 2:
● പൊന്മാൻ (മ) (11.30, 2.30, 6.30, 9.30)

ഒറ്റപ്പാലം: LADDER CINEMAS:
Online booking: Ticketnew & Paytm
Screen I (4K Dolby Atoms):
● ഒരു ജാതി ഒരു ജാതകം (മ) (11, 7.15, 9.45)
● Domanic & the Ladies Purse (2)
● രേഖാചിത്രം (4.45)
Screen II (2K 7.1):
● അൻപോട് കൺമണി (4.30)
● Domanic & the Ladies Purse (6.30)
● പൊൻമാൻ (11, 1.30, 9.30)
Screen III (2K 7.1):
● പറന്ന് പറന്ന് (2, 4.30, 7)
● രേഖാചിത്രം (9.30)
● ഒരു കഥ ഒരു നല്ലകഥ (11.30)

പട്ടാമ്പി കൃഷ്ണസിനിപ്ലക്സ്: 4K Dolby Atmos
● അൻപോട് കൺമണി (11.15, 2.30, 6.00, 9.00)
Online Reservation: bookmyshow

പട്ടാമ്പി ദേവ് സിനി പ്ലക്സ്: 4k dolby atmos
● AM AAH (മ) (11.30, 2.30, 6.15, 9.15)
Online Booking: showtime, bookmyshow

പട്ടാമ്പി അലക്സ്:
● Domanic & the Ladies Purse (മ) (11.00, 6.15, 9.15)
● പൊന്മാൻ (മ) (11.00, 2.30, 6.30, 9.30)
● രേഖാചിത്രം (മ) (2.30)

പട്ടാമ്പി: ഗരുഡ മാൾ മാജിക് ഫ്രെയിംസ്
● പ്രാവിൻകൂട് ഷാപ്പ് (7.00)
● അൻപോട് കൺമണി (12.00, 6.50, 9.40)
● രേഖാചിത്രം (12.10, 10.00)
● Besty (3.30)
● Domanic & the Ladies Purse (10.00, 1.00, 4.10, 7.10, 10.00)

വിളയൂർ: സിൻഡിക്കേറ്റ് സിനിമാസ്, കൊപ്പം 4k Atmos, RGB Laser.
Ph: 0466 2914088
ശോഭ:
● Domanic & the Ladies Purse (11.30, 2.30, 6.45, 9.45)
താര:
● രേഖാചിത്രം (11.15, 2.15, 6.30, 9.30)
വിജയ:
● A JAWANI HI PAVANI (11.45)
● പ്രാവിൻകൂട് ഷാപ്പ് (2.45, 6.15, 9.15)
Online: bookmyshow

പെരിങ്ങോട്ടുകുറുശ്ശി: CKM Victory A/c 3D Dolby 9.2: Screen I:
● No Show
Screen 2:
● Identity (11.15, 2.30,6.15,9.30)
Online booking - www.Ticketnew.com

മണ്ണാർക്കാട് ചെമ്പകശ്ശേരി ഒക്കാസ് A/c 2K
Online booking Ticketnew & Paytm
● കങ്കുവ - 3D (11.30, 2.30, 6.30, 9.30)
Online booking bookmyshow

മണ്ണാർക്കാട്: മിലൻ സിനിമാസ് A/c:
Screen I
● പൊന്മാൻ (മ) (11.15, 2.30, 6.30, 9.30)
Screen II
● രേഖാചിത്രം (മ) (6.30, 9.30)
● പറന്ന് പറന്ന് പറന്ന് ചെല്ലാൻ (മ) (11.15, 2.30)
Online: www.bookmyshow.com 9539816378

ചെർപ്പുളശ്ശേരി ചെമ്പകശ്ശേരി ദേവി RR Cinimas A/C 2K 7.1 Digital Surround Barco Projection 2K
● Domanic & the Ladies Purse (11.30, 2.30, 6.00)

ചെർപ്പുളശ്ശേരി ചേലൂർ ഗ്രാൻറ് സിനിമാസ്: Studio I:
● പൊന്മാൻ (11.00, 2.30, 6.00, 9.00)
Studio II :
● രേഖാചിത്രം (മ) (11.00, 2.30, 6.00, 9.00)

▶ കടമ്പൂർ ജി.എച്ച്.എസ്. സ്കൂളിലെ 1989 എസ്.എസ്.എൽ.സി. ബാച്ച് ഓർമച്ചെപ്പ് കൂട്ടായ്മയിൽനിന്ന്

The Kollengode Agricultural Service Co-operative Bank
Ltd. No. 7561, Kollengode, Palakkad Dist -678 506. Ph: 04923 262352, 262262
Mob: 8075549293 | Email: kollengodeascbpkd@yahoo.com

ക്വട്ടേഷൻ ക്ഷണിക്കുന്നു

കൊല്ലങ്കോട് അഗ്രികൾച്ചറൽ സർവ്വീസ് സഹകരണ ബാങ്കിന്റെ മത്സ്യഫെഡ് ഔട്ട് ലെറ്റ് പ്രവർത്തിക്കുന്ന സ്ഥലത്ത് EV ചാർജിങ് സ്റ്റേഷൻ സ്ഥാപിക്കുന്നതിന് പരിചയ സമ്പന്നരായ കമ്പനികളിൽ നിന്നും ക്വട്ടേഷൻ ക്ഷണിക്കുന്നു. കമ്പനികൾ EV ഫാസ്റ്റ് ചാർജിങ് സ്റ്റേഷൻ സ്ഥാപിക്കുന്നതിൽ കുറഞ്ഞത് രണ്ടു വർഷത്തെ മുൻ പരിചയം ഉള്ളവരും അനർട്ടിന്റെ എം പാനൽ ലിസ്റ്റിൽ ഉൾപെട്ടവരും ആയിരിക്കണം. സ്ഥാപനങ്ങൾക്ക് ചാർജിങ് മെഷീൻ കമ്പനിയുടെ ചാനൽപാർട്ട്ണർ ഡിലർഷിപ്പ് സർട്ടിഫിക്കറ്റ് നിർബന്ധമാണ്. EV ഫാസ്റ്റ് ചാർജിങ് സ്റ്റേഷൻ സ്ഥാപിക്കുന്നതോടൊപ്പം തുടർന്നുള്ള സർവീസും ആവശ്യമായ സാങ്കേതിക സഹായവും നൽകാൻ കമ്പനിക്ക് കഴിയുമെന്ന് ഉറപ്പു തരേണ്ടതാണ്. യോഗ്യരായ സ്ഥാപനങ്ങളുടെ സീൽ ചെയ്ത ക്വട്ടേഷൻ 2025 ഫെബ്രുവരി 5ന് മുൻപ് ലഭിച്ചിരിക്കണം. ചാർജിങ് സ്റ്റേഷൻ കപ്പാസിറ്റി: 30KW

എന്ന്, സെക്രട്ടറി

ഗോഖലെ സ്കൂളിന് 111 വയസ്സ്

'സമാഗ' ആഘോഷം ഇന്ന് തുടങ്ങും

കല്ലടത്തൂർ ഗോഖലെ ഗവ. ഹയർസെക്കൻഡറി സ്കൂൾ

കുമരനല്ലൂർ ▸ കല്ലടത്തൂർ ഗോഖലെ ഗവ. ഹയർസെക്കൻഡറി സ്കൂളിന്റെ നൂറ്റിപ്പതിനൊന്നാം വാർഷികം 'സമാഗ' എന്ന പേരിൽ ആഘോഷിക്കും. 31, ഫെബ്രുവരി ഒന്ന് തീയതികളിലാണ് ആഘോഷം. 31-ന് വൈകീട്ട് മൂന്നുമണിക്ക് പടിഞ്ഞാറങ്ങാടിയിൽനിന്ന് ഘോഷയാത്ര നടത്തും. നാലുമണിക്ക് നടക്കുന്ന സമ്മേളനം മന്ത്രി എം.ബി. രാജേഷ് ഉദ്ഘാടനം ചെയ്യും. അഭിനേത്രി ബീന ആർ. ചന്ദ്രൻ മുഖ്യാതിഥിയാകും.

31-ന് വൈകിട്ട് ആറരയ്ക്ക് 1989-90 എസ്.എസ്.എൽ.സി. ബാച്ചിന്റെ വകയായി ചങ്ങനാശ്ശേരി അണിയറയുടെ നാടകം 'ഡ്രാക്കുള' അരങ്ങിലെത്തും. ശനിയാഴ്ച രാവിലെ 9.30 മുതൽ കുട്ടികളുടെയും അധ്യാപകരുടെയും വിവിധ കലാപരിപാടികൾ നടക്കും. 1914-ൽ പടിഞ്ഞാറേപ്പാട്ട് സ്കൂൾ എന്ന പേരിൽ ആരംഭിച്ചതാണ് സ്കൂൾ.

താന്നിക്കുന്നിൽ ചെങ്കൽ ക്വാറി വേണ്ടാ

ക്വാറി തുറക്കാനുള്ള ശ്രമം നാട്ടുകാർ വീണ്ടും തടഞ്ഞു

കൂടല്ലൂർ ▸ താന്നിക്കുന്നിൽ ചെങ്കൽ ക്വാറി പ്രവർത്തനം തുടങ്ങാനുള്ള നീക്കത്തിനെതിരേ വീണ്ടും പ്രതിഷേധം ശക്തമാക്കി നാട്ടുകാർ. യന്ത്രങ്ങളുമായി എത്തിയ വാഹനങ്ങൾ നാട്ടുകാർ തടഞ്ഞു. സ്ത്രീകളും കുട്ടികളുമടക്കം നിരവധി പേരാണ് പ്രതിഷേധിച്ചത്. തുടർന്ന് തൃത്താല എസ്.ഐ. സുഭാഷിന്റെ നേതൃത്വത്തിലുള്ള സംഘം സ്ഥലത്തെത്തി നാട്ടുകാരുമായും ക്വാറി ഉടമകളുമായും ചർച്ച നടത്തി. ഹൈക്കോടതി നിർദേശപ്രകാരമാണ് ക്വാറി പ്രവർത്തനം ആരംഭിക്കുന്നതെന്ന് പോലീസ് നാട്ടുകാരോട് പറഞ്ഞു.

ക്വാറി പരിസരത്തെ ഒട്ടേറെ വീട്ടുകാർക്ക് ഭീഷണിയാണെന്നും ക്വാറി വന്നാൽ ഇവിടത്തെ ശുദ്ധജല സ്രോതസ്സ് ഇല്ലാതാകുമെന്നും മേഖലയിൽ രൂക്ഷമായ കുടിവെള്ളക്ഷാമം നേരിടേണ്ടി വരുമെന്നുമാണ് നാട്ടുകാരുടെ വാദം. ദിവസങ്ങൾക്ക് മുൻപ് ഇവിടെ ക്വാറി തുടങ്ങാനുള്ള ശ്രമം നാട്ടുകാരുടെ പ്രതിഷേധത്തെത്തുടർന്ന് നിർത്തിവെച്ചിരുന്നു. ഇവിടെ ചെങ്കൽ ഖനനം അനുവദിക്കരുതെന്നും സംഭവത്തിൽ കളക്ടർ ഇടപെടണമെന്നും സ്ഥലം സന്ദർശിക്കണമെന്നുമാണ് നാട്ടുകാരുടെ ആവശ്യം.

കൂടല്ലൂർ താന്നിക്കുന്നിൽ ചെങ്കൽ ക്വാറി തുറക്കാനുള്ള ശ്രമം നാട്ടുകാരുടെ നേതൃത്വത്തിൽ തടഞ്ഞപ്പോൾ

ഇന്നത്തെ പരിപാടി

- **നടുവട്ടം ഗവ. ജനതാ ഹയർസെക്കഡറി സ്കൂൾ** വാർഷികാഘോഷം വൈകീട്ട് 4.00.
- **കൊപ്പം 'എ' സോൺ കൺവെൻഷൻ സെൻറർ** കൊപ്പംപഞ്ചായത്ത് നടപ്പാക്കുന്ന ഒപ്പം സമഗ്രവിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി വിദ്യാർഥികൾക്കുള്ള ബോധവത്കരണ ക്ലാസ് ഉച്ചയ്ക്ക് 2.00.
- **തസ്രാക്ക് ഒ.വി. വിജയൻ സ്മാരക ഓഡിറ്റോറിയം** പ്രൈവറ്റ് സ്കൂൾ ഗ്രാജ്വേറ്റ് ടീച്ചേഴ്സ് അസോ. സംസ്ഥാന സമ്മേളനത്തോടനുബന്ധിച്ച് സ്മരണാഞ്ജലി വൈകീട്ട് 3.30, വിദ്യാഭ്യാസ സെമിനാർ 4.00, സാംസ്കാരിക സമ്മേളനം 6.00.

നെച്ചിക്കോട്ടുകാവ് താലപ്പൊലി ഇന്ന്

പട്ടിത്തറ ▸ കോട്ടപ്പാടം നെച്ചിക്കോട്ടുകാവ് ഭഗവതിക്ഷേത്രത്തിലെ താലപ്പൊലി ഉത്സവം വെള്ളിയാഴ്ച ആഘോഷിക്കും. പൂജകൾക്ക് തെക്കിനിയേടത്ത് കൃഷ്ണൻനമ്പൂതിരിപ്പാട് കാർമികത്വം വഹിക്കും. വൈകീട്ട് പഞ്ചവാദ്യത്തോടുകൂടി എഴുന്നള്ളിപ്പ്, ദീപാരാധന, ആഘോഷവരവുകൾ, വെടിക്കെട്ട് എന്നിവ നടക്കും.

യാത്രയയപ്പ്

ആമക്കാവ് ▸ കാരെക്കാട് ഭഗവതി ക്ഷേത്രത്തിൽ ദീർഘകാലം ക്ഷേത്രം മേൽശാന്തിയായി സേവനം ചെയ്ത് വിരമിക്കുന്ന മേൽശാന്തി സുരേശൻ എമ്പ്രാന്തിരിക്ക് യാത്രയയപ്പ് നൽകി. കക്കാട് വേണുഗോപാൽ അധ്യക്ഷനായി. മേൽശാന്തി സുരേശനെ ക്ഷേത്രഭാരവാഹികൾ പൊന്നാട ചാർത്തി ആദരിച്ചു. കെ. രാമകൃഷ്ണൻ, നാരായണൻ കുറുപ്പത്ത് എന്നിവർ സംസാരിച്ചു.

അനുസ്മരണം

കൂറ്റനാട് ▸ സി.പി.എം. നേതാവായിരുന്ന കിഴക്കേ പിലാക്കാട്ടിരി എ. കൃഷ്ണൻകുട്ടിയെ അനുസ്മരിച്ചു. കൃഷ്ണൻകുട്ടി അനുസ്മരണസമിതിയുടെ നേതൃത്വത്തിൽ നടന്ന സമ്മേളനം സി.പി.എം. തൃത്താല ഏരിയാ സെക്രട്ടറി ടി.പി. മുഹമ്മദ് ഉദ്ഘാടനംചെയ്തു. അനുസ്മരണ സമിതി ചെയർമാൻ കെ. പരമേശ്വരൻ അധ്യക്ഷനായി. സി.പി.എം. താനൂർ ഏരിയാ കമ്മിറ്റി അംഗം കെ.വി. സിദ്ദീഖ് മുഖ്യപ്രഭാഷണം നടത്തി.

ഗ്രാമപ്പഞ്ചായത്ത് പ്രസിഡന്റ് വി.വി. ബാലചന്ദ്രൻ, സി. ആലിക്കുട്ടി, കെ.പി. വൈശാഖ്, കെ.പി. രാമചന്ദ്രൻ, ഒ. രാജൻ എന്നിവർ സംസാരിച്ചു.

എ. കൃഷ്ണൻകുട്ടിസ്മാരക പുരസ്കാരം വിതരണം ചെയ്തു.

അധികാരം നാടിന്റെ വികസനത്തിന് പ്രയോജനപ്പെടുത്തണം -പാണക്കാട് സാദിഖലി ശിഹാബ് തങ്ങൾ

വി.പി. കുഞ്ഞിപ്പുസ്മാരക സൗധം തുറന്നു

പട്ടാമ്പി ▸ ജനാധിപത്യപരമായ നീക്കങ്ങളിലൂടെ സമൂഹത്തിന് സേവനമർപ്പിക്കണമെന്ന് മുസ്‌ലിംലീഗ് സംസ്ഥാന പ്രസിഡന്റ് പാണക്കാട് സയ്യിദ് സാദിഖലി ശിഹാബ് തങ്ങൾ. അധികാരം പ്രയോജനപ്പെടുത്തി വികസനപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകണം. ജനങ്ങളുടെ അടിസ്ഥാന വിഷയങ്ങൾക്ക് പരിഹാരംകാണണമെന്നും സാദിഖലി തങ്ങൾ പറഞ്ഞു.

മുസ്‌ലിംലീഗ് പരുതൂർ പഞ്ചായത്ത് കമ്മിറ്റി ഓഫീസായ വി.പി. കുഞ്ഞിപ്പു സ്മാരക സൗധം ഉദ്ഘാടനംചെയ്യുകയായിരുന്നു തങ്ങൾ. വി.പി. കുഞ്ഞിപ്പുസാഹിബ് ജീവകാരുണ്യ പ്രവർത്തനങ്ങളിൽ ആരുമറിയാതെ ഒരുപാടുപേരെ സഹായിച്ചിരുന്നതായി തനിക്ക് നേരിലറിയാമെന്ന് പാണക്കാട് സയ്യിദ് സാദിഖലി ശിഹാബ് തങ്ങൾ ഓർമിച്ചു. . മുനമ്പംവിഷയത്തിൽ ആരെയും കുടിയിറക്കാൻപാടില്ലെന്ന ലക്ഷ്യത്തോടെയുള്ള ലീഗിന്റെ ഇടപെടൽ സമൂഹത്തിൽ അസ്വസ്ഥത സൃഷ്ടിക്കാൻ ശ്രമിക്കുന്ന പലരെയും നിരാശപ്പെടുത്തിയിരിക്കയാണെന്നും അദ്ദേഹം പറഞ്ഞു. ടി.പി. കുഞ്ഞുമുഹമ്മദ് അധ്യക്ഷതവഹിച്ചു.

മുസ്‌ലിംലീഗ് സംസ്ഥാന വൈസ് പ്രസിഡന്റ് സി.എ.എം.എ. കരീം, സെക്രട്ടറി ആബിദ് ഹുസൈൻതങ്ങൾ എം.എൽ.എ., ജില്ലാ പ്രസിഡന്റ് മരയ്ക്കാർ മാരായമംഗലം, മുസ്‌ലിം യൂത്ത് ലീഗ് സംസ്ഥാന ജനറൽ സെക്രട്ടറി പി.കെ. ഫിറോസ്, മുൻ എം.എൽ.എ. വി.ടി. ബൽറാം, പി.ഇ.എ. സലാം, ഗഫൂർ കോൽക്കളത്തിൽ, ടി.കെ. ചേക്കുട്ടി, അഡ്വ. മുഹമ്മദലി മറ്റാംതടം, പി.ടി. മുഹമ്മദ് തുടങ്ങിയവർ സംസാരിച്ചു. മുസ്‌ലിം യൂത്ത്ലീഗ് പരുതൂർ പഞ്ചായത്ത് കമ്മിറ്റി പ്രസിദ്ധീകരിച്ച വി.പി. കുഞ്ഞിപ്പുസാഹിബ് സ്മരണിക 'സാഹിബ്' പ്രകാശനം പാണക്കാട് സയ്യിദ് സാദിഖലി ശിഹാബ് തങ്ങൾ നിർവഹിച്ചു.

മുസ്‌ലിംലീഗ് പരുതൂർ പഞ്ചായത്ത് കമ്മിറ്റി ഓഫീസ് വി.പി. കുഞ്ഞിപ്പു സ്മാരക സൗധം പാണക്കാട് സയ്യിദ് സാദിഖലി ശിഹാബ് തങ്ങൾ ഉദ്ഘാടനംചെയ്യുന്നു

കൊപ്പത്ത് പത്താംക്ലാസുകാർക്കായി പഠനവീട് ഒരുക്കും

പ്രാദേശിക പി.ടി.എ. യോഗങ്ങൾ ചേർന്നു

കൊപ്പം ▸ എസ്.എസ്.എൽ.സി. പരീക്ഷയ്ക്ക് മികച്ചവിജയം ലക്ഷ്യമിട്ട് കൊപ്പം ഗവ. വൊക്കേഷണൽ ഹയർസെക്കൻഡറി സ്കൂളിന്റെ നേതൃത്വത്തിൽ വിദ്യാർഥികൾക്കായി മുപ്പതിടങ്ങളിൽ പഠനവീടുകൾ സജ്ജമാക്കും. കൊപ്പം, വിളയൂർ, കുലുക്കല്ലൂർ പഞ്ചായത്തുകളിലാണ് പഠനവീടുകൾ ഒരുക്കുന്നത്. ഇതിന് മുന്നോടിയായി പ്രാദേശിക പി.ടി.എ.യോഗങ്ങൾ ചേർന്നു.

മുൻവർഷങ്ങളിലും എസ്.എസ്.എൽ.സി. പരീക്ഷയ്ക്ക് കുട്ടികളുടെ ഗ്രേഡ് ഉയർത്തുക എന്ന ലക്ഷ്യത്തോടെ പഠനവീടുകൾ സജ്ജമാക്കിയിരുന്നു. വൈകുന്നേരങ്ങളിലും അവധി ദിവസങ്ങളിലും പ്രദേശത്തെ വിവിധയിടങ്ങളിൽ സജ്ജമാക്കുന്ന പഠനവീടുകളിൽ കുട്ടികൾക്ക് പഠിക്കാനുള്ള സൗകര്യമാണ് ലഭ്യമാക്കുക.

ഇതിന്റെ ഭാഗമായി നടന്ന പ്രദേശിക പി.ടി.എ.യോഗങ്ങൾ കുലുക്കല്ലൂരിൽ പഞ്ചായത്ത് പ്രസിഡന്റ് വി. രമണിയും വിളയൂരിൽ പഞ്ചായത്ത് വൈസ് പ്രസിഡന്റ് കെ.പി. നൗഫലും കൊപ്പത്ത് പഞ്ചായത്ത് പ്രസിഡന്റ് ടി. ഉണ്ണിക്കൃഷ്ണനനും ഉദ്ഘാടനംചെയ്തു. പി.ടി.എ. പ്രസിഡന്റ് ടി. കൃഷ്ണകുമാർ അധ്യക്ഷനായി. പ്രധാനാധ്യാപിക കെ.ടി. ജലജ, കൊപ്പം പഞ്ചായത്ത് വൈസ് പ്രസിഡന്റ് എം.കെ. ബീന, എസ്. മിനി, ഇ.കെ. ഷഫീഖ്, കെ. ബാലഗംഗാധരൻ, ടി.കെ. സാജിദ്, ടി.കെ. അബ്ദുൾഷുക്കൂർ, എൻ.പി. ഷാഹുൽഹമീദ് തുടങ്ങിയവർ വിവിധ കേന്ദ്രങ്ങളിൽ സംസാരിച്ചു.

നിർമാണം വേഗത്തിലാക്കണം

കൊപ്പം ▸ കൊപ്പം പോലീസ് സ്റ്റേഷൻ കെട്ടിടത്തിന്റെ നിർമാണം വേഗത്തിലാക്കണമെന്ന് കോൺഗ്രസ് കൊപ്പം പഞ്ചായത്ത് കമ്മിറ്റിയോഗം ആവശ്യപ്പെട്ടു. ഡി.സി.സി. ജനറൽ സെക്രട്ടറി കമ്മുക്കുട്ടി എടത്തോൾ യോഗം ഉദ്ഘാടനംചെയ്തു. ആമയൂർ മണ്ഡലം പ്രസിഡന്റ് ടി.കെ. ഷുക്കൂർ അധ്യക്ഷനായി. എ.പി. രാമദാസ്, എ.കെ. മുസ്തഫ, കുഞ്ഞനു വിയ്റ്റാംപടി, വേണുഗോപാൽ മടപ്പറമ്പിൽ, എം.എൻ. ചന്ദ്രൻ, ജയശങ്കർ കൊട്ടാരത്തിൽ തുടങ്ങിയവർ സംസാരിച്ചു.

മറവഞ്ചേരി വല്ലോലപ്പാടം ഭദ്രകാളി ക്ഷേത്രത്തിലെ വേല ഉത്സവത്തിന്റെ ഭാഗമായി നടന്ന എഴുന്നള്ളിപ്പ്

വാർഷികപദ്ധതി രൂപവത്കരണ യോഗം

പട്ടാമ്പി ▸ നഗരസഭാ വാർഷികപദ്ധതി രൂപവത്കരണത്തിനായുള്ള 2025-26 വർഷത്തെ വർക്കിങ്ഗ്രൂപ്പ് യോഗം നടത്തി. നഗരസഭാധ്യക്ഷ ഒ. ലക്ഷ്മിക്കുട്ടി ഉദ്ഘാടനംചെയ്തു. നഗരസഭാ ഉപാധ്യക്ഷൻ ടി.പി. ഷാജി അധ്യക്ഷനായി. നഗരസഭാ സ്ഥിരംസമിതി അധ്യക്ഷരായ പി. വിജയകുമാർ, പി.കെ. കവിത, എൻ. രാജൻ, പി. ആനന്ദവല്ലി, കെ.ടി. റുക്കിയ, നഗരസഭാംഗങ്ങളായ കെ.ആർ. നാരായണസ്വാമി, സി.എ. സാജിത്, എ. സുരേഷ്, നഗരസഭാ സെക്രട്ടറി ബെസ്സി സെബാസ്റ്റ്യൻ തുടങ്ങിയവർ സംസാരിച്ചു.

ബ്ലോക്ക് ഗ്രാമസഭ

പട്ടാമ്പി ▸ ബ്ലോക്ക് പഞ്ചായത്ത് ഗ്രാമസഭായോഗം പ്രസിഡന്റ് ഗീത മണികണ്ഠൻ ഉദ്ഘാടനം ചെയ്തു.

വൈസ് പ്രസിഡന്റ് കെ.എ. റഷീദ് അധ്യക്ഷനായി.

പഞ്ചായത്ത് പ്രസിഡന്റുമാരായ കെ.കെ.എ. അസീസ്, എ.പി.എം. സക്കരിയ, ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങളായ ഷൈമ ഉണ്ണിക്കൃഷ്ണൻ, തസ്നീമ ഇസ്മായിൽ, പി.പി. ഉണ്ണിക്കൃഷ്ണൻ, പി.കെ. ബഷീർ, പി.ടി. മുഹമ്മദ്കുട്ടി, പി.ടി.എം. ഫിറോസ്, എം.കെ. മുഹമ്മദ് തുടങ്ങിയവർ സംസാരിച്ചു.

കൂറ്റനാട് നേർച്ച

സിഗ്നേച്ചർ എക്സ്പോ ഫെബ്രുവരി നാലുമുതൽ

കൂറ്റനാട് ▸ കൂറ്റനാട് നേർച്ചയോടനുബന്ധിച്ച് ഫെബ്രുവരി നാലുമുതൽ ഏഴുവരെ കൂറ്റനാട് ശുഹദാ മഖാം പരിസരത്ത് പ്രത്യേകം തയ്യാറാക്കിയ മൈതാനിയിൽ ഒ.എസ്.എഫ്. സിഗ്നേച്ചർ എക്സ്പോ 2025 എന്ന പേരിൽ പ്രദർശനമൊരുക്കും.

കൂറ്റനാട് ജന്നത്തുൽ മദ്രസാ കമ്മിറ്റി സംഘടിപ്പിക്കുന്ന പ്രദർശനം നാലിന് വൈകീട്ട് നാലിന് പി. മമ്മിക്കുട്ടി എം.എൽ.എ. ഉദ്ഘാടനം ചെയ്യും. പ്രവാചകൻ മുഹമ്മദ് നബിയുടെ ജീവചരിത്രാനുഭവങ്ങളും വെർച്വൽ റിയാലിറ്റിയിലൂടെ ക അബാലയത്തിന്റെ നേർക്കാഴ്ചകൾ, വിസ്മയപ്പെടുത്തുന്ന അറബിക് കാലിഗ്രാഫി, വേൾഡ് ഗിന്നസ് റെക്കോഡ് നേടിയ ഏറ്റവും നീളം കൂടിയ ഖുറാനിന്റെ കൈയെഴുത്ത് പ്രതിയുടെ പ്രദർശനം തുടങ്ങിയവയുണ്ടാകും.

ആലൂർ ഗവ. എൽ.പി. സ്കൂൾ ശതാബ്ദിയാഘോഷിച്ചു

ആലൂർ ▸ ഗവ. എൽ.പി. സ്കൂളിൽനടന്ന ശതാബ്ദി ആഘോഷം പി.പി. സുമോദ് എം.എൽ.എ. ഉദ്ഘാടനംചെയ്തു. പട്ടിത്തറ ഗ്രാമപ്പഞ്ചായത്ത് പ്രസിഡന്റ് പി. ബാലൻ അധ്യക്ഷനായി. ജില്ലാപഞ്ചായത്തംഗം വി.പി. ഷാനിബ, പ്രധാനാധ്യാപകൻ പി. വിനോദ് കുമാർ, എ.ഇ.ഒ. കെ. പ്രസാദ്, പി.ടി.എ. പ്രസിഡന്റ് കെ.വി. മുനീർ, രാജിമേനോൻ, പി. ദേവരാജ്, സുബ്രഹ്മണ്യൻ, മണികണ്ഠൻ, ചന്ദ്രൻ കക്കാട്ടിരി എന്നിവർ സംസാരിച്ചു. മുൻ അധ്യാപകരെയും പൂർവ വിദ്യാർഥികളെയും ആദരിച്ചു. ഘോഷയാത്രയും ഗാനമേളയുമുണ്ടായി.

ആലൂർ ഗവ. എൽ.പി. സ്കൂളിൽ നടന്ന ശതാബ്ദി ആഘോഷം പി.പി. സുമോദ് എം.എൽ.എ. ഉദ്ഘാടനം ചെയ്യുന്നു

കൈവരിയില്ലാത്ത കെട്ടിടങ്ങളിൽ നിന്ന് പട്ടാമ്പിനേർച്ച കാണാൻ അനുവദിക്കില്ല

പട്ടാമ്പി ▸ കൈവരികളും സുരക്ഷയുമില്ലാത്ത കെട്ടിടങ്ങളിൽ നിന്ന് പട്ടാമ്പിനേർച്ച കാണാൻ അനുവദിക്കില്ല. പട്ടാമ്പിനേർച്ചയ്ക്ക് മുന്നോടിയായി വിവിധ വകുപ്പ് ഉദ്യോഗസ്ഥരുടെയും ജനപ്രതിനിധികളുടെയും കേന്ദ്ര നേർച്ചയാഘോഷ കമ്മിറ്റി ഭാരവാഹികളുടെയും നേതൃത്വത്തിൽ ചേർന്ന യോഗത്തിലാണ് തീരുമാനം. പട്ടാമ്പി നഗരസഭയിൽ ച്ചേർന്ന യോഗത്തിൽ നഗരസഭാധ്യക്ഷ ഒ. ലക്ഷ്മിക്കുട്ടി അധ്യക്ഷയായി.

നഗരസഭാ വൈസ് ചെയർമാൻ ടി.പി. ഷാജി, സ്ഥിരംസമിതി അധ്യക്ഷരായ പി. വിജയകുമാർ, എൻ. രാജൻ, പി.കെ. കവിത, ആനന്ദവല്ലി, കെ.ടി. റുക്കിയ, കൗൺസിലർമാരായ കെ.ആർ. നാരായണസ്വാമി, കെ. മോഹനൻ, കെ.ടി. ഹമീദ്, സി. സംഗീത തുടങ്ങിയവർ സംസാരിച്ചു. ഹരിത പെരുമാറ്റച്ചട്ടം പൂർണമായും പാലിച്ച് നേർച്ച ആഘോഷിക്കാനും യോഗത്തിൽ തീരുമാനമായി.

പൊങ്കാല ഉത്സവം

വിളയൂർ ▸ ചെമ്മലശ്ശേരി കിളിക്കുന്നുകാവ് ആലിക്കൽ ഭഗവതിക്ഷേത്രത്തിലെ പൊങ്കാല ഉത്സവം ഫെബ്രുവരി രണ്ടുമുതൽ നാലുവരെ ആഘോഷിക്കും. രണ്ടിന് രാവിലെ മുതൽ വിശേഷാൽപൂജകൾ, നാരായണീയ പാരായണം, ദശസഹസ്രദീപം തെളിയിക്കൽ, മൂന്നിന് അഖണ്ഡ ലളിതാസഹസ്രനാമജപം, നാലിന് അഷ്ടദ്രവ്യ മഹാഗണപതിഹോമം, പൊങ്കാല സമർപ്പണം, കലാപരിപാടികൾ എന്നിവ നടക്കും.

സിനിമ

പാലക്കാട്: പ്രിയദർശിനി (DTS) 2KDolby
- ഒരു ജാതി ഒരു ജാതകം (മ-4) (11.30, 2.30, 6.00, 9.00)

Res: www.priyadarsinicinema.in www.justickets.in

പ്രിയ Dolby4KAtmos:
- Domanic & the Ladies Purse (മ-4) (11.30, 2.30, 6, 9.00)

Res: www.priyadarsinicinema.in www.justickets.in

പ്രിയതമ 2K A/c DTS:
- പ്രാവിൻകൂട് (മ-4) (11.30, 2.30, 6.00, 9.00)

Res: www.priyadarsinicinema.in www.justickets.in

അരോമ Screen I:
- Domanic & the Ladies Purse (4) (11.15, 2.15, 6.00, 9.00)

Screen 2:
- കുടുംബസ്തൻ (11.15, 9)
- അൻപോട് കൺമണി (2.15, 6)

ന്യൂ അരോമ
- ഒരു ജാതി ഒരു ജാതകം (11.15, 2.15, 6, 9)

ശ്രീദേവിദുർഗ്ഗ: V.Cinemas A/c DTS:

Screen 1:
- പൊന്മാൻ (മ) (11.30, 2.30, 6.00, 9.00)

Screen 2:
- 4 Season (11.30)
- രേഖാചിത്രം (മ) 9.00)
- ദേശക്കാരൻ (മ) (2.30, 6)

കല്ലടിക്കോട് ബാലാ സിനിമാസ് (4K Atmos): ODI1:
- Domanic & the Ladies Purse(2)
- രേഖാചിത്രം (1)
- അൻപോട് കൺമണി (1)
- പൊൻമാൻ (4)

Reservation: bookmyshow, 7736412346

ഷൊർണ്ണൂർ: അനുരാഗ് A/c (2K) Dolby

Screen - 1
- റൈഫിൾ ക്ലബ്ബ് (മ-3) ● വിടുതലൈ (2)

Screen - 2
- Mufasa: The Lion King (3)
- ഹലോ മമ്മി (മ-1)

Reservation: bookmyshow.com/shornur 0466 2222565

ഷൊർണ്ണൂർ: M Lal Aashirvad Cineplex (4K) Dolby Atmos. 0466-2932281

Online booking - www.aashirvadcinemas.in & www.bookmyshow.com
- ഒരു ജാതി ജാതകം (11.30, 2, 4.30, 7.05, 9.35)
- പൊന്മാൻ (11.15, 1.45, 6.45, 9)
- Domanic & the Ladies Purse (2) (2.00, 9.30)
- രേഖാചിത്രം (മ) (4.15, 7.00)
- പറന്ന് പറന്ന് ചെല്ലാൻ (മ) (11.15, 4.45)

ഒറ്റപ്പാലം: ലക്ഷ്മി A/c (dts Qube):

Screen 1:
- No Show

Screen 2:
- പൊന്മാൻ (മ) (11.30, 2.30, 6.30, 9.30)

ഒറ്റപ്പാലം: LADDER CINEMAS:

Online booking: Ticketnew & Paytm

Screen I (4K Dolby Atoms):
- ഒരു ജാതി ഒരു ജാതകം (മ) (11, 7.15, 9.45)
- Domanic & the Ladies Purse (2)
- രേഖാചിത്രം (4.45)

Screen II (2K 7.1):
- അൻപോട് കൺമണി (4.30)
- Domanic & the Ladies Purse (6.30)
- പൊൻമാൻ (11, 1.30, 9.30)

Screen III (2K 7.1):
- പറന്ന് പറന്ന് (2, 4.30, 7)
- രേഖാചിത്രം (9.30)
- ഒരു കഥ ഒരു നല്ലകഥ (11.30)

പട്ടാമ്പി കൃഷ്ണസിനിപ്ലക്സ്: 4K Dolby Atmos
- അൻപോട് കൺമണി (11.15, 2.30, 6.00, 9.00)

Online Reservation: bookmyshow

പട്ടാമ്പി ദേവ് സിനി പ്ലക്സ്: 4k dolby atmos
- AM AAH (മ) (11.30, 2.30, 6.15, 9.15)

Online Booking: showtime, bookmyshow

പട്ടാമ്പി അലക്സ്:
- Domanic & the Ladies Purse (മ) (11.00, 6.15, 9.15)
- പൊന്മാൻ (മ) (11.00, 2.30, 6.30, 9.30)
- രേഖാചിത്രം (മ) (2.30)

പട്ടാമ്പി: ഗരുഡ മാൾ മാജിക് ഫ്രെയിംസ്
- പ്രാവിൻകൂട് ഷാപ്പ് (7.00)
- അൻപോട് കൺമണി (12.00, 6.50, 9.40)
- രേഖാചിത്രം (12.10, 10.00)
- Besty (3.30)
- Domanic & the Ladies Purse (10.00, 1.00, 4.10, 7.10, 10.00)

വിളയൂർ: സിൻഡിക്കേറ്റ് സിനിമാസ്, കൊപ്പം 4k Atmos, RGB Laser.

Ph: 0466 2914088

ശോഭ:
- Domanic & the Ladies Purse (11.30, 2.30, 6.45, 9.45)

താര:
- രേഖാചിത്രം (11.15, 2.15, 6.30, 9.30)

വിജയ:
- A JAWANI HI PAVANI (11.45)
- പ്രാവിൻകൂട് ഷാപ്പ് (2.45, 6.15, 9.15)

Online: bookmyshow

പെരിങ്ങോട്ടുകുറുശ്ശി: CKM Victory A/c 3D Dolby 9.2: Screen I:
- No Show

Screen 2:
- Identity (11.15, 2.30,6.15,9.30)

Online booking - www.Ticketnew.com

മണ്ണാർക്കാട് ചെമ്പകശ്ശേരി ഒക്കാസ് A/c 2K

Online booking Ticketnew & Paytm
- കങ്കുവ - 3D (11.30, 2.30, 6.30, 9.30)

Online booking bookmyshow

മണ്ണാർക്കാട്: മിലൻ സിനിമാസ് A/c:

Screen I
- പൊന്മാൻ (മ) (11.15, 2.30, 6.30, 9.30)

Screen II
- രേഖാചിത്രം (മ) (6.30, 9.30)
- പറന്ന് പറന്ന് പറന്ന് ചെല്ലാൻ (മ) (11.15, 2.30)

Online: www.bookmyshow.com 9539816378

ചെർപ്പുളശ്ശേരി ചെമ്പകശ്ശേരി ദേവി RR Cinimas A/C 2K 7.1 Digital Surround Barco Projection 2K
- Domanic & the Ladies Purse (11.30, 2.30, 6.00)

ചെർപ്പുളശ്ശേരി ചേലൂർ ഗ്രാൻറ് സിനിമാസ്: Studio I:
- പൊന്മാൻ (11.00, 2.30, 6.00, 9.00)

Studio II :
- രേഖാചിത്രം (മ) (11.00, 2.30, 6.00, 9.00)

ഇന്ത്യനൂർഗോപിസ്മാരക പുരസ്കാരം നേടിയ അന്തരിച്ച ഇ.വി. മുഹമ്മദ് കുട്ടിക്കുവേണ്ടി കുടുംബാംഗങ്ങൾ പുരസ്കാരം ഏറ്റുവാങ്ങുന്നു

ഇ.വി. മുഹമ്മദ്കുട്ടിഹാജി അനുസ്മരണം

തിരുമിറ്റക്കോട് ▸ പരിസ്ഥിതിപ്രവർത്തകൻ, ജൈവകർഷകൻ, പൊതുപ്രവർത്തകൻ എന്നീ നിലകളിലറിയപ്പെട്ടിരുന്ന കറുകപുത്തൂർ ഇ.വി. മുഹമ്മദ്കുട്ടിഹാജിയുടെ അനുസ്മരണം നടത്തി. അദ്ദേഹത്തിന് മരണാനന്തര ബഹുമതിയായി ഇന്ത്യനൂർ ഗോപിയുടെ പേരിൽ ഏർപ്പെടുത്തിയ കർമശ്രേഷ്ഠ പുരസ്കാരസമർപ്പണവും നടന്നു.

ഹുസൈൻ തട്ടത്താഴത്ത് അധ്യക്ഷനായി. തിരുമിറ്റക്കോട് ഗ്രാമപ്പഞ്ചായത്ത് പ്രസിഡന്റ് ടി. സുഹറ ഉദ്ഘാടനംചെയ്തു. ഇന്ത്യനൂർ ഗോപിയുടെ പേരിൽ ഏർപ്പെടുത്തിയ അവാർഡ്ദാനച്ചടങ്ങ് 13-ന് നടക്കാനിരിക്കെയാണ് അവാർഡിനർഹനായ മുഹമ്മദുകുട്ടി ഹാജി മരിച്ചത്. കഥാകൃത്ത് ഉണ്ണി പൂക്കരാത്ത് പുരസ്കാരവിതരണം നടത്തി. 10,000 രൂപയുടെ പുസ്തകങ്ങളും, പ്രശസ്തിപത്രവുമാണ് പുരസ്കാരമായി നൽകിയത്. മുഹമ്മദ്കുട്ടിഹാജിയുടെ മക്കളായ മുഹമ്മദ് യൂനസും നിഷ റെഷിയും ചേർന്ന് അവാർഡ് ഏറ്റുവാങ്ങി. ബ്ലോക്ക് പഞ്ചായത്ത് സ്ഥിരംസമിതി അധ്യക്ഷ ടി.എസ്. ഷെറീന, കെ.വി. മൊയ്തുണ്ണി, പി. ബീന, ടി.വി.എം. അലി, കെ. ജനാർദനൻ, കെ. ശശി, ടി.പി. സലാമു, വി. മുഹമ്മദ് കുഞ്ഞി, എ.വി. രാജേന്ദ്രൻ, ടി.കെ. കൃഷ്ണകുമാർ, റെഷി വലിയകത്ത്, നടൻ വിജയൻ ചാത്തനൂർ എന്നിവർ സംസാരിച്ചു.

ഊട്ടുപുര ഉദ്ഘാടനം

കൊപ്പം ഏറയൂർ തിരുവളയനാട് ഭഗവതിക്ഷേത്രത്തിലെ ഊട്ടുപുരയുടെ ഉദ്ഘാടനം ക്ഷേത്രംതന്ത്രി ഈക്കാട്ട് മന നാരായണൻ നമ്പൂതിരിപ്പാട് നിർവഹിക്കുന്നു

കൊപ്പം ▸ ഏറയൂർ തിരുവളയനാട് ഭഗവതിക്ഷേത്രത്തിലെ ഊട്ടുപുരയുടെ ഉദ്ഘാടനം ക്ഷേത്രം തന്ത്രി ഈക്കാട്ട്മന നാരായണൻ നമ്പൂതിരിപ്പാട് നിർവഹിച്ചു. ക്ഷേത്രം കമ്മിറ്റി പ്രസിഡന്റ് പി. ഗോപാലൻ അധ്യക്ഷനായി. കുതിരവട്ടം സ്വരൂപം പ്രസിഡന്റ് കെ.സി. ചന്ദ്രശേഖരൻ തമ്പാൻ, കെ. മുരളി തമ്പാൻ, പ്രഭാകരൻ തമ്പാൻ, പി. സുധാകരൻ തുടങ്ങിയവർ സംസാരിച്ചു.

ചാലിശ്ശേരി ഹൈസ്കൂൾ മൈതാനത്ത് നാളെമുതൽ ഫുട്ബോൾമേള

കൂറ്റനാട് ▸ ജി.സി.സി. ക്ലബ്ബും മഹാത്മ ചാരിറ്റബിൾട്രസ്റ്റും സംയുക്തമായി നടത്തുന്ന അഖിലകേരള സെവൻസ് ഫ്ലഡ്‌ലിറ്റ് ഫുട്ബോൾ ടൂർണമെൻറ് ഫെബ്രുവരി ഒന്നിന് തുടങ്ങുമെന്ന് സംഘാടകർ അറിയിച്ചു. ചാലിശ്ശേരി ഗവ. ഹയർസെക്കൻഡറി സ്കൂൾ മൈതാനത്ത് പ്രത്യേകമൊരുക്കിയ ഫ്ലഡ്‌ലിറ്റ് സ്റ്റേഡിയത്തിലാണ് ടൂർണമെന്റ്. മന്ത്രി എം.ബി. രാജേഷ് ഉദ്ഘാടനംചെയ്യും. ഫുട്ബോൾ ടൂർണമെൻറ് രണ്ടാഴ്ച നീണ്ടുനിൽക്കും.

ഉദ്ഘാടനദിവസം പുലരി കോക്കൂരും എക്സലൻഡ് തൃത്താലയും തമ്മിൽ മത്സരിക്കും. കേരളത്തിലെ പ്രമുഖ 16 ടീമുകൾ മത്സരിക്കും. ടൂർണമെന്റിന്റെ വിജയത്തിന് പ്രവാസികൾ, സ്കൂളധികൃതർ, സ്കൂൾ പി.ടി.എ. എന്നിവരുടെ മികച്ച സഹകരണമുണ്ടെന്നും സംഘാടകസമിതി ചെയർമാൻ കെ. ഫൈസൽ, കൺവീനർ ഷാജഹാൻ നാലകത്ത്, ട്രഷറർ ജിജോ ജെക്കബ്, കോഡിനേറ്റർ എ.എം. ഇക്ബാൽ, എക്സിക്യൂട്ടീവ് അംഗം സി.വി. മണികണ്ഠൻ എന്നിവർ പറഞ്ഞു.

The Kollengode Agricultural Service Co-operative Bank
Ltd. No. 7561, Kollengode, Palakkad Dist -678 506. Ph: 04923 262352, 262262
Mob: 8075549293 | Email: kollengodeascbpkd@yahoo.com

ക്വട്ടേഷൻ ക്ഷണിക്കുന്നു

കൊല്ലങ്കോട് അഗ്രികൾച്ചറൽ സർവ്വീസ് സഹകരണ ബാങ്കിന്റെ മത്സ്യഫെഡ് ഔട്ട് ലെറ്റ് പ്രവർത്തിക്കുന്ന സ്ഥലത്ത് EV ചാർജിങ് സ്റ്റേഷൻ സ്ഥാപിക്കുന്നതിന് പരിചയ സമ്പന്നരായ കമ്പനികളിൽ നിന്നും ക്വട്ടേഷൻ ക്ഷണിക്കുന്നു. കമ്പനികൾ EV ഫാസ്റ്റ് ചാർജിങ് സ്റ്റേഷൻ സ്ഥാപിക്കുന്നതിൽ കുറഞ്ഞത് രണ്ടു വർഷത്തെ മുൻ പരിചയം ഉള്ളവരും അനർട്ടിന്റെ എം പാനൽ ലിസ്റ്റിൽ ഉൾപ്പെട്ടവരും ആയിരിക്കണം. സ്ഥാപനങ്ങൾക്ക് ചാർജിങ് മെഷീൻ കമ്പനിയുടെ ചാനൽപാർട്ട്ണർ ഡിലർഷിപ്പ് സർട്ടിഫിക്കറ്റ് നിർബന്ധമാണ്. EV ഫാസ്റ്റ് ചാർജിങ് സ്റ്റേഷൻ സ്ഥാപിക്കുന്നതോടൊപ്പം തുടർന്നുള്ള സർവീസും ആവശ്യമായ സാങ്കേതിക സഹായവും നൽകാൻ കമ്പനിക്ക് കഴിയുമെന്ന് ഉറപ്പു തരേണ്ടതാണ്. യോഗ്യരായ സ്ഥാപനങ്ങളുടെ സീൽ ചെയ്ത ക്വട്ടേഷൻ 2025 ഫെബ്രുവരി 5ന് മുൻപ് ലഭിച്ചിരിക്കണം. ചാർജിങ് സ്റ്റേഷൻ കപ്പാസിറ്റി: 30KW

എന്ന്, സെക്രട്ടറി

94,362 ഏക്കർ കൃഷിക്ക് ജലസേചനം; തിരുമൂർത്തി അണയുടെ ഷട്ടറുകൾ തുറന്നു

▶ തിരുപ്പൂർ, കോയമ്പത്തൂർ ജില്ലകളിലെ കർഷകർക്ക് പ്രയോജനം ലഭിക്കും

▶ കൃഷിക്കായി തിരുമൂർത്തി അണയിൽനിന്ന് പറമ്പിക്കുളം പ്രധാനകനാൽവഴി വെള്ളം തുറന്നുവിട്ടപ്പോൾ

▶ തിരുമൂർത്തി അണയുടെ ഷട്ടറുകൾ തുറന്നശേഷം മന്ത്രിമാരായ എം.പി. സാമിനാഥനും കയൽവഴി സെൽവരാജും പുഷ്പവൃഷ്ടി നടത്തുന്നു

തിരുപ്പൂർ ▸ പറമ്പിക്കുളം-ആളിയാർ പദ്ധതിയുടെ പാലാർതടത്തിൽ വരുന്ന പ്രദേശങ്ങളിലെ ജലസേചന ആവശ്യങ്ങൾക്കായി തിരുമൂർത്തി അണക്കെട്ടിൽനിന്ന് വെള്ളം തുറന്നുവിട്ടു. തിരുപ്പൂർ, കോയമ്പത്തൂർ ജില്ലകളിലായി വ്യാപിച്ചുകിടക്കുന്ന 94,362 ഏക്കർ കൃഷിഭൂമിക്ക് ഇതുവഴി പ്രയോജനം ലഭിക്കും. അണക്കെട്ടിന്റെ ഷട്ടറുകൾ തുറന്നശേഷം മന്ത്രിമാരായ എം.പി. സാമിനാഥനും കയൽവഴി സെൽവരാജും പുഷ്പവൃഷ്ടി നടത്തി. ജൂൺ 13വരെ 135 ദിവസത്തേക്ക് മൊത്തം 10,300 ദശലക്ഷം ഘനയടി വെള്ളമാകും പറമ്പിക്കുളം പ്രധാനകനാൽവഴി തുറന്നുവിടുകയെന്ന് പൊതുമരാമത്തുവകുപ്പ് ഉദ്യോഗസ്ഥർ കൂട്ടിച്ചേർത്തു. സെക്കൻഡിൽ 250 ഘനയടി വെള്ളമാണ് ഇപ്പോൾ തുറന്നുവിടുന്നത്. ഇത് പടിപടിയായി സെക്കൻഡിൽ 912 ഘനയടിയായി വർധിപ്പിക്കുമെന്ന് അധികൃതർ അറിയിച്ചു.

ഈ മേഖലയിൽ ചോളം, പച്ചക്കറികൾ, പയർവർഗങ്ങൾ തുടങ്ങിയവ കൃഷിയിറക്കിയവർക്ക് ഉപകാരപ്രദമാവും.

തടവുകാരന്റെ മരണം കൊലപാതകം: നാല് ഉദ്യോഗസ്ഥർക്ക് സസ്പെൻഷൻ

കോയമ്പത്തൂർ ▸ ദുരൂഹസാഹചര്യത്തിൽ കോയമ്പത്തൂർ സെൻട്രൽജയിലിൽ തടവുകാരൻ മരിച്ചതുമായി ബന്ധപ്പെട്ട് നാല് ജയിൽജീവനക്കാർക്ക് സസ്പെൻഷൻ. ഡെപ്യൂട്ടി ജയിലർ മനോരഞ്ജിതം, അസിസ്റ്റന്റ് ജയിലർ വിജയരാജ്, ചീഫ് ഹെഡ് വാർഡൻ ബാബുരാജ്, വാർഡൻ ദിനേശ് എന്നിവരെയാണ് ജയിൽ സൂപ്രണ്ട് എം. സെന്തിൽകുമാർ സസ്പെൻഡ് ചെയ്തത്.

27-നാണ് തിരുനെൽവേലി സ്വദേശിയും കൊലപാതകക്കേസ് പ്രതിയുമായ യേശുദാസിനെ (32) ശൗചാലയത്തിനുസമീപം മരിച്ച നിലയിൽ കണ്ടെത്തിയത്. പോസ്റ്റുമോർട്ടത്തിൽ കഴുത്തുഞെരിച്ച് കൊലപ്പെടുത്തിയതായിട്ടാണ് തെളിഞ്ഞത്. പ്രതി ആരെന്ന് കണ്ടെത്തിയിട്ടില്ല. അന്വേഷണവിധേയമായിട്ടാണ് ഉദ്യോഗസ്ഥരെ സസ്പെൻഡ് ചെയ്തത്. റേസ്കോഴ്സ് പോലീസ് വിശദമായ അന്വേഷണം തുടങ്ങി.

കായികമേള തുടങ്ങി

ചെന്നൈ ▸ സി.ടി.എം.എ. അംഗസംഘടനകളെ പങ്കെടുപ്പിച്ച് അയൽക്കൂട്ടം സംഘടിപ്പിക്കുന്ന ക്ലസ്റ്റർ കായികമേള ആരംഭിച്ചു. ആദ്യഘട്ട മത്സരങ്ങൾ നാരായണൻ, അശോകൻ, മനോജ്, അജിത് കുമാർ, രാജീവ്, ഷാജി, ബിജു കുര്യൻ, ബിബിത, ശരത് മേനോൻ എന്നിവർ ചേർന്ന് ഉദ്ഘാടനംചെയ്തു. ബാഡ്മിന്റൺ സീനിയർ പുരുഷവിഭാഗത്തിലും വനിതാവിഭാഗത്തിലും ക്യാമ്പ് റോഡ് മലയാളി സമാജം വിജയിച്ചു.

ഇന്നത്തെ പരിപാടി

- **കെ.ജി. ചാവടി ശ്രീനാരായണഗുരു കോളേജ്** എം.എസ്.ഡബ്ല്യു. വിഭാഗം സെമിനാർ 10.30.
- **എടയാർപാളയം ശ്രീനാരായണ ഗുരുദേവസംഘം ഹാൾ** ചതയദിനപൂജയും വിളക്കുപൂജയും വൈകീട്ട് 5.00.

കൊള്ളപ്പലിശയ്ക്ക് പണം; പോലീസ് റെയ്ഡ് നടത്തി

തിരുപ്പൂർ ▸ കാങ്കയത്തിനടുത്ത് ശിവൻമലയിലുള്ള പണം പലിശയ്ക്ക് നൽകുന്നയാളുടെ വീട്ടിൽ പോലീസ് റെയ്ഡ് നടത്തി. 10 കോടിരൂപ മതിപ്പുള്ള സ്വത്തുക്കളുടെ 73 രേഖകളും ആറ് ബാങ്ക് ചെക്കുകളും പണയംവെച്ച രേഖകളും പിടിച്ചെടുത്തു.

ശിവൻമലയിലുള്ള സ്പിന്നിങ് മില്ലിന്റെ ഉടമ സെൽവരാജ് നൽകിയ പരാതിയിൽ ഗജേന്ദ്രൻ എന്നറിയപ്പെട്ടിരുന്ന സാമിനാഥന്റെ (55) വീട്ടിലാണ് കാങ്കയം പോലീസ് പരിശോധന നടത്തിയത്. ഇയാൾ ഒളിവിലാണ്. ബിസിനസിലെ പ്രവർത്തനമൂലധന ആവശ്യങ്ങൾ നിറവേറ്റുന്നതിനായി സെൽവരാജ് സാമിനാഥനിൽനിന്ന് എട്ടുലക്ഷംരൂപ കടം വാങ്ങിയിരുന്നു. കടംനൽകുന്നതിനായി സാമിനാഥൻ സെൽവരാജിന്റെ വീടിന്റെയും മില്ലിന്റെയും ഭൂമിയുടെയും രേഖകൾ ഈടായി വാങ്ങിയിരുന്നു. കുറച്ചു നാളുകൾക്കുശേഷം കരാറിൽനിന്നും വളരെകൂടുതൽ തുക പലിശയായി ആവശ്യപ്പെടുകയും തന്നില്ലെങ്കിൽ ഈടായിവെച്ച രേഖകൾ തിരിച്ചുതരില്ലെന്നും സാമിനാഥൻ പറഞ്ഞതായിട്ടാണ് പരാതി. കൂടാതെ, തനിക്കെതിരേ വധഭീഷണി മുഴക്കിയതായും സെൽവരാജ് പോലീസിനോട് പരാതിപ്പെട്ടിട്ടുണ്ട്.

വീട്ടുസഹായികൾ ആഭരണവും പണവും കവർന്നു

കോയമ്പത്തൂർ ▸ ജോലിക്കുനിന്ന വീട്ടിൽനിന്നും രത്നാഭരണങ്ങളും ഒന്നരലക്ഷം രൂപയും കവർന്ന രണ്ടുപേർ പിടിയിൽ. പൊള്ളാച്ചിസ്വദേശി പ്രഭു (43), പുലിയകുളം സ്വദേശിനി ഇളമതി (40) എന്നിവരാണ് റേസ് കോഴ്സ് പോലീസിന്റെ പിടിയിലായത്. കോയമ്പത്തൂർ പാപ്പനായ്ക്കൻ പാളയം കന്തസാമി റോഡ് സ്വദേശി ഗൗതംപ്രസാദിന്റെ പരാതിയെത്തുടർന്നാണ് അറസ്റ്റ്. ഇദ്ദേഹത്തിന്റെ വീട്ടിൽ ജോലിചെയ്തുവരികയായിരുന്നു ഇവർ.

നാളുകളായി ഇവിടെ ജോലിചെയ്യുന്ന ഇവർക്ക് പണവും ആഭരണങ്ങളുമിരിക്കുന്ന ഇടങ്ങൾ വ്യക്തമായി അറിയാമായിരുന്നു. ഇക്കഴിഞ്ഞ 13-ന് ഇവർ മുറി വൃത്തിയാക്കാൻ കയറിയിരുന്നു. കഴിഞ്ഞദിവസം മുറിയിൽ പരിശോധിച്ചപ്പോഴാണ് ആഭരണവും പണവും നഷ്ടപ്പെട്ടവിവരം അറിയുന്നത്. പരാതിയെത്തുടർന്ന് പോലീസ് അന്വേഷണം ആരംഭിച്ചു.

സംശയംതോന്നിയ പോലീസ് ഇവരെ ചോദ്യംചെയ്തപ്പോഴാണ് മോഷണം നടത്തിയത് സമ്മതിക്കുന്നത്. ഇവരിൽനിന്നും പോലീസ് 85,000 രൂപയും മൂന്ന് രത്ന മോതിരങ്ങളും വീണ്ടെടുത്തു. പ്രതികളെ റിമാൻഡ് ചെയ്തു.

രാഷ്ട്രീയത്തിലേക്കില്ലെന്ന് ശ്രീധർ വെമ്പു

ചെന്നൈ ▸ താൻ രാഷ്ട്രീയത്തിൽ ചേരാൻ പോകുന്നുവെന്ന റിപ്പോർട്ടുകൾ സോഹോ സ്ഥാപകൻ ശ്രീധർ വെമ്പു നിഷേധിച്ചു. രാഷ്ട്രീയത്തിനുവേണ്ടി മാറ്റിവെക്കാൻ സമയമില്ലെന്നും ഇതു സംബന്ധിച്ച് ആരുമായും ചർച്ച നടത്തിയിട്ടില്ലെന്നും അദ്ദേഹം വ്യക്തമാക്കി.

വിവരസാങ്കേതികവിദ്യാ സേവനരംഗത്തെ ആഗോള സംരംഭമായ സോഹോ കോർപ്പറേഷന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ (സി.ഇ.ഒ.) സ്ഥാനം ഒഴിയുന്നതായി കമ്പനിയുടെ സ്ഥാപകൻ ശ്രീധർ വെമ്പു കഴിഞ്ഞദിവസം പ്രഖ്യാപിച്ചിരുന്നു. ഇതിനു പിന്നാലെയാണ് അദ്ദേഹം രാഷ്ട്രീയത്തിലിറങ്ങാൻ പോകുന്നുവെന്ന് അഭ്യൂഹങ്ങൾ പരന്നത്.

രാഷ്ട്രീയത്തിലിറങ്ങാൻ പോകുന്നുവെന്ന വാർത്തകേട്ട് പൊട്ടിച്ചിരിച്ചുപോയെന്ന് വെമ്പു സമൂഹമാധ്യമങ്ങളിലിട്ട കുറിപ്പിൽ പറഞ്ഞു. നിർമിത ബുദ്ധിയിലെ ഗവേഷണ പ്രവർത്തനങ്ങളിൽ മുഴുകാനാണ് ഉദ്ദേശിക്കുന്നത്. രാഷ്ട്രീയത്തിനുവേണ്ടി മാറ്റിവെക്കാൻ സമയമുണ്ടാകില്ല. രാഷ്ട്രീയപ്രവേശംസംബന്ധിച്ച് ആരുമായും ഒരു ചർച്ചയും നടന്നിട്ടില്ല -വെമ്പു പറഞ്ഞു.

സോഹോയുടെ സി.ഇ.ഒ. സ്ഥാനമൊഴിഞ്ഞ വെമ്പു സ്ഥാപനത്തിന്റെ ചീഫ് സയന്റിസ്റ്റ് ആയി തുടരും.

ബംഗ്ലാദേശ് സ്വദേശി അറസ്റ്റിൽ

തിരുപ്പൂർ ▸ കഴിഞ്ഞ എട്ടുമാസമായി തിരുപ്പൂർനഗരത്തിൽ അനധികൃതമായി താമസിച്ച ബംഗ്ലാദേശിയെ തിരുപ്പൂർപോലീസ് അറസ്റ്റ് ചെയ്തു.

സുജൻ മൊഹമ്മദിനെയാണ് (35) സിറ്റിപോലീസിന്റെ രഹസ്യാന്വേഷണവിഭാഗം ഉദ്യോഗസ്ഥർ അറസ്റ്റ് ചെയ്തത്. ഇയാൾ 15 വേലംപാളയം പോലീസ് സ്റ്റേഷൻ പരിധിയിൽ താമസിച്ച് വസ്ത്രനിർമാണമേഖലയിൽ ജോലി ചെയ്തുവരികയായിരുന്നു. ചോദ്യംചെയ്യലിൽ രാജ്യത്തിലേക്ക് നുഴഞ്ഞു കയറിയശേഷം ജോലിതേടി തീവണ്ടിമാർഗം തിരുപ്പൂരിലെത്തിയെന്നാണ് പറയുന്നത്. മജിസ്ട്രേറ്റിനുമുന്നിൽ ഹാജരാക്കിയ സുജനെ പുഴൽജയിലിലേക്ക് കൊണ്ടുപോയി.

ഒരുങ്ങുന്നു, 300 കോടിയുടെ ലൈബ്രറി

കോയമ്പത്തൂർ ▸ ഗാന്ധിപുരത്ത് 300കോടി ചെലവിട്ട് നിർമിക്കുന്ന ലൈബ്രറി ആൻഡ് സയൻസ് സെന്റർ 2026 ജനുവരിയിൽ ഉദ്ഘാടനം ചെയ്യുമെന്ന് പൊതുമരാമത്ത് മന്ത്രി എ.വി. വേലു പറഞ്ഞു. നിർമാണപ്രവർത്തനം അവലോകനം ചെയ്യാൻ എത്തിയതായിരുന്നു അദ്ദേഹം. ലൈബ്രറിയിൽ കെട്ടിടത്തിന് മാത്രം 250കോടി രൂപയും പുസ്തകങ്ങൾക്ക് 45 കോടി രൂപയും സയൻസ് സെന്റർ സ്ഥാപിക്കാൻ അഞ്ചു കോടിയുമാണ് അനുവദിച്ചിരിക്കുന്നത്. ഏഴ് നിലകളുള്ള കെട്ടിടമാണ് നിർമിക്കുന്നത്. ഒരു ലക്ഷത്തോളം പുസ്തകങ്ങൾ സൂക്ഷിക്കാൻ കഴിയും.

പ്രവൃത്തികൾ തുടർച്ചയായി നിരീക്ഷിച്ചുവരികയാണെന്നും എല്ലാ മാസവും പരിശോധന നടത്തുമെന്നും സോണൽ ചീഫ് എൻജിനീയർ അറിയിച്ചു. മണ്ണുപരിശോധന, ജലപരിശോധന, സിമൻറ് ബാറുകളുടെ ഗുണനിലവാരം, മണൽ അല്ലെങ്കിൽ എം -സാൻഡ് എന്നിവയ്ക്കായി ലബോറട്ടറിയും സജ്ജീകരിച്ചിട്ടുണ്ടെന്ന് അദ്ദേഹം പറഞ്ഞു. ജില്ലാ കളക്ടർ, കോർപ്പറേഷൻ കമ്മിഷണർ, മേയർ, പൊതുമരാമത്ത് ഉദ്യോഗസ്ഥർ എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

▶ ഗാന്ധിപുരത്തെ ലൈബ്രറിയുടെ നിർമാണം മന്ത്രി എ.വി. വേലു പരിശോധിക്കുന്നു

▶ ലൈബ്രറി നിർമാണം പുരോഗമിക്കുന്നു

ലൈംഗികാതിക്രമം: 32-കാരൻ പിടിയിൽ

കോയമ്പത്തൂർ ▸ 20-കാരിയായ കോളേജ് വിദ്യാർഥിനിയോട് ലൈംഗികാതിക്രമം കാണിച്ചയാൾ പിടിയിൽ. കോവൈപുതൂർ സുഗുണപുരം ശക്തിവിനായകർ കോവിൽ തെരുവ് സ്വദേശി മൊഹമ്മദ് ഷരീഫാണ് (32) കുനിയംമുത്തൂർ പോലീസിന്റെ പിടിയിലായത്.

പെൺകുട്ടി ഓടിച്ചിരുന്ന ഇരുചക്രവാഹനം കുനിയംമുത്തൂർ -പാലക്കാട് റോഡിൽവെച്ച് പ്രതിയുടെ ബൈക്കിൽ തട്ടുകയുണ്ടായി. അപകടം നിസ്സാരമായതിനാൽ ഒത്തുതീർപ്പായി പിരിഞ്ഞു. എന്നാൽ, പ്രതി പെൺകുട്ടിയെ പിന്തുടരുകയും സുങ്കം ഉക്കടം ബൈപ്പാസിൽവെച്ച് പെൺകുട്ടി സഞ്ചരിച്ച വാഹനത്തിനുകുറുകെ വണ്ടിനിർത്തുകയും പെൺകുട്ടിയെ കടന്നുപിടിച്ച് അതിക്രമം കാണിക്കയും ചെയ്തതായി പരാതിയിൽ പറയുന്നു. അവിടെനിന്നും രക്ഷപ്പെട്ട പെൺകുട്ടി വിവരം വീട്ടിൽ പറഞ്ഞു. തുടർന്ന്, വീട്ടുകാർ പോലീസിൽ അറിയിക്കയായിരുന്നു. പ്രതിയെ റിമാൻഡ് ചെയ്തു.

കോയമ്പത്തൂർ റെയിൽവേസ്റ്റേഷനിൽ കർശന പരിശോധന

ഒരുമാസത്തിനിടെ പിടിച്ചെടുത്തത് 54 കിലോ കഞ്ചാവ്

കോയമ്പത്തൂർ ▸ കോയമ്പത്തൂർ റെയിൽവേസ്റ്റേഷനിൽനിന്നും കഴിഞ്ഞ ഒരു മാസത്തിനിടയിൽ സുരക്ഷാ ഉദ്യോഗസ്ഥർ കണ്ടെത്തിയത് 54 കിലോഗ്രാം കഞ്ചാവ്. 10 പേരുടെ അറസ്റ്റും രേഖപ്പെടുത്തി. ഉത്തരേന്ത്യയിൽനിന്നും വൻതോതിൽ തമിഴ്നാട്ടിലേക്ക് ലഹരി കടത്തുന്നതായി കണ്ടെത്തിയതിനെത്തുടർന്ന് റെയിൽവേ സുരക്ഷാസേന പരിശോധന കർശനമാക്കിയിരുന്നു. പലപ്പോഴും ഇതരസംസ്ഥാനക്കാരായ തൊഴിലാളികളാണ് ഇവ കടത്തുന്നത്.

ജില്ലയിൽ പലയിടങ്ങളിൽ ജോലിനോക്കുന്ന ഇവർ കഞ്ചാവുകടത്തിന്റെ ഇടനിലക്കാരായും കച്ചവടക്കാരായും പ്രവർത്തിക്കുന്നു. ഇക്കഴിഞ്ഞ ആഴ്ചയിൽമാത്രം മണിപ്പൂരിൽനിന്നും എത്തിയവരിനിന്ന് രണ്ടു കിലോഗ്രാമും ഉപേക്ഷിക്കപ്പെട്ടനിലയിൽ ഒൻപതുകിലോഗ്രാം കഞ്ചാവും കണ്ടെത്തിയിരുന്നു. പോലീസ് തിരച്ചിൽ കടുപ്പിച്ചതോടെ പിടിക്കപ്പെടാതിരിക്കാൻ പലപ്പോഴും സ്റ്റേഷനിൽ ഇവ ഉപേക്ഷിച്ചുപോകുന്ന സംഭവങ്ങളും കൂടിവരുന്നുണ്ട്. കഞ്ചാവിനോടൊപ്പം മറ്റു നിരോധിത ഉത്പന്നങ്ങളും ട്രെയിൻവഴി വ്യാപകമായി കടത്തുന്നുണ്ട്. ഇത്തരത്തിൽ ഉപേക്ഷിച്ചുപോകുന്നവരെ കണ്ടെത്താനും മറ്റു കുറ്റകൃത്യങ്ങൾ നിയന്ത്രിക്കാനും കൂടുതൽ ക്യാമറകൾ സ്ഥാപിക്കാൻ ആലോചനയുണ്ട്.

സ്വീകരണം നൽകി

ചെന്നൈ ▸ ടങ്സ്റ്റൺ ഖനനത്തിന് നൽകിയ അനുമതി പിൻവലിച്ചതിനോടുള്ള നന്ദിസൂചകമായി കേന്ദ്ര ഖനനവകുപ്പ് മന്ത്രി കിഷൻ റെഡ്ഡിക്ക് മധുരയിലെ ഗ്രാമവാസികൾ സ്വീകരണം നൽകി.

അരിട്ടാപ്പട്ടി, നായക്കർപ്പട്ടി ഗ്രാമവാസികളാണ് സ്വീകരണം നൽകിയത്. ഈ ഗ്രാമങ്ങളിൽ ടങ്സ്റ്റൺ ലോഹം ഖനനം ചെയ്യുന്നതിന് വേദാന്താ ഗ്രൂപ്പിന് കീഴിലുള്ള ഹിന്ദുസ്ഥാൻ സിങ്ക് കമ്പനിയ്ക്കായിരുന്നു അനുമതി നൽകിയത്. എന്നാൽ ഇതിനെതിരേ സമരം ശക്തമായതോടെ കേന്ദ്രം അനുമതി പിൻവലിയ്ക്കുകയായിരുന്നു.

നാട്ടുകാർ എതിർത്തു; റോഡ് ടാറിങ് നിർത്തിവെച്ചു

▶ ചെങ്കപ്പള്ളി പഞ്ചായത്ത് സെൽവപുരത്തിൽ റോഡ് ടാർചെയ്യാനുള്ള ശ്രമങ്ങൾ നാട്ടുകാർ എതിർത്തപ്പോൾ

തിരുപ്പൂർ ▸ ഊത്തുക്കുഴിക്കടുത്ത് ചെങ്കപ്പള്ളി പഞ്ചായത്ത് സെൽവപുരത്തിൽ മൂന്ന് റോഡുകളിൽ ടാറിങ് നടത്താനുള്ള പദ്ധതി നാട്ടുകാരുടെ എതിർപ്പിനെത്തുടർന്ന് താത്കാലികമായി നിർത്തിവെച്ചു. പ്രദേശത്തെ ഭൂഗർഭ കുടിവെള്ള പൈപ്പ് ലൈൻ സ്ഥാപിക്കൽ കൃത്യമായി പൂർത്തീകരിക്കും മുൻപ് റോഡുപണിയുമായി മുന്നോട്ടുപോകാൻ പഞ്ചായത്തധികൃതർ ശ്രമിച്ചപ്പോഴാണ് എതിർപ്പുമായി ജനങ്ങൾ നിരത്തിലേക്കിറങ്ങിയത്.

ടാർചെയ്ത റോഡ് വീണ്ടും വെട്ടിപ്പൊളിക്കേണ്ടിവരുമെന്നതിനാലാണ് എതിർത്തതെന്ന് നാട്ടുകാർ പറഞ്ഞു.

ഏതാനും മാസങ്ങൾക്കുമുൻപ് 33 വീടുകൾക്ക് കുടിവെള്ള വിതരണത്തിനായി പുതിയ പൈപ്പുകൾ സ്ഥാപിച്ചിരുന്നു. എന്നാൽ, പൈപ്പ് ലൈനുകൾ സ്ഥാപിച്ചതിലെ അപാകം കാരണം ഭൂരിഭാഗം ആളുകൾക്കും കുടിവെള്ളം ലഭിക്കുന്നില്ല. പരാതി നൽകിയെങ്കിലും പരിഹരിക്കുന്നതിനുള്ള നടപടി കൈക്കൊണ്ടില്ലെന്നാണ് ആരോപണം.

എതിർപ്പ് ശക്തമായതോടെ റോഡുപണി നിർത്തിവെക്കുന്നതായി അധികൃതർ അറിയിച്ചു.

പ്രാദേശിക സംവരണം: തമിഴ്നാട് അപ്പീൽ നൽകും

ചെന്നൈ ▸ പി.ജി. മെഡിക്കൽ പ്രവേശത്തിന് താമസസ്ഥലത്തിന്റെ അടിസ്ഥാനത്തിലുള്ള പ്രത്യേക സംവരണം റദ്ദാക്കിക്കൊണ്ടുള്ള സുപ്രീംകോടതി വിധിക്കെതിരേ തമിഴ്നാട് അപ്പീൽ നൽകും. സാമൂഹികനീതി ഉറപ്പാക്കുന്നതിന് പ്രാദേശികസംവരണം അനിവാര്യമാണെന്ന് സംസ്ഥാന ആരോഗ്യമന്ത്രി എം. സുബ്രഹ്മണ്യൻ പറഞ്ഞു.

ചണ്ഡീഗഢ് മെഡിക്കൽ കോളേജിലെ പി.ജി. മെഡിക്കൽ പ്രവേശനവുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ പരിഗണിക്കവേ ബുധനാഴ്ചയാണ് സുപ്രീംകോടതി പ്രാദേശിക സംവരണം തള്ളിയത്. താമസസ്ഥലത്തിന്റെ അടിസ്ഥാനത്തിലുള്ള പ്രത്യേക സംവരണം ഭരണഘടന അനുശാസിക്കുന്ന തുല്യതയ്ക്കുള്ള അവകാശത്തിന്റെ ലംഘനമാണെന്ന് സുപ്രീംകോടതി വ്യക്തമാക്കിയിരുന്നു. മെഡിക്കൽ പി.ജി. കോഴ്സുകൾക്ക് ഇത്തരത്തിലുള്ള സംവരണം ഏർപ്പെടുത്തിയതു റദ്ദാക്കിയ കോടതി പ്രവേശനം മെറിറ്റിന്റെ അടിസ്ഥാനത്തിൽ മാത്രമായിരിക്കണമെന്നു വ്യക്തമാക്കുകയുംചെയ്തു.

▶ കോയമ്പത്തൂർ ജനകീയ ഐക്യവേദിയുടെ നേതൃത്വത്തിൽ ഗാന്ധിജിയുടെ രക്തസാക്ഷിദിനം ആചരിച്ചപ്പോൾ. സി.പി.എം. ജില്ലാ സെക്രട്ടറി സി. പത്മനാഭൻ, മുൻ എം.എൽ.എ. വെള്ളിങ്കിരി, ഡോ. ഡെന്നിസ്, കൃഷ്ണമൂർത്തി, നെഹ്റുദാസ് തുടങ്ങിയവർ പങ്കെടുത്തു

അതിജീവിതയുടെ പേരുള്ള എഫ്.ഐ.ആർ.: അന്വേഷണസംഘം മാധ്യമപ്രവർത്തകരുടെ നേരേ

ചെന്നൈ ▸ അണ്ണാ സർവകലാശാലയിൽ ലൈംഗികാതിക്രമത്തിനിരയായ വിദ്യാർഥിനിയുടെ വ്യക്തിവിവരങ്ങൾ ചോർന്നസംഭവത്തിൽ മാധ്യമപ്രവർത്തകർക്കുനേരേയും അന്വേഷണംതുടങ്ങി.

വനിതാ ഐ.പി.എസ്. ഉദ്യോഗസ്ഥരടങ്ങുന്ന പ്രത്യേകാന്വേഷണസംഘം 12 മാധ്യമപ്രവർത്തരെ ചോദ്യംചെയ്യാനായി വിളിപ്പിച്ചു. നാലുപേരുടെ മൊബൈൽ ഫോണുകൾ പിടിച്ചെടുക്കുകയുംചെയ്തു.

രണ്ടാംവർഷ എൻജിനീയറിങ് വിദ്യാർഥിയായ 19-കാരി കഴിഞ്ഞ മാസം സർവകലാശാലാ കാമ്പസിൽ ബലാത്സംഗത്തിന് ഇരയായ സംഭവത്തിൽ അതിജീവിതയുടെ പേരുവിവരമുള്ള പ്രഥമവിവര റിപ്പോർട്ടാ (എഫ്.ഐ.ആർ.)ണ് ആദ്യം പുറത്തുവന്നത്. ഇരയെ കുറ്റപ്പെടുത്തുന്ന രീതിയിലുള്ള പരാമർശങ്ങൾ അതിലുണ്ടായിരുന്നു.

കേന്ദ്രസർക്കാരിന്റെ നിയന്ത്രണത്തിലുള്ള വെബ്സൈറ്റിലെ സാങ്കേതിക പ്രശ്നംമൂലമാണ് അതിജീവിതയുടെ പേരുവിവരം മറച്ചുവെക്കാത്ത എഫ്.ഐ.ആർ. പുറത്തുവന്നതെന്ന് തമിഴ്നാട് സർക്കാർ സുപ്രീംകോടതിയെ അറിയിച്ചിരുന്നു. എഫ്.ഐ.ആർ. ഡൗൺലോഡ് ചെയ്യുകയും പങ്കുവെക്കുകയും ചെയ്ത മാധ്യമപ്രവർത്തകർക്കു നേരേയാണ് ഇപ്പോൾ അന്വേഷണം നടക്കുന്നത്.

കുറ്റകൃത്യങ്ങൾ റിപ്പോർട്ടു ചെയ്യുന്ന 12 മാധ്യമപ്രവർത്തകർക്കാണ് പ്രത്യേകാന്വേഷണ സംഘം സമൻസ് അയച്ചിട്ടുള്ളത്.

പത്രങ്ങൾക്കും ടി.വി. ചാനലുകൾക്കും മാഗസിനുകൾക്കുംവേണ്ടി പ്രവർത്തിക്കുന്നവരാണ് ഇവരിലേറെയും. മൂന്നുപേർ യു ട്യൂബർമാരാണ്. അന്വേഷണസംഘത്തിനു മുൻപാകെ ഹാജരായ നാലുപേരുടെ മൊബൈൽഫോണാണ് പിടിച്ചെടുത്തത്.

അതിജീവിതയുടെപേരുള്ള എഫ്.ഐ.ആർ ഡൗൺലോഡ് ചെയ്തത് മൊത്തം 14 പേരാണെന്ന് അന്വേഷണസംഘം കണ്ടെത്തിയിട്ടുണ്ട്.

അതിൽ എട്ടുപേർ മാധ്യമപ്രവർത്തകരാണ്. അവരിൽ ചിലർ അത് സമൂഹമാധ്യമങ്ങൾ വഴി പങ്കുവെച്ചിരുന്നു.

എഫ്.ഐ.ആർ. ഡൗൺലോഡ് ചെയ്യുന്നത് കുറ്റകൃത്യങ്ങൾ റിപ്പോർട്ട് ചെയ്യുന്ന മാധ്യമപ്രവർത്തകരുടെ ജോലിയുടെ ഭാഗമാണെന്ന് ചെന്നൈ പ്രസ് ക്ലബ് ചൂണ്ടിക്കാണിച്ചു. അതിന്റെ പേരിൽ അവരെ ബുദ്ധിമുട്ടിക്കുന്നത് അതിക്രമമമാണ്.

ഇക്കാര്യം വിശദീകരിക്കാൻ സിറ്റി പോലീസ് കമ്മിഷണറെ സന്ദർശിക്കാനൊരുങ്ങുകയാണ് പ്രസ് ക്ലബ് ഭാരവാഹികൾ. മാധ്യമപ്രവർത്തകർ ഈ വിഷയം മദ്രാസ് ഹൈക്കോടതിയുടെ ശ്രദ്ധയിൽപ്പെടുത്തിയെങ്കിലും സുപ്രീംകോടതിയെ സമീപിക്കാനുള്ള നിർദേശമാണ് ലഭിച്ചത്. വിഷയം ഇപ്പോൾ സുപ്രീം കോടതിയുടെ പരിഗണനയിലാണെന്ന് ഹൈക്കോടതി പറഞ്ഞു.

കേസിന്റെ പ്രഥമവിവര റിപ്പോർട്ടിലെ പരാമർശങ്ങളെയും പരാതിക്കാരിയുടെ വ്യക്തിവിവരങ്ങൾ പുറത്തുവന്നതിനെയും അന്വേഷണത്തിലെ വിവരങ്ങൾ പോലീസ് കമ്മിഷണർ വെളിപ്പെടുത്തിയതിനെയും മദ്രാസ് ഹൈക്കോടതി നിശിതമായി വിമർശിച്ചിരുന്നു. സിറ്റി പോലീസ് കമ്മിഷണർക്കെതിരേയും ഉത്തരവാദികളായ പോലീസുകാർക്കെതിരേയും സർക്കാരിന് നടപടിയെടുക്കാവുന്നതാണെന്നും കോടതി നിർദേശിച്ചിരുന്നു. ഈ പരാമർശങ്ങൾ സുപ്രീംകോടതി സ്റ്റേ ചെയ്തിട്ടുണ്ട്.

വിഴുപുരത്ത് 1.6 കോടിരൂപ ഹവാലപ്പണം പിടിച്ചു

ചെന്നൈ ▸ വിഴുപുരത്ത് 1.6 കോടി രൂപ ഹവാലപ്പണവുമായി നാല് യുവാക്കൾ അറസ്റ്റിൽ. തിരുച്ചിറപ്പള്ളി സ്വദേശികളായ താജ് മുഹമ്മദ് (35), മുഹമ്മദ് റിയാസ് (30), സിറാജുദ്ദീൻ (31), അബൂബക്കർ സിദ്ദിക്ക് (31) എന്നിവരാണ് വിഴുപുരം പുതിയ ബസ് സ്റ്റാൻഡിൽ പിടിയിലായത്. വ്യാഴാഴ്ച ഉച്ചയ്ക്കുശേഷം ചെന്നൈയിൽനിന്ന് വിഴുപുരത്ത് എത്തിയ ബസിലെ യാത്രക്കാരായിരുന്നു ഇവർ.

സംശയത്തിന്റെ പേരിൽ പോലീസ് പട്രോളിങ് സംഘം ചോദ്യം ചെയ്തതിനെത്തുടർന്നാണ് ഇവർ ഹവാലപ്പണവുമായി എത്തിയതാണെന്ന് കണ്ടെത്തിയത്. സ്റ്റാൻഡിൽ ബസിറങ്ങിയ യുവാക്കളുടെ പെരുമാറ്റത്തിൽ ദുരൂഹത തോന്നിയതോടെയാണ് പോലീസ് ഇവരെ ചോദ്യം ചെയ്തത്.

ഇവരുടെ കൈവശം അനധികൃത മദ്യമുണ്ടെന്നായിരുന്നു സംശയം. എന്നാൽ ഇവരുടെ കൈയിലുണ്ടായിരുന്ന സഞ്ചികളിൽ 500 രൂപയുടെ നോട്ടുകെട്ടുകൾ കണ്ടെത്തുകയായിരുന്നു.

▶ കോയമ്പത്തൂർ റോയൽകെയർ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിയിൽ ശില്പശാലയുടെ ഉദ്ഘാടനച്ചടങ്ങിൽനിന്ന്. ചെയർമാൻ ഡോ. കെ. മാദേശ്വരൻ, ഡോ. കപിൽദേവ് സോണി, ഡോ. ശ്രേയ ചതോപാധ്യായ, ഡോ. എം.എൻ. ശിവകുമാർ തുടങ്ങിയവർ പങ്കെടുത്തു

The Kollengode Agricultural Service Co-operative Bank
Ltd. No. 7561, Kollengode, Palakkad Dist -678 506. Ph: 04923 262352, 262262
Mob: 8075549293 | Email: kollengodeascbpkd@yahoo.com

ക്വട്ടേഷൻ ക്ഷണിക്കുന്നു

കൊല്ലങ്കോട് അഗ്രികൾച്ചറൽ സർവ്വീസ് സഹകരണ ബാങ്കിന്റെ മത്സ്യഫെഡ് ഔട്ട് ലെറ്റ് പ്രവർത്തിക്കുന്ന സ്ഥലത്ത് EV ചാർജിങ് സ്റ്റേഷൻ സ്ഥാപിക്കുന്നതിന് പരിചയ സമ്പന്നരായ കമ്പനികളിൽ നിന്നും ക്വട്ടേഷൻ ക്ഷണിക്കുന്നു. കമ്പനികൾ EV ഫാസ്റ്റ് ചാർജിങ് സ്റ്റേഷൻ സ്ഥാപിക്കുന്നതിൽ കുറഞ്ഞത് രണ്ടു വർഷത്തെ മുൻ പരിചയം ഉള്ളവരും അനർട്ടിന്റെ എം പാനൽ ലിസ്റ്റിൽ ഉൾപ്പെട്ടവരും ആയിരിക്കണം. സ്ഥാപനങ്ങൾക്ക് ചാർജിങ് മെഷീൻ കമ്പനിയുടെ ചാനൽപാർട്ട്ണർ ഡിലർഷിപ്പ് സർട്ടിഫിക്കറ്റ് നിർബന്ധമാണ്. EV ഫാസ്റ്റ് ചാർജിങ് സ്റ്റേഷൻ സ്ഥാപിക്കുന്നതോടൊപ്പം തുടർന്നുള്ള സർവീസും ആവശ്യമായ സാങ്കേതിക സഹായവും നൽകാൻ കമ്പനിക്ക് കഴിയുമെന്ന് ഉറപ്പു തരേണ്ടതാണ്. യോഗ്യരായ സ്ഥാപനങ്ങളുടെ സീൽ ചെയ്ത ക്വട്ടേഷൻ 2025 ഫെബ്രുവരി 5ന് മുൻപ് ലഭിച്ചിരിക്കണം. ചാർജിങ് സ്റ്റേഷൻ കപ്പാസിറ്റി: 30KW

എന്ന്, സെക്രട്ടറി

ചരമ വാർത്തകൾ അറിയിക്കാനുള്ള ഇ-മെയിൽ വിലാസം ▸ obituarypkd@mpp.co.in & mbipkdobit@gmail.com ഫോൺ: 0491 2521900
(വാർത്ത അയക്കുന്നവരുടെ ഫോൺ നമ്പർ, ഇ-മെയിലിൽ നിർബന്ധമായും ഉൾപ്പെടുത്തണം)

കണ്ടമുത്തൻ

നല്ലേപ്പിള്ളി: പല്ലഞ്ചാത്തനൂർ പതിയാരപ്പറമ്പ് കണ്ടമുത്തൻ (82) നല്ലേപ്പിള്ളി വീരൻപൊറ്റ റോസ്ഗാർഡനിലെ വസതിയിൽ അന്തരിച്ചു. ഭാര്യ: അമ്മുക്കുട്ടി. മക്കൾ: സ്വാമിനാഥൻ (റിട്ട. പ്രധാനാധ്യാപകൻ), സുകുമാരൻ (ജെ.എസ്. - ജില്ലാ പോലീസ് ഓഫീസ്, പാലക്കാട്), രാധാകൃഷ്ണൻ (ഡെപ്യൂട്ടി തഹസിൽദാർ, താലൂക്ക് ഓഫീസ്, ചിറ്റൂർ), സുരേഷ്, സുമതി (സ്റ്റെനോഗ്രാഫർ, ഇന്ത്യൻനേവി), കൃഷ്ണദാസ് (സി.എ., പി.എ.ഒ., പാലക്കാട്).

മരുമക്കൾ: സുമത്ര (തമിഴ്നാട് ഗവ. സ്കൂൾ അധ്യാപിക), സുജാത (നഴ്സിങ് സൂപ്രണ്ട്), രതി (സ്പെഷ്യൽഗ്രേഡ് ഓഡിറ്റർ, എ.ഡി. സഹകരണ ഓഫീസ്, ചിറ്റൂർ), സുഭദ്ര, സജികുമാർ (സിഗ്നൽ മെയിന്റെയിനർ, സതേൺ റെയിൽവേ), ശ്രീപ്രിയ (നഴ്സ്, പാലക്കാട് മെഡിക്കൽ കോളജ്).

സംസ്കാരം വെള്ളിയാഴ്ച 12-ന് കഞ്ചിക്കോട് വാതക ശ്മശാനത്തിൽ.

കുഞ്ചി അമ്മ

പുതുക്കോട്: കീഴ പൂരത്തറ കുഞ്ചി അമ്മ (80) അന്തരിച്ചു. ഭർത്താവ്: പരേതനായ മാധവൻകുട്ടി. മകൻ: മനോജ്. മരുമകൾ: ദീപ.

കൃഷ്ണൻകുട്ടി

മലമ്പുഴ: കാഞ്ഞിരക്കടവ് ചിമ്പക്കോട് ഹൗസിൽ കൃഷ്ണൻകുട്ടി (80) അന്തരിച്ചു. ഭാര്യ: ലക്ഷ്മി. മക്കൾ: സുരേഷ്, സുനിത, സുരേന്ദ്രൻ, സുഭാഷ്, സുജിത. മരുമക്കൾ: റിംഷ, പ്രജിത, മഞ്ജുഷ, പരേതനായ രാജാമണി, മോഹനൻ. സംസ്കാരം വെള്ളിയാഴ്ച 10-ന് കഞ്ചിക്കോട് വാതക ശ്മശാനത്തിൽ.

ഗോപിനാഥ്

നിറമരുതൂർ: അയ്യപ്പൻകാവ് സ്വദേശി വെളുവിൽ ഗോപിനാഥ് (69) അന്തരിച്ചു. അച്ഛൻ : പരേതനായ കുഞ്ഞുണ്ണി നായർ. അമ്മ: പരേതയായ പാർവതിയമ്മ. ഭാര്യ: ജയലക്ഷ്മി. മക്കൾ: ജിജി, ശ്രീജിത്ത്. മരുമക്കൾ: രഞ്ജിത്ത്, സ്വാതി.

ഫാത്തിമ

കാളികാവ്: ചെങ്കോടിലെ മഞ്ചേരിക്കത്ത് ഫാത്തിമ (85) അന്തരിച്ചു. ഭർത്താവ്: പരേതനായ നമ്പൻ ഹസൻ ഹാജി. മക്കൾ: അബ്ദുപ്പ, അബ്ദുൽകരീം, അഷ്റഫ് (കുഞ്ഞാണി), ഖദീജ, നഫീസ, സക്കീന, റസിയ, ഷഹർബാനു, ഷാഹിന. മരുമക്കൾ: മുഹമ്മദ് മുസ്‌ലിയാർ, ഹംസ, അബ്ദുറഹ്മാൻ, റഫീഖ്, റംലത്ത്, റസിയ, ആബിദ, പരേതരായ അബ്ദുൽകരീം, അലവി.

സുഭാഷ് ആർ.മേനോൻ

പാലക്കാട്: കൊടുമ്പ് പാലയങ്ങാട് ചൊവ്വത്ത് സുഭാഷ് ആർ.മേനോൻ (67) ബെംഗളൂരുവിലെ വസതിയിൽ അന്തരിച്ചു. പരേതരായ ചൊവ്വത്ത് മൈഥിലി അമ്മയുടെയും ഗുരുവായൂർ നമ്പലാട്ട് രാമൻമേനോന്റെയും മകനാണ്. സഹോദരങ്ങൾ: പ്രദീപ് ആർ.മേനോൻ, സതീഷ് ആർ.മേനോൻ. സംസ്കാരം വെള്ളിയാഴ്ച 12-ന് ബെംഗളൂരുവിൽ.

രാധാകൃഷ്ണൻ നായർ

ചെർപ്പുളശ്ശേരി: പാറക്കാട്ടിൽ രാധാകൃഷ്ണൻനായർ (68) അന്തരിച്ചു. അച്ഛൻ: പരേതനായ മാധവപ്പണിക്കർ. അമ്മ: പരേതയായ ജാനകിയമ്മ. ഭാര്യ: ശ്രീദേവി. മകൾ: രശ്മി. സംസ്കാരം വെള്ളിയാഴ്ച 12 മണിക്ക് ഷൊർണൂർ ശാന്തിതീരത്ത്.

ആറുച്ചാമി

നല്ലേപ്പിള്ളി: താഴത്തുപാടം ആറുച്ചാമി (75) അന്തരിച്ചു. ഭാര്യ: കമലം.

മക്കൾ: ജോയ്മുരളി, ബാബു, റോഫി. മരുമകൾ: ശുഭ.

സുലൈമാൻ സഖാഫി

തിരൂരങ്ങാടി: മൂന്നിയൂർ പാറക്കടവ് സ്വദേശിയും കേരള മുസ്‌ലിം ജമാഅത്ത് ആലിൻചുവട് ഒടുങ്ങാട്ടുചിന യൂണിറ്റ് പ്രസിഡന്റും എസ്.എം.എ. മൂന്നിയൂർ റീജണൽ ജനറൽ സെക്രട്ടറിയുമായ മണമ്മൻ സുലൈമാൻ സഖാഫി (59) അന്തരിച്ചു. ആലിൻചുവട് ഒടുങ്ങാട്ടുചിന മഖ്ദൂമിയ സുന്നി ജുമുഅ മസ്ജിദ് ജോയിന്റ് സെക്രട്ടറിയും തിരൂരങ്ങാടി നൂറുൽ ഹുദാ കേന്ദ്ര മദ്രസ അധ്യാപകനുമാണ്. 25 വർഷത്തോളം സൗദിയിൽ ആയിരുന്ന ഇദ്ദേഹം മൂന്നിയൂർ നിബ്രാസുൽ ഇസ്‌ലാം കോംപ്ലക്സ്, എം.എച്ച്. നഗർ ബദരിയ്യ സുന്നി ഹയർസെക്കൻഡറി മദ്രസ എന്നിവിടങ്ങളിലും സേവനം ചെയ്തിട്ടുണ്ട്.

പിതാവ്: മണമ്മൽ കുഞ്ഞിമൊയ്തീൻകുട്ടി. മാതാവ്: ഫാത്തിമ.

ഭാര്യ: ആഇശ. മക്കൾ: ഉനൈസ്, മുഹമ്മദ് യാസീൻ റബ്ബാനി, സാജിദ, നാജിയ. മരുമക്കൾ: ഹസൻ കൂമണ്ണ, ഫഹ്മിദ പന്തീരാങ്കാവ്. സഹോദരങ്ങൾ: മുസ്തഫ, അബ്ദുർറസാഖ്, അബ്ദുൽ മജീദ്, സുബൈദ, സഫിയ, ഹാജറ, നുസൈബ.

അബ്ബു

ഒതുക്കുങ്ങൽ: മറ്റത്തൂർ മുസ്‌ലിയാരങ്ങാടി വാക്കിയത്ത് അബ്ബു (80) അന്തരിച്ചു. ഭാര്യമാർ: മറിയുമ്മ, പരേതയായ കുഞ്ഞീരുമ്മ.

എം. ചന്ദ്രൻ

വടക്കഞ്ചേരി: കാരയങ്കാട്ടിൽ കൃഷ്ണകൃപനിവാസിൽ എം. ചന്ദ്രൻ (75) അന്തരിച്ചു. വടക്കഞ്ചേരി മദർതെരേസ യു.പി. സ്കൂൾ റിട്ട. അധ്യാപകനാണ്. അച്ഛൻ: പരേതനായ വി.പി. ഉണ്ണാലച്ചൻ. അമ്മ: പരേതയായ സരസ്വതി നേത്യാർ. ഭാര്യ: കെ. വിജയലക്ഷ്മി (റിട്ട. പ്രധാനാധ്യാപിക, മദർതെരേസ യു.പി.സ്കൂൾ, വടക്കഞ്ചേരി). മക്കൾ: ശാലിനി (അധ്യാപിക, മദർതെരേസ യു.പി. സ്കൂൾ), ശരത്. മരുമക്കൾ: കിഷോർ, ഐശ്വര്യ. സഹോദരങ്ങൾ: ഗോപാലൻ, എം. കണ്ണൻ, പരേതരായ തങ്കപ്പൻ, രാധാകൃഷ്ണൻ. സംസ്കാരം വെള്ളിയാഴ്ച 11-ന് തിരുവില്വാമല ഐവർമഠം ശ്മശാനത്തിൽ.

നാരായണസ്വാമി

പെരുവെമ്പ്: കറുകമണി ചെട്ടിയാർ കളം നാരായണസ്വാമി (74) അന്തരിച്ചു. ഭാര്യ: മഹാലക്ഷ്മി. മക്കൾ: കുമരേശൻ, നാഗരാജ്, സുരേഷ്. മരുമക്കൾ: ഗീത, കവിത, ധനുഷ്യ. സഹോദരങ്ങൾ: ബാലസുബ്രഹ്മണ്യൻ, കൃഷ്ണൻ. സംസ്കാരം വെള്ളിയാഴ്ച ഒൻപതിന് വീട്ടുവളപ്പിൽ.

ആയിശ

എടവണ്ണ: പത്തപ്പിരിയം മണ്ണുംകാട് കുന്നിലെ വലിയ പീടിയേക്കൽ ആയിശ (91) അന്തരിച്ചു. ഭർത്താവ്: പരേതനായ വടക്കൻ അലവി ഹാജി. മക്കൾ: മമ്മദ് (മാനു), റുഖിയ, ഖദീജ, ആമിന, നഫീസ, സൈനബ, റംലത്ത്, ബുഷ്റ, സജ്ന, പരേതരായ മൊയ്തീൻകുട്ടി (ചെറിയോൻ), മുഹമ്മദലി (കുഞ്ഞ). മരുമക്കൾ: അബ്ദുൽ അസീസ് (പെരുവിൽകുണ്ട്), മൊയ്തീൻകുട്ടി (പത്തപ്പിരിയം), മൊയ്തീൻകുട്ടി (ബാപ്പുട്ടി, പത്തപ്പിരിയം), ഉമ്മർ (തുവ്വക്കാട്), അബ്ദുറഹ്മാൻ (തണ്ണിക്കടവ്), അബ്ദുന്നാസർ (കൊടിയത്തൂർ), മറിയുമ്മ (അയനിക്കോട്), സക്കീന (പാലേങ്ങര), റസിയ (പത്തപ്പിരിയം). സഹോദരൻ: പരേതനായ കുഞ്ഞാൻ (ചേന്നായ്യുന്ന്). കബറടക്കം വെള്ളിയാഴ്ച രാവിലെ 8.30-ന് ഐന്തൂർ ജുമാമസ്ജിദ് കബറിസ്ഥാനിൽ.

ആമിന

തുവ്വൂർ: തേക്കുന്ന് കാപ്പരക്കുന്നിലെ ആമിന (70) അന്തരിച്ചു. പിതാവ്: പരേതനായ പുല്ലൂർച്ച കോയ. മകൾ: ഖൈറുന്നീസ. മരുമകൻ: പരേതനായ ആലിപറ്റ മുഹമ്മദാലി.

കുമാരൻ

മേലാറ്റൂർ: അങ്കണവാടിക്കു സമീപം മരത്തുംപുള്ളി കുമാരൻ (78) അന്തരിച്ചു. ഭാര്യ: ജാനകി.

മക്കൾ: ദുർഗാദേവി (സ്വപ്ന), ഷിജി (മണി), ഷാജി (സുന്ദരൻ).

മരുമക്കൾ: മുരളീധരൻ (സെക്യൂരിറ്റി ജീവനക്കാരൻ, ആർ.എം. ഹയർസെക്കൻഡറി സ്കൂൾ, മേലാറ്റൂർ), ഇന്ദു, ബിന്ദു.

അശോക് കുമാർ

തേങ്കുറുശ്ശി: കേന്ദ്രസർവീസിൽ അക്കൗണ്ടന്റ് ജനറൽ ഓഫീസിൽ ഓഡിറ്ററായിരുന്ന വെമ്പല്ലൂർ തിരുവെമ്പല്ലൂർ വീട്ടിൽ അശോക് കുമാർ (69) അന്തരിച്ചു. അച്ഛൻ: പരേതനായ ശിവരാമൻ. അമ്മ: പുഷ്പകാന്തി. ഭാര്യ: രീത്ത. മക്കൾ: രീഷ്മ, രീഷ്ണ. മരുമക്കൾ: അജിത്ത്, ശ്രീരാജ്. സഹോദരങ്ങൾ: പ്രേംകുമാർ, ഉഷ.

ഉണ്ണിക്കൃഷ്ണൻ

പാലക്കാട്: പിരായിരി ആറ്റുപറമ്പത്ത് ഉണ്ണിക്കൃഷ്ണൻ (67) അന്തരിച്ചു. അച്ഛൻ: പരേതനായ രാമൻകുട്ടി നായർ. അമ്മ: പരേതയായ സത്യഭാമ അമ്മ. ഭാര്യ: നളിനി. മക്കൾ: രശ്മി, രാഹുൽ. മരുമക്കൾ: വിശ്വനാഥൻ, വിചിത്ര.

ചിന്ന

പാലക്കാട്: കല്ലേപ്പുള്ളി ആലമ്പള്ളം ന്യൂകോളനി ചിന്ന (79) അന്തരിച്ചു. മക്കൾ: കമലാക്ഷി, രാജൻ, സുബ്രഹ്മണ്യൻ, സുനിൽ കുമാർ. മരുമക്കൾ: കുമാരൻ, ഓമന, അംബിക, സൗമ്യ. സംസ്കാരം വെള്ളിയാഴ്ച 12-ന് ആലമ്പള്ളം ശ്മശാനത്തിൽ.

അമ്മു

താനൂർ: നന്നമ്പ്ര കുണ്ടൂർ അത്താണിക്കൽ സ്വദേശി ചിറ്റിയിൽ അമ്മു (74) അന്തരിച്ചു. ഭർത്താവ്: പരേതനായ കുമാരൻ. മക്കൾ: പത്മാവതി, ഷൈലജ, ഷീല, ബിന്ദു, പരേതനായ കൃഷ്ണൻകുട്ടി. മരുമക്കൾ: ഗണേശൻ, കൃഷ്ണൻകുട്ടി, വേണുഗോപാൽ, ബിന്ദു, പരേതനായ പരമേശ്വരൻ.

പ്രദീപ് കുമാർ

കാക്കാത്തുരുത്തി: തണ്ടാശ്ശേരി പുരേതനായ സുകുമാരന്റെ മകൻ പ്രദീപ് കുമാർ (56) അന്തരിച്ചു. ഭാര്യ: സിന്ധു. മക്കൾ: ഉണ്ണിമായ, ഉദയ് കുമാർ. സഹോദരങ്ങൾ: ജയകുമാർ, സുജാത, ലത, രാജി.

രമ

ഇരിങ്ങാലക്കുട: ചാച്ചുചാക്യാർ റോഡിലെ എടപ്പിള്ളി ലെയ്നിൽ വൈഷ്ണവത്തിൽ പെരിഞ്ചേരി വീട്ടിൽ രമ (77) അന്തരിച്ചു. പരേതരായ ശങ്കരപ്പിള്ളയുടേയും ലീലാമ്മയുടേയും മകളാണ്. ഭർത്താവ്: തോട്ടാപ്പിള്ളി വിജയൻ മേനോൻ. മക്കൾ: പരേതനായ വിനോദ് മേനോൻ, പ്രമോദ് മേനോൻ. മരുമകൾ: അംബിക.

ഖദീജ

കുമരനല്ലൂർ: കുറ്റിപ്പാല പൂക്കരവളപ്പിൽ ഖദീജ (91) അന്തരിച്ചു. ഭർത്താവ്: പരേതനായ അബ്ബു. മക്കൾ: ബീപാത്തുമ്മ, സുലൈമാൻ, അബ്ദുള്ളക്കുട്ടി, ആലിക്കുട്ടി, മുഹമ്മദ്കുട്ടി, ഇബ്രാഹിം. മരുമക്കൾ: പരീക്കുട്ടി (കൂറ്റനാട്), ഫാത്തിമ, സൗദ, സാബിറ, റജീന, സബീന.

അങ്കമ്മ

പാലക്കാട്: പിരായിരി കല്ലേക്കാട് മണിക്കുറ്റിക്കളം ഹൗസിൽ അങ്കമ്മ (93) അന്തരിച്ചു. ഭർത്താവ്: പരേതനായ നാച്ചിമുത്തു. മക്കൾ: മണി, ശെൽവരാജ്, വിജയകുമാർ. മരുമക്കൾ: പഴനിവേലു, ഭൂമതി, സുധ. സംസ്കാരം വെള്ളിയാഴ്ച 12-ന് ചന്ദ്രനഗർ വൈദ്യുത ശ്മശാനത്തിൽ.

രാമനുണ്ണി

പാലക്കാട്: ഒലവക്കോട് മേലേമുരളി മഹാത്മാനഗർ ശുഭകാർത്തികവീട്ടിൽ സി. രാമനുണ്ണി (74) അന്തരിച്ചു. ഭാര്യ: ശാരദ. മക്കൾ: ശുഭ, കാർത്തിക്. മരുമക്കൾ: സജിത്ത്, മിനി. സഹോദരി: പത്മാവതി. സംസ്കാരം വെള്ളിയാഴ്ച 12-ന് ഐവർമഠം ശ്മശാനത്തിൽ.

സജി ജോൺ

മല്ലപ്പള്ളി: വലിയപുരയിടത്തിൽ പരേതനായ വി.വി. ജോണിന്റെയും കൂടത്തുമുറിയിൽ തങ്കമ്മ ജോണിന്റെയും മകൻ സജി ജോൺ (59) ഭോപ്പാലിൽ അന്തരിച്ചു. ഭാര്യ: കീഴ്വായ്പൂർ മുല്ലക്കൽ സുജ. മക്കൾ: പ്രിയങ്ക, മനിഷ . സംസ്കാരം വെള്ളിയാഴ്ച 11-ന് ഭോപ്പാൽ ഷാരോൺ ഫെലോഷിപ്പ് ചർച്ചിൽ.

ത്രേസ്യാമ്മ മാത്യു

മല്ലപ്പള്ളി-കടുവാക്കുഴി: പാലംപറമ്പിൽ ത്രേസ്യാമ്മ മാത്യു (കുഞ്ഞുമോൾ-78) അന്തരിച്ചു. പരേത വായ്പൂര് കുന്നുംപുറം കുടുംബാംഗം. ഭർത്താവ്: പരേതനായ പി.എം. മാത്യു, മക്കൾ: നിജു (മസ്കറ്റ്), നിക്കു (കോയമ്പത്തൂർ), പരേതനായ നിബു. മരുമക്കൾ: നെടുങ്ങാടപ്പള്ളി മാവിള നിത, കോട്ടയം പുത്തൻപറമ്പിൽ റീന, മല്ലപ്പള്ളി എക്കളത്തിൽ ലിജോ. സംസ്കാരം ശനിയാഴ്ച 1.30-ന് വസതിയിലെ ശുശ്രൂഷയ്ക്ക് ശേഷം രണ്ടിന് പരിയാരം സെയ്ന്റ് സ്റ്റീഫൻസ് സി.എസ്.ഐ. പള്ളി സെമിത്തേരിയിൽ

കെ.എം.സെബാസ്റ്റ്യൻ

കട്ടപ്പന: കുടക്കച്ചിറ കെ.എം.സെബാസ്റ്റ്യൻ (94) അന്തരിച്ചു. ഭാര്യ: പരേതയായ ത്രേസ്യാമ്മ, പൊൻകുന്നം വെച്ചുകുന്നേൽ കുടുംബാംഗം. മക്കൾ: ജോയി കുടക്കച്ചിറ (കേരള കോൺഗ്രസ് മണ്ഡലം പ്രസിഡന്റ്), ജോജോ കുടക്കച്ചിറ (എൻ.സി.പി.കട്ടപ്പന മണ്ഡലം പ്രസിഡന്റ്), ജോളി ഷാജി, ജയ്സൺ (കെ.എസ്.ഇ.ബി. എൻജിനീയർ, ചാലക്കുടി). മരുമക്കൾ: ത്രേസ്യാമ്മ, ജോജോ, ഷാജി വെട്ടിക്കാവുങ്കൽ, ലിൻസി, വിൻസി. സംസ്കാരം വെള്ളിയാഴ്ച ഉച്ചയ്ക്ക് 2.30-ന് സെയ്ന്റ് ജോർജ് ഫൊറോന പള്ളി സെമിത്തേരിയിൽ.

റാഹേൽ

ചേലക്കര: പരക്കാട് തറമറ്റത്തിൽ റാഹേൽ (78) അന്തരിച്ചു. ഭർത്താവ്: പരേതനായ ഔസേപ്പ്.

കെ.എൻ.എം. ജനറൽ സെക്രട്ടറി എം. മുഹമ്മദ് മദനി

കൊടിയത്തൂർ (കോഴിക്കോട്): കെ.എൻ.എം. ജനറൽ സെക്രട്ടറിയും കേരള ജംഇയ്യത്തുൽ ഉലമാ പ്രസിഡന്റും ഹിലാൽ കമ്മിറ്റി ചെയർമാനുമായ എം. മുഹമ്മദ് മദനി (79) അന്തരിച്ചു.

പുളിക്കൽ മദീനത്തുൽ ഉലൂം പ്രിൻസിപ്പലായി റിട്ടയർചെയ്ത മദനി, എടവണ്ണ ജാമിഅ നദ്‌വിയ്യയിൽ പ്രിൻസിപ്പലായി ജോലി ചെയ്തു. തുടർന്ന്, അരീക്കോട് സുല്ലമുസ്സലാം അറബിക് കോളേജിലും സേവനംചെയ്തു. ദീർഘകാലം ഐ.എസ്.എം. സംസ്ഥാന സെക്രട്ടറിയായിരുന്നു. കോഴിക്കോട് ഖലീഫ മസ്ജിദിലും മലാപ്പറമ്പ് ഇഖ്റ മസ്ജിദിലും ദീർഘകാലം ഖത്തീബായിരുന്നു.

ഭാര്യ: നഫീസ (ഓമശ്ശേരി). മക്കൾ: എം. ഷബീർ (കൊളത്തറ സി.ഐ.സി.എസ്. അധ്യാപകൻ), ഫവാസ് (ചെറുതുരുത്തി ഗവ. ഹൈസ്കൂൾ), ബുഷ്റ (ചെറുവാടി), ഷമീറ (കോഴിക്കോട്), ഷംലത് (ഗ്രീൻവാലി പബ്ലിക് സ്കൂൾ, മുക്കം), ഷമീല (ഉമ്പിച്ചിഹാജി ഹൈസ്കൂൾ ചാലിയം), ഫസ്ല (ആരാമ്പ്രം).

മരുമക്കൾ: പി.വി. അബ്ദുള്ള (ചെറുവാടി,), പി. ഹാരിസ് (കോഴിക്കോട്), അബ്ദുൽ ഖാദർ (കടവനാട്), കെ.സി. അബ്ദുറബ്ബ് (തിരുത്തിയാട്), പി. അബ്ദുസ്സമദ് (ആരാമ്പ്രം), മനാർ (കടലുണ്ടി നഗരം), തസ്നി (പൊക്കുന്ന്), സഹോദരിമാർ: ഫാത്തിമ, ബിയ്യുണ്ണി.

മയ്യത്ത് നമസ്കാരം വെള്ളിയാഴ്ച വൈകീട്ട് 4.30-ന് സൗത്ത് കൊടിയത്തൂർ മസ്ജിദുൽ മുജാഹിദീൻ ഗ്രൗണ്ടിൽ നടക്കും.

നാരായണൻകുട്ടി നായർ

പട്ടഞ്ചേരി: എറവക്കോട് ചക്കിങ്കൽ എ. നാരായണൻകുട്ടിനായർ (കൊച്ചപ്പൻ-87) ചിറ്റൂർ കുന്നത്തുപാളയത്തെ വസതിയിൽ അന്തരിച്ചു.

ഭാര്യ: തെക്കേടത്ത് പ്രസന്ന. മക്കൾ: ടി. രാധാകൃഷ്ണൻ, പരേതനായ ടി. സുധാകരൻ. മരുമക്കൾ: ശോഭ, നന്ദിനി.

രാധാകൃഷ്ണൻ നായർ

പെരിങ്ങോട്ടുകുറുശ്ശി: കോഴികുളങ്ങര വീട്ടിൽ രാധാകൃഷ്ണൻ നായർ (66) അന്തരിച്ചു.

ഭാര്യ: സതീദേവി. മക്കൾ: രതികല, ശബരിനാഥ്. മരുമക്കൾ: സുരേഷ്, സ്വാതി.

പാസ്റ്റർ കെ.ഡി.മാത്യു

കൊടുങ്ങൂർ: കോട്ടക്കൽ ചർച്ച് ഓഫ് ഗോഡ് കേരള റീജൻ സീനിയർ ശുശ്രൂഷകനായിരുന്ന പാസ്റ്റർ കെ.ഡി.മാത്യു (85) അന്തരിച്ചു. ഭാര്യ: തങ്കമ്മ മുണ്ടൻകവല വള്ളാന്തോട്ടം കുടുംബാംഗം.

മക്കൾ: സാബു കെ.എം., പരേതയായ മിനി. മരുമകൾ: സെലിൻ സാബു(വാലോലിക്കൽ പാലമറ്റം). മൃതദേഹം വെള്ളിയാഴ്ച മൂന്നിന് വീട്ടിൽ എത്തിക്കും. സംസ്കാരം ശനിയാഴ്ച 11.30-ന് ചർച്ച് ഓഫ് ഗോഡ് കേരള റീജൻ കാപ്പുകാട് സഭാ സെമിത്തേരിയിൽ.

കുട്ടികൃഷ്ണൻ നായർ

ശ്രീകൃഷ്ണപുരം: കോട്ടപ്പുറം തുവ്വശ്ശേരിക്കുന്ന് കൈപ്പേടത്ത് കുട്ടികൃഷ്ണൻനായർ (86) അന്തരിച്ചു. ഭാര്യ: രുക്മിണി അമ്മ. മക്കൾ: രാജലക്ഷ്മി, രാജേഷ്. മരുമക്കൾ: രാമചന്ദ്രൻ, പ്രിയ.

പൊന്നുമണി

ചേരാമംഗലം: കൊളുമ്പിൻ പൊന്നുമണി (66) അന്തരിച്ചു. ഭാര്യ: പരേതയായ ജയന്തി. മക്കൾ: അരുൺ, അഭിലാഷ്, അശ്വനി. മരുമക്കൾ: പ്രമോദ്, സ്മിത, രമ്യ. സംസ്കാരം വെള്ളിയാഴ്ച 9.30ന് മേലാർകോട് പഞ്ചായത്ത് ശ്മശാനത്തിൽ.

കല്യാണി

പൊൽപ്പുള്ളി: പനംതൊടി കല്യാണി (80) അന്തരിച്ചു. ഭർത്താവ്: പരേതനായ അപ്പു. മക്കൾ: കൃഷ്ണകുമാർ, രാജമ്മ, നാരായണൻകുട്ടി (വിമുക്തഭടൻ, ഹോംഗാർഡ്). മരുമക്കൾ: സുമതി, പരേതനായ ചന്ദ്രൻ, യശോദ (അധ്യാപിക, എം.ഇ.എസ്., ഒലവക്കോട്). സംസ്കാരം വെള്ളിയാഴ്ച 10-ന് വീട്ടുവളപ്പിൽ.

ചന്ദ്രിക അമ്മ

തൃക്കൂർ: കുറുപ്പത്ത് വീട്ടിൽ ചന്ദ്രിക അമ്മ (89) അന്തരിച്ചു. ഭർത്താവ്: പരേതനായ നാണുനായർ. മക്കൾ: ലക്ഷ്മി, കൃഷ്ണൻ, മല്ലിക, വിജയകുമാരി, വിജയകുമാർ (ബിസിനസ്), രാമചന്ദ്രൻ (ബിസിനസ്). മരുമക്കൾ: ശങ്കരൻനായർ, ലക്ഷ്മി, മനോജ്കുമാർ, ശേഷമണി അയ്യർ, ജ്യോതിലക്ഷ്മി, ധന്യ. സംസ്കാരം വെള്ളിയാഴ്ച രാവിലെ ഒൻപതിന് വീട്ടുവളപ്പിൽ.

എബ്രഹാം കെ.ജോൺ

കുറുപ്പന്തറ: കളരിക്കൽ എടാട്ടുകാലായിൽ എബ്രഹാം കെ.ജോൺ (65) അന്തരിച്ചു. ഭാര്യ: പുന്നത്തറ വട്ടംതൊട്ടിയിൽ ലില്ലി (പരേത), ലിസമ്മ മുണ്ടുവേലിൽ കീഴൂർ. മക്കൾ: ആൽബി, ആൽബിൻ. മരുമകൻ: അരുൺ ആനിമൂട്ടിൽ മാലക്കല്ല്. സംസ്കാരം ശനിയാഴ്ച മൂന്നിന് വീട്ടിലെ ശുശ്രൂഷയ്ക്ക് ശേഷം സെയ്ന്റ് തോമസ് ക്നാനായ കത്തോലിക്കാപള്ളി സെമിത്തേരിയിൽ.

ദേവസ്യ ഔസേഫ്

കട്ടപ്പന: എലൈറ്റ്പടി ദേവസ്യ ഔസേഫ് (84-പാപ്പച്ചൻ) വള്ളിയാംതടത്തിൽ അന്തരിച്ചു. ഭാര്യ: അന്നമ്മ, തീക്കോയി തുരുത്തിയിൽ കുടുംബാംഗം. മക്കൾ: മേരിക്കുട്ടി ഇരട്ടയാർ, പരേതയായ സിസ്റ്റർ ആനീസ് എസ്.എച്ച്. രാമപുരം, ബാബു ശാന്തിഗ്രാം, പരേതനായ ജോഷി. മരുമക്കൾ: കുട്ടിച്ചൻ കല്ലന്തറയിൽ ഇരട്ടയാർ, ഷൈനി തകിടിപുറത്ത് ചേമ്പളം, ജിൻസി കല്ലന്തറയിൽ മാവടി. സംസ്കാരം വെള്ളിയാഴ്ച ഉച്ചയ്ക്ക് 2.30-ന് വെള്ളയാംകുടി സെയ്ന്റ് ജോർജ് ഫൊറോന ദേവാലയ സെമിത്തേരിയിൽ.

ഗ്ലാഡിസ് അപ്രേം

ചെത്തിപ്പുഴ: പുന്നാമറ്റത്തിൽ ഗ്ലാഡിസ് അപ്രേം (77) അന്തരിച്ചു. അടൂർ തെക്കേവീട്ടിൽ കുടുംബാംഗം. ഭർത്താവ്: പി.വി.അപ്രേം (റിട്ട. പ്രൊഫ.എസ്.ബി. കോളേജ്, ചങ്ങനാശ്ശേരി). മക്കൾ: അജു വർഗീസ് അപ്രേം (എം.ഡി.സഫ്രാൻ ഇൻഡ്യ മുംബൈ), അനു സജി (കടന്തോട് ഫിനാൻസ് ആൻഡ് ചിറ്റ്സ്, ചങ്ങനാശ്ശേരി), ആഷാ ജോസൻ അരിക്കത്തിൽ (റെസലൂട്ട് എന്റർപ്രൈസസ്, ചങ്ങനാശ്ശേരി). മരുമക്കൾ: സെസി അജു തൂമ്പുങ്കൽ, പെരുമ്പനച്ചി, സജി തോമസ് , ജോസൺ തോമസ് അരിക്കത്തിൽ .

സുബ്രഹ്മണ്യൻ

പാലക്കാട്: സിവിൽ സ്റ്റേഷന് സമീപം കല്ലേക്കാട് സുബ്രഹ്മണ്യൻ (66) അന്തരിച്ചു. മുനിസിപ്പാലിറ്റി റിട്ട. ജീവനക്കാരനാണ്. അച്ഛൻ: പരേതനായ അപ്പുച്ചാമി. അമ്മ: പരേതയായ കുട്ടിമാളു. ഭാര്യ: വത്സല. മകൻ: മുകേഷ്. മരുമകൾ: നിമ്മി. സഹോദരങ്ങൾ: സത്യഭാമ, നിർമല, പരേതനായ മാണിക്യൻ. സംസ്കാരം വെള്ളിയാഴ്ച 8-ന് ചന്ദ്രനഗർ വൈദ്യുത ശ്മശാനത്തിൽ.

രാമനാഥൻ

കൊല്ലങ്കോട്: പല്ലശ്ശന തോട്ടങ്കരക്കളത്തിൽ രാമനാഥൻ (76) അന്തരിച്ചു. ഭാര്യ: ദൈവാനി. മക്കൾ: ഗോപി, വേണു. മരുമക്കൾ: ലത, ശ്രീദേവി. സഹോദരങ്ങൾ: കൃഷ്ണൻ, പരേതരായ പാറു, പൊന്നുമണി.

പാത്തുണ്ണി

കുമരനല്ലൂർ: കുമരനല്ലൂർ കൊടിക്കാംകുന്നിൽ കരിമ്പനക്കൽ പാത്തുണ്ണി (87) അന്തരിച്ചു. ഭർത്താവ്: മണ്ണാരവളപ്പിൽ പരേതനായ കുഞ്ഞഹമ്മദ് (കുഞ്ഞുട്ടി). മക്കൾ: അലി കുമരനല്ലൂർ, ആയിഷ, നഫീസക്കുട്ടി, സുബൈദ, ആമിനക്കുട്ടി, റസിയ. മരുമക്കൾ: റംല, പരേതനായ അബ്ദുൽ ഖാദിർ, ചുങ്കത്ത് അബ്ദുള്ള, ടി. ഇബ്രാഹിംകുട്ടി, എ.വി. ഹംസ, കെ.വി. ആലിക്കുട്ടി.

മേരി

തെള്ളകം: വലിയകാഞ്ഞിരത്തിങ്കൽ മേരി (89) അന്തരിച്ചു. ഭർത്താവ് പരേതനായ ഔസേപ്പച്ചൻ. മക്കൾ: പെണ്ണമ്മ, ബാബു, സാജു, തോമസ്. മരുമക്കൾ: കുര്യാക്കോസ്, ലിസി, കുഞ്ഞുമോൾ, ഷൈനി. സംസ്കാരം വെള്ളിയാഴ്ച നാലിന് വീട്ടിലെ ശുശ്രൂഷയ്ക്ക് ശേഷം തെള്ളകം സെയ്ന്റ് ജോസഫ് പുഷ്പഗിരി പള്ളി സെമിത്തേരിയിൽ.

ഡോ. കെ. സുകുമാരൻ

തൃശ്ശൂർ: പുത്തൻചിറ കണ്ണാടിപ്പറമ്പിൽ ഡോ. കെ. സുകുമാരൻ (93-റിട്ട. സിവിൽ സർജൻ) അന്തരിച്ചു. ഭാര്യ: പരേതയായ ആനന്ദവല്ലി.

മക്കൾ: ബാലചന്ദ്രൻ (യു.എസ്.എ.), ഡോ. അനിൽകുമാർ (നോർത്ത് പറവൂർ), ദിലീപ് കുമാർ (അബുദാബി), മനോജ് കുമാർ, ഡോ. സുനന്ദ. മരുമക്കൾ: ഫ്രാൻ (യു.എസ്.എ.), ഡോ. ബിന്ദു, സ്മിത.

വത്സലൻ

പുന്നയൂർക്കുളം: ആറ്റുപുറം കാരയിൽ വത്സലൻ (68) അന്തരിച്ചു. മക്കൾ: നിർമല, പ്രിയ, പ്രീന, മനീഷ്. മരുമക്കൾ: മധു, വിപീഷ്, വിജിത.

പ്രസന്ന

പുന്നയൂർക്കുളം: വന്നേരി കൈപ്പട പ്രസന്ന (66) അന്തരിച്ചു. ഭർത്താവ്: ഭരതൻ. മക്കൾ: ഷജില, ഷൽജു, ഷനില. മരുമക്കൾ: ശശികുമാർ, ശ്രുതി, വിനീത്.

സോമകുമാർ നായർ

ആലത്തൂർ: സൂര്യ ഫോട്ടോസ്റ്റാറ്റ് ഉടമ പെരുങ്കുളം സവിനയാസിൽ കെ. സോമകുമാർ നായർ (60) അന്തരിച്ചു. അച്ഛൻ: വിളയൻചാത്തനൂർ ചോഴകത്ത് പരേതനായ ബാലസുബ്രഹ്മണ്യൻ നായർ. അമ്മ: പെരുങ്കുളം കുമരംകണ്ടത്ത് ശ്രീദേവി (റിട്ട. അധ്യാപിക). ഭാര്യ: മംഗലം പൂപ്പൊറ്റ വീട്ടിൽ ബിന്ദു. മക്കൾ: സവിനയ (അധ്യാപിക, മൈസൂരു), സൂര്യ (ബിരുദ വിദ്യാർഥി). സഹോദരങ്ങൾ: വിജയകുമാർ പഴയന്നൂർ, പ്രേമകുമാരി എത്തനൂർ, ഉഷാകുമാരി എത്തനൂർ, സുജാത സിംഗപ്പൂർ, പരേതനായ ശശികുമാർ. സംസ്കാരം വെള്ളിയാഴ്ച 10-ന് പെരുങ്കുളം മുക്തിതീരം ശ്മശാനത്തിൽ.

വിശ്വേശ്വരൻ

കണ്ണാടി: പാത്തിക്കൽ പാണ്ടിയോട് കളം കെ. ആർ. വിശ്വേശ്വരൻ (77) അന്തരിച്ചു.

ഭാര്യ: സരോജ. മക്കൾ: വിദ്യ, വിവേക്.

തോമസ് കുരുവിള

എലിക്കുളം: കാരക്കുളം മുക്കടയ്ക്കൽ തോമസ് കുരുവിള (തോമാസാർ-88) അന്തരിച്ചു. ഭാര്യ പരേതയായ ത്രേസ്യാമ്മ ചെറുവള്ളി കാരികര കുടുംബാംഗം. മക്കൾ: തങ്കച്ചൻ, ജിജി, ഷേർളി, ജോളി, സജി, അജി. മരുമക്കൾ: ഷാന്റി ചിറയ്ക്കൽ പയസ്മൗണ്ട്, പരേതനായ തങ്കച്ചൻ കാട്ടൂർ പാലമ്പ്ര, മാത്തുക്കുട്ടി കരിയിൽ ആനക്കല്ല്, തങ്കച്ചൻ തുണ്ടത്തിൽ പെരിന്തൽമണ്ണ, നിഷ പ്ലാക്കുഴിയിൽ വില്ലണി, റിൻസി ആനക്കല്ലിൽ ചെങ്കല്ല്. സംസ്കാരം വെള്ളിയാഴ്ച 10-ന് വസതിയിലെ ശുശ്രൂഷകൾക്ക് ശേഷം കാരക്കുളം ഉണ്ണിമിശിഹാപള്ളി സെമിത്തേരിയിൽ.

ചാച്ചിക്കുട്ടി സ്കറിയ

കുറിച്ചി: കളക്കാട്ടായ കൊച്ചിടശ്ശേരിൽ ചാച്ചിക്കുട്ടി (92) അന്തരിച്ചു. വെളിയനാട് കുളത്തുങ്കൽ കുടുംബാംഗമാണ്. ഭർത്താവ്: പരേതനായ സ്കറിയ. മക്കൾ: കെ.എസ്.പുന്നൂസ്, രാജു, കുഞ്ഞമ്മ, മോനമ്മ, പരേതരായ മോനിച്ചൻ, ജോയി, സൂസമ്മ. മരുമക്കൾ: വാകത്താനം മരങ്ങാട്ട് ജോസ്, മഴുക്കീർ ചെറുകരേത്ത് തങ്കച്ചൻ, ചിങ്ങവനം കുന്നുംപുറത്ത് ജോസ്, അമ്മാളുകുട്ടി വെട്ടുകുഴിയിൽ, എൽസി ചക്കാലയിൽ, ബേബിക്കുട്ടി കിഴക്കേ തേവരുകുഴി, ലിസൻ മാലത്തുശ്ശേരി(റിട്ട. അധ്യാപിക, സെയ്ന്റ് എം.എം.ജി.എച്ച്.എസ്. കുറിച്ചി). മൃതദേഹം വെള്ളിയാഴ്ച രാവിലെ എട്ടിന് കോട്ടയത്തുള്ള വീട്ടിൽ എത്തിക്കും. സംസ്കാരം അഞ്ചിന് കുറിച്ചി മാർ ഇഗ്നാത്യോസ് ക്നാനായ പള്ളി (തകിടി പള്ളി) സെമിത്തേരിയിൽ.

ഏലി ചാക്കോ

ആനക്കല്ല്: പൊന്മല ചാവരുപാറ ഏലി ചാക്കോ (96) അന്തരിച്ചു. ഭർത്താവ്: പരേതനായ സി.ടി. ചാക്കോ (കുഞ്ഞാക്കോ). പരേത മുക്കൂട്ടുതറ പൂവാനിക്കൽ കുടുംബാംഗം.

മക്കൾ: പീറ്റർ (കുഞ്ഞ്), സി.സി. സെബാസ്റ്റ്യൻ, മേരിക്കുട്ടി, ലില്ലിക്കുട്ടി, നിർമ്മല, ശാന്തമ്മ, പരേതരായ സി.സി. തോമസ്, ജെയിംസ്, ജോസ്, സിസിലിക്കുട്ടി, ലോറൻസ്, അവറാച്ചൻ. മരുമക്കൾ: മേരി, ഗ്രേസി, ആലീസ്, ഡെയ്സി ജോസ്, ഷാന്റി, റോസ്ലി, ഷൈനി, തോമസ്, ബേബി പുത്തൻകുളം, പരേതരായ ചാക്കോ മത്തായി, എം.ടി. പൗലോസ്. മൃതദേഹം വെള്ളിയാഴ്ച വൈകീട്ട് നാലിന് ചെറുമകൻ രാജൻ ചാവരുപാറയുടെ പൊന്മയിലുള്ള വസതയിൽ എത്തിക്കും.

കുമാരൻ

പഴയന്നൂർ: പുത്തിരിത്തറ ആച്ചാട്ടുപടി കുമാരൻ (62) അന്തരിച്ചു. ഭാര്യ: ലക്ഷ്മി. മക്കൾ: ശ്രീജ, ഷാജി, ഷീബ. മരുമക്കൾ: പ്രകാശൻ, രമ, സുമേഷ്.

ഡോക്യുമെന്ററി സംവിധായകൻ തപൻ കെ. ബോസ് അന്തരിച്ചു

തപൻ കെ. ബോസ്

ന്യൂഡൽഹി: ഭോപാൽ ദുരന്തമുൾപ്പെടെയുള്ള ചരിത്രനിമിഷങ്ങൾ ഡോക്യുമെന്ററിയാക്കിയ സംവിധായകനും പൊതുപ്രവർത്തകനുമായ തപൻ കെ. ബോസ് (78) അന്തരിച്ചു.

ആൻ ഇന്ത്യൻ സ്റ്റോറി ഓൺ ഭാഗൽപുർ ബൈൻഡിങ്സ് (1981), ഭോപാൽ: ബിയോൺഡ് ജെനൊസൈഡ് (1986), ഝാർഖണ്ഡ് (1993), ദി എക്സ്പെൻഡബിൾ പീപ്പിൾ (2016) എന്നിവയാണ് അദ്ദേഹം സംവിധാനംചെയ്ത പ്രധാന ഡോക്യുമെന്ററികൾ.

പഞ്ചാബിലെയും ജമ്മു-കശ്മീരിലെയും മനുഷ്യാവകാശലംഘനങ്ങൾക്കെതിരേ പോരാടി. ദേശീയത, സൈനികവത്കരണം തുടങ്ങിയവയിലൂടെ അടിച്ചമർത്തപ്പെട്ട വിഭാഗങ്ങൾക്കൊപ്പം നിലകൊണ്ടു. ബലൂചിസ്താൻ, മ്യാൻമാർ, കശ്മീർ, നാഗ മേഖലകൾ, ശ്രീലങ്കയിലെ തമിഴ് മുന്നേറ്റ മേഖലകൾ എന്നിവിടങ്ങളിലുള്ളവരുമായി ബോസ് അടുത്തബന്ധം പുലർത്തിയിരുന്നു. ജനാധിപത്യവിരുദ്ധശക്തികൾക്കെതിരേ പോരാടാനുള്ള മാധ്യമമായിരുന്നു അദ്ദേഹത്തിന് ഡോക്യുമെന്ററികൾ. ഭാര്യ: റീത മൻചന്ദ, മകൾ: ദേവ്ജനി സൈനി.

സി.സി. പ്രകാശ്

ആലപ്പുഴ: പ്രമുഖ വ്യവസായിയും ശ്രീനാരായണ ധർമ നിധി ട്രസ്റ്റ് പ്രസിഡന്റുമായ ചേർത്തല തെക്ക് ചാരങ്കാട്ട് സി.സി. പ്രകാശ് (72) അന്തരിച്ചു. ചാരങ്കാട്ട് സി.വി. ചിദംബരന്റെയും ഭഗീരഥിയുടെയും മകനാണ്.

കയർ, അബ്കാരി വ്യവസായിയാണ്. പൊതുമരാമത്ത് വകുപ്പ് കരാറുകാരനുമായിരുന്നു. ഭാര്യ: ചാന്ദിനി. മക്കൾ: ദേവിക (ഫിനാൻസ് മാനേജർ, ചാരങ്കാട്ട് കയർ), രാധിക, സൗപർണിക. മരുമകൻ: സിൻസൺ (സോഫ്റ്റ്വേർ എൻജിനിയർ). സംസ്കാരം വെള്ളിയാഴ്ച 11.30-നു വീട്ടുവളപ്പിൽ.

പ്രൊഫ. പി.കെ. രാധാമണി അമ്മ

തൃശ്ശൂർ: വെസ്റ്റ് ഫോർട്ട് അടിയാട്ട് ലെയിനിൽ മച്ചിങ്ങൽ വിദ്യ ഹൗസിൽ പ്രൊഫ. പി.കെ. രാധാമണി അമ്മ (85-ഗവ. എൻജിനീയറിങ് കോളേജ് റിട്ട. അധ്യാപിക) അന്തരിച്ചു. പരേത കോട്ടയം, കറുകച്ചാൽ, പാലയ്ക്കൽ കുടുംബാംഗമാണ്. ഭർത്താവ്: പരേതനായ പ്രൊഫ. എം. രാധാകൃഷ്ണൻ. മക്കൾ: പരേതയായ ഡോ. മായ, ഡോ. മധു. മരുമക്കൾ: ഡോ. ഗോപി മോഹൻ, ഡോ. അനിത. സഹോദരങ്ങൾ: പി.കെ. വാസുദേവക്കുറുപ്പ്, പി.കെ. ബാലകുമാരി അമ്മ, ഡോ. പി.കെ. ശോഭനാകുമാരി. സംസ്കാരം വെള്ളിയാഴ്ച 11.30-ന് തൃശ്ശൂർ പാറമേക്കാവ് ശാന്തിഘട്ടിൽ.

അബൂബക്കർ

കാട്ടകാമ്പാൽ: ചിറയ്ക്കൽ കോട്ടത്തേയിൽ വീട്ടിൽ അബൂബക്കർ (80) അന്തരിച്ചു. പരേതയായ സുഹറ, ഫാത്തിമ്മ എന്നിവർ ഭാര്യമാരാണ്. മക്കൾ: ഷാക്കിർ, ഷാജിത്, സൽമ, പരേതനായ ഷെമീർ. മരുമക്കൾ: റംഷി, ഫസീല, ഫിറോസ്, റസിയ.

എൻ.ഗംഗാധരൻ

തിരുവനന്തപുരം: റിട്ട. ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് വഞ്ചിയൂർ വി.ജെ.ആർ.എ. 50-ൽ എൻ.ഗംഗാധരൻ(89) അന്തരിച്ചു. ഭാര്യ: പരേതയായ കെ.കെ.സുമം. മക്കൾ: ഹീര ജി., രഞ്ജിത്ത് ജി. മരുമക്കൾ: പരമേശ് എസ്., ഡോ. നീലിമ. സംസ്കാരം 31-ന് ഉച്ചയ്ക്ക് 1.30-ന് തൈക്കാട് ശാന്തികവാടത്തിൽ.

റോസ് പോൾ

തൃശ്ശൂർ: അമലനഗർ കാക്കശ്ശേരി വീട്ടിൽ റോസ് പോൾ (ലിന്റ-58) അന്തരിച്ചു. തൃശ്ശൂർ ദേവമാത സി.എം.ഐ. പബ്ലിക് സ്കൂളിലെ മുൻ പ്രിൻസിപ്പലും സീനിയർ സെക്കൻഡറി ഇംഗ്ലീഷ് ഡിപ്പാർട്ട്മെന്റ് അധ്യാപികയുമാണ്. പിതാവ്: പരേതനായ മേലിട്ട് പാലത്തിങ്കൽ കൊച്ചാപ്പുപോൾ. അമ്മ: തെരേസ. ഭർത്താവ്: തോംസൺ (റിട്ട. യുണൈറ്റഡ് ഇൻഷുറൻസ് കമ്പനി).

മക്കൾ: രോഷ്നി (ഫെഡറൽ ബാങ്ക് ഓഫീസർ), പോൾ ടി. കാക്കശ്ശേരി (ഗ്രാംഫ്). മരുമക്കൾ: നെവിൽ (സൗത്ത് ഇന്ത്യൻ ബാങ്ക് മാനേജർ, കാക്കനാട്), ഫെബി ഫ്രാങ്കോ (ടി.സി.എസ്. കൊച്ചി). സഹോദരൻ: ജോസഫ് പോൾ.

കുഞ്ഞുമാളു അമ്മ

തിരുവില്വാമല: കണിയാർക്കോട് കാഞ്ഞുള്ളി വീട്ടിൽ കുഞ്ഞുമാളു അമ്മ (85) അന്തരിച്ചു. ഭർത്താവ്: പരേതനായ അപ്പുക്കുട്ടൻ. മക്കൾ: രാമദാസ്, പരേതനായ ദേവൻ. മരുമക്കൾ: പ്രസന്ന, അഞ്ജലി. സംസ്കാരം വെള്ളിയാഴ്ച രാവിലെ 11-ന് പാമ്പാടി ഐവർമഠം പൊതുശ്മശാനത്തിൽ.

ജോൺ

കട്ടിലപൂവം: പുതിയേടത്ത് ജോൺ (72) അന്തരിച്ചു. ഭാര്യ: മേരി.

മക്കൾ: ഷൈബി, ഷൈന, ജിഷ, ജിൻസ്. മരുമക്കൾ: ബേബി, ബിജു, ഷാജി, ഷെബി.

ഭാര്യ മരിച്ച് പതിനൊന്നാം നാൾ ഭർത്താവും മരിച്ചു

നെന്മാറ: ഭാര്യ മരിച്ച് പതിനൊന്നാം ദിവസം ഭർത്താവും മരിച്ചു. വല്ലങ്ങി ആർ.വി.സി. റോഡിൽ ദിനിശ്വരി വീട്ടിൽ മാണിക്യൻ ചെട്ടിയാരാണ് (97) മരിച്ചത്. ഭാര്യ: ഭാഗ്യവതി ജനുവരി 19-നാണ് മരിച്ചത്. മക്കൾ: അംബിക (റിട്ട. അധ്യാപിക), അരുൾകുമാർ. മരുമക്കൾ: നടരാജൻ, സുബ്ബലക്ഷ്മി.

മാണിക്യൻ ചെട്ടിയാർ

ട്രെയിൻ തട്ടി മരിച്ചനിലയിൽ

പാലക്കാട്: മലമ്പുഴ ആരക്കോട് 60 വയസ്സ് തോന്നിക്കുന്നയാളെ ട്രെയിൻ തട്ടി മരിച്ചനിലയിൽ കണ്ടെത്തി. മൃതദേഹം ജില്ലാ ആശുപത്രി മോർച്ചറിയിൽ. ഫോൺ: 0491-2815284.

ഡോ. കെ.എം. ചെറിയാന്റെ സംസ്കാരം നാളെ; പൊതുദർശനം ഇന്ന്

ചെന്നൈ: അന്തരിച്ച ഹൃദ്രോഗചികിത്സാവിദഗ്ധൻ ഡോ. കെ.എം. ചെറിയാന്റെ സംസ്കാരം ശനിയാഴ്ച ചെന്നൈയിൽ നടക്കും. വെള്ളിയാഴ്ച രാവിലെ 10 മുതൽ വൈകുന്നേരം അഞ്ചുവരെ മുഗപ്പെയറിലെ ഫ്രോണ്ടിയർ ലൈഫ്‌ലൈൻ മെഡിവില്ലയിൽ പൊതുദർശനമുണ്ടാകും. ശനിയാഴ്ച രാവിലെ 10-ന് കിൽപ്പോക്ക് ടെയിലേഴ്സ് റോഡിലുള്ള വീട്ടിലെ ശുശ്രൂഷയ്ക്കുശേഷം 11-ന് കിൽപ്പോക്ക് സെമിത്തേരിയിലാണ് സംസ്കാരം. സ്വകാര്യചടങ്ങിൽ പങ്കെടുക്കാൻ 25-ന് ബെംഗളൂരുവിൽ എത്തിയതിനിടെയായിരുന്നു ഡോ. ചെറിയാന്റെ അന്ത്യം.

ഒന്നാം ശ്രാദ്ധദിനം (31. 01. 2025)

പി.എൻ. ഗോപാലകൃഷ്ണൻ നായർ
വൃന്ദാവൻ, ആദിത്യനഗർ, നൂറണി, പാലക്കാട്
ദുഃഖസ്മരണകളോടെ. ഭാര്യ: വിജയമ്മ,
മക്കൾ: ഗീത, ഗിരീഷ്, മരുമക്കൾ: സന്തോഷ്, റാണി
പേരക്കുട്ടികൾ, മറ്റു ബന്ധുമിത്രാദികൾ .

വേർപാടിന്റെ 11-ാം വർഷം
31.01.2025

പ്രജിത്ത്.എം
മച്ചിങ്ങൽ ഹൗസ്,
മുതുകുറുശ്ശി, തച്ചമ്പാറ
സ്നേഹസ്മരണകളോടെ
അച്ഛൻ: എം.രാമകൃഷ്ണൻ മാസ്റ്റർ
അമ്മ: കെ.ആർ. പ്രഭ ടീച്ചർ
സഹോദരങ്ങൾ: എം.പ്രമോദ്, എം.പ്രശാന്ത്,
കുടുംബാംഗങ്ങൾ: പ്രീത പ്രമോദ്,
പ്രണവ്, അഭിനവ്, ലസിത പ്രശാന്ത്, പ്രയാഗ്
ഫോൺ: 04924243456

43rd Death Anniversary
31.1.2025

MADAMPATH
NARAYANANKUTTY
(MALAYSIA)
Son of Late Koyilath
Achyuthan Nair(Burma) &
Late Madampath
Kunhilakshmi Amma
Inserted by:
- Sorrowing Brothers, Sisters
and their Families

5-ാം ചരമവാർഷികം
31.01.2025

രാജേശ്വരൻ കാക്കരാത്ത്
പോസ്റ്റ് മാസ്റ്റർ (റിട്ടയേഡ്)
ഞാങ്ങാട്ടിരി
ആത്മാവിന് നിത്യശാന്തി
നേർന്നുകൊണ്ട് ഭാര്യ, മക്കൾ,
മരുമക്കൾ, പേരക്കുട്ടികൾ,
ബന്ധുമിത്രാദികൾ